# പരിസ്ഥിതി സ്പർശം

## പരിസ്ഥിതി പുനസ്ഥാപനത്തിന്റെ പത്തുവർഷം

**ആലപ്പുഴ ജില്ല**

ചീഫ് എഡിറ്റർ
**ഡോ. ടി.എൻ. സീമ**
കോർഡിനേറ്റർ,നവകേരളം കർമപദ്ധതി-2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

എഡിറ്റർ
**കെ.എസ്. രാജേഷ്**
ജില്ലാ കോർഡിനേറ്റർ

സമാഹരണം, ഏകോപനം
**ഹരിതകേരളം മിഷൻ ടീം**


പ്രസിദ്ധീകരണം
**ഹരിതകേരളം മിഷൻ**
ഫെബ്രുവരി 2026



ഹരിതകേരളം മിഷൻ
മൂന്നാം നില, ബി.എസ്.എൻ.എൽ. ഭവൻ
ഉപ്പളം റോഡ്, സ്റ്റാച്യു, തിരുവനന്തപുരം-695001
ഫോൺ : 0471-2449939
Email: navakeralamgok@gmail.com
www.haritham.kerala.gov.in



കേരള സർക്കാർ

പിണറായി വിജയൻ

മുഖ്യമന്ത്രി

# സന്ദേശം

കേരളത്തിന്റെ വികസന ചരിത്രത്തിൽ പരിസ്ഥിതി സൗഹൃദമായ ഒരു നവകേരള നിർമ്മിതിക്ക് അടിത്തറയിട്ട ദൗത്യമാണ് ഹരിതകേരളം മിഷൻ. ശുചിത്വവും ജലസമൃദ്ധിയും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനവും ലക്ഷ്യമിട്ടുള്ള ഹരിതകേരളം മിഷൻ, ഒരു സർക്കാർ ദൗത്യം എന്നതിലുപരി ഒരു ജനകീയ സംസ്കാരമായി മാറിയിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഗോള വെല്ലുവിളികളെ നേരിടാൻ ഹരിതകേരളം മിഷൻ നടത്തുന്ന പ്രാദേശിക ഇടപെടലുകൾ നാടിന്റെ പാരിസ്ഥിതിക സുസ്ഥിതി ഉറപ്പാക്കുന്നതിൽ മുഖ്യ പങ്കുവഹിക്കുക യാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ചുകൊണ്ട് നടത്തിയ ഈ പ്രവർത്തനങ്ങൾ രാജ്യത്തിനുതന്നെ മാതൃകയാണ്. ജില്ലയുടെ സവിശേഷ പാരിസ്ഥിതിക സാഹചര്യവും മിഷന്റെ നേതൃത്വത്തിൽ നടന്ന ഒരു ദശാബ്ദക്കാലത്തെ പ്രവർത്തനങ്ങളും നേട്ടങ്ങളും ഭാവിയിലേ ക്കുള്ള ദിശാ സൂചനകളും ഉൾക്കൊള്ളുന്ന ഈ പുസ്തകം പരിസ്ഥിതി പ്രവർത്തകർക്കും ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും ഒരു പോലെ ഉപകാരപ്പെടുമെന്ന് പ്രത്യാശിക്കുന്നു. എല്ലാവിധ ആശംസകളും നേരുന്നു.

പിണറായി വിജയൻ



# അവതാരിക

സംസ്ഥാനത്തിന്റെ പാരിസ്ഥിതിക വീണ്ടെടുപ്പിന് പുത്തൻ ദിശാബോധമാണ് ഹരിതകേരളം മിഷൻ നൽകിയത്. കേവലം ഒരു സർക്കാർ ദൗത്യം എന്നതിലുപരി തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻകൈയിൽ ജനകീയ പങ്കാളിത്തത്തോടെയുള്ള പ്രായോഗിക പ്രവർത്തനങ്ങളിലൂടെ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ നേതൃപരമായ പങ്കുവഹിക്കാൻ ഹരിതകേരളം മിഷന് കഴിഞ്ഞിട്ടുണ്ട്. കേരളം നേരിട്ടുകൊണ്ടിരിക്കുന്ന രൂക്ഷമായ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ശാസ്ത്രീയ പരിഹാര മാർഗ്ഗങ്ങളാണ് ഹരിതകേരളം മിഷൻ ആവിഷ്കരിച്ചതും നടപ്പാക്കിയതും. ഏകോപനവും സംയോജനവും ഉറപ്പാക്കിക്കൊണ്ടുള്ള ആസൂത്രണത്തിലും പദ്ധതികൾ ജനകീയ പങ്കാളിത്തത്തോടെ കർമപഥത്തിലെത്തിച്ചതിലും കാട്ടിയ മികവ് ഈ മിഷനെ ദേശീയ ശ്രദ്ധയാകർഷിച്ച ഒരു ബദൽ വികസന മാതൃകയാക്കിമാറ്റി.

കേരളം പ്രകൃതി സൗന്ദര്യത്തിലും ജൈവവൈവിധ്യത്തിലും സമ്പന്നമായ നാടാണ്. പച്ചപ്പിന്റെ പാരമ്പര്യവും ജലസമ്പത്തിന്റെ സമൃദ്ധിയും ഗ്രാമീണ കാർഷിക സംസ്കാരവും ചേർന്നതാണ് കേരളത്തിന്റെ സത്ത. എന്നാൽ കാലാവസ്ഥാ മാറ്റം, അതിവേഗത്തിലുള്ള നഗരവൽക്കരണം, മാലിന്യപ്രശ്നങ്ങൾ, ജലസ്രോതസ്സുകളുടെ ക്ഷയം, കൃഷിഭൂമികൾ തരിശാവുന്നത് തുടങ്ങിയ വെല്ലുവിളികൾ പരിസ്ഥിതി സന്തുലിതാവസ്ഥയെ ബാധിച്ചു. ഈ പശ്ചാത്തലത്തിലാണ് 2016ൽ ഹരിതകേരളം മിഷൻ രൂപീകൃതമാവുന്നത്. ഒരു ദശാബ്ദക്കാലത്തെ പ്രവർത്തനം കൊണ്ട് പരിസ്ഥിതി മേഖലയിൽ ശ്രദ്ധേയങ്ങളായ മാറ്റങ്ങൾ കൊണ്ടുവരാൻ ഹരിതകേരളം മിഷന് കഴിഞ്ഞിട്ടുണ്ട്. സുസ്ഥിര വികസനമെന്നത് കേവലം വാക്കുകളല്ല മറിച്ച് പ്രായോഗികമായ പ്രവർത്തനങ്ങളാണെന്ന് ഈ മിഷൻ തെളിയിച്ചു. പദ്ധതി പ്രവർത്തനങ്ങളിലെ ജനപങ്കാളിത്തം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുടെ നേതൃത്വം, മറ്റ് വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും സന്നദ്ധസംഘടനകളുടെയും സഹകരണം തുടങ്ങിയവ മിഷൻ പ്രവർത്തനങ്ങൾക്ക് ഊർജമായി.

സംസ്ഥാനമൊട്ടാകെ നടപ്പാക്കിയവയാണ് മിക്ക പദ്ധതികളും ക്യാമ്പയിനുകളും. അതോടൊപ്പം ജില്ലകളുടെ സവിശേഷ ഇടപെടലുകളുടെ ഭാഗമായുള്ള പ്രവർത്തനങ്ങളും നടന്നു. ശുചിത്വവും മാലിന്യസംസ്കരണവും, ജലസംരക്ഷണവും ജലസ്രോതസ്സുകളുടെ പുനരുജ്ജീവനവും, കൃഷി വ്യാപനവും ജൈവവൈവിധ്യ സംരക്ഷണവും തുടങ്ങി വിവിധ മേഖലകൾ കേന്ദ്രീകരിച്ച് നടപ്പാക്കിയ പദ്ധതികളും ക്യാമ്പയിനുകളും വിജയം കണ്ടു. ബോധവൽക്കരണ പ്രവർത്തനങ്ങളെല്ലാം ശക്തമായ ജനകീയ വിദ്യാഭ്യാസമായി മാറി. സംസ്ഥാനമൊട്ടാകെ നടന്ന പ്രവർത്തനങ്ങൾ ജില്ലാടിസ്ഥാനത്തിൽ വിലയിരുത്തുകയാണ് ഈ പുസ്തകത്തിലൂടെ. ആലപ്പുഴ ജില്ലയുടെ പ്രവർത്തനങ്ങളാണ് ഈ റിപ്പോർട്ടിലുള്ളത്.

കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭീഷണി നേരിടുന്ന കേരളത്തിന്റെ പരിസ്ഥിതി നിലനില്പിന് ഈ പ്രവർത്തനങ്ങളുടെ തുടർച്ച അനിവാര്യമാണ്. പ്രകൃതിയോട് ചേർന്നുള്ള വികസനം സാധ്യമാക്കി, പരിസ്ഥിതി സംരക്ഷണത്തെ ജീവിത ശൈലിയായി മാറ്റി ഹരിതസമൃദ്ധ നവകേരളം യാഥാർത്ഥ്യമാക്കാനാവും.

**ഡോ. ടി.എൻ. സീമ**

കോർഡിനേറ്റർ,നവകേരളം കർമപദ്ധതി-2

വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

# ഉള്ളടക്കം


ആമുഖം ......................................................... 9
ജില്ലയുടെ പാരിസ്ഥിതിക സവിശേഷതകളും വെല്ലുവിളികളും ........................ 13
പരിസ്ഥിതിപ്രശ്നങ്ങളിലെ ഇടപെടൽ സാധ്യതകൾ ........................ 27
ഹരിതകേരളം മിഷൻ നടത്തിയ ഇടപെടലുകളും നേട്ടങ്ങളും ........................ 37
സൃഷ്ടിക്കപ്പെട്ട മാതൃകകൾ ........................ 69
മിഷൻ നേട്ടങ്ങളുടെ പ്രവർത്തന വഴികൾ ........................ 65
ഹരിതകേരളം മിഷനിലൂടെ സാധ്യമായ തദ്ദേശ സ്വയംഭരണ
സ്ഥാപനശാക്തീകരണം ........................ 125
സുസ്ഥിര പരിസ്ഥിതിക്കായുള്ള ഭാവി പ്രവർത്തനങ്ങൾ ........................ 139

# ആമുഖം

വികസനമോ? പരിസ്ഥിതിയോ? വളരെ പഴയ ചോദ്യമാണിതെങ്കിലും ഏകാഭിപ്രായ സ്വഭാവമുള്ള ഉത്തരം ഇപ്പോഴുമില്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 21 പ്രകാരം ശുദ്ധമായ പരിസ്ഥിതി, ശുചിത്വം, മലിനീകരണ രഹിത വായു, വെള്ളം എന്നിവയ്ക്കുള്ള അവകാശം മൗലികാവകാശങ്ങളാണെന്ന് സുപ്രീം കോടതി പലതവണ അംഗീകരിച്ചിട്ടുണ്ട്.

ചരിത്ര പ്രസിദ്ധമായ ഡൂൺവാലി കേസിൽ നാൽപ്പത് വർഷങ്ങൾക്കു മുമ്പ് ബഹു.സുപ്രീം കോടതി ആർട്ടിക്കിൾ 21 നെ വ്യാഖ്യാനിച്ചതിൽ തുടങ്ങി സുപ്രധാനമായ വിധികൾ ഈ മേഖലയിലുണ്ടായിട്ടുണ്ടെങ്കിലും മികച്ച പരിസ്ഥിതിയിൽ ജീവിക്കാനുള്ള പൗരന്മാരുടെ അവകാശംഭരണ സംവിധാനങ്ങളുടെ പരിഗണനയിൽ മുഖ്യ പ്രാധാന്യത്തോടെ ഇന്നും കടന്നു വന്നിട്ടില്ല എന്നതാണ് പൊതു സ്ഥിതി.

ഇൻഡോറിലേതുപോലെ നഗര കേന്ദ്രീകൃതമായ ചില മാലിന്യ സംസ്കരണ സംവിധാനങ്ങൾ, തെലുങ്കാനയിലെ ഹരിതഹാരം പോലെ ചില വൃക്ഷവത്ക്കരണ പ്രവർത്തനങ്ങൾ, രാലിഗാൻ സിദ്ദി ഗ്രാമത്തിലേതുപോലെ ചില ജലസംരക്ഷണ ഇടപെടലുകൾ എന്നിങ്ങനെ പ്രാദേശികമായി നടപ്പാക്കിയ കുറേ മാതൃകകൾക്കപ്പുറം സംസ്ഥാനാടിസ്ഥാനത്തിൽ നടപ്പാക്കപ്പെട്ട പരിസ്ഥിതി ഇടപെടലുകൾ രാജ്യത്തെവിടെയും ഇല്ല എന്നതായിരുന്നു സ്ഥിതി.

2016 ൽ കേരളത്തിൽ അധികാരത്തിൽ വന്ന സർക്കാർ ആർട്ടിക്കിൾ 21 അതിന്റെ വിപുലമായ അർത്ഥത്തിൽ നടപ്പാക്കാനായി പുതിയൊരു കർമപദ്ധതിക്ക് തുടക്കം കുറിച്ചത് രാജ്യത്തു തന്നെ സമാനതകൾ ചൂണ്ടിക്കാണിക്കാനില്ലാത്ത ലക്ഷ്യങ്ങളോടെയായിരുന്നു. ജീവിക്കാനുള്ള അവകാശത്തിന്റെ വിപുലമായ വ്യാഖ്യാനം വിദ്യാഭ്യാസം, ഉപജീവനമാർഗ്ഗം, പാർപ്പിടം, ആരോഗ്യം പരിസ്ഥിതി എന്നിവയിലെല്ലാമൂന്നുന്ന ഒരു പുതിയ സാമൂഹിക-സാമ്പത്തിക വ്യവസ്ഥിതിയെ അനിവാര്യമാക്കുന്നു എന്ന് തിരിച്ചറിഞ്ഞാണ് ഇവയുമായി ബന്ധപ്പെട്ട 4 മിഷനുകളുമായി നവകേരളം കർമ്മ പദ്ധതിക്ക് 2016 ൽ തുടക്കം കുറിച്ചത്.

നവകേരളം കർമ്മപദ്ധതിയുടേയും അതിലുൾച്ചേർന്ന മിഷനുകളുടേയും പ്രവർത്തന പരിധിയായി ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയോ പ്രദേശങ്ങളേയോ നിശ്ചയിക്കുകയല്ല ചെയ്തത് എന്നതാണ് ഈ പ്രവർത്തനത്തെ അതുല്യമാക്കി മാറ്റിയത്. സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തും ഗ്രാമ - നഗര വ്യത്യാസമില്ലാതെ നടപ്പാക്കാനായാണ് ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരളം എന്നീ നാലു മിഷനുകളും വിഭാവനം ചെയ്യപ്പെട്ടത്.

തുടക്കത്തിൽ ഉന്നയിച്ച ചോദ്യത്തിന് ഒരു സംസ്ഥാന സർക്കാർ മുന്നോട്ടു വച്ച ഏറ്റവും ശക്തമായ മറുപടിയായിരുന്നു ഹരിതകേരളം മിഷൻ. 'വികസനമോ പരിസ്ഥിതിയോ' എന്ന ചോദ്യത്തിന് 'വികസനവും പരിസ്ഥിതിയും' എന്ന ആ മറുപടി അത്ര ലളിതമായി നടപ്പാക്കാൻ സാധിക്കുന്നതായിരുന്നില്ല. ഉയർന്ന പർവ്വതപ്രദേശങ്ങളും, കായലും കടലുമെല്ലാം ചേർന്ന തീര പ്രദേശവും, ആയിരക്കണക്കിന് ചെറുനീർച്ചാലുകളുടെ സാന്നിദ്ധ്യവും, ഉയർന്ന ജനസാന്ദ്രതയുമെല്ലാം ചേർന്ന കേരളത്തിന്റെ സവിശേഷ സ്ഥിതി, പരിസ്ഥിതി സംബന്ധമായ ഏത് ഇടപെടലിനേയും സങ്കീർണമാക്കുന്നതായിരുന്നു. ഗോത്രവർഗ ഗ്രാമങ്ങൾ മുതൽ മെട്രോ നഗരങ്ങൾ വരെയുള്ള വൈജാത്യവും വെല്ലുവിളിയായി നിന്നിരുന്നു. ഈ സങ്കീർണതകൾക്കിടയിലും സംസ്ഥാനത്തെ

മുഴുവൻ പ്രദേശങ്ങളിലും പരിസ്ഥിതി പുനസ്ഥാപനത്തിന്റെ പുതിയ അദ്ധ്യായം കുറിച്ചു എന്നതാണ് ഹരിതകേരളം മിഷനെ രാജ്യത്തിന്റെ തന്നെ ശ്രദ്ധയിലേയ്ക്കുയർത്തുന്നത്.

“വെള്ളം, വൃത്തി, വിളവ് “ എന്ന പരിസ്ഥിതി മുദ്രാവാക്യം ഹരിതകേരളം മിഷൻ കേരളീയ ജനമനസുകളിലേയ്ക്ക് കടത്തിവിട്ടു. പ്രാദേശിക സർക്കാരുകളും ജനങ്ങളും അതേറ്റെടുത്തപ്പോൾ മാലിന്യക്കൂനകൾ മാഞ്ഞു , മാലിന്യ ശേഖരണസംസ്കരണ സംവിധാനങ്ങൾ ഉണ്ടായി വന്നു, നീർച്ചാലുകൾ വീണ്ടെടുക്കപ്പെട്ടു, തരിശു നിലങ്ങളിൽ കൃഷി തിരിച്ചെത്തി, ഹരിത പെരുമാറ്റച്ചട്ടവും ഹരിത ടൂറിസവും ഹരിതവിദ്യാലയവും ഹരിത കലാലയവുമെല്ലാം ചേരുന്ന ഹരിത ജീവിത രീതിയുടെ മാതൃകയായി കേരളം മാറാൻ തുടങ്ങി.

ജലസംരക്ഷണം, മാലിന്യ സംസ്കരണം, കൃഷി - പരിസ്ഥിതി പുനസ്ഥാപനം എന്നീ സുപ്രധാനമായ മൂന്ന് പരിസ്ഥിതി മേഖലകളിലെയും പ്രശ്നങ്ങൾക്ക് ശാസ്ത്രീയവും സുസ്ഥിരവുമായ പരിഹാരമാർഗങ്ങളാണ് ഹരിതകേരളം മിഷൻ മുന്നോട്ടു വച്ചത്. അവ നടപ്പാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതായിരുന്നു മിഷന്റെ പ്രവർത്തന സമീപനം. പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ജനങ്ങളുടെ ശീലവത്ക്കരണം സുപ്രധാന ഘടകമായതിനാൽ ജനകീയതയെയാണ് ഈ പ്രവർത്തനങ്ങളിലെ മുഖ്യ മൂലധനമായി പ്രയോജനപ്പെടുത്തിയത്. നേട്ടങ്ങളിലെ സുസ്ഥിരത ഉറപ്പുവരുത്താനും ജനകീയതയുടെ പിൻബലമാണ് പ്രയോജനപ്പെടുത്തിയത്. ഈ ജനകീയതയിലും പ്രാദേശിക സർക്കാരുകളുടെ ശാക്തീകരണത്തിലും കഴിഞ്ഞ പത്തു വർഷക്കാലം നടന്ന ക്യാമ്പയിനുകളും അവയിലൂടെ സൃഷ്ടിച്ച മാറ്റങ്ങളും വരും തലമുറകൾക്ക് പ്രചോദനമായും പഠനവിഷയമായും മാറാനായി രേഖപ്പെടുത്തി വയ്ക്കേണ്ടതുണ്ടെന്ന ചിന്തയിലാണ് ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്.

ആലപ്പുഴ ജില്ലയിൽ കഴിഞ്ഞ പത്ത് വർഷക്കാലം ഹരിതകേരളം മിഷന്റെ നേരിട്ടും അല്ലാതെയുമുള്ള ഇടപെടലിൽ നടന്ന പരിസ്ഥിതി സംരക്ഷണ-പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ മുഴുവൻ ഈ പുസ്തകത്തിൽ സംഗ്രഹിക്കുക സുസാധ്യമല്ല. അതിനാൽ ഏറ്റവും മാതൃകാപരമായവയ്ക്ക് മുൻഗണന നൽകുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

ആലപ്പുഴ ജില്ലയുടെ ഈ ഹരിതപുസ്തകം കൂടുതൽ പാരിസ്ഥിതിക സുസ്ഥിരതയുള്ള നവകേരളത്തിലേയ്ക്ക് വഴിതെളിക്കുമെന്ന് പ്രത്യാശിക്കുന്നു.

# ജില്ലയുടെ പാരിസ്ഥിതിക സവിശേഷതകളും വെല്ലുവിളികളും

"കിഴക്കിന്റെ വെനീസ്" എന്നറിയപ്പെടുന്ന കേരളത്തിലെ ഏറ്റവും ചെറിയ ജില്ലയായ ആലപ്പുഴ പ്രധാന തീരദേശ ജില്ലയാണ്. അറബിക്കടലിനോടു ചേർന്ന പടിഞ്ഞാറൻ തീരപ്രദേശവും, കായലുകളും നദികളും ഇടത്തോടുകളും നിറഞ്ഞ ആലപ്പുഴ ഉൾനാടൻ സമതല പ്രദേശങ്ങളും സവിശേഷമായ ജലസമ്പത്തും മത്സ്യസമ്പത്തും കൊണ്ട് പ്രസിദ്ധമാണ്. "കേരളത്തിന്റെ നെല്ലറ" എന്നറിയപ്പെടുന്ന കുട്ടനാട് മേഖലയാണ് ജില്ലയുടെ ഹൃദയ ഭാഗം. ജില്ലയുടെ വിസ്തൃതിയുടെ 13 ശതമാനത്തോളം ജലാശയമാണ്. ജില്ലയിൽ ഭൂപ്രകൃതി പൊതുവെ സമതലവും താഴ്ന്ന പ്രദേശങ്ങളുമാണ്. ചേർത്തല, അമ്പലപ്പുഴ, കാർത്തികപ്പള്ളി എന്നീ താലൂക്കുകൾ മുഴുവനായും തീരദേശ മേഖലകളിൽപ്പെടുന്നു. മാവേലിക്കര, ചെങ്ങന്നൂർ താലൂക്കുകൾ ചെറിയ കുന്നിൻ പ്രദേശങ്ങളാണ്. കുട്ടനാട് സമുദ്രനിരപ്പിനേക്കാൾ ഒന്നര മീറ്റർ മുതൽ 3 മീറ്റർ വരെ താഴ്ന്ന പ്രദേശമാണ്.






കേരളത്തിൽ കൂടുതൽ ജലസാന്ദ്രതയും ജനസാന്ദ്രതയുമുള്ള ജില്ലയാണ് ആലപ്പുഴ. ജില്ലയുടെ 29.46%-വും നഗരപ്രദേശമാണ്. കേരളത്തിൽ വനം ഇല്ലാത്ത ഏക ജില്ലയാണ് ആലപ്പുഴ. 1957 ഓഗസ്റ്റ് 17 നു രൂപീകൃതമായ ആലപ്പുഴയ്ക്ക് ഒരു സവിശേഷമായ പൂർവ്വകാല ചരിത്രമുണ്ട്. 18-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ദിവാൻ രാജാ കേശവദാസ് ആണ് തുറമുഖ നഗരമായ ആലപ്പുഴ പട്ടണം നിർമ്മിച്ചത്. സംഘകാല ചരിത്ര കൃതികളിൽ ആലപ്പുഴയെക്കുറിച്ച് പരാമർശിക്കുന്നുണ്ട് പ്രാചീനകാലം മുതൽക്കുതന്നെ ഗ്രീസുമായും, റോമുമായും, ആലപ്പുഴയ്ക്ക് കച്ചവട ബന്ധമുണ്ടായിരുന്നതായി ചരിത്രത്താളുകൾ പറയുന്നു. കയർ വ്യവസായത്തിന് പേരുകേട്ട ആലപ്പുഴ ഇന്ന് ലോക വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ശ്രദ്ധേയമായ സ്ഥാനം വഹിക്കുന്നു. കേരളത്തിലെ ഒട്ടുമിക്ക പ്രധാന കയർവ്യവസായ സ്ഥാപനങ്ങളും ജില്ലയിലാണുള്ളത്. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഈറ്റില്ലമായി ആലപ്പുഴ ജില്ല അറിയപ്പെടുന്നു. ബ്രിട്ടീഷ് ഭരണത്തിനെതിരെയുള്ള സമരവേദികളായിരുന്ന പുന്നപ്ര, വയലാർ ഗ്രാമങ്ങൾ ഇവിടെയാണ്. ഇന്ത്യയിലെ ആദ്യത്തെ കയർ ഫാക്ടറിയായ ഡാറാസ്മെയിൽ 1859 ൽ സ്ഥാപിച്ചത് ആലപ്പുഴയിലാണ്. കേരളത്തിൽ ആദ്യമായി പോസ്റ്റോഫീസ്, ഫിലിംസ്റ്റുഡിയോ,സോളാർ ബോട്ട്സർവീസ് എന്നിവ വന്നതും ആലപ്പുഴയിൽത്തന്നെയാണ്. നിരവധിയായ തോടുകളാലും കായലുകളാലും ആറുകളാലും സമൃദ്ധമായ ആലപ്പുഴയിലാണ് സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ആസ്ഥാനം സ്ഥിതിചെയ്യുന്നത്. തുമ്പോളി, പുന്നപ്ര, പുറക്കാട് കടൽത്തീരങ്ങൾ ചാകരയ്ക്ക് പ്രശസ്തമാണ്.

1414 ച.കി.മീ. പരന്നു കിടക്കുന്നതും 82 കി.മീ. കടൽതീരമുള്ളതുമായ ജില്ലയാണ് ആലപ്പുഴ. പടിഞ്ഞാറ് അറബിക്കടലും തെക്ക് കൊല്ലം ജില്ലയും വടക്ക് എറണാകുളം ജില്ലയും കിഴക്ക് കോട്ടയം, പത്തനംതിട്ട ജില്ലകളുമായാണ് അതിർത്തി പങ്കിടുന്നത്. 6 താലൂക്കുകളിലായി 72 പഞ്ചായത്തുകളും 6 നഗരസഭകളും 91 വില്ലേജുകളുമാണ് ജില്ലയിലുള്ളത്. 96.26% സാക്ഷരതാ നിരക്കുള്ള ജില്ലയിൽ 2011 ലെ സെൻസസ് പ്രകാരം ജനസംഖ്യ 21,21,943 - ഉം ജനസാന്ദ്രത 1501-മാണ്. അക്ഷാംശ രേഖ 9°05’ N to 9°54’ N ഉം രേഖാംശ രേഖ 76°17’30” E to 76°40’ ഉം ആണ്.

ജില്ലയിലെ പ്രധാന തൊഴിൽ മേഖല കൃഷി, മൽസ്യബന്ധനം എന്നിവയും കയർ, കൈത്തറി, കശുവണ്ടി, അടക്കമുള്ള പരമ്പരാഗത ചെറുകിട വ്യവസായങ്ങളുമാണ്. പ്രധാന വ്യവസായങ്ങൾ കയർ, ടൂറിസം, മത്സ്യ സംസ്കരണം എന്നിവയാണ്. ജില്ലയിലെ പ്രധാനപ്പെട്ട ജലസ്രോതസ്സുകളാണ് വേമ്പനാട് കായൽ (കേരളത്തിലെ ഏറ്റവും വലിയ കായൽ), കായംകുളം കായൽ, പുന്നമട കായൽ, ചിത്തിര കായൽ, കൈതപ്പുഴ കായൽ മുതലായവ.

പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളായ കൃഷ്ണപുരം കൊട്ടാരം, കലവൂരിലെ കയർ മ്യൂസിയം, ആലപ്പുഴ ബീച്ച്, വയ്യാങ്കര ചിറ, മാരാരി ബീച്ച്, വലിയഴീക്കൽ ബീച്ച്, അന്ധകാരനഴി ബീച്ച്, പുന്നമട കായൽ എന്നിവ കൂടാതെ ആരാധനാലയങ്ങളിലും ദിവസേന ആയിരക്കണക്കിന് വിനോദ സഞ്ചാരികളും ഭക്തരും എത്തിച്ചേരുന്നുണ്ട്. ഇത് മാലിന്യ സംസ്കരണത്തിനും പരിസ്ഥിതി പുനഃസ്ഥാപനത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ഉത്തരവാദിത്തം നൽകുന്നുണ്ട്.

## ജില്ലയുടെ ചരിത്രവും പരിസ്ഥിതിയും...

കേരളത്തിന്റെ തെക്ക് പടിഞ്ഞാറായി കുന്നുകളും, തകിടി പ്രദേശങ്ങളും, സമതലങ്ങളും, പുഞ്ചപ്പാടങ്ങളും, തോടുകളും നിറഞ്ഞ ഫലഭൂയിഷ്ഠമായ നാടാണ് ആലപ്പുഴ. കേരളത്തിലെ ഏറ്റവും വലിയ കായലായ വേമ്പനാട് കായലിന്റെയും പമ്പയുടെയും ഐതീഹ്യമുറങ്ങുന്ന അച്ചൻകോവിലാറിന്റേയും വരദാനമാണ് ഈ പ്രദേശം. മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് തയ്യാറാക്കിയ ജില്ലാ റിപ്പോർട്ട് അനുസരിച്ച് ആലപ്പുഴ ജില്ലയിൽ ആലപ്പുഴ സീരീസ്,പുന്നപ്ര സീരീസ്, പുറക്കാട് സീരീസ്, ചമ്പക്കുളം സീരീസ്, മാന്നാർ സീരീസ് എന്നിങ്ങനെ 5 ബെഞ്ച് മാർക്ക് ശ്രേണിയിലുള്ള മണ്ണാണുള്ളത്. ശ്രേണി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മണ്ണിന്റെ വ്യത്യസ്ത സ്വഭാവങ്ങൾ മനസ്സിലാക്കുന്നതിനായി വ്യത്യസ്ത ഭൂപ്രകൃതികളിൽ ഓരോന്നിലും വിശദമായ പഠനം നടത്തി സമാന രാസ ഭൗതിക സ്വഭാവമുള്ളവയെ ഒരു മണ്ണ് ശ്രേണിയിലായി തിട്ടപ്പെടുത്തുന്നതിനെയാണ്. സമാന സ്വഭാവം ഉള്ള മൂന്നോ നാലോ മണ്ണ് ശ്രേണികളെ ഒരു അസോസിയേഷനിൽ ഉൾപ്പെടുത്തുന്നു ഇത്തരത്തിൽ മണ്ണിനെ നാമകരണം ചെയ്യുന്നത് അവ കാണപ്പെടുന്ന സ്ഥലത്തിന്റെ അടിസ്ഥാനത്തിലാണ്.

വാണിജ്യ ആവശ്യങ്ങൾക്ക് വേണ്ടി നിർമ്മിച്ച ആലപ്പുഴ ജില്ലയുടെ ഹൃദയഭാഗത്തുള്ള രണ്ട് കനാലുകളാണ് കോമേഴ്സ്യൽ കനാലും വാടക്കനാലും. ഈ കനാലുകൾക്ക് സമാന്തരമായി ഇരുവശങ്ങളിലൂടെ കടന്നു പോകുന്ന റോഡുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള നിരവധി പാലങ്ങളും ആലപ്പുഴ പട്ടണത്തിന് തനതായ ഭംഗി നൽകുന്നു. അച്ചൻകോവിൽ, മണിമല, പമ്പ എന്നീ നദികളാൽ സമ്പുഷ്ടമായ ഒരു ഭൂപ്രദേശം എന്നുള്ളത് കൊണ്ട് തന്നെ നെല്ലും പച്ചക്കറി വർഗ്ഗങ്ങളും തുല്യപ്രാധാന്യത്തോടെ ഇവിടെ കൃഷി ചെയ്തുവരുന്നു. ജലോത്സവങ്ങളുടെ നാടായ ആലപ്പുഴയിലെ പുന്നമടകായലിൽ





നടക്കുന്ന നെഹ്റു ട്രോഫി വള്ളംകളിയാണ് കേരളത്തിലെ ഏറ്റവും വലിയ ജലമേള. ലോകത്തിലെ ഏറ്റവും നീളമേറിയ ചുണ്ടൻ വള്ളങ്ങളാണ് ജലമേളയുടെ പ്രധാന ആകർഷണം. വള്ളംകളിയുടെയും ജലമേളകളുടെയും നാടായ കുട്ടനാടിന്റെ ചമ്പക്കുളം മൂലം വള്ളംകളി,നീരേറ്റുപുറം ജലമേള തുടങ്ങിയവ വളരെ പ്രശസ്തമാണ്.

കേരളത്തിന്റെ മധ്യഭാഗത്ത് സ്ഥിതിചെയ്യുന്ന ഒരു പ്രധാന തീരദേശ ജില്ലയാണ് ആലപ്പുഴ. ജില്ലയിലെ കുട്ടനാട് സമുദ്രനിരപ്പിനേക്കാൾ താഴ്ന്ന പ്രദേശമാണ്. കൃഷിക്ക് അനുയോജ്യമായ സ്വഭാവമല്ല ഇവിടെ കാണുന്നത്. താഴ്ന്ന ഇടങ്ങളിൽ പെട്ടിയും പറയും, മോട്ടറും ഉപയോഗിച്ച് വെള്ളം വറ്റിച്ചും വെള്ളം കടത്തിവിട്ടുമാണ് കൃഷി ചെയ്യുന്നത്. ജില്ലയ്ക്ക് 82 കിലോമീറ്റർ ദൂരം വരുന്ന കടൽത്തീരമാണുള്ളത്. ജില്ലയുടെ വിസ്തൃതിയുടെ 13 ശതമാനത്തോളം ജലാശയമാണ്. ജില്ലയുടെ ഭൂപ്രകൃതിയുടെ സവിശേഷതകൾ ജനജീവിതത്തെ സാരമായി ബാധിക്കുന്നു. ആലപ്പുഴ ജില്ലയിൽ മലനിരകളില്ല, ഉയരം കുറഞ്ഞ കുന്നുകളും താരതമ്യേന കുറവാണ്. അതുകൊണ്ടുതന്നെ വെള്ളപ്പൊക്ക സാധ്യത കൂടുതലുള്ള ജില്ലകളിലൊന്നാണ് ആലപ്പുഴ.

### ജില്ല നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ, ചേർത്തല, കാർത്തികപ്പള്ളി എന്നീ താലൂക്കുകൾ സമുദ്രനിരപ്പിന് തുല്യമായും കുട്ടനാട് താലൂക്ക് സമുദ്രനിരപ്പിൽ നിന്ന് താഴ്ന്ന നിലയിലും സ്ഥിതിചെയ്യുന്നു. തീര



ശോഷണം, വെള്ളപ്പൊക്കം എന്നിവയിൽ നിന്ന് നേരിടുന്ന വെല്ലുവിളികൾക്ക് പുറമേ കൃഷിയിടങ്ങളിൽ നിന്നുള്ള കീടനാശിനി, പത്തനംതിട്ട, കോട്ടയം, എറണാകുളം, കൊല്ലം എന്നീ ജില്ലകളിൽ നിന്ന് വർഷംമുഴുവൻ ഒഴുകിവരുന്ന വിവിധ മാലിന്യങ്ങളും, പ്ലാസ്റ്റിക്, ഇ-വേസ്റ്റ് അടക്കമുള്ള മാലിന്യങ്ങളും ആലപ്പുഴ ജില്ലയിലെ ജലസ്രോതസ്സുകളെ മലിനപ്പെടുത്തുന്നുണ്ട്. അച്ചൻകോവിൽ, പള്ളിക്കലാർ, മണിമല, പമ്പ എന്നീ ആറുകളിലൂടെയാണ് വലിയൊരു ഭാഗം മാലിന്യങ്ങൾ ജില്ലയിൽ എത്തുന്നത്. മാരകമായ ജലജന്യ രോഗങ്ങൾ ആദ്യം റിപ്പോർട്ട് ചെയ്യപ്പെടുന്നത് ആലപ്പുഴയിലാണ്. പരിസ്ഥിതിക്കും മനുഷ്യ ജീവനും വലിയൊരു വെല്ലുവിളിയാണിത്. 2016-ൽ അമീബിക് മസ്തിഷ്കജ്വരം ആദ്യമായി റിപ്പോർട്ട് ചെയ്യപ്പെട്ടത് ആലപ്പുഴ ജില്ലയിലാണ്. ആലപ്പുഴ ജില്ലയിൽ വികസിച്ചുകൊണ്ടിരിക്കുന്ന നഗരവത്കരണ പ്രക്രിയ പുതിയ പല പ്രശ്നങ്ങളും നമുക്ക് മുന്നിൽ കൊണ്ടുവന്നിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനമാണ് മാലിന്യ സംസ്കരണം. പുനഃചംക്രമണം ചെയ്യാവുന്ന വസ്തുക്കൾ പോലും ആഗോളീകൃത സാഹചര്യത്തിൽ ഉണ്ടായ ഉപഭോഗ തൃഷ്ണ മൂലം വലിച്ചെറിയുന്ന ശീലങ്ങളിലേക്ക് ഒരു വിഭാഗം ജനങ്ങളെ കൊണ്ടെത്തിച്ചു. ഓരോ ദിവസവും വലിച്ചെറിയുന്ന/ ഉപേക്ഷിക്കുന്ന മാലിന്യത്തിന്റെ അളവ് വർദ്ധിച്ചു വരുമ്പോൾ അവ ശേഖരിച്ച് മറ്റൊരു സ്ഥലത്ത് സംസ്കരിക്കുന്നതിനോ നിക്ഷേപിക്കുന്നതിനോ നമുക്ക് കഴിയാതെ വരുന്നു. ജില്ലയിൽ അഭിമുഖീകരിച്ചുകൊണ്ടിരുന്ന പ്രധാന പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരമായി വികസനവും പരിസ്ഥിതിയും സംരക്ഷിച്ചുകൊണ്ട് ഒരുപോലെ മുന്നോട്ട് കൊണ്ടുപോകണമെന്ന കാഴ്ചപ്പാടോടെയാണ് നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി 2016 ഡിസംബർ 8 നു ഹരിതകേരളം മിഷനു രൂപം നൽകിയത്. കഴിഞ്ഞ 9 വർഷക്കാലമായി ഹരിതകേരളം മിഷൻ നടത്തിയ ഇടപെടലുകളിലൂടെ വലിയൊരളവ് വരെ പരിസ്ഥിതിയെ സംരക്ഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇനിയും പരിഹരിക്കേണ്ട പ്രധാന പാരിസ്ഥിതിക പ്രശ്നങ്ങളാണ് വേമ്പനാട് കായൽ മലിനീകരണം, മാലിന്യം, തീരശോഷണം, കുടിവെള്ള ക്ഷാമം, വരൾച്ച, പ്രളയത്തിന് ശേഷമുള്ള കാലാവസ്ഥാ വ്യതിയാനം, ഭൂഗർഭ ജലം, മഴ, വർദ്ധിച്ച തരിശ്ശ് ഭൂമി, വെള്ളക്കെട്ട് മൂലം കൃഷി ഉപേക്ഷിക്കേണ്ടി വരുന്ന അവസ്ഥ, പോള ശല്യം, ഇറച്ചി മാലിന്യം, കെട്ടിട നിർമ്മാണങ്ങളിൽ നിന്നുള്ള മാലിന്യം, താറാവ് കൃഷി, മണലൂറ്റൽ, അശാസ്ത്രീയമായ മത്സ്യ ബന്ധനം, ഇ-വേസ്റ്റ്, ബൾക്ക് വേസ്റ്റ്, നീർച്ചാലുകൾ മലിനമാകുന്നത്, വയൽ നികത്തൽ, വനങ്ങളുടെ കുറവ് കാരണം ഹരിതാവരണം കുറയുന്നത്, നഗരതാപനിലയിലെ വർദ്ധനവ്, ഡ്രൈനേജ് എന്നിവ.

## മാലിന്യം

വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിൽ അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധിക്കപ്പെട്ട മാതൃകകൾ ആലപ്പുഴ നഗരം മുന്നോട്ടുവെച്ചിട്ടുണ്ടെങ്കിലും, വർദ്ധിച്ചുവരുന്ന മാലിന്യത്തിന്റെ അളവ് ഇപ്പോഴും



വെല്ലുവിളികൾ ഉയർത്തുന്നു. ആലപ്പുഴയിലെ കനാലുകളും വേമ്പനാട് കായലുമാണ് മലിനീകരണത്തിന്റെ പ്രധാന ഇരകൾ. അതുപോലെ വീടുകൾ, അറവുശാലകൾ, ഹൗസ് ബോട്ടുകൾ, മത്സ്യസംസ്കരണ യൂണിറ്റുകൾ (Peeling Sheds/Factories) എന്നിവിടങ്ങളിൽ നിന്നുള്ള പ്ലാസ്റ്റിക്, അറവുമാലിന്യം, സ്വീവേജ്/സെപ്റ്റേജ് മാലിന്യം, ഭക്ഷണാവശിഷ്ടങ്ങൾ എന്നിവ രാത്രികാലങ്ങളിൽ ടാങ്കറുകളിൽ കൊണ്ടുവന്ന് പൊതുവഴികളിലും തോടുകളിലും തള്ളുന്നത് ജില്ലയിൽ ഇനിയും പൂർണ്ണമായി പരിഹാരം ലഭിക്കാത്ത പ്രശ്നങ്ങളാണ്.

### വേമ്പനാട് കായൽ മലിനീകരണം :

ആലപ്പുഴയുടെ ജീവരേഖ എന്നറിയപ്പെടുന്ന വേമ്പനാട് കായൽ 200 ച.കി.മീ വിസ്തൃതിയിൽ 3 താലൂക്കുകളിലായി (കുട്ടനാട്, അമ്പലപ്പുഴ, ചേർത്തല) വ്യാപിച്ചു കിടക്കുന്നു. അന്താരാഷ്ട്ര പ്രാധാന്യമുള്ള റാംസർ സൈറ്റ് ആണ് വേമ്പനാട് കായൽ. ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ ഈ തടാകം (90



km) ടൂറിസം, കൃഷി, മത്സ്യബന്ധനം എന്നിവയുടെ നട്ടെല്ലാണ്. വിവിധതരം പക്ഷികൾ, കക്കകൾ, ചെമ്മീൻ എന്നിവയുടെ ആവാസ കേന്ദ്രംകൂടിയാണിവിടം.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റിപ്പോർട്ട് പ്രകാരം തടാകത്തിന്റെ അടിത്തട്ടിൽ നിന്ന് 1.5 മീറ്റർ വരെ ഉയരത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങളും (ഏകദേശം 4376 ടൺ) ചെളിയും അടിഞ്ഞുകൂടുന്നു. ഇതുമൂലം വെള്ളം സംഭരിക്കാനുള്ള ശേഷി കുറയുന്നു. അതുപോലെ തന്നെ ജില്ലനേരിടുന്ന പ്രധാന പ്രശ്നമാണ് വേമ്പനാട് കായലിലെ ഭൂമി കയ്യേറ്റം. 1917-ൽ 290.85 ചതുരശ്ര കിലോമീറ്ററായിരുന്ന ജലവിസ്തൃതി 1990-ൽ 213 ചതുരശ്ര കിലോമീറ്ററായി (27%) കുറഞ്ഞു. വേമ്പനാട് കായലിന്റെ മലിനീകരണം നിരവധി നീർചാലുകളായും ജലാശയങ്ങളായും ബന്ധപെട്ടു കിടക്കുന്ന ആലപ്പുഴയെ അതീവ ഗുരുതരമായി ബാധിക്കുന്നു. വളർന്നു തിങ്ങുന്ന പോളയും വേമ്പനാട് കായലിന്റെ മലിനീകരണത്തിന് ഭീഷണിയാകുന്നു. വേമ്പനാട് കായലിന്റെ മാലിന്യ പ്രശ്നം പരിഹരിച്ചാൽ മാത്രമേ ആലപ്പുഴയുടെ മാലിന്യപ്രശ്നത്തിനു ശാശ്വത പരിഹാരമാകുകയുള്ളു.

### പോളശല്യം

കുടിവെള്ളാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ജലത്തിൽ പോള വളരാൻ തുടങ്ങിയതോടെ ജലത്തിന്റെ ഗുണനിലവാരം കുറയുകയും കുടിവെള്ള ലഭ്യത ഇല്ലാതാവുകയും ചെയ്തു. ജലസേചന



കനാലുകൾ മൂടുംവിധത്തിൽ ഇവ വളർന്നത് നീരൊഴുക്ക് പൂർണ്ണമായി നിലയ്ക്കുന്നതിനും, ജലഗതാഗതം തടസ്സമാക്കുന്നതിനും, കൃഷി നശിച്ചു പോകുന്നതിനും കാരണമായി. ആലപ്പുഴ വേമ്പനാട് തടാകം, തൈക്കാട്ടുശേരി, ചേന്നംപള്ളിപ്പുറം, ചെങ്ങണ്ട, തുറവൂർ പഞ്ചായത്തിലെ അനന്തൻകരി, പുതുവീട്ടിക്കരി, കുട്ടൻചാൽ, കുട്ടനാട് പ്രദേശത്തെ കൈനകരി, നെടുമുടി, പുളിങ്കുന്ന്, കാവാലം, തണ്ണീർ മുക്കം ബണ്ട് പ്രദേശം, കാർത്തികപ്പള്ളി താലൂക്കിലെ ഹരിപ്പാട്, കരുവാറ്റ എന്നിവിടങ്ങളിലാണ് പോളശല്യം കൂടുതലായുള്ളത്. പോളശല്യം ജില്ലയിൽ ഗുരുതരമായ പരിസ്ഥിതി-സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങൾ സൃഷ്ടിച്ചുവരുന്നു. മത്സ്യബന്ധനത്തിനും ജലഗതാഗതത്തിനും കടുത്ത വെല്ലുവിളിയാണ് പോള.

### തീരശോഷണം

അറബിക്കടലിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന ജില്ലയിൽ ശക്തമായ മൺസൂൺ, കടലാക്രമണം, കാലാവസ്ഥാ വ്യതിയാനം എന്നിവ മൂലം ഗുരുതരമായ തീരക്ഷയ പ്രശ്നങ്ങൾ നേരിടുന്നു. 2004-ലെ സുനാമിയും തുടർന്നുണ്ടായ ശക്തമായ മൺസൂൺ തരംഗങ്ങളും ആലപ്പുഴ ജില്ലയിലെ തീരഭൂപ്രകൃതിയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചു. ചുഴലിക്കാറ്റ്/കടൽ പ്രക്ഷുബ്ധ സമയങ്ങളിൽ 100 മീറ്റർ വരെ കരഭാഗം കടൽ കവർന്നെടുത്തിട്ടുണ്ട്. തീരരേഖ പിന്നോട്ടു നീങ്ങുന്നത് (shoreline retreat) മൂലം ബീച്ചുകൾ ഇടുങ്ങുകയും ചില ഭാഗങ്ങളിൽ പൂർണമായും അപ്രത്യക്ഷമാകുകയും ചെയ്യുന്നു.

### കുടിവെള്ളക്ഷാമം

ആലപ്പുഴ ജില്ല ജലസ്രോതസ്സുകളാൽ ചുറ്റപ്പെട്ട പ്രദേശമാണെങ്കിലും കുടിവെള്ള ക്ഷാമം അതീവ ഗുരുതരമായ പ്രശ്നമാണ്. സംസ്ഥാനത്തു തന്നെ ഡ്രെയിനേജ് ഡെൻസിറ്റി ഏറ്റവും കൂടുതലുള്ള ജില്ലയാണ് ആലപ്പുഴ. ഭൂഗർഭ ജലത്തിന്റെ ഗുണമേന്മയില്ലായ്മ കുടിവെള്ള ക്ഷാമത്തിന് കാരണമാകുന്നു. ജില്ലയിൽ 2016 മുതൽ അതിരൂക്ഷ കുടിവെള്ള ക്ഷാമമാണ് ഉണ്ടായിട്ടുള്ളത്. ഉപ്പുവെള്ളം (ഓരുവെള്ളം) കയറുന്നതും മറ്റ് മാലിന്യ നിക്ഷേപങ്ങളും ശുദ്ധജല ലഭ്യതയ്ക്ക് ഭീഷണിയാണ്. കുട്ടനാട് സമുദ്ര നിരപ്പിൽ നിന്ന് താഴ്ന്ന പ്രദേശമായതിനാൽ ശുദ്ധജലം ലഭ്യമാകുന്നില്ല. മഴ ലഭിക്കുന്ന സമയങ്ങളിൽ ആ വെള്ളംമുഴുവനായി സംഭരിക്കാനുള്ള ശേഷി അവിടുത്തെ മണ്ണിനില്ല. തോടുകൾ, കായലുകൾ എന്നിവയിലൂടെ ഒഴുകുന്ന ജലം മാലിന്യങ്ങൾ മൂലം നീരൊഴുക്ക് തടസ്സപ്പെടുകയും ചെയ്യുന്നു.


A man fills a water can in Kuttanad
Photo by Hariprasad VM and Damethlal PM

അരൂർ, അരൂക്കുറ്റി, തുറവൂർ, ആറാട്ടുപുഴ എന്നിവയടക്കമുള്ള തീരപ്രദേശങ്ങളിൽ ഓരുവെള്ളം (ഉപ്പ് വെള്ളം) കയറുന്ന സമയങ്ങളിലും ഭരണിക്കാവ്, ചെങ്ങന്നൂർ, മാവേലിക്കര, കാർത്തികപ്പള്ളി, അമ്പലപ്പുഴ താലൂക്കുകളിലെ ചില പ്രദേശങ്ങളിൽ വരൾച്ച മൂലവും ഡിസംബർ പകുതി മുതൽ മെയ് പകുതി വരെ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. കുട്ടനാട് താലൂക്കിലെ ഭൂരിഭാഗം പ്രദേശങ്ങളിലും ഓരു വെള്ള ഭീഷണി മൂലവും കുടിവെള്ളം പൈപ്പ് ലൈനുകളിലൂടെ പൂർണ്ണമായി എത്തിക്കാൻ കഴിയാത്തതിനാലും വർഷത്തിൽ കൂടുതൽ കാലവും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

## വരൾച്ച

ആലപ്പുഴ ജില്ലയിൽ കൂടുതൽ വരൾച്ച അനുഭവപ്പെട്ടത് 2016-17 വർഷങ്ങളിലായിരുന്നു. ജില്ലയിൽ ഭരണിക്കാവ്, ചെങ്ങന്നൂർ ബ്ലോക്കുകളിലും മാവേലിക്കര ബ്ലോക്കിലെ തഴക്കര, തെക്കേക്കര എന്നീ പഞ്ചായത്തുകളിലെ ചില പ്രദേശങ്ങൾ എന്നിവയുമാണ് പ്രധാനമായും വരൾച്ച നേരിടുന്നത്. ജില്ലയിൽ ഏറ്റവും വലിയ ജല ശൃംഖലകൾ ഉണ്ടായിട്ടും ജനുവരി മുതൽ മെയ് വരെയുള്ള മാസങ്ങളിൽ അതി തീവ്രമായ വരൾച്ച ഉണ്ടാകുന്ന പ്രദേശമാണ്. മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ ഈ കാലയളവിൽ കൃഷിനാശം, കുടിവെള്ള ക്ഷാമം, ആരോഗ്യ പ്രശ്നങ്ങൾ എന്നിവ ഉണ്ടാകുന്നുണ്ട്. കിണറുകളും ജലാശയങ്ങളും വറ്റുന്നത് മൂലം കുടിവെള്ളത്തിനും മറ്റ് ആവശ്യങ്ങൾക്കും വെള്ളം ലഭിക്കാത്ത അവസ്ഥയുണ്ടാകുന്നു. കൃഷിഭൂമി വരണ്ട് വിളകൾ നശിക്കുകയും ഇത് കർഷകർക്ക് വലിയ സാമ്പത്തിക നഷ്ടമുണ്ടാക്കുകയും ഭക്ഷ്യോൽപ്പാദനം കുറയുന്നതിനും കാരണമാകുന്നു. ശുദ്ധജലത്തിന്റെ അഭാവം മൂലം പകർച്ചവ്യാധികൾ പടർന്നു പിടിക്കുകയും നിർജ്ജലീകരണം പോലുള്ള ആരോഗ്യ പ്രശ്നങ്ങളും ഉണ്ടാകുന്നു.

## പ്രളയത്തിന് ശേഷമുള്ള പ്രശ്നങ്ങൾ

2018 ലെ പ്രളയത്തിന് ശേഷം കടൽക്ഷോഭം വർധിക്കുകയും കടൽ ഉൾവലിയുന്നതും പിന്നീട് കരയിലേക്ക് അടിച്ചുകയറുന്നതും ആലപ്പുഴയുടെ തീരപ്രദേശങ്ങളിൽ പതിവായിരിക്കുന്നു. കായലുകളിലും തോടുകളിലും മാലിന്യങ്ങളും എക്കലും അടിഞ്ഞു കൂടിയത് ജലത്തിന്റെ സ്വാഭാവിക ഒഴുക്കിനെ ബാധിച്ചിട്ടുണ്ട്. ഇത് ചെറിയ മഴ പെയ്താൽ പോലും കുട്ടനാട് പോലെയുള്ള താഴ്ന്ന പ്രദേശങ്ങളിൽ



വെള്ളക്കെട്ടുണ്ടാകാൻ കാരണമാവുന്നു. 2018-19 വെള്ളപ്പൊക്കത്തിന്റെ ഭാഗമായി ജില്ലയിൽ നിരവധിയായ നീർച്ചാലുകൾ നികന്നുപോകുകയും നീരുറവകൾ ഗതിമാറിയൊഴുകുകയും ചെയ്തു.

### ഭൂജലം

2018 ലെ പ്രളയത്തിനുശേഷം ആലപ്പുഴയിലെ ഭൂജലവിതാനത്തിൽ ക്രമരഹിതമായ ഏറ്റക്കുറച്ചിലുകൾ സംഭവിച്ചു. വർഷകാലം പൂർണ്ണമായും കഴിയുന്നതിനു മുൻപ് തന്നെ ജലവിതാനം വലിയതോതിൽ താഴ്ന്നുതുടങ്ങുന്നു. പെയ്തുകിട്ടുന്ന വെള്ളം ഉപരിതലത്തിലൂടെ അതിവേഗം ഒഴുകി കടലിലേക്ക് പോകുന്നതുമൂലം ഭൂജല സംഭരണം വർധിപ്പിക്കുവാൻ കഴിയുന്നില്ല. മുൻപ് ജലസമൃദ്ധമായിരുന്ന പ്രദേശങ്ങൾ പോലും വേനൽക്കാലത്തു വറ്റി വരളുന്നു.

### മഴ

കഴിഞ്ഞ 11 വർഷത്തെ (2012-2023) മഴയുടെ കണക്കുകൾ പരിശോധിക്കുമ്പോൾ കേരളത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന ജില്ലകളിൽ ഒന്നാണ് ആലപ്പുഴ. പ്രതിവർഷം ശരാശരി 2800 mm മുതൽ 3000 mm വരെ മഴയാണ് ഇവിടെ ലഭിച്ചത്. 2012 ൽ കൂടുതൽ മഴ ലഭിച്ചത് ചേർത്തലയിലും (1944.8mm) കുറവ് മങ്കൊമ്പിലുമാണ് (1457.2mm). 2023-ൽ കൂടുതൽ അമ്പലപ്പുഴയിലും (3544.8mm) കുറവ് മങ്കൊമ്പിലുമാണ് (3062 mm).



| YEAR | Kollakadavu RFD | Ambalapuzha RFD | Cherthala RFD | Mancompu RFD |
|---|---|---|---|---|
| 2012 | 1688.2 | 1792.6 | 1944.8 | 1457.2 |
| 2013 | 3147 | 3086.2 | 3151.9 | 2837.10 |
| 2014 | 3061.53 | 2392.2 | 2854 | 2413.4 |
| 2015 | 2369.8 | 2512.5 | 2615.5 | 2306.6 |
| 2016 | 1698 | 1859 | 1829.2 | 1703.3 |
| 2017 | 3120.6 | 2391 | 2405 | 2173.4 |
| 2018 | 3133.9 | 2615.7 | 2791.3 | 2038.5 |
| 2019 | 2985.5 | 3283.7 | 3690.9 | 3256.5 |
| 2020 | 3475.4 | 3321.4 | 3665 | 3136.2 |
| 2021 | 3595.6 | 3042.86 | 3644.66 | 2887.4 |
| 2022 | 2112.63 | 1830.7 | 1815.3 | 2241 |
| 2023 | 3099.8 | 3544.8 | 3241.6 | 3062 |

{അവലംബം : ജലവിഭവ വകുപ്പ്}

## വർദ്ധിച്ച തരിശു ഭൂമി

ആലപ്പുഴ കാർഷിക പാരമ്പര്യമുള്ള ജില്ലയാണ്. കാലാവസ്ഥ വ്യതിയാനം ഒരു പതിറ്റാണ്ടിനിപ്പുറം ജില്ലയിൽ തരിശുഭൂമി വർധിക്കാൻ ഇടയാക്കിയാക്കിയിട്ടുണ്ട്. മഴയിലുണ്ടായ ഏറ്റക്കുറച്ചിലുകൾ, വരൾച്ച, ജല ദൗർലഭ്യം, കൃഷിയോടുള്ള വിമുഖത എന്നിവ കൃഷി ഭൂമികൾ തരിശ്ശാകാൻ കാരണമായിട്ടുണ്ട്. ഇങ്ങനെ ഭൂമിയുടെ ഫലഭൂയിഷ്ഠിത നഷ്ടമാകുകയും ആ ഭൂമി കൃഷിയോഗ്യമല്ലാതാകുകയും ചെയ്യുന്നു. ആലപ്പുഴ ജില്ലയിൽ മാവേലിക്കര, ചെങ്ങന്നൂർ, ഭരണിക്കാവ്, അമ്പലപ്പുഴ, ഹരിപ്പാട് തുടങ്ങിയ ബ്ലോക്കുകളിലാണ് തരിശുഭൂമി കൂടുതലായുള്ളത്.

2016 വരെ ഉണ്ടായിരുന്ന ആകെ തരിശു ഭൂമിയുടെ അളവ് 6798 ഹെക്ടർ ആയിരുന്നു. ഒരുപതിറ്റാണ്ടിനുള്ളിൽ നിരന്തരമായ ഇടപെടലുകളുടെ ഭാഗമായി ഇപ്പോഴുള്ള തരിശുഭൂമിയുടെ അളവ് 6093 ഹെക്ടർ ആയി കുറയ്ക്കുവാൻ കഴിഞ്ഞു. ജില്ലയിൽ 2016 വരെ നെൽവയൽ 28176.6 ഹെക്ടർ ആയിരുന്നു. ഇപ്പോൾ 28160 ഹെക്ടർ നെൽവയലാണുള്ളത്.

## വെള്ളക്കെട്ട് മൂലം കൃഷി ഉപേക്ഷിക്കേണ്ടി വരുന്ന അവസ്ഥ

ആലപ്പുഴ ജില്ല തോടുകൾ, കായലുകൾ, ആറുകൾ എന്നിവയാൽ ജലസമൃദ്ധമാണെങ്കിലും. ജലാശയങ്ങളിലേക്ക് മാലിന്യം തള്ളുന്നത് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവയുടെ സ്വാഭാവിക ഒഴുക്ക് നഷ്ടപ്പെടുകയും നാടിന്റെ പല ഭാഗത്തും വെള്ളക്കെട്ട് രൂക്ഷമാവുകയും ചെയ്യുന്നു. ജില്ലയിൽ അതിരൂക്ഷമായ വെള്ളപ്പൊക്കം ഉണ്ടായത് 2018-ലാണ്. അമ്പലപ്പുഴ, ചമ്പക്കുളം, വെളിയനാട്, ചെങ്ങന്നൂർ തുടങ്ങിയ ബ്ലോക്കുകളിലെ കൃഷി ചെയ്തുകൊണ്ടിരുന്ന പാടശേഖരങ്ങളിൽ വെള്ളക്കെട്ട് ഉണ്ടാവുകയും വൻ തോതിലുള്ള കൃഷി നാശവും സംഭവിച്ചു. പമ്പ, അച്ചൻകോവിലാർ തുടങ്ങിയ നദികളിലെ വെള്ളക്കെട്ട് മൂലം തോട്ടപ്പള്ളി സ്പിൽ വേയിലൂടെയുള്ള നീരൊഴുക്ക് തടസ്സമാകുകയും സമീപ പ്രദേശങ്ങളിലെ ജനവാസ മേഖലയിലും കൃഷിയിടങ്ങളിലും വെള്ളപ്പൊക്കമുണ്ടാവുകയും ചെയ്തു.



പ്രധാനമായും കുട്ടനാട് മേഖലയിലും, കരിപ്പയിൽ ചാൽ തുടങ്ങിയ ഇടങ്ങളിലും ഒഴുക്ക് നിലച്ചതിനെത്തുടർന്ന് സമീപ പ്രദേശത്തെ വീടുകളിൽ വെള്ളം കയറുകയും പാടശേഖരങ്ങളിൽ കൃഷി നാശം സംഭവിക്കുന്നതിന് കാരണമാകുകയും ചെയ്യുന്ന അവസ്ഥ ഉണ്ടായി. തൻമൂലം കൃഷി ഉപേക്ഷിക്കേണ്ടിവരുന്ന അവസ്ഥ സംജാതമായി.

### ഇറച്ചിമാലിന്യം

ജില്ലയിൽ ഇറച്ചിമാലിന്യങ്ങൾ സംസ്കരിക്കുവാൻ വേണ്ടത്ര പ്ലാന്റുകൾ ഇല്ല. കച്ചവടക്കാർ ചേർത്തല,അമ്പലപ്പുഴ താലൂക്കിൽ നിന്നും എറണാകുളത്തേക്കും ചെങ്ങന്നൂർ, മാവേലിക്കര, കാർത്തികപ്പള്ളി എന്നീ താലൂക്കുകളിൽ നിന്ന് പത്തനംതിട്ടയിലെ തിരുവല്ലയിലേക്കും, കുട്ടനാട് താലൂക്കിൽ നിന്ന് കോട്ടയം ജില്ലയിലേക്കുമാണ് ഇറച്ചി മാലിന്യങ്ങൾ സംസ്കരണത്തിനായി എത്തിക്കുന്നത്.ജില്ലയിൽ ഇറച്ചി മാലിന്യ സംസ്കരണ പ്ലാന്റില്ലാത്തത് ചെറുകിട കച്ചവടക്കാർക്കും പരിസ്ഥിതിക്കും വലിയ വെല്ലുവിളിയാണ് സൃഷ്ട്ടിയ്ക്കുന്നത്.

### ഡയപ്പർ മാലിന്യം

ഗാർഹിക സാനിറ്ററി മാലിന്യങ്ങൾ ജില്ല നേരിടുന്ന ഒരു പ്രധാന പാരിസ്ഥിതിക-ആരോഗ്യ പ്രശ്നമാണ്. ഉപയോഗ ശേഷം ശരിയായ രീതിയിൽ സംസ്കരിക്കപ്പെടാതെ കത്തിക്കുകയോ തുറസ്സായ സ്ഥലങ്ങളിൽ മറ്റ് മാലിന്യങ്ങൾക്കൊപ്പം വലിച്ചെറിയുകയോ ചെയ്യുന്ന സാനിറ്ററി മാലിന്യങ്ങൾ ഗുരുതരമായ രോഗവ്യാപനത്തിനും പരിസ്ഥിതി മലിനീകരണത്തിനും കാരണമാകുന്നു. ഇതിന് ശാസ്ത്രീയവും സുരക്ഷിതമായ പരിഹാരം കണ്ടെത്തേണ്ടതുണ്ട്. നിലവിൽ ജില്ലയിൽ സംസ്കരണത്തിനായി പ്ലാന്റ് ഇല്ലാത്തത് ഒരു പ്രധാന പ്രശ്നമാണ്.

### കെട്ടിടനിർമ്മാണങ്ങളിൽ നിന്നുള്ള മാലിന്യം

കെട്ടിടനിർമ്മാണവേളയിൽ റോഡുകൾ നിർമ്മിക്കുമ്പോഴും, നവീകരിക്കുമ്പോഴും, പൊളിക്കുമ്പോഴും ഉണ്ടാകുന്ന കോൺക്രീറ്റ്, മരം, മണ്ണ്, ഇഷ്ടിക, ടൈൽസ്, സിമന്റ്, ലോഹം, പ്ലാസ്റ്റിക് തുടങ്ങിയ പലതരം

മാലിന്യങ്ങളാണ് ഉണ്ടാകുന്നത്. എന്നാൽ ജില്ലയിൽ സ്ഥലപരിമിതി മൂലം ഇത് സംസ്കരിക്കുവാനുള്ള മാർഗ്ഗങ്ങൾ ഇല്ല എന്നത് പരിഹരിക്കുവാൻ കഴിയാത്ത പ്രശ്നമായി തുടരുന്നു. സാധാരണയായി അനധികൃതമായി വയലുകൾ നികത്തുന്നതിന് ഇത്തരം മാലിന്യങ്ങൾ ഉപയോഗിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

### ഇ വേസ്റ്റ്

ആലപ്പുഴ ജില്ലയിൽ ഇ-മാലിന്യങ്ങൾ പലപ്പോഴും സാധാരണ ഗാർഹിക മാലിന്യങ്ങളോടൊപ്പം തന്നെ നിക്ഷേപിക്കപ്പെടുന്നു. വൈദ്യുത ഉപകരണങ്ങളുടെ ഉപയോഗം വർധിച്ചതിനനുസരിച്ച് ഇലക്ട്രോണിക് മാലിന്യത്തിന്റെ അളവും വലിയ തോതിൽ വർദ്ധിച്ചിരിക്കുകയാണ്. ഉപയോഗശൂന്യമായതോ,



കേടായതോ, പഴകിയതോ ആയ ഇലക്ട്രോണിക് ഉപകരണങ്ങളും അവയുടെ ഭാഗങ്ങളുമാണ് ഇലക്ട്രോണിക് മാലിന്യത്തിൽ ഉൾപ്പെടുന്നത്. ചില പ്രദേശങ്ങളിൽ അനൗപചാരികമായി കത്തിക്കുകയോ കുഴിച്ചുമൂടുകയോ ചെയ്യുന്നത് ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. മണ്ണിലും വെള്ളത്തിലും വിഷലോഹങ്ങൾ കലരുന്നത് പരിസ്ഥിതി മലിനീകരണത്തിന് കാരണമാകുന്നു. ലെഡ്, മെർക്കുറി പോലുള്ള വസ്തുക്കൾ ഗുരുതര രോഗങ്ങൾക്ക് കാരണമാകുകയും പലതരത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. അധികമായി ഉണ്ടാകുന്ന ഇ-വേസ്റ്റ് ജലസ്രോതസ്സുകളുടെ മലിനീകരണത്തിനും ജീവജാലങ്ങൾക്ക് ഭീഷണി ഉണ്ടാക്കുന്നതിനും കാരണമാകുന്നു. ജില്ലയുടെ മത്സ്യ സമ്പത്തിനെ സാരമായി ഇത് ബാധിക്കുന്നു.

### ബൾക്ക് വേസ്റ്റ്

കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ഒന്നായ ആലപ്പുഴ ജില്ലയിൽ ജനസംഖ്യാ വർദ്ധനവിന്റേയും നഗരവൽക്കരണത്തിന്റേയും ടൂറിസം പ്രവർത്തനങ്ങളുടേയും കാരണം മാലിന്യം വർഷംതോറും വർദ്ധിച്ചു വരികയാണ്. ഹോട്ടലുകൾ, റിസോർട്ടുകൾ, ആശുപത്രികൾ, മാർക്കറ്റുകൾ, വിവാഹമണ്ഡപങ്ങൾ, ഫ്ലാറ്റുകൾ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള ബൾക്ക് വേസ്റ്റുകളുടെ ശാസ്ത്രീയമായ ശേഖരണം, സംസ്കരണം, നിർമ്മാർജ്ജനം എന്നിവ ജില്ലനേരിടുന്ന വലിയ വെല്ലുവിളിയാണ്. ഉറവിടതലത്തിലുള്ള മാലിന്യ വേർതിരിവിന്റെ അപര്യാപ്തത, ബൾക്ക് വേസ്റ്റ് ഉത്പാദകരുടെ ഉത്തരവാദിത്തകുറവ്, മതിയായ സംസ്കരണ യൂണിറ്റുകളുടെ അഭാവം, ഗതാഗതവും സംഭരണ സൗകര്യങ്ങളുടെയും അപര്യപ്തത,

നിയമനിർമ്മാണത്തിലെ ദൗർബല്യം, പൊതുജന ബോധവൽക്കരണത്തിന്റെ കുറവ് എന്നിവയായിരുന്നു ജില്ല നേരിട്ടിരുന്ന പ്രധാന വെല്ലുവിളികൾ. ജലസ്രോതസ്സുകളുടെ മലിനീകരണവും തന്മൂലമുള്ള ദുർഗന്ധവും രോഗ വ്യാപന സാധ്യതകളും ടൂറിസം മേഖലയിൽ ബൾക്ക് വേസ്റ്റ് ഉണ്ടാക്കിയ ദോഷഫലങ്ങളാണ്.

## നീർച്ചാലുകൾ മലിനമാകുന്നത്

ജില്ലയിലെ നീർച്ചാലുകളും കനാലുകളും നേരിടുന്ന മലിനീകരണം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽനിന്നുമുള്ള ദ്രവമാലിന്യങ്ങളും സെപ്റ്റേജ് മാലിന്യങ്ങളും





നീർചാലുകളിലേക്കു ഒഴുക്കിവിടുന്നത്, ഹൗസ് ബോട്ടുകളിൽനിന്നുള്ള മലിനജലം, കുട്ടനാട് ഭാഗങ്ങളിലെ കാർഷിക അവശിഷ്ടങ്ങൾ (കീടനാശിനികളും രാസവളങ്ങളും) എന്നിവ ജലത്തിലെ ഓക്സിജന്റെ അളവ് കുറയുന്നതിനും, ജലം മലിനമാകുന്നതിനും ജൈവസമ്പത്തു നശിക്കുന്നതിനും കാരണമാകുന്നു. എ.എസ് കനാൽ പോലുള്ള പ്രധാന ജലപാതകളുടെ 90% ഭാഗങ്ങളിലും പോളയും ചളിയും നിറഞ്ഞു ഒഴുക്കുനിലച്ചിരിക്കുകയാണ്. ഇ-കോളി ബാക്ടീരിയയുടെ അളവ് വർധിക്കുന്നതും സാംക്രമികരോഗങ്ങളുടെ ഭീഷണിയും ജില്ലയെ ഗുരുതരമായി ബാധിക്കുന്നു.

## പക്ഷിപ്പനി

ആലപ്പുഴയുടെ ഭൂപ്രകൃതിയും കായൽ സമ്പന്നതയും താറാവ് കൃഷിയും ലോക പ്രശസ്തമാണ്. കുട്ടനാടൻ മേഖലയാണ് ഇതിന്റെ പ്രധാന കേന്ദ്രം. ജില്ലയിൽ പ്രധാനമായും രണ്ടിനം താറാവുകളെയാണ് വളർത്തുന്നത്. മുട്ട ഉല്പാദനത്തിനുള്ള ചാര, മാംസത്തിനും മുട്ടക്കും ഒരുപോലെ അനുയോജ്യമായ ചെമ്പല്ലി. താറാവുകളെ ബാധിക്കുന്ന പ്രധാന വില്ലൻ പക്ഷിപ്പനി (Bird Flu) ആണ്. കൂടാതെ താറാവ് വസന്ത (Duck Plague), താറാവ് കോളറ എന്നിവയും ബാധിക്കുന്നുണ്ട്. ജില്ലയിൽ പ്രധാനമായും കുട്ടനാട്ടിൽ തുടർച്ചയായ വർഷങ്ങളിൽ പക്ഷിപ്പനി മൂലം താറാവുകൾ ചത്തൊടുങ്ങുന്നതും പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി കൂട്ടത്തോടെ കൊന്ന് സംസ്കരിയ്ക്കുന്നതും താറാവുകൃഷിയെയും പരിസ്ഥിതിയെയും ബാധിയ്ക്കുന്നു. പ്രളയവും,അമിതമായ ചൂടുമുള്ള കാലാവസ്ഥയും ഉത്പാദനത്തെ



ബാധിച്ചിട്ടുണ്ട്. പാടങ്ങളിൽ തീറ്റ കുറയുന്ന സമയങ്ങളിൽ കൃത്രിമ തീറ്റ നൽകേണ്ടി വരുന്നതും താറാവ് കൃഷിയെ ബാധിക്കുന്നു.

### മണലൂറ്റൽ

ജില്ലയിലെ മറ്റൊരു പാരിസ്ഥിതിക പ്രശ്നമാണ് മണലൂറ്റൽ. തോട്ടപ്പള്ളി സ്പിൽവേയിൽ മണൽ നീക്കം കാലങ്ങളായി തുടർന്നുകൊണ്ടിരിക്കുന്ന പ്രശ്നമാണ്. അനിയന്ത്രിതമായ ഖനനം കടൽ ഭിത്തി തകരാനും, കടൽവെള്ളം കൃഷിയിടങ്ങളിലേക്ക് കയറുന്നതിനും കാരണമായി. ഇതിന്റെ ആഘാതം മനസ്സിലാക്കിക്കൊണ്ട് പ്രദേശവാസികൾ പ്രതിഷേധത്തിലേക്കു നീങ്ങുകയും മണൽ ഖനനം ചെയ്യുവാനുള്ള നീക്കത്തിനെതിരെ 2025 മാർച്ചിൽ മത്സ്യത്തൊഴിലാളികൾ തോട്ടപ്പള്ളി കടലിൽ വള്ളങ്ങൾ നിരത്തി പ്രതിഷേധിക്കുകയും ചെയ്തു. ഇന്നും ഈ പ്രതിക്ഷേധം തുടർന്ന് പോരുകയാണ്.



### അശാസ്ത്രീയമായ മത്സ്യബന്ധനം

ജില്ലയിലെ കടലിലും കായലിലും നടക്കുന്ന അശാസ്ത്രീയമായ മത്സ്യബന്ധന രീതികൾ മത്സ്യസമ്പത്തിനും പരിസ്ഥിതിക്കും വലിയ ഭീഷണിയുയർത്തുന്നു. ചെറിയ കണ്ണിവലകളുടെ ഉപയോഗം വളർച്ചയെത്താത്ത കുഞ്ഞുമത്സ്യങ്ങളെപോലും വലയിലാക്കുന്നത് മത്സ്യസമ്പത്തു കുറയുവാൻ കാരണമാകുന്നു. കൂടാതെ തുരുമ്പിടൽ (കൃത്രിമ ആവാസവ്യവസ്ഥയൊരുക്കി മത്സ്യങ്ങളെ ആകർഷിക്കൽ), ഡൈനാമിറ്റ് പോലുള്ള സ്ഫോടകവസ്തുക്കൾ, വിഷവസ്തുക്കൾ, എൽ.ഇ.ഡി ബൾബുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം എന്നിവ ജലമലിനീകരണത്തിനും സ്വാഭാവിക പ്രജനനത്തെ തടസ്സമാക്കുന്നതിനും, സമുദ്ര ജൈവ വൈവിധ്യത്തെ നശിപ്പിക്കുന്നതിനും കാരണമാകുന്നു. വേമ്പനാട് കായലിലെ തണ്ണീർമുക്കം ബണ്ടിന് സമീപവും വിവിധ ജലസ്രോതസ്സുകളിലും ലൈസൻസ് ഇല്ലാത്ത നൂറുകണക്കിന് ചീനവലകൾ മത്സ്യങ്ങളുടെ പ്രജനനത്തിന് തടസ്സമാണ്.

### ആലപ്പുഴ തീരത്ത് ചരക്കുകപ്പൽ മുങ്ങിയതിനെ തുടർന്നുണ്ടായ എണ്ണ ചോർച്ച

ആലപ്പുഴ തീരത്ത് ചരക്ക് കപ്പൽ മുങ്ങിയതിനെ തുടർന്നുണ്ടായ എണ്ണചോർച്ച ഗൗരവകരമായ ഒരു പാരിസ്ഥിതിക പ്രശ്നമാണ്. ഇത്തരം ഒരു സാഹചര്യം ഉണ്ടായാൽ അത് നമ്മുടെ കടൽ സമ്പത്തിനെയും തീരദേശ ജീവിതത്തെയും താഴെ പറയുന്ന രീതിയിൽ ബാധിക്കുന്നുണ്ട്.

എണ്ണ കടൽ വെള്ളത്തിൽ പടരുന്നത് മത്സ്യങ്ങളുടെ പ്രജനനത്തേയും ജീവനെയും ബാധിക്കുന്നു. ഇത് മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗ്ഗത്തെ നേരിട്ട് ബാധിക്കുന്ന കാര്യമാണ്. തീരദേശത്തെ പക്ഷികൾ,മറ്റ് കടൽ ജീവികൾ എന്നിവയുടെ ശരീരത്തിൽ എണ്ണ പറ്റിപിടിക്കുന്നത് അവയുടെ മരണത്തിന് കാരണമാകുന്നു. എണ്ണ കലർന്ന വെള്ളം ഉപയോഗിക്കുന്നത് വഴി മനുഷ്യർക്ക് ചർമ്മ രോഗങ്ങളും മറ്റ് ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ ഉണ്ടാകാൻ കാരണമാകുന്നു.

### വയൽ നികത്തൽ

ആലപ്പുഴ ജില്ലയിലെ കഴിഞ്ഞ പത്തു വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ വയൽ നികത്തലിലും നെൽ കൃഷി വ്യാപനത്തിലും വിവിധങ്ങളായ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. 2008 ലെ 'കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ' നിലവിലുണ്ടെങ്കിലും പല കാരണങ്ങളാൽ വയലുകളുടെ വിസ്തൃതിയിൽ മാറ്റം സംഭവിച്ചിട്ടുണ്ട്. അശാസ്ത്രീയ നിർമ്മാണത്തിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുമായി വയൽ നികത്തപ്പെടുന്നു. കൃഷിയിലെ നഷ്ടം, തൊഴിലാളി ക്ഷാമം, ഉത്പാദന ചെലവ് വർധിക്കുന്നത്, കാലാവസ്ഥാ വ്യതിയാനം (പ്രത്യേകിച്ച് 2018 ലെ പ്രളയം) എന്നിവ കർഷകരെ കൃഷിയിൽ നിന്ന് പിന്തിരിപ്പിക്കാൻ കാരണമായിട്ടുണ്ട്.

നെൽവയൽ വിസ്തൃതിയിലുണ്ടായ കുറവ് :2015-16 കാലഘട്ടത്തിൽ നെൽകൃഷിയുടെ വിസ്തൃതിയിൽ ഏകദേശം 7.82% കുറവ് രേഖപ്പെടുത്തി. വയലുകൾ റബ്ബർ, തെങ്ങ് തുടങ്ങിയ കൃഷികളിലേക്ക് മാറ്റുന്നതിനേക്കാൾ കൂടുതൽ പാർപ്പിട ആവിശ്യങ്ങൾക്കും വാണിജ്യ നിർമ്മാണങ്ങൾക്കുമായി നികത്തപ്പെടുന്നതാണ് ജില്ല നേരിടുന്ന പ്രധാന വെല്ലുവിളി.

കുട്ടനാട് മേഖലയിലെ സ്ഥിതി : ജില്ലയിലെ പ്രധാന നെൽകൃഷി മേഖലയായ കുട്ടനാട്ടിൽ വയൽനികത്തൽ പരിസ്ഥിതിയെ സാരമായി ബാധിച്ചിട്ടുണ്ട്. വിവിധ വകുപ്പിൽ നിന്നുള്ള കണക്കുകൾ പ്രകാരം 1973 മുതൽ 2014 വരെയുള്ള കാലയളവിൽ കുട്ടനാട്ടിൽ ഏകദേശം 100.6 ച.കി.മീ വയൽ നികത്തപ്പെട്ടിട്ടുണ്ട്. വയലുകൾ നികത്തി കരഭൂമിയാക്കി മാറ്റുന്നത് പ്രദേശത്തിന്റെ ജല സംഭരണശേഷിയെ കുറക്കുകയും വെള്ളപ്പൊക്ക സാധ്യത വർധിപ്പിക്കുകയും ചെയ്യുന്നു.

### നഗര താപനിലയിലെ വർദ്ധനവ്

സമീപകാല നഗരവൽക്കരണം, ജനസാന്ദ്രതാ വർദ്ധനവ്, കെട്ടിട നിർമ്മാണം തുടങ്ങിയ ഘടകങ്ങൾ ആലപ്പുഴയിലെ നഗരപ്രദേശങ്ങളിലെ താപനിലയിൽ ഏറ്റക്കുറച്ചിലുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ നഗര താപനിലയിലെ വ്യത്യാസങ്ങൾ പരിസ്ഥിതിയിൽ പലതരം പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു.

നഗരകേന്ദ്രങ്ങളിൽ കോൺക്രീറ്റ് കെട്ടിടങ്ങൾ അധികമായതിനാൽ പകൽസമയത്ത് ചൂടു കൂടുതൽ ആഗീരണം ചെയ്ത് രാത്രി സമയത്ത് പതുക്കെ പുറത്തുവിടുകയും ചെയ്യുന്നു. ഇതുവഴി നഗരപ്രദേശങ്ങൾ ചുറ്റുമുള്ള ഗ്രാമപ്രദേശങ്ങളേക്കാൾ കൂടുതൽ ചൂടുള്ളതായി മാറുന്നു. ആലപ്പുഴയിലെ കായലുകളും കനാലുകളും ഉയർന്ന താപനില മൂലം കൂടുതൽ ബാഷ്പീകരണത്തിന് വിധേയമാകുന്നു. ഇത് ജലനിരപ്പ് കുറയുന്നതിനും ജലജീവികൾക്ക് അനുയോജ്യമല്ലാത്ത സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും കാരണമാകുന്നു. നഗരത്തിലെ ചൂട് വർദ്ധിക്കുമ്പോൾ വായൂ മലിനീകരണങ്ങൾ കൂടുതൽ വർദ്ധിക്കുന്നു. ഇതുവഴി ഹാനികരമായ വാതകങ്ങളുടെ സാന്ദ്രത ഉയരുകയും പരിസ്ഥിതിയുടെയും മനുഷ്യാരോഗ്യത്തിന്റെയും മേൽ ദോഷകരമായ ഫലങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. തുടർച്ചയായ ഉയർന്ന താപനില മണ്ണിലെ ഈർപ്പം കുറയ്ക്കുകയും സൂക്ഷ്മജീവികളുടെ പ്രവർത്തനം ദുർബലമാക്കുകയും ചെയ്യുന്നു. ഇത് കാർഷിക ഉത്പ്പന്നങ്ങളുടെ ഉൽപാദനക്ഷമതയെ ബാധിക്കുന്നു. നഗരപ്രദേശങ്ങളിലെ ക്രമാതീതമായ ചൂട് പ്രാദേശിക കാലാവസ്ഥ വ്യതിയാനങ്ങൾക്ക് കാരണമാകുന്നു. തദ്ദേശീയ സസ്യങ്ങളുടെ നാശം, ജലസ്രോതസ്സുകളുടെ ക്ഷയം, മോട്ടോർ വാഹനങ്ങളുടെ വർദ്ധനവ്, ഹരിത മേഖലകളുടെ കുറവ് എന്നിവ കാരണം പകൽ സമയത്ത് ഉയർന്ന താപനില അനുഭവപ്പെടുന്നു. അമ്പലപ്പുഴ, ചെറുതന, കായംകുളം നഗരപ്രദേശങ്ങളിൽ നഗര-ഗ്രാമ സന്ധി പ്രദേശമായതിനാൽ മിതമായ താപനിലയാണ് അനുഭവപ്പെടുന്നത്.

### ഡ്രെയ്നേജ്

നഗരഹൃദയത്തിലൂടെ കടന്നുപോകുന്ന കനാലുകളെ ആശ്രയിച്ചാണ് നഗരത്തിലെ ഡ്രെയ്നേജ് സംവിധാനം നിലനിൽക്കുന്നത്. നഗരത്തിലെ പ്രധാന ഡ്രെയ്നേജ് ചാനലുകളായ വാടക്കനാലും കൊമേഴ്സ്യൽ കനാലും എക്കലും പ്ലാസ്റ്റിക് മാലിന്യങ്ങളും നിറഞ്ഞിരിക്കുകയാണ്. കനാലുകളുടെ ആഴം കുറഞ്ഞതോടെ മഴവെള്ളം ഉൾക്കൊള്ളാനുള്ള ശേഷി നഷ്ടപ്പെട്ടു. പലപ്പോഴും റോഡുകൾ റീ-ടാർ ചെയ്യുമ്പോൾ ഉയരം കൂടുകയും, വശങ്ങളിലെ ഓടകൾ പഴയ നിലയിൽ തന്നെ തുടരുകയും



ചെയ്യുന്നു. ഇത് റോഡിലെ വെള്ളം ഓടകളിലേക്ക് ഇറങ്ങാതെ വീടുകളിലേക്കും കടകളിലേക്കും ഒഴുകാൻ കാരണമാകുന്നു. ചില സ്ഥലങ്ങളിൽ സെപ്റ്റിക് ടാങ്ക് അവശിഷ്ടങ്ങൾ നേരിട്ട് ഡ്രൈനേജുകളിലേക്ക് ഒഴുക്കുന്നത് രൂക്ഷമായ ദുർഗന്ധത്തിനും പകർച്ചവ്യാധികൾക്കും കാരണമാകുന്നു. ലോകത്തിലെ തന്നെ അപൂർവ്വമായ ഭൂപ്രകൃതിയുള്ള കുട്ടനാട്ടിൽ ഡ്രൈനേജ് എന്നത് വെള്ളം പുറത്തേക്ക് കളയുന്ന സംവിധാനമാണ് (De-watering).തണ്ണീർമുക്കം ബണ്ട് അടയ്ക്കുമ്പോൾ കായലിലെ സ്വാഭാവിക ഒഴുക്ക് നിലയ്ക്കുന്നു. ഇത് പോള കുന്നുകൂടാനും ഡ്രൈനേജ് വഴികൾ അടയുന്നതിനും കാരണമാകുന്നു. പ്രളയസമയത്ത് കുട്ടനാട്ടിലെ വെള്ളം കടലിലേക്ക് ഒഴുക്കിവിടുന്നതിനുള്ള പ്രധാന കവാടമായ തോട്ടപ്പള്ളി പൊഴിയിൽ മണൽ അടിഞ്ഞുകൂടുന്നത് വെള്ളം കെട്ടിക്കിടക്കാൻ കാരണമാകുന്നു. പാടങ്ങളിൽ നിന്നുള്ള വെള്ളം പമ്പ് ചെയ്തു കളയുന്ന മോട്ടോറുകളുടെ പ്രവർത്തനക്ഷമത കുറയുന്നത് കൃഷിയെയും ജനവാസ മേഖലകളെയും ഒരുപോലെ ബാധിക്കുന്നു. കനാലുകളുടേയും തോടുകളുടേയും പുറമ്പോക്കുകൾ കൈയേറി നിർമ്മിച്ച മതിലുകളും കെട്ടിടങ്ങളും വെള്ളത്തിന്റെ സ്വാഭാവിക ഗതിയെ തടസ്സപ്പെടുത്തുന്നു. ശാസ്ത്രീയമായ ചെരിവ് (Slope) ഇല്ലാതെ നിർമ്മിച്ച ഓടകളിൽ വെള്ളം ഒഴുകിപ്പോകാതെ കെട്ടിക്കിടന്ന് കൊതുക് വളർത്തൽ കേന്ദ്രങ്ങളായി മാറുന്നു.

# പരിസ്ഥിതി പ്രശ്നങ്ങളിലെ ഇടപെടൽ സാധ്യതകൾ

അധ്യായം-1 ൽ ഉൾപ്പെടുത്തിയ ജില്ലയിൽ തുടർന്നുകൊണ്ടിരിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളായ വേമ്പനാട് കായൽ മലിനീകരണം, മാലിന്യ സംസ്കരണം, തീരശോഷണം, കുടിവെള്ള ക്ഷാമം, വരൾച്ച, പ്രളയത്തിന് ശേഷമുള്ള ആലപ്പുഴ, ഭൂഗർഭ ജല മലിനീകരണം, പോള ശല്യം, പക്ഷിപ്പനി, ഡ്രൈനേജ്, ഇ-വേസ്റ്റ്, വർധിച്ച തരിശുഭൂമി എന്നിവയിൽ ഭൂരിഭാഗവും സാമൂഹ്യ ബോധമില്ലായ്മയും നിയമങ്ങൾ പാലിക്കുന്നതിലുള്ള വിമുഖതയും കൊണ്ട് മനുഷ്യൻ സൃഷ്ടിയ്ക്കുന്നതാണ്. അവബോധം സൃഷ്ടിക്കുകയും നിയമങ്ങൾ കർശനമായി നടപ്പിലാക്കുകയും ചെയ്തുകൊണ്ട് ഇവക്ക് പരിഹാരം കാണുകയോ ലഘൂകരിക്കുകയോ ചെയ്യുവാൻ കഴിയും. ഇത്തരം പ്രശ്നപരിഹാരങ്ങളാണ് ചുവടെ പ്രതിപാദിക്കുന്നത്.

## മാലിന്യ സംസ്കരണം

കേരളം ഒരു നഗരമെന്ന നിലയിലേക്ക് വളർന്നുകൊണ്ടിരിയ്ക്കുന്ന കാലഘട്ടത്തിൽ നാം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ് മാലിന്യം.

വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാവുന്ന മാലിന്യങ്ങൾ ശരിയായി സംസ്കരിയ്ക്കപ്പെടാതെ കത്തിക്കുകയോ പൊതുനിരത്തുകളിലേയ്ക്കോ ജലാശയങ്ങളിലേയ്ക്കോ വലിച്ചെറിയപ്പെടുന്നത്, മറ്റിടങ്ങളിലെന്നപോലെ ആലപ്പുഴയ്ക്കും ഭീഷണിയാണ്. ഇങ്ങനെ ഉണ്ടായ മാലിന്യങ്ങൾ നിക്ഷേപിയ്ക്കപെട്ട് പൊതുനിരത്തുകൾ ദുർഗന്ധപൂരിതമാവുകയും മാലിന്യ കൂമ്പാരങ്ങൾ സാമൂഹ്യ ആരോഗ്യത്തിന് ഭീഷണിയാവുകയും ചെയ്യുന്നു.

വികേന്ദ്രീകൃത-ഉറവിട മാലിന്യ സംസ്കരണ രീതി കൈക്കൊണ്ടുകൊണ്ട് വീടുകളിലേയും സ്ഥാപനങ്ങളിലേയും ജൈവ മാലിന്യ സംസ്കരണവും, അജൈവ മാലിന്യ സംസ്കരണത്തിനായി ഹരിത കർമ്മ സേനയുടെ സേവനവും പ്രയോജനപ്പെടുത്തിക്കൊണ്ട് മാലിന്യത്തിൽ നിന്നുള്ള പ്രശ്നത്തിന് പരിഹാരം കാണാവുന്നതാണ്. ഇതിനോടൊപ്പം ജനങ്ങളെ പൂർണമായ ശീലമാറ്റത്തിലേയ്ക്ക് എത്തിയ്ക്കുന്നതിനായി തുടർച്ചയായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും അനിവാര്യമാണ്.




ജലാശയങ്ങളുടെ നാടായ ആലപ്പുഴയിൽ മാലിന്യ നിക്ഷേപവും മലിനീകരണവും മൂലം കേരളത്തിലെ ഏറ്റവും വലിയ കായലായ വേമ്പനാട് കായലും അനുബന്ധ ജലാശയങ്ങളുമടക്കം ആലപ്പുഴയിലെ തടാകങ്ങളും നീർച്ചാലുകളുമെല്ലാം കടുത്ത മലിനീകരണ ഭീഷണിയാണ് നേരിടുന്നത്. കായലുകളുടേയും ജലാശയങ്ങളുടേയും മറ്റൊരു വെല്ലുവിളിയാണ് പോള ശല്യം. പ്രധാന വിനോദ സഞ്ചാര കേന്ദ്രംകൂടിയായ ആലപ്പുഴയിൽ വിനോദ സഞ്ചാര മേഖലയിൽ നിന്നുള്ള മലിനീകരണം ജലാശയങ്ങളേയും കര പ്രദേശങ്ങളേയും ഒരുപോലെ ബാധിക്കുന്നു.

വീടുകളിലേയും സ്ഥാപനങ്ങളിലേയും മാലിന്യങ്ങൾ ജലാശയങ്ങളിലേക്ക് എത്തപ്പെടുന്നത് തടയേണ്ടതുണ്ട്. വിനോദ സഞ്ചാര മേഖലയിൽ കരയിലേക്കും വെള്ളത്തിലേയ്ക്കുമുള്ള മാലിന്യ നിക്ഷേപത്തിന് പരിഹാരമായി ആലപ്പുഴയിലെ സാഹചര്യത്തിന് അനുയോജ്യമായ മാലിന്യ സംസ്കരണ രീതി കൊണ്ടുവന്ന് ശക്തമായി നടപ്പിലാക്കാൻ കഴിയും. വിശേഷിച്ച് പുരവഞ്ചികളിൽനിന്നുള്ള മാലിന്യം കൃത്യമായി സംസ്കരണത്തിനായി എത്തുന്നുണ്ട് എന്നത് ഉറപ്പു വരുത്തേണ്ടതുണ്ട്. രണ്ടായിരത്തോളം വരുന്ന ഹൗസ് ബോട്ടുകളിൽ നിന്നുള്ള സ്വീവേജ് -സെപ്റ്റേജ് മാലിന്യങ്ങൾ, ഇന്ധന എണ്ണ എന്നിവ കായലിനെ രൂക്ഷമായി മലിനമാക്കുകയാണ്. സ്വീവേജ്-സെപ്റ്റേജ് മാലിന്യ സംസ്കരണത്തിനായി ടൂറിസം മേഖലയിൽ പ്രത്യേക പ്ലാന്റ് സജ്ജമാക്കുകയും ഹൗസ് ബോട്ടുകളിൽനിന്നും ഇവിടേയ്ക്ക് മാലിന്യം ശേഖരിച്ച് എത്തിക്കുന്നതിനായി ബാർജ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു ഏത് പരിഹരിക്കാം. ഇന്ധന എണ്ണ മലിനീകരണം കുറയ്ക്കുന്നതിനായി സോളാർ ബോട്ട് /പ്രകൃതി സൗഹൃദ ഇന്ധന ഉപയോഗം പ്രോത്സാഹിപ്പിക്കാനാവും.

നിരവധി കുടുംബങ്ങൾ തൊഴിൽ ചെയ്യുന്ന മത്സ്യസംസ്കരണ മേഖലയിൽ നിന്നുള്ള മാലിന്യവും ഗുരുതര ഭീഷണിയാണ്. ഇത്തരം വ്യവസായ സ്ഥാപനങ്ങൾ കൂടുതലായി സ്ഥിതി ചെയ്യുന്ന അരൂർ, അരൂക്കുറ്റി, തൈക്കാട്ടുശേരി പഞ്ചായത്തുകളിലെ ജലാശയങ്ങൾ അതിമലിനമാണ്. ഇന്ത്യയിൽ



ഏറ്റവും മോശമായ ജലഗുണനിലവാരം കണ്ടെത്തിയത് അരൂരിലാണ് എന്നത് മലിനീകരണത്തിന്റെ ഗൗരവം എടുത്തു കാണിയ്ക്കുന്നു.

മത്സ്യ സംസ്കരണ വ്യവസായശാലകളിൽ ഉണ്ടാവുന്ന മാലിന്യത്തിന് (ദ്രവ മാലിന്യമടക്കം) അനുയോജ്യമായതും മതിയായ ശേഷിയിലുള്ളതുമായ ട്രീറ്റ്മെന്റ് പ്ലാന്റുകൾ സജ്ജമാക്കേണ്ടതുണ്ട്. മാലിന്യങ്ങൾ ജലാശയങ്ങളിലേക്ക് എത്തുന്നത് തടയുന്നതിനായി ബോധവത്കരണം,, നിരീക്ഷണം, എൻഫോഴ്സ്മെന്റ് നടപടികൾ എന്നിവ ശക്തമാക്കേണ്ടതാണ്. ജല ഗുണനിലവാരം ഉയർത്തുന്നതിനായി ഭൂഗർഭ ജല റീചാർജിങ് വിപുലമായി നടത്തേണ്ടതാണ്.

ശാസ്ത്രീയ അറവുശാലകളുടെ അഭാവമുള്ള ആലപ്പുഴയിൽ അറവു മാലിന്യസംസ്കരണത്തിനായി നിലവിൽ യാതൊരുവിധ സംവിധാനങ്ങളുമില്ല. നിരവധി അനധികൃത അറവുശാലകളും ചിക്കൻ സെന്ററുകളും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ നിന്നുള്ള മുഴുവൻ മാലിന്യങ്ങളും നിക്ഷേപിക്കപ്പെടുന്നത് ജലാശയങ്ങളിലോ റോഡ് വക്കുകളിലോ ആണ്. ഗുരുതരമായ ശുചിത്വ-ആരോഗ്യ ഭീഷണിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

ശാസ്ത്രീയ അറവു ശാലകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ സ്ഥാപിച്ച് പ്രവർത്തിപ്പിയ്ക്കുക, അറവ് മാലിന്യ സംസ്കരണത്തിനായുള്ള കേന്ദ്രങ്ങൾ ആരംഭിക്കുക, ഈ മേഖലയിൽ പുത്തൻ ആശയങ്ങൾക്കും സ്റ്റാർട്ടപ്പുകൾക്കും പ്രോത്സാഹനം നൽകുക എന്നിവ നടപ്പിലാക്കേണ്ടതുണ്ട്.

## വേമ്പനാട് കായൽ മലിനീകരണം

പ്രധാന പാരിസ്ഥിതിക വെല്ലുവിളിയായ കായൽ മലിനീകരണം വേമ്പനാട്ടു കായലിന്റെ ആവാസ വ്യവസ്ഥയെയും അതിനെ ആശ്രയിച്ചു കഴിയുന്ന ജനങ്ങളെയും ബാധിക്കുന്നു. പമ്പ, അച്ചൻകോവിലാർ, മണിമലയാർ, മീനച്ചിലാർ, പെരിയാർ എന്നീ പ്രധാന നദികളും കൈവഴികളും “പമ്പയുടെ ദാനം” എന്നറിയപ്പെടുന്ന കുട്ടനാടിനെ സമ്പുഷ്ടമാക്കുന്നു. പത്തനംതിട്ട, ഇടുക്കി, കോട്ടയം, എറണാകുളം

എന്നീ ജില്ലകളിൽ നിന്നും ഒഴുകിയെത്തുന്ന മാലിന്യം വേമ്പനാട് കായലിലാണ് എത്തിച്ചേരുന്നത്. ജലസ്രോതസ്സുകൾക്കും ജലാശയങ്ങൾക്കും അടുത്തായി സ്ഥിതിചെയ്യുന്ന കക്കൂസുകളിൽ നിന്നുള്ള മാലിന്യങ്ങൾ, വ്യവസായശാലകൾ, മത്സ്യ സംസ്കരണശാലകൾ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ കായൽ-ഭൂഗർഭ ജലമലിനീകരണത്തിന്റെ തീവ്രത വർദ്ധിപ്പിക്കുന്നു. ശരിയായ രീതിയിലുള്ള സെപ്റ്റിക് ടാങ്ക് സംവിധാനം ഒരുക്കുക, സ്വീവേജ്-സെപ്റ്റേജ് മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള ട്രീറ്റ്മെൻറ് പ്ലാന്റുകൾ സ്ഥാപിക്കുക എന്നിവയാണ് ഈ പ്രശ്നത്തിനുള്ള പരിഹാരം. പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗം, ജലാശയങ്ങളിലേക്ക് ജൈവ-അജൈവ മാലിന്യങ്ങൾ വലിച്ചെറിയൽ ഇവ ജലാശയങ്ങളെ മലിനപ്പെടുത്തുകയും വെള്ളത്തിന്റെ ഒഴുക്കിനെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. ഹരിതകർമ്മ സേനയുടെ പ്രവർത്തനം ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് പ്ലാസ്റ്റിക് അടക്കമുള്ള അജൈവ മാലിന്യങ്ങൾ സമയ ബന്ധിതമായി ഉറവിടത്തിൽ നിന്നും ശേഖരിച്ചു ജലാശയങ്ങളിലേക്ക് വലിച്ചെറിയുന്നത് ഒഴിവാക്കുവാൻ കഴിയും.

സാധാരണ വിത്തുകളേക്കാൾ ഉൽപാദന ക്ഷമതയുള്ള ഇനം വിത്തുകൾ ആണ് ഭൂരിഭാഗം കർഷകരും കൃഷി ചെയ്യുന്നത്. ഇതിന് വലിയതോതിൽ രാസവളവും കീടനാശിനിയും പ്രയോഗിയ്ക്കുന്നത് കുട്ടനാടിനേയും വേമ്പനാട് കായലിന്റെ അനുബന്ധ പ്രദേശങ്ങളിലെ ഭൂഗർഭജലത്തെയും വിഷലിപ്തമാക്കുന്നു. കർഷകർക്ക് മതിയായ അവബോധം നൽകി പ്രകൃതി സൗഹൃദകൃഷി രീതി വ്യാപിപ്പിയ്ക്കുന്നതിലൂടെ രാസമാലിന്യങ്ങളുടെ അളവ് നല്ലൊരു പരിധിവരെ കുറക്കാൻ കഴിയും. ഹൗസ്



ബോട്ടുകളിലെ സ്വീവേജ്-സെപ്റ്റേജ് മാലിന്യങ്ങൾ ശേഖരിച്ച് പ്ലാന്റുകളിലേക്ക് എത്തിയ്ക്കുന്നതിനുള്ള ഫീഡർ ജലയാനങ്ങൾ ഏർപ്പെടുത്തി സംസ്കരിക്കാവുന്നതാണ്. നിയമ ലംഘനം നടത്തുന്ന ഹൗസ് ബോട്ടുകൾക്ക് എതിരെ ശക്തമായ എൻഫോഴ്സ്മെന്റ് നടപടികൾ കൈക്കൊള്ളുക, പ്രകൃതി സൗഹൃദപരമായും വ്യവസായികമായും പോള നിർമാർജ്ജന പദ്ധതി നടപ്പിലാക്കുക, ജലാശയങ്ങൾ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് ജില്ലാതലത്തിൽ സമഗ്രമായ ഡ്രൈനേജ് മാസ്റ്റർപ്ലാൻ തയ്യാറാക്കുക എന്നിങ്ങനെ വിവിധ മാർഗങ്ങൾ അവലംബിക്കാവുന്നതാണ്.

http://www.rainwaterharvesting.org/vembanad_lake/vembanad_lake.htm

https://kspcb.kerala.gov.in/

### പോളശല്യം

വേമ്പനാട് കായൽ, അനുബന്ധ ജലാശയങ്ങൾ എന്നിവയുടെ സമീപത്ത് അധിവസിക്കുന്ന ജനങ്ങളെ ബാധിക്കുന്ന ഗുരുതരമായ പാരിസ്ഥിതിക പ്രശ്നമാണ് പോള ശല്യം. ജനങ്ങളുടെ തൊഴിലിനും ദൈനംദിന ആവശ്യങ്ങൾക്കായുള്ള ഉൾനാടൻ യാത്രയ്ക്കും കായൽ ടൂറിസത്തിനും ഇത് കടുത്ത ദുരിതം സൃഷ്ടിക്കുന്നു. സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവീസുകൾ (ഉദാ: തവണക്കടവ്–വൈക്കം ജെട്ടിയിൽ) പോള തിങ്ങി നിറഞ്ഞതിനെ തുടർന്ന് പ്രൊപ്പല്ലറിൽ പോള ചുറ്റി ബോട്ട് തകരാറിലാവുകയും രക്ഷാപ്രവർത്തനം നടത്തേണ്ട സ്ഥിതിയുണ്ടായതും ഈ



സീസണിൽ സാധാരണമാണ്. കുട്ടനാട്ടിലും ഈ സമാന അവസ്ഥയാണുള്ളത്. മത്സ്യ ബന്ധനത്തിനായി പോകുന്ന തൊഴിലാളി കൾക്ക് തിരികെ വരുമ്പോൾ വള്ളം കരയിലടുപ്പിക്കാൻ കഴിയാതെ വരുന്നതും പോളകൾക്കിടയിൽ കുടുങ്ങിപോകുന്നതും പതിവാണ്. സൂര്യപ്രകാശം പോലും കടക്കാത്ത വിധം പോള വളർന്നു തിങ്ങുന്നത് ജലാശയങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥ തകർക്കുകയും മത്സ്യ സമ്പത്തടക്കം നഷ്ടമാക്കുന്നതിനും വഴിയൊരുക്കുന്നു. ഇത് കായൽ, ഇടത്തോടുകൾ എന്നിവയെ ആശ്രയിച്ചു ജീവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം ഇല്ലാതാകുന്നതിനും കാരണമാകുന്നു.

ഈ പ്രശ്നത്തിന് ചെറിയൊരളവുവരെ പരിഹാരമായിരുന്നു ഹരിതകേരളം മിഷനിലൂടെ പരിചയപ്പെടുത്തിയ റോപ്പ് എന്ന കമ്പനി. ഈ കമ്പനി നീളമുള്ള പോള ഉണക്കി ഉപയോഗിച്ച് പരിസ്ഥിതി സൗഹൃദ ഉത്പന്നങ്ങൾ നിർമിച്ച് കയറ്റുമതി ചെയ്തിരുന്നു. നിശ്ചിത ശതമാനം ഉണങ്ങിയ പോളയ്ക്ക് കിലോയ്ക്ക് 10-15 രൂപ നൽകിയാണ് കുട്ടനാട്ടിൽനിന്നു തമിഴ്നാട്ടിലെ ഫാക്ടറിയിലേയ്ക്ക് എത്തിച്ചിരുന്നത്. കുട്ടനാട്ടിലെ നീലംപേരൂർ ഗ്രാമ പഞ്ചായത്തിൽ തൊഴിലാളികളുടെ ചെറു ഗ്രൂപ്പുകൾ രൂപീകരിച്ച് ഒരു വർഷക്കാലം ഫലപ്രദമായി ഈ പദ്ധതി നടപ്പാക്കിയത് പരിസ്ഥിതിക്കും തൊഴിലാളികൾക്ക് ഭേദപ്പെട്ട വരുമാനം ലഭിയ്ക്കുന്നതിനും സഹായകമായി. മറ്റ് പഞ്ചായത്തുകളിലേക്കും പദ്ധതി വ്യാപിപ്പിച്ച് വരുന്ന സമയത്താണ് വിദേശത്ത് നിന്നുള്ള വലിയ ഓർഡറുകൾ കമ്പനിക്ക് നഷ്ടമായത്. കൂടാതെ കേരളത്തിൽ ഇത്തരം കമ്പനികൾ ഇല്ലാത്തതും പദ്ധതി തുടർന്ന് നടപ്പാക്കുന്നതിന് തടസ്സമായി.

പോള നിർമ്മാർജ്ജനത്തിനായി പദ്ധതി തയ്യാറാക്കി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൃത്യമായ ഇടവേളകളിൽ തുടർച്ചയായ നിർമ്മാർജ്ജന-ശുചീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. "സേവ് വേമ്പനാട്" പോലെയുള്ള ക്യാമ്പയിനുകൾ ഇതിന് ഉദാഹരണമാണ്.

## തീര ശോഷണം

ആറാട്ടുപുഴ, തൃക്കുന്നപ്പുഴ, പുറക്കാട്, അമ്പലപ്പുഴ, പുന്നപ്ര, ഓമനപ്പുഴ, മാരാരിക്കുളം, പട്ടണക്കാട്, പള്ളിത്തോട് എന്നീ പ്രദേശങ്ങളാണ് ഏറ്റവും കൂടുതൽ ഭീഷണി നേരിടുന്നത്. കടലാക്രമണം മൂലം വീടുകൾ തകരുന്നതും മത്സ്യബന്ധന ഉപകരണങ്ങൾ തുടർച്ചയായി നഷ്ടമാകുന്നതും പരമ്പരാഗത മത്സ്യത്തൊഴിലിനെ ബാധിക്കുന്ന പ്രധാന പ്രശ്നമാണ്. കടലാക്രമണം മൂലം ഉപ്പുവെള്ളം (ഓരുവെള്ളം) കരഭാഗത്തേക്ക് കയറുന്നത് (Saline Intrusion) ആലപ്പുഴയിൽ വലിയൊരു പ്രശ്നമാണ്.കുട്ടനാട് അടക്കമുള്ള കൃഷിയിടങ്ങളിലും കുടിവെള്ള സ്രോതസ്സുകളിലും ഓര് വർധിക്കുന്നത് കൃഷിയെയും മനുഷ്യജീവിതത്തിനെയും ദോഷകരമായി ബാധിക്കുന്നു.

തീരത്തിന് സമീപം താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ പലപ്പോഴും കടലാക്രമണം രൂക്ഷമാകുമ്പോഴും കാലാവസ്ഥ പ്രതികൂലമാകുമ്പോഴും ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റപ്പെടുന്നു. ഇതിനു ശാശ്വത പരിഹാരമായി മത്സ്യത്തൊഴിലാളി കുടുംബങ്ങളെ തീരപ്രദേശത്ത് തന്നെ സുരക്ഷിതമായ ഇടത്ത് പുനരധിവസിപ്പിക്കേണ്ടത് അനിവാര്യമാണ്.

അമ്പലപ്പുഴ ബ്ലോക്ക് പരിധിയിലുള്ള തീരദേശങ്ങളിൽ കണ്ടൽ പച്ചത്തുരുത്ത്, കാറ്റാടിതുരുത്ത് എന്നിവ സ്ഥാപിക്കുകയും, ഇടകലർത്തി പതിനായിരത്തിനടുത്ത് തെങ്ങിൻ തൈകൾ നട്ട് ജൈവ പ്രതിരോധ മൊരുക്കിയതും തീരശോഷണം കുറയ്ക്കുന്നതിനുപകരിയ്ക്കുന്ന മാതൃകയാണ്.

## കുടിവെള്ളക്ഷാമം

ചേർത്തല, അമ്പലപ്പുഴ താലൂക്കുകളിലെ ഭൂഗർഭജലത്തിന് കാഠിന്യവും ഇരുമ്പിന്റെ സാന്നിധ്യവും കൂടുതലാണ്. മണ്ണഞ്ചേരി, ആര്യാട് പ്രദേശങ്ങളിൽ ഫ്ലൂറൈഡിന്റെ അളവ് കൂടുതലായി കാണപ്പെടുന്നു. ഇതുമൂലം ഫ്ലൂറോസിസ് രോഗികളുടെ എണ്ണം കൂടിവരുന്നുണ്ട്. കൂടാതെ ഇ-കോളി, കോളിഫോം ബാക്ടീരിയകളുടെ സാന്നിധ്യവും കൂടിക്കൊണ്ടിരിക്കുന്നു. സംസ്ഥാന ശാസ്ത്ര-സാങ്കേതിക-പരിസ്ഥിതി കൗൺസിൽ, കോഴിക്കോട് ജലവിഭവ വിനിയോഗ കേന്ദ്രം, സംസ്ഥാന കാലാവസ്ഥാ പഠന കേന്ദ്രം എന്നിവരുടെ റിപ്പോർട്ടുകൾ പ്രകാരം ജില്ലയിൽ ആകെയുള്ള 1472 വാർഡുകളിൽ 163 വാർഡുകൾ രൂക്ഷമായ ശുദ്ധജലക്ഷാമം നേരിടുന്നു. മറ്റു ജില്ലകളിലെ സ്ഥിതി നോക്കിയാൽ ജില്ല താരതമ്യേന സുരക്ഷിതമാണെങ്കിലും ഇത്രയേറെ ജലസ്രോതസ്സുകൾ ഉള്ള ജില്ലയിൽ ജലക്ഷാമം ഉണ്ടെന്നത് നിസ്സാരമല്ല. ജലസമൃദ്ധമായ കുട്ടനാടൻ മേഖലയിലും ജലക്ഷാമമുള്ള പ്രദേശങ്ങൾ ഉണ്ട്. മാരാരിക്കുളം തെക്ക്, മണ്ണഞ്ചേരി, ആര്യാട് ഗ്രാമപഞ്ചായത്തുകളിലാണ് സ്ഥിതി ഏറ്റവും കൂടുതൽ രൂക്ഷമായിട്ടുള്ളത്. ജലക്ഷാമം ഉള്ള വാർഡുകൾ ഉൾപ്പെട്ട മറ്റു പഞ്ചായത്തുകൾ പുളിങ്കുന്ന്, കാവാലം, നീലംപേരൂർ, വെളിയനാട്, രാമങ്കരി, തലവടി, വള്ളികുന്നം, താമരക്കുളം, പാലമേൽ, മാവേലിക്കര തെക്കേക്കര, ചുനക്കര, നൂറനാട്, ദേവികുളങ്ങര, എഴുപുന്ന, പട്ടണക്കാട് എന്നിവയാണ്. നഗരസഭകളിൽ കായംകുളത്ത് മാത്രമാണ്

വലിയ പ്രശ്നമുള്ളത്. ചെങ്ങന്നൂരിൽ ഒരു വാർഡും കുടിവെള്ളക്ഷാമം നേരിടുന്നുണ്ട്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ടാങ്കർ ലോറി വഴി കുടിവെള്ളം വിതരണം ചെയ്യുന്നു. ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ജലസ്രോതസ്സുകൾ ശുചീകരിച്ച് ഒഴുക്ക് സുഗമമാക്കിയതും തൊഴിലുറപ്പു പദ്ധതിയിലൂടെ കിണർ റീചാർജിംഗ്, കുളം റീചാർജിംഗ്, മഴവെള്ള സംഭരണി എന്നിവയും നടപ്പിലാക്കുന്നു. ജില്ലയിൽ കുടിവെള്ള വിതരണത്തിനും മലിനജലശുദ്ധീകരണതിനുമായി വിവിധ പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ട്. കരുമാടി, തൈക്കാട്ടുശ്ശേരി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ തുടങ്ങിയവ കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ളവയാണ്. കുട്ടനാട് മേഖലയിൽ ഉപ്പുവെള്ളത്തിന്റെ സാന്നിധ്യം കൂടുതലായതിനാൽ ഈ പ്രദേശങ്ങളിൽ റിവേഴ്സ് ഓസ്മോസിസ് (RO) പ്ലാന്റുകൾ വഴി ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന കിയോസ്കുകളും പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ മേഖലയിൽ ധാരാളം ചെറുകിട പ്ലാന്റുകളും പ്രവർത്തിക്കുന്നുണ്ട്.

## വരൾച്ച

ജലാശയങ്ങളാൽ ചുറ്റപ്പെട്ട ജില്ലയാണെങ്കിലും വരൾച്ച അതിരൂക്ഷമായി ബാധിക്കുന്ന പ്രദേശങ്ങളുണ്ട് (കിഴക്കൻ മേഖലകളായ മാവേലിക്കര, ചെങ്ങന്നൂർ താലൂക്കുകൾ). വേനൽക്കാലം ആകുമ്പോൾ കിണറുകളും കുളങ്ങളും വറ്റിപ്പോകുന്നത് കുട്ടനാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ കടുത്ത കുടിവെള്ളക്ഷാമം, കൃഷി നാശം തുടങ്ങിയ പ്രത്യാഘാതങ്ങൾ നിരന്തരം അനുഭവപ്പെട്ടിരിക്കുന്നു. ഈ പ്രദേശങ്ങളിലെ ജലനിരപ്പ് കുറയുന്നത് മൂലം തണ്ണീർമുക്കം, തോട്ടപ്പള്ളി, തൃക്കുന്നപ്പുഴ ഷട്ടറുകളിൽ കൂടി ജലാശയങ്ങളിൽ ഓരു വെള്ളം കയറുന്നു. ഇത് കുട്ടനാടിന്റെ കൃഷിയെ സാരമായി ബാധിക്കുന്നു. ജലാശയങ്ങളിലെ ലവണാംശം 2 TSS ൽ കൂടുതലായാൽ നെൽക്കൃഷിക്ക് ഭീഷണിയാണ്.

ജില്ലയിൽ ഡിസംബർ മാസം മുതൽ മെയ് വരെയാണ് വരൾച്ച,കുടിവെള്ളക്ഷാമം എന്നിവ അനുഭവപ്പെടുന്നത്. കിഴക്കൻ പ്രദേശങ്ങളിൽ മണ്ണിന്റെ വെള്ളം ശേഖരിച്ചുവെക്കാനുള്ള കഴിവില്ലായ്മ കാരണവും കാലവർഷത്തെ തുടർന്ന് ലഭ്യമാകുന്ന മഴവെള്ളം 48 മണിക്കൂറിനകം ഒഴുകി കടലിൽ ചേരുന്നു. കടലിലേക്ക് ഒഴുകി പോകുന്ന ഈ അധിക ജലത്തെ കടലിലേക്ക് കടത്തി വിടാതെ പ്രധാന നദികളുടെ കൈവഴികൾ, കുളങ്ങൾ, കിണറുകൾ, മഴകുഴികൾ എന്നിവടങ്ങളിലേക്കും നദികളിൽ അവയുടെ നൈസർഗികമായ ഒഴുക്കിനു തടസംവരാത്ത വിധത്തിൽ തടയണകൾ നിർമ്മിച്ചും നീരുറവ് പദ്ധതിയിൽപ്പെടുത്തി തൊഴിലുറപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കി.

നോർമലൈസ്ഡ് ഡിഫറൻസ് വെജിറ്റേഷൻ ഇൻഡെക്സ് (NDVI) എന്നത് ഒരു ജില്ലയിലെ സസ്യാവരണത്തിന്റെ സാന്ദ്രതയും ആരോഗ്യ നിലയും വിലയിരുത്താൻ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ കണക്കാക്കുന്ന ഒരു സൂചികയാണ്.ഒരു ജില്ലയിലെ കാടുകൾ, കൃഷിഭൂമികൾ, തോട്ടങ്ങൾ, പുൽമേടുകൾ എന്നിവ ഉൾപ്പെടുന്ന മൊത്തം സസ്യാവസ്ഥയുടെ നില NDVI മൂല്യം വ്യക്തമാക്കുന്നു.കൃഷി മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് വരൾച്ച പ്രഖ്യാപനത്തിന് പരിഗണിക്കേണ്ട ഒരു സൂചകമാണ് NDVI. 2006 ലെ വരൾച്ച മാനുവൽ പ്രകാരം 5 മുതൽ +1 വരെയുള്ള മൂല്യത്തിൽ ശക്തമായ പച്ച ആവരണത്തെ പ്രതിനിധീകരിക്കുന്നു. എന്നാൽ ആലപ്പുഴ ജില്ലയുടെ ജലാധിഷ്ഠിത ഭൂപ്രകൃതിയും പരിമിതമായ വനാവരണവും മൂലം മിതമായ NDVI മൂല്യമാണ് (.4) കാണപ്പെടുന്നത്.

## പ്രളയത്തിനു ശേഷം ആലപ്പുഴ

കഴിഞ്ഞ 100 വർഷത്തിലെ മഴയുടെ ചരിത്രത്തിൽ ഏറ്റവും ശ്രദ്ധേയമായ മഴ ലഭിച്ച കാലമാണ് കടന്നു പോയത്. കേരളത്തിൽ മൊത്തമായി 23.42% മഴ കൂടുതൽ രേഖപ്പെടുത്തി. 2018ലെ തെക്കുപടിഞ്ഞാറൻ മൺസൂൺ സംസ്ഥാനത്തെ ബാധിച്ചത് മൂന്ന് ഘട്ടങ്ങളിലായാണ്.

- ഒന്നാം ഘട്ടം മെയ് 29 മുതൽ ജൂലൈ 8 വരെ
- രണ്ടാം ഘട്ടം ജൂലൈ 9 മുതൽ ഓഗസ്റ്റ് 7 വരെ
- മൂന്നാം ഘട്ടം ഓഗസ്റ്റ് 8 മുതൽ 31 വരെ

പ്രളയത്തിന് ശേഷം ചെങ്ങന്നൂർ, അമ്പലപ്പുഴ, ചേർത്തല, കാർത്തികപ്പള്ളി താലൂക്കുകളിലും പ്രത്യേകിച്ച് കുട്ടനാട്ടിലും വലിയ നാശനഷ്ടങ്ങൾ നേരിട്ടു. നെൽകൃഷി, മത്സ്യബന്ധനം, ടൂറിസം മേഖലകൾ തകർന്നു, വീടുകൾക്കും റോഡുകൾക്കും കേടുപാടുകൾ സംഭവിച്ചു, ജനങ്ങൾ ക്യാമ്പുകളിലേക്ക് പലായനം ചെയ്തു. ഇവർക്കെല്ലാം സർക്കാർ സഹായം ലഭിച്ചു, ശുചീകരണ പ്രവർത്തനങ്ങൾ നടന്നു. എങ്കിലും സമീപ വർഷങ്ങളിൽ (2025) വീണ്ടും കനത്ത മഴയും വെള്ളക്കെട്ടും ഉണ്ടാകുന്നുണ്ട്. ഇത് മണ്ണിന്റെ താഴ്ച്ച, റോഡുകൾക്ക് കേടുപാടുകൾ, പുതിയ വെള്ളക്കെട്ടുകൾ എന്നിവയ്ക്ക് കാരണമാകുന്നു, പ്രളയത്തിന്റെ ആഘാതം ഇപ്പോഴും പൂർണ്ണമായി വിട്ടുപോയിട്ടില്ല.

2018ലെ തെക്കുപടിഞ്ഞാറൻ മൺസൂൺ മെയ് 29 മുതൽ ആരംഭിച്ചുവെങ്കിലും ദുരിതാശ്വാസ ക്യാമ്പുകൾ ജൂൺ പത്തിന് ആരംഭിക്കേണ്ടി വന്നുള്ളൂ. ജൂൺ പത്തിന് തിരുവനന്തപുരം,ആലപ്പുഴ ജില്ലകളിൽ ഓരോ ക്യാമ്പ് ആണ് തുടക്കത്തിൽ ഉണ്ടായിരുന്നത്. എന്നാൽ അടുത്ത ദിവസം മുതൽ കാലവർഷം ഏറ്റവും കൂടുതൽ ബാധിച്ചത് പത്തനംതിട്ട, ആലപ്പുഴ,കോട്ടയം, കോഴിക്കോട്,വയനാട് ജില്ലകളിലാണ്. ആലപ്പുഴയിൽ മൂന്നു ഘട്ടങ്ങളിലായി 1069 ക്യാമ്പുകളിലായി 379153 അംഗങ്ങളെ



ആണ് താമസിപ്പിച്ചത്.2018 സെപ്റ്റംബർ 5 വരെയുള്ള കണക്കുകൾ പ്രകാരം ഏകദേശം 12095.55 ഹെക്ടർ കൃഷിനാശമാണ് ഉണ്ടായത്. 3,70,24,31,000 രൂപയാണ് ഏകദേശം നഷ്ടമായത്. വൃത്തിയാക്കിയ വീടുകൾ 1,86,366, വൃത്തിയാക്കിയ കിണറുകൾ 53,800, നിർമ്മാർജനം ചെയ്ത അജൈവമാലിന്യങ്ങൾ 60,946 kg, മറവുചെയ്ത പക്ഷി മൃഗാദികളുടെ ശവശരീരങ്ങൾ 93,450. പ്രളയത്തിന്റെ മുറിപ്പാടുകൾ മായ്ച്ച് മുന്നോട്ട് പോവുകയാണെങ്കിലും പുതിയ കാലവർഷങ്ങളിൽ ആലപ്പുഴയും കുട്ടനാടും ഇപ്പോഴും പ്രളയത്തിന്റെ ഭീഷണി നേരിടുന്നു ഇത് അടിസ്ഥാന സൗകര്യങ്ങളെ ബാധിക്കുന്നുണ്ട്.

“ഇനി ഞാൻ ഒഴുകട്ടെ” തുടങ്ങിയ നീർച്ചാൽ പുനരുജ്ജീവന ജനകീയ ക്യാമ്പയിനുകളിലൂടെ ജലസ്രോതസ്സുകളുടെ തടസ്സം നീക്കി നീരൊഴുക്ക് സുഗമമാക്കിയത് 2019 ലെ പ്രളയത്തിന്റെ ആഘാതം കുറയ്ക്കുന്നതിനും തുടർന്നുള്ള വർഷങ്ങളിലെ വെള്ളപ്പൊക്കം രൂക്ഷമാകാതിരിക്കുന്നതിനും സഹായകരമായി. തോടുകളാലും നീർച്ചാലുകളും പരസ്പര ബന്ധിതമായ ആലപ്പുഴയിൽ ഇനിയും ഇത്തരം പുനരുജ്ജീവന പ്രവർത്തനങ്ങൾ തുടരേണ്ടത് ദുരന്ത ലഘൂകരണത്തിന് അനിവാര്യമാണ്.

Ref:ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻ വകുപ്പ് തയ്യാറാക്കിയ പുസ്തകം.

### ഭൂജലം

ആലപ്പുഴയിൽ നിലവിൽ ഭൂജലത്തിന്റെ അളവ് ഭീതിജനകമായ രീതിയിൽ കുറഞ്ഞിട്ടില്ലെങ്കിലും, വേനൽക്കാലത്തെ ക്ഷാമവും ഉപ്പുവെള്ളം കയറുന്നതും തടയാൻ മഴവെള്ള സംഭരണവും കിണർ റീചാർജിംഗും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുവാൻ കഴിഞ്ഞു. കടുത്ത ചൂടിൽ ജലനിരപ്പ് താഴുന്നതും,തീരദേശ മേഖലകളിൽ ഭൂഗർഭ ജലത്തിൽ ഉപ്പുവെള്ളം കയറുന്ന പ്രതിഭാസം ഉള്ളതുകൊണ്ടും വേനൽ കടുക്കുമ്പോൾ ജില്ലയിലെ 72 ൽ 45 പഞ്ചായത്തുകളിലും ശുദ്ധ ജലക്ഷാമം അനുഭവപ്പെടുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ജല ദൗർലഭ്യമുള്ള ഇടങ്ങളിൽ ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം നടത്തി.കേന്ദ്ര-സംസ്ഥാന ഭൂജല വകുപ്പുകളുടെ (2024-25 കാലയളവിലെ) റിപ്പോർട്ടുകൾ പ്രകാരമുള്ള വിവരങ്ങളാണിവ:

ഭൂഗർഭ ജല ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ എല്ലാ ബ്ലോക്കുകളും നിലവിൽ 'സുരക്ഷിതം' എന്ന വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. അതായത് ഭൂമിയിലേക്ക് റീചാർജ് ചെയ്യപ്പെടുന്ന ജലത്തേക്കാൾ കുറഞ്ഞ അളവ് മാത്രമേ ഇവിടെ ജലചൂഷണം നടക്കുന്നുള്ളൂ.

ജലനിരപ്പിന്റെ അളവ്: ഭൂരിഭാഗം സ്ഥലങ്ങളിലും ഭൂഗർഭ ജലനിരപ്പ് ഉപരിതലത്തിൽ നിന്ന് 2 മീറ്റർ മുതൽ 10 മീറ്റർ വരെ ആഴത്തിലാണ് കാണപ്പെടുന്നത്.കടലോര മേഖലകളിൽ ചിലയിടങ്ങളിൽ 0.5 മീറ്റർ മുതൽ 5.9 മീറ്റർ വരെ ആഴത്തിൽ വെള്ളം ലഭ്യമാണ്.

മഴക്കാലത്ത് ജില്ലയിലെ 80% നിരീക്ഷണ കിണറുകളിലും ജലനിരപ്പ് ഉയർന്നതായി കാണപ്പെടുന്നു. എന്നാൽ വേനൽക്കാലത്ത് ഇതിൽ കുറവുണ്ടാകാറുണ്ട്.

- വാർഷിക റീചാർജ് : 360.44 MCM (Million Cubic Metres)
- വാർഷിക ഉപയോഗം : 141.77 MCM
- ഉപയോഗത്തിന്റെ തോത് : 39.33%

### ഡ്രൈനേജ് പ്ലാൻ

എക്കലും മാലിന്യങ്ങളും നിറഞ്ഞ് ഒഴുക്ക് നിലച്ചിരിക്കുന്ന നീർച്ചാലുകൾ ആലപ്പുഴയുടെ ശാപമാണ്. ആലപ്പുഴയിലെ പലയിടങ്ങളിലും വെള്ളപ്പൊക്കം രൂക്ഷമാവുന്നതിനുള്ള പ്രാധാന കാരണം വെള്ളമൊഴുകി പോകുന്നതിനുള്ള നീർച്ചാലുകൾ അടഞ്ഞു പോയതാണ്. പലപ്പോഴും കേരളത്തിൽ പകർച്ച വ്യാധികൾ ആദ്യം പൊട്ടിപുറപ്പെടുന്നത് ആലപ്പുഴയിലാണ്. ചിക്കൻ ഗുനിയ,മെനിഞ്ചൈറ്റിസ്, പകർച്ചപ്പനി, അമീബിക് മസ്തിഷ്ക ജ്വരം, മറ്റ് കൊതുക്ജന്യ രോഗങ്ങൾ എന്നിവ ഉദാഹരണങ്ങളാണ്. ഇതിന്റെയെല്ലാം ഉറവിടം മലിനമായ ജലാശയങ്ങളാണ് എന്ന് കാണാം. ഇത് നീരൊഴുക്ക് പുനഃസ്ഥാപിക്കേണ്ടതിന്റെ അടിയന്തിര പ്രാധാന്യം എടുത്ത് കാട്ടുന്നു.

ഹരിതകേരളം മിഷന്റെ ഭാഗമായി സാങ്കേതിക സമിതികളുടെ സഹായത്താൽ നീർത്തട മാസ്റ്റർ പ്ലാനുകളിൽ നിന്ന് തയ്യാറാക്കിയ ഡ്രൈനേജ് പ്ലാൻ ഉപയോഗിച്ച് മുൻഗണനാക്രമത്തിൽ പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ജല വിഭവ വകുപ്പും നടപ്പിലാക്കി വരുന്നു. പെട്ടെന്നുണ്ടാകുന്ന തീവ്രമഴയുടെ ഭാഗമായുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ഡ്രൈനേജ് പ്ലാൻ വലിയൊരളവ് വരെ സഹായകരമാണ്.നിലവിൽ ചേർത്തല, കായംകുളം നിയോജക മണ്ഡലങ്ങളിലെ എം എൽ എ ഫണ്ടിൽ നിന്നും ഈ ഡ്രൈനേജ് പ്ലാനിന്റെ ഭാഗമായി പദ്ധതികൾ ഏറ്റെടുത്തത് ഡ്രൈനേജ് മാസ്റ്റർ പ്ലാനിന്റെ പ്രസക്തി വിളിച്ചറിയിക്കുന്നു.

### ഇ -വേസ്റ്റ്

ജില്ലാതലത്തിൽ ഈ-മാലിന്യ ശേഖരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നതാണ് പ്രധാന പരിഹാരം. സ്കൂൾ - കോളേജ് തലങ്ങളിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയും, അംഗീകൃത റിസൈക്ലിംഗ് യൂണിറ്റുകളുമായി സഹകരിച്ചു പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്ന കൂടുതൽ

പദ്ധതികൾ നടപ്പിലാക്കുകയും ചെയ്ത് പ്രശ്നം പരിഹരിക്കാനാവും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഹരിതകേരളം മിഷന്റെയും സഹകരണത്തോടെ ഈ -വേസ്റ്റ് സ്പെഷ്യൽ ഡ്രൈവുകൾ കൃത്യമായ ഇടവേളകളിൽ സംഘടിപ്പിപ്പിച്ചു വരുന്നു. ഇത് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഏറ്റെടുക്കുന്ന രീതിയിലേക്ക് മാറ്റിയാൽ ഇ. വേസ്റ്റ് ന്റെ പ്രശ്നത്തിന് പരിഹാരമാകും

## വർദ്ധിച്ച തരിശുഭൂമി

വിത്തും വളവും സബ്സിഡിയോടു കൂടി ലഭ്യമാക്കിയും കൃഷിയിൽ യന്ത്രവത്കരണം പ്രോത്സാഹിപ്പിച്ചുകൊണ്ടും കാർഷിക ചെലവ് കുറക്കാവുന്നതാണ്. ആധുനിക കൃഷി രീതികളും പുത്തൻ വിളകളും ഏർപ്പെടുത്തി കൂടുതൽ വിളവും ആദായവും നേടുന്നതിനാവശ്യമായ അറിവും പരിശീലനവും നൽകി കർഷകരെ പര്യാപ്തമാക്കുക, ജല ദൗർലഭ്യമുള്ള ഇടങ്ങളിലേക്ക് ജലസേചന സൗകര്യങ്ങൾ ഒരുക്കി നൽകുക,കൃഷി ചെയ്യാൻ താല്പര്യമുള്ളവർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നിവ പരിഹാരങ്ങളായി സ്വീകരിക്കാവുന്നതാണ്. ജനകീയ പങ്കാളിത്തത്തോടു കൂടി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഹരിതകേരളം മിഷൻ നടപ്പിലാക്കിയ ഹരിത സമൃദ്ധി വാർഡ്,തരിശു രഹിത ഗ്രാമം എന്നീ ക്യാമ്പയിനുകൾ തരിശു ഭൂമിയുടെ അളവ് കുറയ്ക്കുന്നതിനും കൃഷി വർദ്ധിപ്പിയ്ക്കുന്നതിനും സഹായകരമാണ്.

# ഹരിതകേരളം മിഷൻ നടത്തിയ ഇടപെടലുകളും നേട്ടങ്ങളും

മാലിന്യ സംസ്കരണം, മണ്ണ്-ജല സംരക്ഷണ മേഖലകളിൽ ഹരിതകേരളം മിഷൻ ഇടപെട്ട് നടത്തിയ പ്രവർത്തനങ്ങളും അതിലൂടെയുണ്ടായ നേട്ടങ്ങളുമാണ് ഈ അധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

മാലിന്യ സംസ്കരണത്തിന് അനുഗുണമായ മനോഭാവം ജനങ്ങളിൽ വളർത്തി, അതുവഴി ശാസ്ത്രീയ മാലിന്യ സംസ്കരണം വലിയൊരളവ് വരെ സാധ്യമാക്കി. ജനകീയ ക്യാമ്പയിനുകളിലൂടെ നീർച്ചാലുകൾ ശുചീകരിച്ചും വീണ്ടെടുത്തും നീരൊഴുക്ക് സുഗമമാക്കുകയും വെള്ളപ്പൊക്ക തീവ്രത കുറയ്ക്കുവാനും കഴിഞ്ഞു. പൊതുചടങ്ങുകൾ, ഉത്സവങ്ങൾ എന്നിവ ഹരിത പെരുമാറ്റ ചട്ടം പാലിച്ച് മാതൃകാപരമായി നടപ്പിലാക്കുകയും അതിലൂടെ പൊതുജനങ്ങൾക്ക് അവബോധം നൽകുവാനും സാധിച്ചു. ഇങ്ങനെ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദവിവരങ്ങളാണ് ചുവടെ ചേർക്കുന്നത്.

### 2016 ഡിസംബർ 8 മുതൽ ഹരിതകേരളം മിഷൻ പദ്ധതി പ്രവർത്തനങ്ങൾ

ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ആദ്യഘട്ടത്തിൽ മറ്റുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കണ്ടു പഠിക്കുവാനും മാതൃകയാക്കുവാനും കഴിയുന്ന വിധത്തിലേക്ക് 3 തദ്ദേശ ഭരണ സ്ഥാപനങ്ങളെ ഉയർത്തികൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ ഹരിതകേരളം മിഷൻ മലിനീകരണ നിയന്ത്രണ ബോർഡുമായി ചേർന്ന് നടപ്പിലാക്കി. ഇത്തരത്തിൽ ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് മാതൃകയായി ഉയർത്തികൊണ്ട് വന്ന പഞ്ചായത്തുകളാണ് ആര്യാട്, മാരാരിക്കുളം വടക്ക്, മാവേലിക്കര താമരക്കുളം എന്നിവ. ഇതിൽ ആര്യാട് ഗ്രാമപഞ്ചായത്തിന് മുഖ്യമന്ത്രിയുടെ ശുചിത്വ അവാർഡും ലഭിക്കുക ഉണ്ടായി.

ആലപ്പുഴ ജില്ലയിൽ കൃഷിയുമായി ബന്ധപ്പെട്ട് ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 39 തരിശു പാടശേഖരങ്ങളിലായി കൃഷിഭവനുകളുടെ നേതൃത്വത്തിൽ 675 ഹെക്ടർ തരിശുഭൂമി നെൽകൃഷി നടത്തി. 520 പാടശേഖരങ്ങളിലായി 37,000 ഹെക്ടറിൽ സുസ്ഥിര നെൽകൃഷി വികസനം നടപ്പിലാക്കി. 78 കൃഷിഭവനുകളിലൂടെ 1,03,000 പച്ചക്കറി വിത്തു പാക്കറ്റുകൾ

വിതരണം ചെയ്തു. 80 ഹെക്ടർ സ്ഥലത്ത് 15 ലക്ഷം രൂപ ചെലവിൽ തരിശുനിലം പച്ചക്കറികൃഷി നടത്തി. തിരുവൻവണ്ടൂർ ഗ്രാമപഞ്ചാത്തിൽ വിപണത്തിനായി പച്ചക്കറി മാർക്കറ്റ് സ്ഥാപിച്ചു. 22 കൃഷി ഭവനുകളിലൂടെ 440 ഹെക്ടറിൽ ജൈവപച്ചക്കറി കൃഷി നടത്തി. 42 കൃഷി ഭവനുകളിലൂടെ മണ്ണിര കമ്പോസ്റ്റ്, റൂറൽ കമ്പോസ്റ്റ്, എക്കോകോർപ്പ്, കേരഗ്രാമം എന്നീ പദ്ധതികൾ നടപ്പിലാക്കി. 320 ഹെക്ടറിൽ തരിശുഭൂമി കൃഷിയോഗ്യമാക്കി. 520 പാടശേഖരങ്ങളിൽ സുസ്ഥിര നെൽകൃഷി വികസനം നടപ്പിലാക്കി. 100 ഹെക്ടർ സ്ഥലത്ത് കരനെൽകൃഷി നടപ്പിലാക്കി. 80 ഹെക്ടറിൽ 80 ലക്ഷം രൂപ ചെലവിൽ ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കൽ പദ്ധതിയായി നടപ്പിലാക്കി. 105 ഹെക്ടർ ഭൂമിയിൽ അത്യുത്പ്പാദന ശേഷിയുള്ള നെല്ലിനങ്ങളുടെ കൃഷി നടപ്പിലാക്കി. വിദ്യാർത്ഥികൾക്ക് 30 ലക്ഷം രൂപ ചെലവിൽ 75000 പാക്കറ്റ് പച്ചക്കറി വിത്തുകൾ കൃഷിഭവനുകളിലൂടെ വിതരണം നടത്തി. കൃഷി ഭവനുകളിലൂടെ 45 ലക്ഷം രൂപ ചെലവിൽ 75000 ഗ്രോ ബാഗുകൾ വിതരണം ചെയ്തു. 24 ലക്ഷം രൂപ ചെലവിൽ 80 ഹെക്ടർ തരിശുഭൂമിയിൽ പച്ചക്കറി കൃഷി ചെയ്തു. ജില്ലയിലെ രണ്ടു കൃഷിഭവനുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കി. ലോകപരിസ്ഥിതി ദിനത്തിന്റെ ഭാഗമായി വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സ്കൂളുകൾ,കോളേജുകൾ,കുടുംബശ്രീ എന്നിവയിലൂടെ 24561 വൃക്ഷതൈകൾ വിതരണം ചെയ്തു. ഇതിനോടകം 33 കൃഷിഭവനുകളിലായി 1,78,200 കുരുമുളകുതൈ വിതരണം ചെയ്തു. സഹകരണ മേഖലയുടെ സഹകരണത്തോടെ ആവിശ്യമായ സാധ്യതകൾ കൂടി പരിഗണിച്ച് കാർഷിക മേഖലയിൽ അഗ്രോ പാർക്കുകൾ, റൈസ് മില്ലുകൾ തുടങ്ങിയ സംരംഭങ്ങൾ വരും വർഷങ്ങളിലായി സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു.

## മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

മാലിന്യ പ്രശ്ന പരിഹാരത്തിന് വിവിധങ്ങളായ ഇടപെടലുകൾ ഹരിതകേരളം മിഷന്റെ ആവിർഭാവത്തോടെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കി. 2017 ഓഗസ്റ്റ് 15ന് "മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം" എന്ന ക്യാമ്പയിനിലൂടെയാണ് ജനകീയ പങ്കാളിത്ത ത്തോടെയുള്ള മാലിന്യ സംസ്കരണത്തിന് തുടക്കമായത്. ആദ്യഘട്ടത്തിൽ ഹരിത കർമ്മ സേനാ രൂപീകരണവും ബോധവൽക്കരണ പരിപാടികൾക്കുമാണ് പ്രാധാന്യം നൽകിയത്. ജനപ്രതിനിധികൾ,ഉദ്യോഗസ്ഥർ, ഹരിതകർമ്മ സേനാംഗങ്ങൾ എന്നിവർക്ക് മാലിന്യ പരിപാലനത്തിലെ ശാസ്ത്രീയമായ രീതികൾ സംബന്ധിച്ച് പരിശീലനം നൽകി. തുടർന്ന് മാലിന്യസംസ്കരണത്തിനുള്ള അടിസ്ഥാന ഭൗതിക സൗകര്യങ്ങളൊരുക്കി."എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം" എന്ന അവബോധം ജനങ്ങളിൽ ഉണ്ടാക്കി യെടുക്കുന്നതിന് ഇതിലൂടെ കഴിഞ്ഞു.



മാലിന്യനിർമ്മാർജ്ജനം എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാത്രം ഉത്തരവാദിത്തമാണ് എന്ന പൊതുമനോഭാവം മാറ്റിയെടുക്കുക എന്നത് തന്നെയായിരുന്നു ഹരിതകേരളം മിഷൻ നേരിട്ട ഏറ്റവും വലിയ വെല്ലുവിളി. മാലിന്യങ്ങൾ പരമാവധി കുറയ്ക്കാനുതകുന്ന ശീലവത്ക്കരണം ജനങ്ങളിൽ രൂപപ്പെടുത്തിയെടുക്കുവാനും സൃഷ്ടിക്കുന്ന മാലിന്യം അവരവർ തന്നെ സംസ്കരിക്കുവാനുമാണ് ഊന്നൽ നൽകിയത്.

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുകയും സാധിക്കാതെ വരുന്ന ഇടങ്ങളിൽ കമ്മ്യൂണിറ്റി തല കമ്പോസ്റ്റിംഗ് രീതി അനുവർത്തിക്കുകയും ചെയ്തു. അജൈവ മാലിന്യത്തിന്റെ അളവ് പരമാവധി കുറയ്ക്കാൻ പുനരുപയോഗവും ബദലുൽപ്പന്നങ്ങളും പ്രോത്സാഹിപ്പിയ്ക്കൽ, ബോധവത്കരണ ക്ലാസുകൾ, ഹരിത നിയമങ്ങളുടെ ലംഘനത്തിന് എതിരായ നടപടികൾ സ്വീകരിക്കൽ എന്നിവ ശക്തമാക്കി. വിവര വിജ്ഞാന വ്യാപനത്തിന്റെ ഭാഗമായി ബ്ലോക്ക് തലത്തിൽ ശുചിത്വ സംഗമം നടത്തി. പരമാവധി വിദ്യാലയങ്ങളിലേയ്ക്ക് ഹരിത സന്ദേശം എത്തിക്കുന്നതിന്റെ ഭാഗമായി നിരവധി ക്ലാസുകൾ നടത്തി. സ്ക്രാപ്പ് മർച്ചന്റ് അസോസിയേഷനുമായി ചേർന്ന് തൊഴിലാളികൾക്ക് ഐഡന്റിറ്റി കാർഡ്, യൂണിഫോം എന്നിവ നൽകി എല്ലാ ആക്രി വ്യാപാരികളേയും എംപാനൽ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു.

വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ അജൈവ മാലിന്യങ്ങൾ വലിച്ചെറിയുന്നതും കത്തിക്കുന്നതും പതിവായിരുന്നു. ഇതിന് ഒരുപരിധി വരെ അറുതി വരുത്തുവാൻ കഴിഞ്ഞു. ഓരോ




തദ്ദേശ സ്ഥാപനങ്ങളിലും വാർഷിക പദ്ധതികളിൽപ്പെടുത്തി അനുയോജ്യമായ ഗാർഹിക മാലിന്യ സംസ്കരണ ഉപാധികൾ വിതരണം ചെയ്തു.

ജില്ലയുടെ പല ഭാഗങ്ങളും, പ്രധാനപ്പെട്ട ടൗണുകൾ, പൊതു വഴികൾ അങ്ങനെ പലയിടങ്ങളിലും മാലിന്യങ്ങൾ കുന്നുകൂടുന്ന അവസ്ഥ ഉണ്ടായിരുന്നു. ഇങ്ങനെയുള്ള നിരവധി പ്രദേശങ്ങൾ കണ്ടെത്തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഇവയെ ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളിലൂടെ വൃത്തിയാക്കുവാനും സൗന്ദര്യവൽക്കരിക്കുവാനും തുടങ്ങി.

ഇതിനുശേഷം മാലിന്യങ്ങൾ തരംതിരിച്ച് നിക്ഷേപിക്കുന്നതിന് ബിന്നുകളും ബോട്ടിൽ ബൂത്തുകളും സ്ഥാപിച്ചു. മാലിന്യങ്ങളുടെ കൃത്യമായ സംസ്കരണം ഉറപ്പു വരുത്തുന്നതിനുള്ള നിർദ്ദേശക ബോർഡുകൾ സ്ഥാപിച്ചു. വൃത്തിയാക്കുന്ന പ്രദേശങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി സംഘാടക സമിതികൾ രൂപീകരിച്ചു പ്രവർത്തിക്കുന്നുണ്ട്. ഹരിതകർമ്മസേന അംഗങ്ങളുടെ നേതൃത്വത്തിൽ ബിന്നുകളിലെ മാലിന്യ ശേഖരിക്കുകയും പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുകയും ചെയ്യുന്നു.




മാലിന്യ മുക്തം ജനകീയ ക്യാമ്പയിൻ വഴിയും മറ്റ് ഇടപെടലുകളിലൂടെയും ഇങ്ങനെ വൃത്തിയാക്കിയ ഇടങ്ങൾ, വഴികൾ, മാർക്കറ്റുകൾ എന്നിവ ഹരിത വീഥിയായും ഹരിത ടൗണുകളായും, ഹരിത ജംഗ്ഷനുകളായും, ഹരിത പൊതു ഇടങ്ങളായും, ഹരിത മാർക്കറ്റുകൾ ആയും പ്രഖ്യാപിച്ചു സംരക്ഷിച്ചു പോരുന്നു. എല്ലാ മാസവും മോണിറ്ററിങ്ങിനായി രൂപീകരിച്ച സംഘാടകസമിതി കൂടി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി. ശുചീകരിച്ച ഇടങ്ങളിലേക്ക് വീണ്ടും മാലിന്യങ്ങൾ തള്ളുന്നവരെ കണ്ടെത്തി പിഴ ഈടാക്കുകയും ആവർത്തിക്കാതിരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ആയിരക്കണക്കിന് വിനോദ സഞ്ചാരികൾ ദിവസേന എത്തുന്ന ആലപ്പുഴ ബീച്ചും പുന്നമടയും പ്രഖ്യാപനത്തിനുള്ള തയ്യാറെടുപ്പിലാണ്.

### മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി കൈവരിച്ച പൊതുനേട്ടങ്ങൾ

- ഹരിതസ്ഥാപനങ്ങൾ - 2339
- ഹരിത ടൗൺ - 98
- ഹരിത പൊതുസ്ഥലങ്ങൾ - 157
- ഹരിത ടൂറിസംകേന്ദ്രങ്ങൾ - 14
- ഹരിത കലാലയങ്ങൾ - 62
- ഹരിത വിദ്യാലയങ്ങൾ - 765
- ഹരിത അയൽക്കൂട്ടങ്ങൾ - 22277

### ഹരിത ടൂറിസം കേന്ദ്രങ്ങൾ

| തദ്ദേശ സ്ഥാപനത്തിന്റെ പേര് | ഹരിതവിനോദസഞ്ചാര കേന്ദ്രങ്ങളുടെ പേര് |
|---|---|
| ആലപ്പുഴ മുനിസിപ്പാലിറ്റി | കാറ്റാടി പാർക്ക് |
| മാരാരിക്കുളം വടക്ക് | മാരാരിക്കുളം ബീച്ച് |
| ആലപ്പുഴ മുനിസിപ്പാലിറ്റി | കാറ്റാടി പാർക്ക്,<br>വിജയ ബീച്ച് പാർക്ക്,<br>സീ വ്യൂ അഡ്വഞ്ചർ പാർക്ക് |
| ദേവികുളങ്ങര | തണ്ണീർവനം |
| മുഹമ്മ | പാതിരാമണൽ |
| കായംകുളം മുനിസിപ്പാലിറ്റി | കായംകുളം ലേക്ക് പാർക്ക്,<br>കൃഷ്ണപുരം കൊട്ടാരം |
| എഴുപുന്ന | കാക്കത്തുരുത്ത് |
| ആറാട്ടുപുഴ | വലിയഴീക്കൽ ബീച്ച് |
| താമരക്കുളം | ഇരപ്പൻപാറ,<br>(വയ്യാങ്കര ചിറ) |
| ചേർത്തല സൗത്ത് | അർത്തുങ്കൽ ബീച്ച് പാർക്ക് |
| മാരാരിക്കുളം സൗത്ത് | ഓമനപ്പുഴ ബീച്ച് |

ഹരിതസഭ- മാലിന്യ മുക്തം ജനകീയ ക്യാമ്പയിൻ സംബന്ധിച്ച് മാലിന്യനിർമാർജ്ജന സംവിധാനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പ് വരുത്താൻ വിദ്യാർത്ഥികൾക്ക് അവസരം സൃഷ്ടിക്കുന്ന വേദിയാണ് ഹരിതസഭ. ഗവണ്മെന്റ്, എയ്ഡഡ്, അൺ എയ്ഡഡ്, കേന്ദ്രീയ വിദ്യാലയം എന്നിങ്ങനെ 697 സ്കൂളുകളിൽ നിന്നും 10712 കുട്ടികളും 2148 അധ്യാപകരുമാണ് ഹരിതസഭയിൽ പങ്കെടുത്തത്. ഏകദേശം 745 റിപ്പോർട്ടുകൾ കുട്ടികൾ അവതരിപ്പിച്ചു.



### മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ സർവ്വീസ് സംഘടനകളും.....

ആലപ്പുഴ ജില്ലയിലെ 34 സർക്കാർ ഓഫീസുകൾക്ക് സർവീസ് സംഘടനയുടെ സഹായത്താൽ അജൈവ മാലിന്യ ശേഖരണത്തിനും ജൈവ മാലിന്യ സംസ്കരണത്തിനുമുള്ള 68 ബിന്നുകളുടെ വിതരണോത്ഘാടനം മുൻ ധനമന്ത്രി ഡോ.ടി.എം. തോമസ് ഐസക്ക് നിർവ്വഹിച്ചു. ജൈവ മാലിന്യ സംസ്കരണത്തിന് ബയോ ബിന്നുകളോടൊപ്പം ഓരോ ചാക്ക് ഇനോക്കുലവും നൽകി.മാലിന്യ




സംസ്കരണത്തിൽ എന്നും കീറാമുട്ടിയായിട്ടുള്ള എം. എൽ. പി പ്രത്യേക പ്രോസസിംഗിലൂടെ ഹാർഡ് ബോർഡാക്കി മാറ്റിയാണ് അജൈവ മാലിന്യ ശേഖരണത്തിനുള്ള ബിന്നുകൾ നിർമ്മിച്ചത്.ഗ്രീൻ ഫൂട്ട് എന്ന ഏജൻസിയാണ് ബിന്നുകൾ നിർമ്മിച്ചത്.

### പൊതുസ്ഥലങ്ങളുടെ മലിനീകരണം

നഗരത്തിന്റെ പല ഭാഗങ്ങളിലും പ്രധാന കേന്ദ്രങ്ങളിലും വഴിയോരങ്ങളിലും മാലിന്യങ്ങൾ കുന്നു കൂടിയിരുന്ന അവസ്ഥയുണ്ടായിരുന്നു.ഹോട്ടലുകൾ,അറവുശാലകൾ, പച്ചക്കറി കടകൾ, ഗാർഹിക മാലിന്യങ്ങൾ തുടങ്ങി വിവിധതരം മാലിന്യങ്ങൾ ആണ് ഉണ്ടായിരുന്നത്.മാലിന്യങ്ങളെ തരംതിരിച്ച് സംസ്കരിക്കുക എന്ന രീതിയാണ് ഇതിന് പരിഹാരമായി ആദ്യം അവലംബിച്ചത്.ഗാർഹിക ജൈവ മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണത്തിനായി മുഴുവൻ വീടുകൾക്കും ഉറവിടമാലിന്യ സംസ്കരണ ഉപാധികളായ ബയോ ബിന്നുകൾ,റിംഗ് കമ്പോസ്റ്റ്,ബൊക്കാഷി ബക്കറ്റ്,കിച്ചൺ ബിൻ തുടങ്ങിയവ ഗ്രാമപഞ്ചായത്ത് പദ്ധതികളിലൂടെ നൽകി.തുടർന്ന് വ്യവസായ ശാലകളിലെയും ഹോട്ടലുകളിലെയും മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി കമ്മ്യൂണിറ്റി തല മാലിന്യ സംസ്കരണ സംവിധാനങ്ങൾ ആയ തുമ്പൂർമുഴി, ഏറോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ വിവിധ ഇടങ്ങളിലായി സ്ഥാപിച്ചു.സ്കൂളുകൾ,ഫ്ലാറ്റുകൾ,വ്യവസായ കോംപ്ലക്സുകൾ ഓഫീസ് സമുച്ചയങ്ങൾ തുടങ്ങിയ ഇടങ്ങളിലും ഇതേ രീതികൾ അവലംബിച്ചു.

അജൈവ മാലിന്യങ്ങളുടെ ശാസ്ത്രീയമായ സംസ്കരണം ഉറപ്പുവരുത്തുന്നതിന് ഹരിത കർമ്മ സേന രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചു. വീടുകളിലും കടകളിലും സ്ഥാപനങ്ങളിലും ഹരിത കർമ്മ സേന പ്രവർത്തകർ എത്തി അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നു. ഇങ്ങനെ ശേഖരിക്കുന്ന മാലിന്യങ്ങൾ മിനി എം.സി.എഫി ലേക്കും അവിടെനിന്ന് എംസിഎഫിലേക്കും എത്തിച്ച് തരംതിരിക്കുന്നു.ഇങ്ങനെ തരംതിരിക്കുന്നവ RRF ലേക്ക് എത്തിച്ച് ഷ്രെഡിങ്ങ്, ബെയിലിങ് എന്നീ പ്രവർത്തനം നടത്തുന്നു.

പുനഃചംക്രമണത്തിനും ശാസ്ത്രീയ സംസ്കരണത്തിനുമായി ക്ളീൻ കേരള കമ്പനിക്കു കൈമാറുന്നതിലൂടെ പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും സംസ്കരിക്കാൻ സാധിച്ചിട്ടുണ്ട്.2020 മുതൽ 2025 വരെയുള്ള കാലയളവിൽ ജില്ലയിൽ നിന്നും 4150 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങളും 130 ടൺ ചില്ലുമാലിന്യങ്ങളും,43 ടൺ മെറ്റൽ മാലിന്യങ്ങളും, 209 ടൺ പേപ്പർ മാലിന്യങ്ങളും ക്ളീൻ കേരള കമ്പനിക്കു കൈമാറിയിട്ടുണ്ട്.മറ്റ് എംപാനെൽഡ് ഏജൻസികളും കേരള സ്ക്രാപ്പ് മർച്ചെന്റ് അസോസിയേഷനും ചേർന്ന് ഇതിന്റെ നാലിരട്ടിയോളം വരുന്ന മറ്റ് മാലിന്യങ്ങളും കളക്ട് ചെയ്ത് റീസൈക്ലിങ് മേഖലക്ക് കൈമാറിയിട്ടുണ്ട്. സ്ക്രാപ്പ് മെർച്ചന്റ് മേഖലയിലെ തെറ്റായ പ്രവണതകൾ ഒഴിവാക്കാനായി ഹരിതകേരളം മിഷനും മലിനീകരണ നിയന്ത്രണ ബോർഡും കേരള സ്ക്രാപ്പ് മർച്ചന്റ്സ് അസോസിയേഷനും ചേർന്ന് നിരവധി ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ജില്ലയിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമായി 2689 എണ്ണം ഹരിത കർമ്മ സേനാംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ശരാശരി ഒരു അംഗത്തിന് പതിനായിരം രൂപ വരെ വരുമാനം കണ്ടെത്തുന്നതിനും ഇതിലൂടെ സാധിക്കുന്നുണ്ട്. ഇങ്ങനെയുള്ള പ്രവർത്തനത്തിലൂടെ പൊതു ഇടങ്ങളിലേക്ക് എത്തുന്ന മാലിന്യത്തിന്റെ അളവിൽ വലിയ കുറവ് സംഭവിച്ചു. തുടർന്ന് പൊതു ഇടങ്ങൾ ഹരിത കേന്ദ്രങ്ങൾ ആക്കി മാറ്റുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചു. പൊതുജന പങ്കാളിത്തത്തോടെ വൃത്തിയാക്കി ഹരിത കേന്ദ്രങ്ങൾ ആക്കി മാറ്റി. ഹരിതകേരളം മിഷന്റെ ഇടപെടലിലൂടെ ജൈവ മാലിന്യ സംസ്കരണത്തിന് എല്ലാ വീടുകളിലും കിച്ചൻ ബിന്നുകളും ബയോഗ്യാസ് പ്ലാന്റുകളും നൽകി. 100 ശതമാനം മികവ് കൈവരിക്കുന്നതിന് പുന്നപ്ര തെക്കു പഞ്ചായത്ത് നടപ്പിലാക്കിയ പ്രവർത്തനം അനുകരണീയമാണ്.പരമാവധി എയറോബിക് പ്ലാന്റുകൾ നിർമ്മിച്ച് പ്രവർത്തനക്ഷമമാകുന്നതിന് പരിശീലനം നൽകുവാനും കഴിഞ്ഞു.

### വേമ്പനാട് പുനരുജ്ജീവന പദ്ധതി

കേരളത്തിലെ ഏറ്റവും വലുതും പാരിസ്ഥിതിക പ്രാധാന്യമുള്ളതുമായ റാംസർ സൈറ്റാണ് വേമ്പനാട് കായൽ.ആലപ്പുഴ,കോട്ടയം, എറണാകുളം ജില്ലകളിലായി പതിനായിരക്കണക്കിന് കുടുംബങ്ങളുടെ ആശ്രയമായ ഈ കായൽ അനിയന്ത്രിതമായ മലിനീകരണത്താൽ ഇന്ന് ജീവൻ നഷ്ടപെട്ടുകൊണ്ടിരിയ്ക്കുന്ന അവസ്ഥയിലാണ്. കായൽ വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇനിയും വൈകിക്കൂടാ എന്ന തിരിച്ചറിവിന്റെ വെളിച്ചത്തിലാണ് കായൽ പുനരുജ്ജീവന പരിപാടികൾക്ക് തുടക്കമായത്.



അധ്യായം 2 ൽ സൂചിപ്പിച്ച പ്രശ്നങ്ങൾക്ക് പരിഹാരമായി ഹരിതകേരളം മിഷൻ മലിനീകരണ നിയന്ത്രണ ബോർഡ്,ടൂറിസം വകുപ്പ് എന്നിവരുമായി ചേർന്ന് ഹൗസ് ബോട്ടുകളിലെ സ്വീവേജ് - സെപ്റ്റേജ് മാലിന്യങ്ങൾ ശേഖരിയ്ക്കുന്നതിനായി ബാർജ് സംവിധാനം ഏർപ്പെടുത്തി.ഇത് തൊട്ടടുത്ത ട്രീറ്റ്മെന്റ് പ്ലാന്റിലേയ്ക്ക് എത്തിച്ച് സംസ്കരിക്കുന്ന രീതിയുമാണ് തുടർന്നിരുന്നത്. എന്നാൽ തകരാറുമൂലം പ്ലാന്റിന്റെ പ്രവർത്തനം നിലച്ചിരിയ്ക്കുകയാണ്. നിയമ ലംഘനം നടത്തിയ ഹൗസ് ബോട്ടുകൾക്ക് മലിനീകരണ നിയന്ത്രണ ബോർഡ് പിഴ ഈടാക്കി കർശന നടപടികൾ സ്വീകരിയ്ക്കുകയും ചെയ്തു.സമീപ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഹരിത കർമ്മ സേനയുടെ പ്രവർത്തനം ശക്തിപ്പെടുത്തി അജൈവ മാലിന്യങ്ങൾ കൃത്യമായി ശേഖരിയ്ക്കുകയും "സേവ് വേമ്പനാട്" പദ്ധതിയിലൂടെ കായൽ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടപ്പിലാക്കി. സംസ്ഥാന ഹരിതകേരളം മിഷൻ, "റോപ്പ് എന്റർപ്രൈസസ്" മധുരയുമായി ചേർന്ന് കുട്ടനാട്ടിൽ നടപ്പിലാക്കിയ പ്രകൃതി സൗഹൃദ പോള നിർമാർജ്ജന പദ്ധതി രണ്ട് വർഷക്കാലം വിജയകരമായി നടപ്പിലാക്കിയിരുന്നു. നീരൊഴുക്ക് സുഗമമാക്കി ജല മലീനീകരണവും വെള്ളപ്പൊക്കവും തടയുന്നതിന് ജില്ലാ ഹരിതകേരളം മിഷൻ തയ്യാറാക്കിയിട്ടുള്ള ഡ്രൈനേജ് പ്ലാൻ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ജനകീയമായി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ തുടരുന്നു. വേമ്പനാട് കായൽ പുനരുജ്ജീവന, സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി 2025 -26 വർഷങ്ങളിലായി ജില്ലാ ഭരണകൂടത്തിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ സംഘടിപ്പിച്ച ജനകീയ പ്ലാസ്റ്റിക് മുക്ത വേമ്പനാട് മെഗാ കാമ്പയിനിന്റെ മൂന്ന് ഘട്ടങ്ങളിലായി ജില്ലയിലെ 12 കേന്ദ്രങ്ങളിൽ നിന്ന് 38 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ കായലിൽ നിന്നു നീക്കം ചെയ്തു. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാതൃക പദ്ധതി തയ്യാറാക്കി നൽകിയതും ശേഖരിച്ച മാലിന്യങ്ങൾ നീക്കംചെയ്യുന്നതിന് എംപാനൽഡ് ഏജൻസികളെ നിശ്ചയിച്ചു നൽകിയതും ഹരിതകേരളം മിഷനാണ്.ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ മികച്ച പിന്തുണ പ്രത്യേകിച്ച് ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി വിഹിതം നൽകുന്ന കാര്യത്തിൽ ലഭിക്കുകയുണ്ടായി.





തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് കൃഷിഭൂമി സംരക്ഷിക്കുന്നതിനായി ബയോ-ഷീൽഡ് നിർമ്മിക്കുന്നതിന് തുടക്കം കുറിക്കുകയും, പ്ലാസ്റ്റിക്- ഇലക്ട്രോണിക് മാലിന്യങ്ങൾ, പോള എന്നിവ നീക്കം ചെയ്യുകയും കള നശീകരണവും നടപ്പിലാക്കുകയും ചെയ്തു.

കീടനാശിനികൾ രാസവസ്തുക്കൾ എന്നിവയിൽ നിന്നും ജലാശയങ്ങൾ മലിനമാകുന്നത് തടയാൻ പരിസ്ഥിതി സൗഹൃദ കൃഷി പ്രോത്സാഹിപ്പിക്കൽ, തടാകത്തിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനായി അടിത്തട്ട് ഡ്രഡ്ജ് ചെയ്ത് ആഴം കൂട്ടൽ, കായലുമായി ബന്ധപ്പെട്ട സസ്യജീവജാലങ്ങളുടെ സംരക്ഷണം ഉറപ്പ് വരുത്തൽ, പരിസ്ഥിതി സൗഹൃദ വിനോദ സഞ്ചാരം വളർത്തൽ എന്നിവക്കാണ് പ്രഥമ പരിഗണന നൽകി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

### തീര സംരക്ഷണം

കാലാവസ്ഥാ വ്യതിയാനങ്ങളുടെ ഭാഗമായി കടൽ കയറുന്നത് കടലാക്രമണവും തീരശോഷണവും ഉണ്ടാകുവാൻ കാരണമാകുന്നു. ഇതിനെ മറികടക്കുന്നതിനും തീര സംരക്ഷണം നടപ്പിലാക്കുന്നതിന് വേണ്ടി ഹരിത കേരള മിഷന്റെ ആഭിമുഖ്യത്തിൽ അമ്പലപ്പുഴബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ ആലപ്പുഴ ജില്ലയുടെ തീരദേശ മേഖലയിൽ 3200 കണ്ടൽതൈകൾ 2024-25 കാലയളവിൽ വച്ചുപിടിപ്പിക്കുകയും ചെയ്തു. ചെടികൾ നടുന്നതിനും പരിപാലനത്തിനും മറ്റും തൊഴിലുറപ്പിന്റെ സഹായവും ഉണ്ടായിരുന്നു പരിപാലത്തിനായി പരിശീലനം നൽകി ഒരുക്കിയ ഇവരെ കണ്ടൽ ബ്രിഗേഡ് എന്ന് അറിയപ്പെടുന്നു.ഇതോടൊപ്പം തന്നെ തെങ്ങിൻ തൈകളും തീരപ്രദേശത്ത് വെച്ച്

പരിപാലിച്ചു പോരുന്നു. റെയിൽവേ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി എറണാകുളം ജില്ലയിൽ നീക്കം ചെയ്യപ്പെടുന്ന കണ്ടൽക്കാടുകൾക്കു പകരമായി എറണാകുളം,കൊല്ലം ജില്ലകൾക്കൊപ്പം ആലപ്പുഴയിലും കണ്ടൽ വനം ഒരുക്കുന്നു. പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി അമ്പലപ്പുഴ ബ്ലോക്ക് പരിധിയിൽ വരുന്ന പഞ്ചായത്തുകളിൽ റെയിൽവേ ഫണ്ട് ഉപയോഗിച്ച് പുതിയ കണ്ടൽപച്ചത്തുരുത്ത് സ്ഥാപിക്കുന്നതിനായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.ഇത് മറ്റ് തീരദേശ ജില്ലകൾക്ക് മാതൃകയായി ഏറ്റെടുക്കാൻ കഴിയും.

## കുടിവെള്ളക്ഷാമവും വരൾച്ചയും

ഭൂഗർഭ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ജില്ലയിലെ ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ 28 ജലഗുണനിലവാര പരിശോധനാ ലാബ് സ്ഥാപിച്ചിട്ടുണ്ട്. വേനൽ കാലത്തെ ജലക്ഷാമം പരിഹരിക്കാൻ വേണ്ടി ഒരു പ്രദേശത്തെ നിശ്ചിത കാലയളവിലുള്ള ജല ലഭ്യതയും ജല ഉപയോഗവും തമ്മിലുള്ള താരതമ്യം കണക്കാക്കി ജലസംരക്ഷണം ഉറപ്പാക്കുന്നതിനു വേണ്ടി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലൂടെ ജലബജറ്റ് നടപ്പിലാക്കി. ഇതിന്റെ തുടർപ്രവർത്തനമായ ജലസുരക്ഷ പ്ലാനിലൂടെ വരൾച്ച പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. തടത്തിലാൽ ചാല്, പറത്തോട്,നെടുങ്കയിൽ തോട്,കൈതപ്പള്ളി തോട്, ടിഎ കനാലിന്റെ കൈവഴികൾ എന്നിവ ആഴം കൂട്ടി നീരൊഴുക്ക് സുഗമമാക്കിയതും, ആക്കപ്പള്ളി പാടശേഖരം കൃഷിക്ക് അനുയോജ്യമാക്കിയതും തെക്കേക്കര പഞ്ചായത്തിലെ എടുത്തു പറയേണ്ട പ്രവർത്തനങ്ങളാണ്. അച്ചൻകോവിലാറിലേക്ക് എത്തിച്ചേരുന്ന തഴക്കര പഞ്ചായത്ത് പരിധിയിലെ തോടുകൾ ആഴം കൂട്ടി സൈഡ് ബലപ്പെടുത്തിയതും പ്രധാന പ്രവർത്തനങ്ങളാണ്.

ഇനി ഞാൻ ഒഴുകട്ടെ ക്യാമ്പയിനിലൂടെ നീർചാലുകളുടെ പുനരുജ്ജീവനം, തൊഴിലുറപ്പ് പദ്ധതിയിലൂടെ കിണർ റീചാർജിങ്, കുളം റീചാർജിങ്,കുളം നിർമ്മാണം, കിണർ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി. ജലഗുണനിലവാര പരിശോധനാ ലാബുകൾ വഴി 2025 ഡിസംബർ വരെ 1011 പരിശോധനകൾ നടന്നിട്ടുണ്ട്. തൊഴിലുറപ്പു പദ്ധതിയുടെയും വിവിധ വകുപ്പുകളുടെയും സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 5546.77 കി.മി നീർച്ചാലുകൾ പുനരുജ്ജിവിപ്പിച്ചു. നിർമ്മിച്ച കുളങ്ങൾ - 219, നിർമ്മിച്ച കിണറുകൾ -899,പുനരുജ്ജീവിപ്പിച്ച കുളങ്ങൾ -629,റീചാർജ് ചെയ്ത കിണറുകൾ-1754,നിർമിച്ച സ്ഥിരം തടയണകൾ - 18,നിർമിച്ച താത്കാലിക തടയണകൾ-3800.

## പ്രളയം 2018

2018 ഓഗസ്റ്റിലെ പ്രളയകാലത്ത് ജില്ലാ ഭരണകൂടം നടത്തിയ പ്രവർത്തനങ്ങളുമായി ഒത്തുചേർന്നു കൊണ്ടാണ് ഹരിതകേരളം മിഷൻ ഏകോപന പ്രവർത്തനങ്ങൾ നടത്തിയത്. പ്രളയ ബാധിത പ്രദേശങ്ങളിൽ നിന്ന് ജനങ്ങളെ സുരക്ഷിതമായി ഒഴിപ്പിക്കുന്നതിന് വാഹനങ്ങൾ, രക്ഷാപ്രവർത്തന ബോട്ടുകൾ തുടങ്ങിയവ ലഭ്യമാക്കാൻ സഹായിയ്ക്കുകയും ദുരിതബാധിതർക്ക് ഭക്ഷണപ്പൊതി വിതരണം ചെയ്യൽ ഏകോപനത്തിന് സഹായിക്കുകയും ചെയ്തു. കൺട്രോൾ റൂമിൽ വരുന്ന എസ്.ഒ.എസ് കോളുകൾ സ്വീകരിച്ച്, തരംതിരിച്ച് രക്ഷാപ്രവർത്തകരിലെത്തിക്കുന്ന ചുമതലയും ജില്ലാ ഭരണകൂടം ഹരിതകേരളം മിഷന് നൽകുകയും ഉത്തരവാദിത്വത്തോടെ ഈ പ്രവർത്തനം ഏറ്റെടുത്തു വിജയിപ്പിക്കുകയും ചെയ്തു.

2018 ഓഗസ്റ്റ് 25ന് വാഷ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും നാല് സെപ്റ്റേജ് മൊബൈൽ ട്രീറ്റ്മെന്റ് പ്ലാന്റുകൾ ആലപ്പുഴ ജില്ലയിൽ ലഭ്യമായി. അവയുടെ സേവനം ക്യാമ്പുകൾ പ്രവർത്തിച്ചിരുന്ന സ്ഥലങ്ങളിലും ഹോസ്പിറ്റലുകൾ, സ്കൂളുകൾ, സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിലും എത്തിച്ചു. എൻ. റ്റി പി.സി യുടെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും യുണൈറ്റഡ് ബ്രീവറീസ് വാരനാടിന്റെ എഫ്ലുവെൻറ് പ്ലാന്റും പ്രളയകാലത്ത് ഉപയോഗപ്പെടുത്തി. ജില്ലയിലെ മുഴുവൻ ക്യാമ്പുകളിൽ നിന്നുള്ള ഒരു ലക്ഷം ലിറ്ററിലധികം മാലിന്യം സംസ്കരിച്ചു. ഇതിലൂടെ പകർച്ചവ്യാധി സാധ്യത ഒഴിവാക്കാനായി. 2018 ഓഗസ്റ്റ് 28 മുതൽ സെപ്റ്റംബർ വരെയുള്ള കാലഘട്ടത്തിൽ പ്രളയക്കെടുതിയിൽ ദുരിതമനുഭവിച്ചവരുടെ

ജീവിതം സാധാരണ നിലയിലേക്ക് തിരിച്ചുകൊണ്ടു വരുന്നതിന് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ നടന്ന പ്രളയാനന്തര ശുചീകരണത്തിൽ ഹരിതകേരളം മിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ്, ശുചിത്വമിഷൻ, വ്യവസായ മേഖലയിലെ സന്നദ്ധ പ്രവർത്തകർ എന്നിവർ കൈകോർത്ത് പ്രളയബാധിത പ്രദേശങ്ങളിൽ എത്തുകയും വീടുകളും സ്ഥാപനങ്ങളും പൊതു ഇടങ്ങളും ശുചീകരിക്കുകയും ചെയ്തു.

കോളേജ് വിദ്യാർത്ഥികൾ, എൻ.എസ്.എസ് - എൻ.സി.സി വോളണ്ടിയർ മാർ, സന്നദ്ധപ്രവർത്തകർ, വിവിധ രാഷ്ട്രീയ യുവജന സംഘടനകൾ, കുടുംബശ്രീ അംഗങ്ങൾ, പൊതുജനങ്ങൾ തുടങ്ങിയ വരുടെ സഹകരണവും ശുചീകരണ പ്രവർത്തനത്തിൽ ഉടനീളം ഉണ്ടായിരുന്നു. ക്യാമ്പുകളിൽ ഉണ്ടായ ബയോമെഡിക്കൽ മാലിന്യ ശേഖരണവും സംസ്കരണവും മിഷന്റെ നേതൃത്വത്തിൽ ഏറ്റെടുത്തു ജില്ലാ ആശുപത്രിയിൽ നിന്നും 2400 -ലധികം കളർ കോഡ് കവറുകൾ ജില്ലാ ക്യാമ്പുകളിൽ എത്തിച്ചു.

ശേഖരിച്ച മാലിന്യം വേർതിരിച്ച് സമീപത്തുള്ള സർക്കാർ ആശുപത്രികളിൽ എത്തിച്ച് ഐ.എം. എയുടെ പാലക്കാട് ഉള്ള സംസ്കരണശാലയിൽ കൊണ്ടുപോയി സംസ്കരിച്ചു. പ്രളയശേഷം കുട്ടനാട്ടിലും ചെങ്ങന്നൂരിലും തലവടിയിലും കിണറുകളുടെ വെള്ളത്തിൽ ഇ-കോളി ബാക്ടീരിയ കണ്ടെത്തിയതിനെ




തുടർന്ന് ഹരിതകേരളം മിഷനും മലിനീകരണ നിയന്ത്രണ ബോർഡും ചേർന്ന് എൻ.എസ്.എസ് വോളണ്ടിയർമാരുടെ സഹകരണത്തോടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ച് പൊതുജനങ്ങളെ ഫലം അറിയിച്ചു. ഇതിനെതിരായ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ബോധവത്കരണവും ബ്ലീച്ചിങ് ഏജന്റുകളുടെ വിതരണവും നടത്തി.ഇരുമ്പിന്റെയും ഫ്ലൂറൈഡിന്റെയും അളവ് കൂടുതലാണെന്ന് കണ്ടെത്തിയ ഇടങ്ങളിൽ സുരക്ഷിത കുടിവെള്ള സംഭരണത്തിന്റെ ഭാഗമായി 5000 ലിറ്റർ ശേഷിയുള്ള 4 ഫെറോസിമെന്റ് മഴവെള്ള സംഭരണികൾ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചു നൽകി.

### ഇ-വേസ്റ്റ് സ്പെഷ്യൽ ഡ്രൈവ്

മാലിന്യ രഹിത ഹരിത ഓഫീസും പരിസ്ഥിതിയും എന്ന ലക്ഷ്യത്തിനായി ആലപ്പുഴ ജില്ലയിൽ ഹരിതകേരളം മിഷൻ സർക്കാർ ഓഫീസുകളിൽ നിന്നും ഇലക്ട്രോണിക് മാലിന്യങ്ങൾ നീക്കം ചെയ്തു. ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി കളക്ടറേറ്റ് വളപ്പിലെ വിവിധ ഓഫീസുകളിൽ നിന്നും 3.5 ടൺ ഇലക്ട്രോണിക് മാലിന്യങ്ങളും ജില്ലാ കോടതി കോംപ്ലക്സിൽ




നിന്നും 2.75 ടൺ, സിവിൽ സ്റ്റേഷൻ അനക്സിൽനിന്ന് 2.1 ടൺ ഇലക്ട്രോണിക് മാലിന്യങ്ങളുമാണ് കേരള സർക്കാരിന്റെ ക്ലീൻ കേരള കമ്പനി മുഖേന നീക്കം ചെയ്തത്.ജില്ലാ ജഡ്ജി കെ.കെ ബാലകൃഷ്ണൻ, ജില്ലാ കളക്ടർ അലക്സ് വർഗീസ് എന്നിവരുടെ പിന്തുണയുമുണ്ടായിരുന്നു.

## ബൾക്ക് വേസ്റ്റ്

ജില്ലയിലെ വേസ്റ്റ് ജനറേറ്റേഴ്സ് ആയിട്ടുള്ള ഓഡിറ്റോറിയങ്ങൾ,കാറ്ററിങ് സ്ഥാപനങ്ങൾ, ഹോട്ടലുകൾ, വ്യവസായശാലകൾ, ഉത്സവപ്പറമ്പുകൾ, തട്ടുകടകൾ, സ്വകാര്യ പരിപാടികൾ തുടങ്ങിയവയിൽ നിന്നും ഉല്പാദിപ്പിച്ചിരുന്ന ജൈവ - അജൈവമാലിന്യങ്ങൾ കൃത്യമായും ശാസ്ത്രീയമായും സംസ്കരിക്കാതെ കത്തിക്കുകയും വലിച്ചെറിയുകയും ജലാശയങ്ങളിൽ തള്ളുകയും ചെയ്യുക പതിവായിരുന്നു. ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രധാന ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സ് ആയ ഓഡിറ്റോറിയം, ആരാധനാലയം, വ്യവസായ ശാലകൾ, സ്കൂളുകൾ എന്നിവയുടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിവരശേഖരണം നടത്തി. ജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി ഉപാധികൾ സ്ഥാപിക്കുവാൻ നിർദ്ദേശം നൽകി. തുമ്പൂർമുഴി, റിങ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവ സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകി. പഞ്ചായത്ത് തലത്തിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചു. ഉറവിടത്തിൽ സംസ്കരണ സംവിധാനം സ്ഥാപിക്കുവാൻ സ്ഥലസൗകര്യം ഉള്ള സ്വകാര്യ സ്ഥാപനങ്ങൾ സ്വന്തമായി സ്ഥാപിക്കുന്നതിനും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ ഉള്ള സ്ഥാപനങ്ങളിൽ പദ്ധതി വെച്ച് സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. അജൈവമാലിന്യങ്ങൾ ഹരിതകർമ്മസേന സംവിധാനത്തിന്റെ സഹായത്തോടെ ശേഖരിച്ച് സംസ്കരിക്കുന്നു. പൊതുച്ചടങ്ങുകൾ, സ്വകാര്യ പരിപാടികൾ, ഉത്സവ ആഘോഷങ്ങൾ തുടങ്ങിയവ പൂർണമായും ഹരിത പെരുമാറ്റ ചട്ടം പാലിച്ചു നടപ്പിലാക്കാൻ ആരംഭിച്ചു. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഹരിത കർമ്മ സേന സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചു.ഉത്സവപ്പറമ്പുകളിലും ആഘോഷങ്ങളിലും ഉണ്ടാകുന്ന മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിച്ചു. മണ്ണാറശാല ആയില്യം, തൃക്കുന്നപ്പുഴ വാവ് ബലിതർപ്പണം, ചക്കുളത്തുകാവ് പൊങ്കാല, പായിപ്പാട് ജലോത്സവം, പരുമലപള്ളിപ്പെരുന്നാൾ, അർത്തുങ്കൽ പള്ളിപ്പെരുന്നാൾ, കണിച്ചുകുളങ്ങര ഉത്സവം, നീലംപേരൂർ പള്ളി ഭഗവതി ക്ഷേത്രപടയണി, വെട്ടിക്കോട് ആയില്യം,പെരുമ്പളം അരയുകുളങ്ങരഉത്സവം, ചെട്ടികുളങ്ങര ഭരണി,നെഹ്റു ട്രോഫി വള്ളംകളി,പത്തിയൂർ കാർത്തിക മഹോത്സവം, തിരുവൈരൂർ മഹാദേവ ക്ഷേത്ര ഉത്സവം,തുരുത്തി കരിമുളയ്ക്കൽ ഉത്സവം തുടങ്ങിയവ ജില്ലയിലെ പ്രധാന മാതൃകകളാണ്.

## നടപ്പിലാക്കിയ ചില മാതൃകകൾ

**നെഹ്റു ട്രോഫി ജലോത്സവം**

ഓളപ്പരപ്പിലെ ഒളിമ്പിക്സ് എന്നറിയപ്പെടുന്ന നെഹ്റു ട്രോഫി ജലോത്സവം പൂർണമായും ഹരിതചട്ടം പാലിച്ചാണ് ജില്ലയിൽ നടത്തിവരുന്നത്.70-ാമത് നെഹ്റു ട്രോഫി ജലോത്സവം "സേവ് വേമ്പനാട്" എന്ന സന്ദേശത്തോടെയാണ് നടപ്പിലാക്കിയത്.



മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പിന്റെ ഭാഗമായി ഹരിതകേരളം മിഷനും ആലപ്പുഴ നഗരസഭയും ശുചിത്വമിഷനും ജലോത്സവത്തിന് മുന്നോടിയായി സംഘടിപ്പിച്ച മെഗാ ശുചീകരണം വൈ.എം.സി.എ ജംഗ്ഷൻ മുതൽ പുന്നമട ഫിനിഷിംഗ് പോയിന്റ് വരെയാണ് നടന്നത്. ഇതോടൊപ്പം തന്നെ ഹരിത വിളംബര ജാഥയും നടത്താറുണ്ട്.ഗ്രീൻ സോണിൽ ഒറ്റ തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉത്പന്നങ്ങൾ പൂർണമായും നിരോധിച്ചു, കുടിവെള്ള കുപ്പികൾ, ഭക്ഷണപ്പൊതികൾ സ്നാക്സ് പാക്കറ്റ് എന്നിവയിൽ സ്റ്റിക്കറുകൾ പതിപ്പിച്ച് 10 രൂപ ഈടാക്കി ഹരിത പ്രോട്ടോകോൾ ഉറപ്പാക്കി. ജലമേളയ്ക്ക് ശേഷം മണിക്കൂറുകൾക്കകം ശുചീകരണം നടത്തി, ഏകദേശം രണ്ട് ടൺ ഓളം പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യാറുണ്ട്. ഹരിത ചട്ടം പാലിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങളും ദൃശ്യമാധ്യമങ്ങളും സോഷ്യൽ മീഡിയ പ്രചാരണം വ്യാപിപ്പിക്കുകയും, ശുചിത്വ സന്ദേശ ബോർഡുകളും സ്ഥാപിക്കുകയും ചെയ്യുകയാണ് പതിവ്. വിവിധ ഇടങ്ങളിൽ സ്റ്റീൽ ഗ്ലാസ്സുകളിൽ സൗജന്യ കുടിവെള്ള വിതരണം നടത്തി,അങ്ങനെ പരമാവധി പ്ലാസ്റ്റിക് ബോട്ടിലുകൾ പവലിയനിലേയ്ക്ക് കടക്കുന്നത് ഒഴിവാക്കി. സംഘാടകർക്കും വൊളന്റിയേഴ്സിനും ഭക്ഷണം നൽകുന്നത് കഴുകി ഉപയോഗിക്കാവുന്ന സ്റ്റീൽ പ്ലേറ്റുകളും ഗ്ലാസ്സുകളും ഉപയോഗിച്ചാണ് എന്നതും ഉറപ്പാക്കാൻ കഴിഞ്ഞു

## ചക്കുളത്തുക്കാവ് പൊങ്കാല

ഏകദേശം എൺപതിനായിരത്തിന് മുകളിൽ സ്ത്രീകൾ പങ്കെടുത്ത ചക്കുളത്തുക്കാവ് പൊങ്കാല തലവടി ഗ്രാമപഞ്ചായത്തിന്റെയും ചക്കുളത്തുകാവ് ക്ഷേത്രത്തിന്റെയും സംയുക്ത നേതൃത്വത്തിൽ ഹരിത പൊങ്കാലയായി നടത്തി.ഇതിനു മുന്നോടിയായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾ,അമ്പല കമ്മിറ്റി ഭാരവാഹികൾ,തൊഴിലുറപ്പ് ഉദ്യോഗസ്ഥർ, ഹരിതകർമ്മസേന എന്നിവരുടെ മീറ്റിംഗ് കൂടി പൊങ്കാല ഹരിത പൊങ്കാലയാക്കി നടത്തുവാനുള്ള ക്രമീകരണങ്ങൾ നടത്തി. തലവടി ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പിന്റെ സഹായത്തോടെ വെട്ടു തോട് മുതൽ നീരേറ്റുപുറം വരെയുള്ള റോഡിന്റെ ഇരുവശവും വൃത്തിയാക്കുകയും. തലവടി ഗ്രാമപഞ്ചായത്ത് ഹരിത കർമ സേന അംഗങ്ങളുടെ നേതൃത്വത്തിൽ നൂറോളം വല്ലങ്ങൾ (ഓല കുട്ട) തയാറാക്കി പൊങ്കാല നടക്കുന്ന വിവിധ ഇടങ്ങളിൽ വെക്കുകയും ചെയ്തു. ഓരോ വല്ലത്തിലും നിർദ്ദേശങ്ങൾ





പറഞ്ഞു കൊണ്ടുള്ള നോട്ടീസും ഒട്ടിച്ചു. പൊങ്കാലയുടെ അന്നും തലേ ദിവസവും ഹരിത ചട്ടം പാലിക്കണം എന്ന അനൗൺസ്മെന്റ് അമ്പലത്തിന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. പേപ്പർ തോരണങ്ങളും, കുരുത്തോലയും, പൂക്കളും കൊണ്ടുള്ള അലങ്കാരങ്ങൾ ആണ് ചെയ്യതിരുന്നത്. പൊങ്കാല ഇടുന്ന ഇടങ്ങളിൽ ഹരിത കർമ സേന അംഗങ്ങളുടെ കൃത്യമായ ഇടപെടൽ ഉണ്ടായിരുന്നു. പൊങ്കാലയിൽ പങ്കെടുത്ത എല്ലാ ജനങ്ങൾക്കും അന്നദാന വിതരണം അമ്പലത്തിന്റെ വകയായി ഉണ്ടായിരുന്നു. ഇത് സ്റ്റീൽ പാത്രങ്ങളിലും സ്റ്റീൽ ഗ്ലാസിലുമാണ് നൽകിയത്. പൊങ്കാലയ്ക്ക് ശേഷം ഹരിത കർമ്മ സേനാംഗങ്ങൾ അമ്പലത്തിനുള്ളിലെ പ്ലാസ്റ്റിക് മാലിന്യങ്ങളെല്ലാം ശേഖരിച്ച് മിനി എം.സി.എഫിലേക്ക് മാറ്റി. ജൈവ മാലിന്യങ്ങൾ എല്ലാം അമ്പലത്തിന്റെ നേതൃത്വത്തിൽ ആണ് ശേഖരിച്ചതും നിർമ്മാർജനം ചെയ്യതും. ഇതിനായി ക്ഷേത്ര ഭരണസമിതി പ്രത്യേകം ആളുകളെ നിയോഗിച്ചിട്ടുണ്ടായിരുന്നു. ഇവർ ജൈവ മാലിന്യങ്ങൾ കൃത്യമായി നീക്കം ചെയ്തു. പൊങ്കാലയ്ക്ക് ശേഷം വെട്ടു തോട് മുതൽ നീരേറ്റുപുറം വരെയുള്ള ഭാഗങ്ങളിലെ മാലിന്യങ്ങൾ ഹരിത കർമ്മ സേന നീക്കം ചെയ്തു.

### എടത്വ പള്ളി പെരുന്നാൾ

എടത്വ ഗ്രാമപഞ്ചായത്തിലെ പ്രസിദ്ധമായ പള്ളിയാണ് എടത്വ പള്ളി. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും തീർത്ഥാടകർ എത്തുന്നത് പോലെ തന്നെ തമിഴ് നാട്ടിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇവിടേക്ക് തീർത്ഥാടകരുടെ പ്രവാഹം ആണ്.പള്ളി പെരുന്നാൾ പഞ്ചായത്തുമായി സഹകരിച്ച് ഹരിത പെരുന്നാളായാണ് നടത്തിവരുന്നത്. തുണി, കുരുത്തോല,കടലാസുതോരണങ്ങൾ,പൂക്കൾ,ഇലകൾ തുടങ്ങിയ പ്രകൃതി സൗഹൃദ വസ്തുക്കൾ കൊണ്ടുള്ള അലങ്കാരങ്ങൾ ആണ് ചെയ്യുന്നത്. പെരുന്നാൾ സമാപനത്തിന് ശേഷം ഹരിതകർമ്മ സേന അംഗങ്ങളും സന്നദ്ധപ്രവർത്തകരും സംയുക്തമായി പള്ളിഅങ്കണവും പരിസരവും ശുചീകരിച്ചു.ശേഖരിച്ച മാലിന്യങ്ങൾ തരംതിരിച്ചു ജൈവ മാലിന്യങ്ങൾ പള്ളി പരിസരത്ത് തന്നെ ശാസ്ത്രീയ സംസ്കരണത്തിന് വിധേയമാക്കി.ഇത് പൊതുജനങ്ങൾക്ക് മാലിന്യ സംസ്കരണത്തെ കുറിച്ച് അറിവും പ്രായോഗിക പരിശീലനവും ലഭിക്കുന്നതിന് ഉപകരിച്ചു. അജൈവ മാലിന്യങ്ങൾ ഹരിത കർമ്മ സേന അംഗങ്ങളുടെ നേതൃത്വത്തിൽ എം.സി.എഫിലേക്ക് എത്തിച്ചു കൊണ്ട് ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ പൂർത്തിയാക്കി.

## കണിച്ചുകുളങ്ങര ക്ഷേത്രോത്സവം

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കണിച്ചുകുളങ്ങര ക്ഷേത്രത്തിലെ ഉത്സവം ജനപങ്കാളിത്തം കണക്കാക്കിയാൽ കേരളത്തിലെ തന്നെ വലിയ ഉത്സവങ്ങളിലൊന്നാണ്. ഏകദേശം 40,000 ആളുകൾ പങ്കെടുക്കുന്ന "ചിക്കരയിരുത്തൽ" (21 ദിവസം ക്ഷേത്രത്തിൽ തന്നെ താമസിക്കുന്ന ചടങ്ങ്) ഇവിടുത്തെ പ്രത്യേകതയാണ്. ഇത് മൂലം ഉണ്ടാകുന്ന മാലിന്യ പ്രശ്നങ്ങൾ വളരെ വലുതായിരുന്നു. എന്നാൽ ദേവസ്വം അധികൃതരുമായി യോഗം ചേരുകയും ഉത്സവത്തിന് ഹരിത നിയമാവലി പാലിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ഇങ്ങനെ മാലിന്യത്തിന്റെ അളവ് ഗണ്യമായി കുറയ്ക്കുന്നതിന് സാധിച്ചു. കൂടാതെ മലിനീകരണ നിയന്ത്രണബോർഡിന്റെ പിന്തുണയോടെ സ്വകാര്യ പങ്കാളിത്തത്തിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ സെപ്ടേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഉത്സവത്തോടനുബന്ധിച്ച് ക്ഷേത്രത്തിന് സമീപം എത്തിക്കുകയും ഇവിടെയുണ്ടാകുന്ന സെപ്ടേജ് മാലിന്യങ്ങൾ യഥാസമയം ട്രീറ്റ് ചെയ്ത് ശുചിത്വം ഉറപ്പാക്കുകയും ചെയ്തു. പ്ലാന്റിന്റെ പ്രവർത്തനോദ്ഘാടനം കണിച്ചുകുളങ്ങര ദേവസ്വം പ്രസിഡന്റ് കൂടിയായ ശ്രീ. വെള്ളാപ്പള്ളി നടേശൻ നിർവഹിച്ചു.

## മണ്ണാറശാല ആയില്യം

മണ്ണാറശാല ആയില്യം ഗ്രീൻ പ്രോട്ടോകോൾ പാലിച്ചാണ് നടപ്പിലാക്കുന്നത്. പുണർതം, പൂയം, ആയില്യം എന്നീ 3 ദിവസങ്ങളിൽ നടക്കുന്ന പരിപാടികളിൽ ഹരിത കർമ്മ സേനയുടെ സേവനം ലഭ്യമാക്കാറുണ്ട്.. ഹരിതകർമ്മ സേന വല്ലങ്ങൾ നിർമ്മിച്ച്, അതിൽ പ്ലാസ്റ്റിക് ശേഖരിച്ചു. ആയില്യം കഴിഞ്ഞു ശേഖരിച്ച പ്ലാസ്റ്റിക് അവിടെ വെച്ചു സെഗ്രിഗേറ്റ് ചെയ്തു എം.സി. എഫിലേക്ക് എത്തിക്കും. 2 ദിവസം ഹരിതകർമ്മ സേന, നഗരസഭ കണ്ടിജന്റ് ജീവനക്കാർ എന്നിവരുടെ സേവനം ലഭ്യമാക്കാറുണ്ട്. ഇത് കൂടാതെ പരിസരം വൃത്തിയാക്കുന്നതിനു ക്ഷേത്രത്തിന്റെ വക ആളുകളെ നിയോഗിക്കും. ഗ്രീൻ പ്രോട്ടോകോൾ പാലിച്ചു നടപ്പിലാക്കുന്നതിനു ഹരിതകർമ്മ സേന, ആരോഗ്യവിഭാഗം, കണ്ടിജന്റ് വർക്കേഴ്സ്, ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, കെ.എസ്ഡബ്ല്യൂ.എം.പി എന്നിവരുടെ സഹകരണവും ഉറപ്പാക്കി

## തൃക്കുന്നപ്പുഴ പിതൃബലിതർപ്പണം

ആയിരക്കണക്കിന് ആളുകൾ പങ്കെടുക്കുന്ന പിതൃബലിതർപ്പണം പൂർണ്ണമായും ഹരിതചട്ടം പാലിച്ചു കൊണ്ടാണ് നടന്നുവരുന്നത്. ആറാട്ടുപുഴ ഗ്രാമപഞ്ചായത്തും ഹരിതകർമ്മസേനയും






ചേർന്നുകൊണ്ട് തൃക്കുന്നപ്പുഴ ധർമ്മശാസ്താ ക്ഷേത്രം മുതൽ ബലിതർപ്പണം നടക്കുന്ന കടലോര പ്രദേശം വരെ ഓരോ പ്രധാന ജംഗ്ഷനുകളിലും റോഡിന്റെ ഇരു ഭാഗങ്ങളിലുമായി ജൈവ- അജൈവ മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കുന്നതിന് ബിന്നുകൾ, വല്ലങ്ങൾ എന്നിവ സ്ഥാപിച്ചു. ഓല കൊണ്ടുള്ള വട്ടികളും കമാനങ്ങളും കുരുത്തോല തോരണങ്ങളുമാണ് ബലിതർപ്പണത്തിനെത്തിയവരെ വരവേൽക്കുന്നത്. ഹരിത നിർദ്ദേശങ്ങൾ ക്ഷേത്ര പരിസരത്തും ചടങ്ങുകൾ നടക്കുന്ന പ്രദേശത്തും സ്ഥാപിച്ചു. ചടങ്ങുകൾക്കു ശേഷം ഹരിത കർമ്മ സേന തൃക്കുന്നപ്പുഴ ബീച്ചിന്റെ ഭാഗങ്ങളും റോഡിന്റെ ഇരുവശങ്ങളും ശുചീകരിച്ച് ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ എംസിഎഫിലേക്ക് എത്തിക്കുകയും ചെയ്തു.

### വെട്ടിക്കോട് ആയില്യം

ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വെട്ടിക്കോട് നാഗരാജ ക്ഷേത്രത്തിലെ ആയില്യം മഹോത്സവം ഹരിത ചട്ടം പാലിച്ചാണ് നടപ്പിലാക്കി വരുന്നത്.

ഉച്ചമുതൽ നടക്കുന്ന ക്ഷേത്ര അന്നദാനത്തിൽ ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന ഗ്ലാസ്, പ്ലേറ്റ് എന്നിവക്ക് ബദലായി ക്ഷേത്ര ഭരണസമിതി ഏർപ്പാടാക്കിയ സ്റ്റീൽ പ്ലേറ്റുകൾക്കു പുറമെ ഹരിതകർമ്മസേനാംഗങ്ങൾ വഴി ആയിരം സ്റ്റീൽ പ്ലേറ്റ്സും, ഗ്ലാസും സ്വീകരിച്ചുകൊണ്ടാണ് അന്നദാനം നടത്തിയത്. ക്ഷേത്രഅലങ്കാര വസ്തുക്കൾ പൂർണമായും പ്രകൃതി സൗഹാർദ്ദ വസ്തുക്കൾ ഉപയോഗിച്ചായിരുന്നു ചെയ്തിരുന്നത്.

കടകളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ യഥാസമയം ശരിയായ രീതിയിൽ തരം തിരിച്ചു നീക്കം ചെയ്യുന്നതിന് ഹരിതകർമ്മ സേനാംഗങ്ങളെ ചുമതലപ്പെടുത്തുകയും മാലിന്യം ശേഖരിക്കുന്നതിന് വല്ലങ്ങൾ നിർമ്മിച്ച് കടകളുടെ വശങ്ങളിൽ വെക്കുകയും ചെയ്തു.ഹരിതകർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന പ്ലാസ്റ്റിക്കുകൾ രണ്ട് ദിവസം സൂക്ഷിക്കുന്നതിനായി പ്രത്യേകം സ്ഥലം അനുവദിക്കുകയും മഹോത്സവത്തിനുശേഷം അവ എം.സി.എഫിൽ എത്തിക്കുകയും ചെയ്തു.മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഉച്ചഭാഷിണിയിലൂടെ അനൗൺസ്മെന്റുകൾ കൃത്യമായ ഇടവേളകളിൽ നൽകിക്കൊണ്ടിരുന്നു.

### നീലംപേരൂർ - പള്ളി ഭഗവതി ക്ഷേത്രം പൂരം പടയണി

ഏകദേശം 1700 വർഷങ്ങൾ പഴക്കമുണ്ടെന്ന് വിശ്വസിക്കുന്നതും ചിങ്ങമാസത്തിലെ അവിട്ടം മുതൽ 16 ദിവസം നീണ്ടുനിൽക്കുന്നതുമായ ഉത്സവമാണ് പൂര പടയണി. കൊടുങ്ങല്ലൂർ രാജാവ് ചേരമർ പെരുമാളുമായി ബന്ധപ്പെടുത്തിയാണ് പടയണിയുടെ ഐതിഹ്യം. 1997മുതൽ തന്നെ പ്രകൃതി



സൗഹാർദ്ദപരമായാണ് ഉത്സവം നടത്തുന്നത്.പടയണിക്ക് വേണ്ടി ഒരുക്കുന്ന കെട്ടുകാഴ്ച അഥവാ കോലം,45 അടിപൊക്കമുള്ള വലിയ അരയന്നം, ആന, 30 അടിപൊക്കമുള്ള ഭീമൻ യക്ഷി എന്നി കോലങ്ങൾ ഇവയുടെ ചട്ടങ്ങൾ വലിയ തടിയിലാണ് തീർത്തിട്ടുള്ളത്. ഇവയുടെശരീരം കച്ചികൊണ്ടും കൂടാതെ താമര ഇല, ചെത്തിപൂവ്, പ്ലാവില, വാഴ,പോള, മുതലായ ജൈവവസ്തുക്കൾ കൊണ്ടാണ് നിർമ്മിക്കുന്നത്. കഴിഞ്ഞ 3 വർഷമായി ഹരിത കേരള മിഷന്റെ ഇടപെടലോടുകൂടി പൂർണ്ണമായും ഹരിതചട്ടം പാലിച്ചുകൊണ്ടാണ് ഉത്സവം നടക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഹരിതകർമ്മ സേനയുടെ സേവനവും ഇടപെടലും ഉത്സവം നടക്കുന്ന 16 ദിവസവും ഏർപ്പാടാക്കി. ക്ഷേത്രത്തിന്റെ വിവിധ ഭാഗങ്ങളിൽ ജൈവ- അജൈവമാലിന്യങ്ങൾ തരംതിരിച്ച് നിക്ഷേപിക്കുന്നതിന് ബിന്നുകൾ സ്ഥാപിക്കുകയും. ശേഖരിച്ച അജൈവ മാലിന്യങ്ങൾ എം.സി.എഫിൽ എത്തിക്കുകയും ചെയ്തു.

കെട്ടുകാഴ്ചക്ക് ഉപയോഗിക്കുന്ന 500 കിലോയോളംവരുന്ന പച്ചിലകൾ വാഴപോളകൾ എന്നിവ ശേഖരിച്ച് തുമ്പൂർമുഴിയിൽ നിക്ഷേപിക്കുകയും ഇതിൽ നിന്നും കിട്ടിയ ജൈവവളം കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന JLG ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുകയും ഇതിൽ നിന്നും ഒരു വരുമാനവും ഹരിത കർമ്മ സേനയ്ക്ക് ലഭിക്കുകയും ചെയ്യുന്നു.

### ആലപ്പുഴ ബീച്ചിൽ മെഗാ ക്ലീനിങ് ഡ്രൈവ്

ഗാന്ധിജയന്തി ആഘോഷത്തിന്റെ ഭാഗമായി 27-ാം ബറ്റാലിയൻ ഇൻഡോ ടിബറ്റൻ ബോർഡർ പോലീസ് ഫോഴ്സ് ആലപ്പുഴ ബീച്ചിൽ മെഗാ ക്ലീനിങ് ഡ്രൈവ് സംഘടിപ്പിച്ചു. കളക്ടർ അലക്സ് വർഗീസ് ഉദ്ഘാടനം ചെയ്ത ശുചീകരണ പരിപാടിയിൽ നൂറോളം ഐ.ടി ബി.പി സേനാംഗങ്ങളും ഹരിത കർമ്മ സേനാംഗങ്ങളും പൊതു ജനങ്ങളും പങ്കെടുത്തു.നിരവധി തവണ ജൂൺ 5 ജനുവരി 26,ഓഗസ്റ്റ് 15 തുടങ്ങിയ ദിനങ്ങൾ തെരഞ്ഞെടുത്ത് എസ്.പി.സി, എൻ.സി.സി, എൻ.എസ്.എസ് വോളന്റിയേഴ്സിനെ പങ്കെടുപ്പിച്ചും സന്നദ്ധ സംഘടനകളെ ഉപയോഗപെടുത്തിയും ശുചീകരണ പ്രവർത്തനങ്ങൾ തുടരുന്നത് നല്ല ശീലവത്കരണം ജനങ്ങളിൽ രൂപപ്പെടുത്തുന്നതിന് സഹായകരമായി.

### ഡ്രെയിനേജ് പ്ലാൻ

ഡി.പി.സി യുടെ അംഗീകാരം ലഭിച്ച ബ്ലോക്ക് തല മാസ്റ്റർ പ്ലാനുകൾ സംയോജിപ്പിച്ച് ജില്ലാതല ഡ്രൈനേജ് പ്ലാൻ തയ്യാറാക്കി. ഇതിൽ നിന്ന് മുൻഗണന ക്രമത്തിൽ പ്രവൃത്തികൾ ഏറ്റെടുത്ത് (സ്പോൺസർഷിപ്പ്, എം.എൽ.എ ഫണ്ട്, ദുരന്തനിവാരണ ഫണ്ട്,തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് ) ജനകീയമായി സമയബന്ധിതമായി നടപ്പിലാക്കി. ഓരോ വർഷവും വർഷ കാലത്തിനു മുൻപ് തന്നെ ആവശ്യമായ മുന്നൊരുക്കം നടത്താനും വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ആവശ്യമായ ഇടപെടൽ (തടസ്സങ്ങൾ നീക്കൽ,മാലിന്യം, മണ്ണ്,ചെളി തുടങ്ങിയവ നീക്കം ചെയ്യൽ) നടത്തുന്നു.നീരൊഴുക്ക് സുഗമമാക്കി ജലത്തിന്റെ ഗുണമേന്മ വർദ്ധിക്കുന്നത്തിനു ഡ്രൈനേജ് പ്ലാൻ സഹായകമാകുന്നു.

### ആലപ്പുഴ ജനറൽ ഹോസ്പിറ്റലിലെ സീവേജ് പദ്ധതി

ഹരിത ആശുപത്രിയായ ആലപ്പുഴ ജനറൽ ആശുപത്രിയുടെ പുതിയ 8 നില ബ്ലോക്കിനോടനുബന്ധിച്ച് സ്ഥാപിച്ച സ്വീവേജ് പദ്ധതിയാണിത്. പ്രതിദിനം 240 കെ. എൽ.ഡി സംസ്കരണ ശേഷിയുള്ള ഇലക്ട്രോ കൊയാഗുലേഷൻ സാങ്കേതിക വിദ്യയിലാണ് പ്ലാന്റ് പ്രവർത്തിക്കുന്നത്. ആലപ്പുഴ നഗരസഭയുടെ



ഇടപെടലിലൂടെയാണ് ഈ പ്ലാന്റ് സാധ്യമായത്. ഈ പ്ലാന്റ് ഉദ്ഘാടനം ചെയ്തുകൊണ്ടാണ് മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ജില്ലാ തല പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചത്. ആശുപത്രിയിൽ ഉണ്ടാകുന്ന ലക്ഷക്കണക്കിന് ലിറ്റർ ദ്രവമാലിന്യം പ്രതിദിനം സംസ്കരിക്കുന്നു. പ്ലാന്റിന് ചുറ്റുമുള്ള ഗ്രീൻ ബെൽറ്റിനെയും പൂന്തോട്ടത്തെയും നനയ്ക്കുന്നതിനു ശുചീകരിച്ച വെള്ളം ഉപയോഗിക്കുന്നു.പുറത്തേക്ക് ഒഴുക്കി വിടുമായിരുന്ന ദ്രവമാലിന്യം,സംസ്കരിക്കപ്പെടുന്നതിലൂടെ പൊതുജനാരോഗ്യ സുരക്ഷയും സമീപ ജലാശയങ്ങളുടെ സംരക്ഷണവും ഉറപ്പ് വരുത്തുന്നു.

## മുഹമ്മ ആദ്യ സമ്പൂർണ്ണ സിന്തറ്റിക്ക് സാനിട്ടറി പാഡ് രഹിത ഗ്രാമം

മാസംതോറും പുറന്തള്ളുന്ന സാനിറ്ററി പാഡ് മാലിന്യം മണ്ണിലേയ്ക്കും ജലാശയങ്ങളിലേയ്ക്കും എത്തിപ്പെട്ട് പ്രകൃതി മലിനീകരണത്തിന് കാരണമാകുന്ന പതിവ് സ്ഥിതിവിശേഷമാണ് മുഹമ്മയിലും ഉണ്ടായിരുന്നത്. ആൻടിക്സ് കോർപ്പറേഷന്റെ സാമ്പത്തിക സഹായത്തോടെ ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന പരിസ്ഥിതി സംരക്ഷണ സംഘടനയായ ATREEയും (അശോക ട്രസ്റ്റ് ഫോർ റിസർച്ച് ഇൻ ഇക്കോളജി ആൻഡ് ദി എൺവയോൺമെന്റ്), ഹരിതകേരളം മിഷനുമായി സംയുക്തമായി നടത്തിയ ക്യാമ്പയിനിലൂടെയാണ് ജനങ്ങളിൽ ശീലമാറ്റം വരുത്തിയത്.

കനാൽ ശുചീകരണ പ്രവർത്തനവേളയിലാണ് ജലാശയങ്ങളിലേയ്ക്ക് വലിച്ചെറിയപ്പെടുന്ന സിന്തറ്റിക് സാനിട്ടറി പാഡുകൾ സൃഷ്ടിക്കുന്ന മലിനീകരണ പ്രശ്നങ്ങളുടെ രൂക്ഷത മനസിലായത്. ഇതിന് ശാശ്വത പരിഹാരം സുസ്ഥിരവും ആരോഗ്യപരവും പ്രകൃതി സൗഹൃദവുമായ ഒരു പോംവഴി കണ്ടെത്തുക എന്നതാണ്. ഇതിൽ ഏറ്റവും അനുയോജ്യമായത് 2 രീതികളാണ്. പ്രകൃതി സൗഹൃദവും പുനരുപയോഗം ചെയ്യാവുന്നതുമായ തുണി പാഡുകളും മെൻസ്ട്രൽ കപ്പുകളും. ഗുണഭോക്തൃ സർവേയിലൂടെ ആവശ്യക്കാരായ സ്ത്രീകളുടെ കണക്കെടുപ്പ് നടത്തി ഇവ ലഭ്യമാക്കി. ആരോഗ്യ വിദ്യാഭ്യാസ സാമൂഹിക പ്രവർത്തകരെ ബന്ധിപ്പിച്ചുകൊണ്ട് ഒരു വർഷക്കാലം നീണ്ട് നിന്ന സമഗ്രമായ പ്രചാരണ പരിപാടിയിലൂടെയാണ് ഇത് പ്രാവർത്തികമാക്കിയത്. 2020 നവംബർ 6ന് ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സൺ ഡോ. റ്റി.എൻ.സീമ ഓൺലൈനായി മുഹമ്മയെ രാജ്യത്തെ ആദ്യ സിന്തറ്റിക്ക് പാഡ് രഹിത ഗ്രാമ പഞ്ചായത്തായി പ്രഖ്യാപിച്ചു.

## ജലസംരക്ഷണ പ്രവർത്തനങ്ങൾ

ജനപങ്കാളിത്തത്തോടെ ജില്ലയിലെ ജലസ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കുവാനും ലഭ്യമാകുന്ന മഴ പരമാവധി സംഭരിച്ച് വേനൽകാല ആവശ്യം നിറവേറ്റുന്നതും ലക്ഷ്യമിട്ടാണ് ഹരിതകേരളം മിഷൻ ജല ഉപമിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചത്.ജനകീയ കൂട്ടായ്മയിൽ നദിയുടെ പുനരുദ്ധാരണം ഏറ്റെടുത്ത വരട്ടാർ മാതൃകയാണ് ആദ്യഘട്ടത്തിൽ നമുക്ക് പ്രചോദനമായത്. വർദ്ധിച്ചുവരുന്ന ജല ആവശ്യം നമ്മുടെ സംസ്ഥാനം കൈവരിച്ച പുരോഗതിയുടെ കൂടി ഭാഗമായതിനാൽ ജലസംരക്ഷണവും ഈ മേഖലയിൽ സുസ്ഥിരത കൈവരിക്കലും അത്യന്താപേക്ഷിതമാണ് എന്ന തിരിച്ചറിവാണ് ശാസ്ത്രീയ അടിത്തറയുള്ള പദ്ധതികൾക്ക് മുൻഗണന നൽകി ജലസ്രോതസ്സുകളുടെ സുസ്ഥിര പരിപാലനത്തിന് വകുപ്പുകളെയും ജനങ്ങളെയും സജ്ജമാക്കുവാൻ തീരുമാനിച്ചത്. ഈ ലക്ഷ്യങ്ങൾ മുന്നിൽകണ്ടാണ് മാർഗരേഖ തയ്യാറാക്കിയത്. സംസ്ഥാനതലത്തിൽ രൂപീകരിച്ച കർമ്മസമിതിയും ജില്ലാതലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ രൂപീകരിച്ച സാങ്കേതിക സമിതികളും ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടായി മാറുന്ന കാഴ്ചയാണ് ജില്ലയിൽ നമുക്ക് അനുഭവവേദ്യമായത്.ജില്ലാതലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും സാങ്കേതിക സമിതികൾ ചേരുകയും വിശദമായ പരിശീലനങ്ങൾ സാങ്കേതിക സമിതി അംഗങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകി. ജല ഉപമിഷന്റെ ലക്ഷ്യങ്ങളും പ്രവർത്തന രീതിയിലും സമീപനത്തിലും വിഭാവനം ചെയ്തിട്ടുള്ള കാര്യങ്ങൾ ജനങ്ങളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ബോധ്യപ്പെടുത്തുന്നതിൽ ഹരിതകേരളം മിഷൻ സുപ്രധാനമായ പങ്കാണ് നിർവഹിച്ചത്. വിവിധ

വകുപ്പുകളുടെ പ്രത്യേകിച്ച് ജലസേചനം, ഗ്രൗണ്ട് വാട്ടർ, മണ്ണ് സംരക്ഷണം, തദ്ദേശ സ്വയംഭരണം, കൃഷി, തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ ഫലപ്രദമായ സമന്വയം സാങ്കേതിക സമിതികളുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഉറപ്പാക്കുവാൻ കഴിഞ്ഞു. ഇത് നീർത്തട നടത്തം ജനകീയമായി നടത്തുന്നതിനും നീർത്തട പ്ലാനുകളും മാസ്റ്റർ പ്ലാനുകളും തദ്ദേശ തലത്തിൽ ബ്ലോക്ക് തലത്തിലും രൂപപ്പെടുത്തുന്നതിനും നീർത്തട അടിസ്ഥാനത്തിൽ പദ്ധതികൾ രൂപപ്പെടുത്തുന്നതിനും മുന്തിയ പരിഗണന നൽകി നടപ്പാക്കുന്നതിനും സഹായകരമായി. ഒന്നാംഘട്ടത്തിൽ പ്രാദേശിക ജലസ്രോതസ്സുകളുടെ പുനഃസ്ഥാപനത്തിനും നിർമ്മാണത്തിനും തുടർന്ന് പ്രാദേശിക നിർമ്മിതികളുടെ പരിപാലനത്തിനും മുൻഗണന നൽകി. ഈ പ്രവർത്തനങ്ങൾ അക്ഷരാർത്ഥത്തിൽ ജനങ്ങൾ ഏറ്റെടുത്ത് 2019 ഡിസംബർ 14ന് ഹരിതകേരളം മിഷൻ ആരംഭിച്ച "ഇനി ഞാൻ ഒഴുകട്ടെ " എന്ന നീർച്ചാലുകളുടെ ജനകീയ പുനരുജ്ജീവനം എന്ന ക്യാമ്പയിനിലൂടെയാണ്.ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഏറ്റവും കുറഞ്ഞത് ഒരു തോട് / നീർച്ചാൽ തെരഞ്ഞെടുത്ത് ജനകീയമായി ശുചീകരിച്ച് പുനരുജീവിപ്പിക്കുക എന്ന ലക്ഷ്യം വൻ വിജയമായി മാറി.സർക്കാർ, സർക്കാർ ഇതര വകുപ്പുകൾ, ജപ്രതിനിധികൾ, വിദ്യാർത്ഥികൾ, രാഷ്ട്രീയ യുവജന സാമൂഹിക പ്രസ്ഥാനങ്ങൾ, കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികൾ, എൻ.എസ്.എസ്, എൻ. സി.സി, എസ്.പി.സി, സന്നദ്ധ സംഘടനകൾ, വ്യാപാരി വ്യവസായി സംഘടനകൾ തുടങ്ങി സമൂഹത്തിലെ വിവിധ മേഖലകളിൽ നിന്നുള്ളവരെ അണിനിരത്തുവാൻ കഴിഞ്ഞു.

നീർച്ചാലുകൾ വീണ്ടെടുക്കേണ്ടതിന്റെ അനിവാര്യതയും തുടർ പരിപാലനവും ഞങ്ങളുടേതു കൂടിയായ ഉത്തരവാദിത്തമാണ് എന്ന് വലിയൊരു വിഭാഗം ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ കഴിഞ്ഞു. തോടുകളും നീർച്ചാലുകളും കടന്നുപോകുന്ന വാർഡുകളിൽ പ്രത്യേക സംഘാടക സമിതി രൂപീകരിച്ചാണ് സംരക്ഷണം ഉറപ്പുവരുത്തിയത്.

ജലാശയങ്ങളിലേക്ക് മാലിന്യം തള്ളുന്നത് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ജലാശയങ്ങളുടെ



സ്വാഭാവിക ഒഴുക്ക് നഷ്ടപ്പെട്ടിരുന്നു. ഇതേ തുടർന്ന് നാടിന്റെ പല ഭാഗത്തും വെള്ളക്കെട്ട് രൂക്ഷമായി. പ്രധാനമായും കുട്ടനാട് മേഖലയിലും, കരിപ്പയിൽ ചാൽ എന്നിവിടങ്ങളിൽ കൃഷി നാശം സംഭവിക്കുന്നതിന് കാരണമായി. ഹരിതകേരളം മിഷന്റെ പഠനങ്ങളുടെ ഫലമായി ജലാശയങ്ങളുടെ സ്വാഭാവിക ഒഴുക്ക് സാധ്യമാക്കുക എന്നത് മാത്രമാണ് പരിഹാരം എന്ന് കണ്ടെത്തിക്കൊണ്ട് ജലാശയങ്ങളുടെ പുനരുജ്ജീവനത്തിനായി പ്രവർത്തനങ്ങൾ ആരംഭിച്ചു. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിൽ 700 നീർച്ചാലുകൾക്ക് പുതു ജീവൻ ലഭിച്ചു.

വരണ്ടു പോയതോ ഒഴുക്ക് നഷ്ടപ്പെട്ടതോ ആയ നീർച്ചാലുകൾ വീണ്ടെടുക്കുവാൻ സാധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനം,പ്രാദേശിക ജനങ്ങളുടെ പങ്കാളിത്തം,മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ സഹായത്തോടെ ജലാശയങ്ങളിൽ നിന്നും മാലിന്യം നീക്കം ചെയ്തു, ആഴം കൂട്ടി ഭിത്തികെട്ടി സംരക്ഷിച്ചു പോരുന്നു. ഇതിലൂടെ നദികളുടെ സ്വാഭാവിക ഒഴുക്ക് വീണ്ടെടുത്ത് വെള്ളക്കെട്ടിന് പരിഹാരം കണ്ടെത്തുവാൻ സാധിച്ചു. ഇങ്ങനെ കൃഷി പുനസ്ഥാപിക്കുവാനും കഴിഞ്ഞു.

ഹരിതകേരളം മിഷന്റെ ജല സംരക്ഷണ ഉപമിഷൻ സാങ്കേതിക സമിതി തയ്യാറാക്കിയ നീർത്തട പ്ലാനുകളിൽനിന്ന് ചെറുപദ്ധതികൾ (1 ലക്ഷം മുതൽ 45 ലക്ഷം വരെ ചെലവഴിച്ച് ) പഞ്ചായത്തുകൾ നേരിട്ടും വലിയ പദ്ധതികൾ ജല വിഭവ വകുപ്പിന് ശുപാർശ ചെയ്തും പൊതുജന പങ്കാളിത്തത്തോടെയാണ് (സന്നദ്ധ സേവനം) പദ്ധതികൾ നടപ്പിലാക്കിയത്

## ജലസ്രോതസ്സുകളുടെ അവസ്ഥ പഠനത്തിനായി മാപ്പിംഗ് :

വാർഡ് സഭയിലെ അംഗങ്ങളും പൊതുജനങ്ങളും ചേർന്ന് ജലാശയങ്ങളുടെ തീരത്ത് കൂടി നടന്ന്നേരിട്ട് നിരീക്ഷിക്കുന്ന ജല നടത്തം.

**ജല ശുചീകരണ യജ്ഞം** - ജനപങ്കാളിത്തത്തോടെ മാലിന്യം അടിഞ്ഞുകൂടിയ ജലാശയങ്ങൾ ശുചീകരിക്കുന്ന ക്യാമ്പയിൻ.

**ജല ഗുണനിലവാര പരിശോധനാ ലാബുകൾ -** ഹരിതകേരളം മിഷൻ ജില്ലയിലെ ഹയർ സെക്കന്ററി സ്കൂളുകൾ കേന്ദ്രീകരിച്ച് 28 ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുവരെ 1011 പരിശോധനകളാണ് നടത്തിയത്.

**ജല ബജറ്റ്** - ജില്ലയിൽ ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുത്ത മാവേലിക്കര, രണ്ടാം ഘട്ടത്തിൽ ഭരണിക്കാവ്, തൈക്കാട്ടുശേരി എന്നീ ബ്ലോക്കുകളിലെ 16 പഞ്ചായത്തുകളുടെ പ്രകാശനം പൂർത്തിയായി. മൂന്നാം ഘട്ടമായി ശേഷിക്കുന്ന എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കി വരുകയാണ്.

**ഹരിതകേരളം മിഷന്റെ ഭാഗമായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും വിവിധ വകുപ്പുകളുടെയും സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ ജലസംരക്ഷണ പ്രവർത്തനങ്ങൾ**

| സ്ഥാപിച്ച ഗുണ നിലവാര ലാബുകൾ | നടത്തിയ പരിശോധനകൾ | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ എണ്ണം | പുനരുജ്ജീവിപ്പിച്ച കുളങ്ങൾ എണ്ണം | നിർമിച്ച കുളങ്ങൾ | റീചാർജ് ചെയ്ത കിണറുകൾ | നിർമിച്ച കിണറുകൾ | നിർമിച്ച തടയണകൾ | |
|---|---|---|---|---|---|---|---|---|
| എണ്ണം | എണ്ണം | നീളം (കി.മി) | എണ്ണം | എണ്ണം | എണ്ണം | എണ്ണം | സ്ഥിരം | താൽക്കാലികം |
| 28 | 1011 | 5546.77 | 629 | 219 | 1754 | 899 | 18 | 3800 |

## വെട്ടത്തേരി ചെണ്ടക്കേരി വെള്ളക്കെട്ട് നിവാരണ പദ്ധതി

ആലപ്പുഴ ജില്ലയിലെ മാവേലിക്കര ബ്ലോക്കിൽ ചെന്നിത്തല തൃപ്പെരുംന്തറ പഞ്ചായത്തിലെ പതിനെട്ടാം വാർഡിൽ വെള്ളക്കെട്ട് നിവാരണ പദ്ധതി നടപ്പിലാക്കിയത് വഴി പ്രദേശത്തിന്റെ മുഖച്ഛായ തന്നെ മാറ്റുകയുണ്ടായി.250 ഹെക്ടർ വിസ്തൃതിയിലുള്ള പ്രദേശത്ത് നബാർഡിന്റെ സഹായത്താൽ 950400/- രൂപ ചിലവഴിച്ച് അടിസ്ഥാനവികസന തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഈ പദ്ധതി സാധിച്ചു. അതുപോലെ കാർഷിക മേഖലയുടെ കാതലായ ഫലഭൂയിഷ്ഠമായ മണ്ണിനെ സംരക്ഷിച്ചത് എടുത്തു പറയേണ്ടതു തന്നെയാണ്. മഴവെള്ളത്തെ മണ്ണിൽ തന്നെ സംരക്ഷിക്കുന്നതിനും വെള്ളപ്പൊക്കം, മണ്ണൊലിപ്പ് എന്നിവ തടഞ്ഞ് മണ്ണിനെ സംരക്ഷിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് ഈ നിവാരണ പദ്ധതി മൂലം സാധ്യമായത്.

ഹരിതകേരളം മിഷന്റെ സാങ്കേതിക സമിതി തയ്യാറാക്കിയ നീർത്തട മാസ്റ്റർ പ്ലാനിലൂടെയാണ് ഈ പ്രവൃത്തി മുൻഗണന നൽകി നടപ്പാക്കിയത്.

## പോളശല്യം

ബ്രീട്ടീഷ് ഭരണകാലത്ത് ബംഗാളിലെ ബൊട്ടാണിക്കൽ ഗാർഡനിൽ അലങ്കാര ചെടിയായി കൊണ്ടുവന്ന ഒരു ജലസസ്യം ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലെയും ജലസ്രോതസ്സുകളിലെ തീരാദുരിതമായി മാറിയ ചരിത്രമാണ് കുളവാഴയെന്നും പോളയെന്നുമുള്ള പേരുകളിൽ അറിയപ്പെടുന്ന ചെടിയുടേത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനം ഇന്ത്യയിലെത്തിയ ഈ ജലസസ്യം ഇരുപതാം നൂറ്റാണ്ടിന്റെ അവസാനമാകുമ്പോഴേയ്ക്കും രാജ്യം മുഴുവൻ വ്യാപിക്കുന്ന സ്ഥിതിയിലേയ്ക്ക് മാറി പുഴകളും കുളങ്ങളും കായലുകളും നിറഞ്ഞ കേരളത്തിൽ ഇത് അതിവേഗം പടർന്നു പിടിച്ചതിൽ അത്ഭുതമില്ല.



കുട്ടനാട് ഉൾപ്പടെയുള്ള പ്രദേശങ്ങളിൽ പാടങ്ങളിലേയ്ക്കും ഇവ കടന്നുകയറി വളരുന്നതിനാൽ കൃഷിച്ചെലവ് വലിയതോതിൽ വർദ്ധിക്കുന്നതിന് കാരണമായി. മത്സ്യബന്ധനത്തിലും തടസ്സം സൃഷ്ടിച്ചതോടെ ഇത് ഉപജീവന മാർഗ്ഗത്തിന് ഭീഷണിയായി.എല്ലാ വർഷവും ഇവ നീക്കം ചെയ്യുന്നതിന് ചിലവഴിക്കുന്ന തുകയുടെ അളവ്കുറയ്ക്കുന്നതിനും, ഇവ സംസ്കരിക്കുന്നതിൽ നിന്നുളവാകുന്ന പാരിസ്ഥിതികപ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും ജലസ്രോതസ്സുകളെ ആശ്രയിച്ച് ജീവിക്കുന്ന ജനവിഭാഗങ്ങളുടെ ജീവനോപാദികൾ വീണ്ടെടുക്കുന്നതിനും ടി മേഖലയിൽ പുതിയ തൊഴിലുകൾ സൃഷ്ടിക്കുന്നതിനും കൃഷി, ജലസംരക്ഷണം എന്നിവയിൽ പുതിയ സാധ്യതകൾ തുറക്കുന്നതിനും കുളവാഴയിൽ നിന്നും ബദൽ ഉത്പന്നങ്ങൾ കണ്ടെത്തുക മാത്രമാണ് പോംവഴി. ഇതിനായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് പണചിലവില്ലാതെ സ്വകാര്യ സംരംഭകരുമായി ചേർന്നും തൊഴിലുറപ്പ് പദ്ധതിയേയും വിവിധ വകുപ്പുകളേയും എങ്ങനെ സംയോജിപ്പിച്ചും പതിറ്റാണ്ടുകളായി പേറുന്ന തീരാശാപത്തെ എങ്ങനെ അനുഗ്രഹമാക്കി മാറ്റാമെന്നുമുള്ള ഒരു നൂതന ആശയവുമായി കേരളത്തിലാദ്യമായി ആലപ്പുഴജില്ല മുന്നിട്ടിറങ്ങി. കുളവാഴയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന മധുര ആസ്ഥാനമായി പ്രവർത്തിക്കുന്ന റോപ്പ് എന്റർപ്രൈസസ് എന്ന കമ്പനിയുമായി വിഷയം ചർച്ചചെയ്തു.

ആലപ്പുഴ നഗരസഭയിലെ വാർഡുകളായ മന്നത്ത്, പവർഹൗസ്, കളപ്പുര, ആശ്രമം എന്നിവടങ്ങളിൽ നിന്നും തെരഞ്ഞെടുത്ത തൊഴിലാളികൾക്ക് റോപ്പ് എന്റർപ്രൈസസ് മാനേജിംഗ് ഡയറക്ടർ ശ്രീജിത്ത്, ശാസ്ത എന്നിവർ വിഷയാടിസ്ഥാനത്തിൽ പരിശീലനം നൽകുകയും പോളയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുകയും ചെയ്തു. തുടർന്ന് കുളവാഴ ശേഖരിക്കുന്നതിന് പരിശീലനം നൽകുകയും സംശയ നിവാരണം നടത്തുകയും ചെയ്തു.

ആറാട്ടുവഴി പാലത്തിനു സമീപം എ. എസ് കനാലിൽ നിന്ന് കുളവാഴ ശേഖരിച്ചുകൊണ്ട് നഗരസഭാചെയർപേഴ്സൺ സൗമ്യാരാജ് പദ്ധതി ഉദ്ഘാടനം ചെയ്തു. കനാലിൽ നിന്നും ശേഖരിച്ച കുളവാഴയുടെ തണ്ടുകൾ മുറിച്ചെടുത്ത ശേഷം മിച്ചം വരുന്നഭാഗം കനാലിന്റെ ഇരുവശവും നട്ടിരിക്കുന്ന കുറ്റിമുല്ല തൈകൾക്ക് വളമായി ഉപയോഗപ്പെടുത്തി. അൻപത് മുതൽ അറുപത് ശതമാനം വരെ ഉണങ്ങിയ കുളവാഴ തണ്ടുകളാണ് ഉല്പന്ന നിർമ്മിതിയ്ക്ക് ഉപയോഗിക്കുന്നത്. ആലപ്പുഴ നഗരസഭയിൽ നിന്നുള്ള ആദ്യലോഡ് മധുരയ്ക്ക് കയറ്റി അയിച്ചു. ഇതോടെ ഏറെക്കാലമായി കുളവാഴ സൃഷ്ടിച്ചിരുന്ന പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കുവാൻ സാധ്യമായി.

## ജില്ലയിൽ ശ്രദ്ധേയമായ നീർച്ചാൽ പുനരുജ്ജീവന പ്രവർത്തനങ്ങൾ

### കുട്ടമ്പേരൂർ ആറ് പുനരുജ്ജീവനം

മാന്നാർ, ബുധനൂർ, പാണ്ടനാട്, എണ്ണക്കാട് എന്നീ സ്ഥലങ്ങളുടെ ഒഴുകി പരുമലയിൽ വച്ച് പമ്പയിൽ ചേരുന്ന അച്ചൻകോവിലാറിന്റെ ഭാഗമാണ് കുട്ടമ്പേരൂർ ആറ്. വാണിജ്യത്തിനും സമീപവാസികളുടെ ദൈനംദിന ആവശ്യങ്ങൾക്കും അമ്പലങ്ങളിലെ ആറാട്ട് മഹോത്സവങ്ങൾക്കും ഉപയോഗിച്ചുവരുന്ന ഈ ആറിൽ വർദ്ധിച്ചുവരുന്ന മാലിന്യവും അശാസ്ത്രീയമായ നഗരവൽക്കരണവും കാരണം 100 അടിയോളം വീതിയുള്ള ആറ് ചിലയിടങ്ങളിൽ 15 അടിയോളം വീതിയായി ഇടുങ്ങിയ അവസ്ഥയിൽ പരിണമിച്ചിരുന്നു.കുട്ടംപേരൂർ ആറ് പുനരുജ്ജീവിപ്പിച്ചതിലൂടെ ആയിരക്കണക്കിന് തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനും ഒരു സംസ്കാരത്തിന്റെ തന്നെ പുനരുജ്ജീവനം സഫലമാക്കുവാനും സാധിച്ചു.

ആലപ്പുഴ ജില്ലയിലെ ബുധനൂർ, ചെന്നിത്തല എന്നീ ഗ്രാമപഞ്ചായത്തുകളിലൂടെ ഒഴുകുന്ന കുട്ടമ്പേരൂർ ആറിന്റെ ആകെ നീളം 7.20 കിലോമീറ്ററും നിലവിലുള്ള വീതി 18 മീറ്റർ മുതൽ 60 മീറ്റർ വരെയുമാണ്. 50 മുതൽ 110 മീറ്റർ വരെ വീതിയുണ്ടായിരുന്ന ആറാണ് ശോഷിച്ച ഈ നിലയിൽ ആയത്. പമ്പ, അച്ചൻകോവിൽ എന്നീ നദികളെ തമ്മിൽ ബന്ധിപ്പിക്കുന്നകുട്ടമ്പേരൂർ പുഴ വെള്ളപ്പൊക്ക സമയത്ത് ഇരുനദികളിലെയും അധിക ജലത്തെ ഉൾക്കൊണ്ട് സമീപപ്രദേശങ്ങളെ പ്രളയത്തിൽ നിന്നും സംരക്ഷിക്കുന്നതിന് പ്രധാന പങ്കുവഹിച്ചിരുന്നു.

അശാസ്ത്രീയമായി നിർമ്മിച്ച പാലങ്ങൾ നദിയുടെ ഒഴുക്കിനെ ഗണ്യമായി തടസ്സപ്പെടുത്തി. അനിയന്ത്രിതവും നിയമവിരുദ്ധവുമായ മണൽ ഖനനവും ഇഷ്ടിക നിർമ്മാണത്തിനുള്ള ചെളി എടുക്കലും ഇതിന്റെ നാശത്തിന് ആക്കം കൂട്ടി. കൃഷിയിടങ്ങളിൽ നിന്നും ഓടകളിൽ നിന്നുമുള്ള മലിനജലം കൂടാതെ സമീപമുള്ള ഹോട്ടലുകളിലും സമീപവാസികളുടെ മാലിന്യ നിക്ഷേപവും നദിയെ കുപ്പത്തൊട്ടിയാക്കി മാറ്റി.

ബുധനൂർ പഞ്ചായത്തിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ വിജയഗാഥ കൂടിയാണ് കുട്ടമ്പേരൂർ ആറിന്റെ പുനരുജീവനം.700 ലേറെ തൊഴിലാളികളുടെ 40 ദിവസത്തെ കഠിനാധ്വാനത്തിലൂടെ പായലും പോളയും മറ്റു മാലിന്യങ്ങളും നീക്കി നീരൊഴുക്ക് സാധ്യമാക്കിയത്. ഏകദേശം 5 കിലോമീറ്റർ ചുറ്റളവിൽ ഉള്ള കുളങ്ങളിലെയും കിണറുകളിലെയും ജലവും ഇതുമൂലം ശുദ്ധജലമായി. കുടിവെള്ളം ഒഴികെയുള്ള ആവശ്യങ്ങൾക്ക് ജനങ്ങൾ ഇന്ന് പുഴയെ ആശ്രയിച്ചു തുടങ്ങിയിരിക്കുന്നു. ബുധനൂർ പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ,പൊതുജനങ്ങൾ തുടങ്ങിയവരുടെ കൂട്ടായ പ്രവർത്തനമാണ് കുട്ടമ്പേരൂർ ആറിന് പുനർജന്മമേകിയത്.

**മുതലപ്പൊഴി പുനരുജ്ജീവനം**

ആലപ്പുഴ നഗരസഭയിലെ ജനസാന്ദ്രതയേറിയ മൂന്നു വാർഡുകളായ മംഗലം,കാഞ്ഞിരം ചിറ, വാടക്കനാൽ വഴി ഒഴുകുന്ന മുതലപ്പൊഴി തോട് ഖരമാലിന്യ നിക്ഷേപത്തിന്റെയും കൈയേറ്റത്തിന്റെയും അവഗണനയുടെയും ഫലമായി ഭീതിദമായ അവസ്ഥയിലായിരുന്നു. ജലസേചന വകുപ്പ് മുഖേന നടത്തിയ മുതലപ്പൊഴി പുനരുജീവന പ്രവർത്തനങ്ങൾക്കായി കടന്നുപോകുന്ന വാർഡുകളിലെ കൗൺസിലർമാരുടെ നേതൃത്വത്തിൽ ഹരിത കർമ്മ സേന സേനാംഗങ്ങൾ, കുടുംബശ്രീ പ്രവർത്തകർ, സ്വയം സഹായക സംഘങ്ങൾ, കലാസാംസ്കാരിക സംഘടനകൾ, ഗ്രന്ഥശാല പ്രവർത്തകർ തുടങ്ങിയവർ ഉൾപ്പെട്ട സാനിറ്റേഷൻ കമ്മിറ്റി രൂപീകരിച്ചു.

ശുചീകരണ പ്രവർത്തനങ്ങളുടെ ആദ്യഘട്ടം എന്ന നിലയിൽ സാനിറ്റേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ വാർഡുകളിൽ നിന്നും അജൈവമാലിന്യ ശേഖരണം നടത്തി. ഈ പരിപാടി ധനകാര്യ വകുപ്പ് മന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഉദ്ഘാടനം ചെയ്തു.മുതലപ്പൊഴി ശുചീകരണ യജ്ഞം, ഭൂപട നിർമ്മാണം, സാനിറ്റേഷൻ കമ്മിറ്റികളുടെ രൂപീകരണം, ജൈവ-അജൈവ-സെപ്റ്റേജ് മാലിന്യ സംസ്കരണം എന്നിവയായിരുന്നു പുനരുജ്ജീവന പദ്ധതിയുടെ കർമ്മപരിപാടികൾ. ഒത്തൊരുമയുടെയും കൂട്ടായ പ്രവർത്തനങ്ങളുടെയും ഫലമായി മുതലപ്പൊഴി ഇന്ന് തെളിഞ്ഞൊഴുകുന്നത് മനസ്സിന് കുളിർമ നൽകുന്ന ഒരു കാഴ്ച്ചയാണ്.

**ചാത്തനാട് കനാൽ പുനരുജ്ജീവനം**

ആലപ്പുഴ നഗരത്തിലെ ഖര മാലിന്യ സംഭരണ കേന്ദ്രമായി മാറിയ ചാത്തനാട് കനാൽ ശുചീകരണത്തിന് ഹരിതകേരളം മിഷൻ പ്രഥമ പരിഗണനയാണ് നൽകിയത്. നഗരത്തിലെ പ്രധാന കനാലായ വാടക്കനാൽ ശുചീകരണം ഫലപ്രാപ്തിയിൽ എത്തണമെങ്കിൽ കൈവഴിയായ ചാത്തനാട് കനാൽ ശുചീകരിച്ചുകൊണ്ട് മാത്രമേ സാധ്യമാകൂ എന്ന് തിരിച്ചറിവിലാണ് ചാത്തനാട് കനാൽ ശുചീകരണത്തിന് പ്രത്യേക പരിഗണന നൽകി ഹരിതകേരളം മിഷൻ ഏറ്റെടുത്തത്. ശുചീകരണത്തിന് മുന്നോടിയായി കനാലിന് സമീപം താമസിക്കുന്ന ജനങ്ങൾക്കിടയിൽ സാമൂഹ്യ സാമ്പത്തിക സർവ്വേ നടത്തുകയും ജനകീയ പങ്കാളിത്തത്തോടെയുള്ള ശുചീകരണത്തിലൂടെയും നിരന്തരമായ ബോധവൽക്കരണത്തിലൂടെയും മാത്രമേ കനാൽ ശുചീകരണം പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ എന്ന് ബോധ്യപ്പെടുകയും ചെയ്തു. നിരന്തരമായ ശ്രമത്തിന്റെ ഫലമായി "കാൻ ആലപ്പി" ക്യാമ്പയിനിലൂടെ ആരോഗ്യവകുപ്പ്, ആലപ്പുഴ നഗരസഭ, പോലീസ്,കയർഫെഡ്, മുംബൈ ഐ.ഐ.ടി വിദ്യാർത്ഥികൾ, അധ്യാപകർ,സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ യുവജന പ്രസ്ഥാനങ്ങൾ എന്നിവർ ചേർന്ന് 2019 ജനുവരി 26ന് ചാത്തനാട് കനാൽ ശുചീകരിച്ചു. 160 സന്നദ്ധ പ്രവർത്തകർ

കനാൽ ശുചീകരണത്തിൽ പങ്കാളികളായി പ്രദേശത്തെ കലാകാരന്മാർ കനാലിന്റെ വശങ്ങളിലും മതിലുകളിലും ചിത്രം വരച്ചും ജലസംരക്ഷണ സന്ദേശങ്ങൾ എഴുതിയും അലങ്കരിച്ചു. ഈ പ്രവർത്തനങ്ങൾ പ്രദേശവാസികൾക്ക് പ്രചോദനമാവുകയും കനാൽ മലിനമാകാതെ നോക്കേണ്ടത് തങ്ങളുടെ കൂടെ കടമയാണെന്ന് അവർക്ക് ബോധ്യമാവുകയും ചെയ്തു.

**കരിപ്പയിൽ ചാൽ പുനരുദ്ധാരണം**

അമൂല്യമായ ജലത്തിന് അതിന്റെ എല്ലാ സവിശേഷതകളോടും കൂടി വരും തലമുറയ്ക്ക് കൈമാറാൻ കഴിഞ്ഞ മിഷന്റെ ലക്ഷ്യമാണ് ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ബ്ലോക്കിലെ കരിപ്പയിൽ ചാലിന്റെ പുനരുദ്ധാരണം. കഞ്ഞിക്കുഴി,ചേർത്തല, കടക്കരപ്പള്ളി എന്നിപഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ട് ആണ് നടപ്പിലാക്കിയത്. ചേർത്തല തെക്ക്, കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തുകളിലൂടെ ഒഴുകുന്ന



ചെറുപുഴയാണ് കരിപ്പയിൽ ചാൽ. അരനൂറ്റാണ്ടിൽ ഏറെയായി കൈയ്യേറിയും, തീരം നികത്തിയും മാലിന്യങ്ങൾ അടിഞ്ഞുകൂടിയും പുഴയുടെ സ്വഭാവിക നീരൊഴുക്ക് നിലച്ച അവസ്ഥയിലായിരുന്നു. അടിക്കടി വെള്ളക്കെട്ട് ഉണ്ടാക്കുന്നത് മൂലം കൃഷിനാശവും സമീപമുള്ള വീടുകളിൽ വെള്ളം കയറുന്ന അവസ്ഥയും നിലനിന്നിരുന്നു. ഇതിന്റെ ഫലമായി പല ആളുകളും കൃഷിസ്ഥലങ്ങളും, വീടുകളും ഉപേക്ഷിച്ച് പോകുന്ന അവസ്ഥകൾ ഉണ്ടായിരുന്നു. ഹരിത കേരള മിഷന്റെ സജീവമായ ഇടപെടലുകളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും സജീവ പങ്കാളിത്തത്തോടെ ഈ ചെറുപുഴ പുനരുജ്ജീവിപ്പിക്കാൻ സാധിച്ചു. തൊഴിലുറപ്പ് പദ്ധതിയിലൂടെ ശുദ്ധജല ലഭ്യതയ്ക്കും നീരൊഴുക്കിനും അഞ്ച് പുതിയ കുളങ്ങൾ നിർമ്മിച്ചു.

**അരീത്തോട്പുനരുജ്ജീവനം**

തലവടി ഗ്രാമപഞ്ചായത്തിലെ നാല് വാർഡുകളിലൂടെ കടന്നുപോകുന്ന തോടാണ് അരീത്തോട്. വർഷങ്ങളായി മാലിന്യം അടിഞ്ഞുകൂടി ഒഴുക്കു നിലച്ച അവസ്ഥയായിരുന്നു. എറണാകുളം ആലപ്പുഴ ചെങ്ങന്നൂർ ഭാഗങ്ങളിലേക്ക് ബോട്ട് സർവ്വീസ് മുൻപ് ഇതിലൂടെ ഉണ്ടായിരുന്നു. മാലിന്യങ്ങൾ അടിഞ്ഞുകൂടിയത് മൂലം ചെറുവള്ളങ്ങൾക്ക് പോലും കടന്നു പോകാൻ കഴിയാത്ത അവസ്ഥ നേരിട്ടു.2023 ൽ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് ഗ്രാമപഞ്ചായത്ത് എന്നിവയുടെ നേതൃത്വത്തിൽ അരീത്തോട് മെഗാ ക്ലീനിങ് നടത്തി. അരീത്തോടിന്റെ വൃത്തിയാക്കൽ നടന്നതോടെ 2018,2019 വർഷങ്ങളിലെ വെള്ളപ്പൊക്കം പഞ്ചായത്തിനെ വലിയ രീതിയിൽ ബാധിച്ചിട്ടില്ല.

### ചാച്ചിത്തോട് ക്ലീൻ ക്യാമ്പയിൻ

2020-ൽ പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ ചാച്ചിത്തോട് പ്രദേശത്ത് വെള്ളക്കെട്ടും മാലിന്യക്കെട്ടും കൊതുക് വ്യാപനവും മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ കുറയ്ക്കുന്നതിനായി ഹരിതകേരളം മിഷൻ, പട്ടണക്കാട് ഗ്രാമപഞ്ചായത്ത്, ഹരിതകർമസേന, കുടുംബശ്രീ യൂണിറ്റുകൾ, പ്രാദേശിക നിവാസികൾ എന്നിവരുടെ സഹകരണത്തോടെ ശുചീകരണ ക്യാമ്പയിൻ നടത്തി. ക്യാമ്പയിനിലൂടെ തോട്



വൃത്തിയാക്കൽ, മാലിന്യ ശേഖരണം, കൊതുക് നശീകരണ സ്പ്രേ, വീടുകളിലെ മാലിന്യം വേർതിരിക്കൽ ബോധവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പാക്കി. ഇതിന്റെ ഫലമായി വെള്ളത്തിന്റെ ഒഴുക്ക് മെച്ചപ്പെട്ടു, കൊതുക് ശല്യം കുറയുകയും പ്രദേശത്തിന്റെ ശുചിത്വവും ഭംഗിയും കൂട്ടുകയും ചെയ്തു. ജനപങ്കാളിത്തം ക്യാമ്പയിന്റെ പ്രധാന വിജയകാരണമായി മാറി.

### ജനകീയ പങ്കാളിത്തത്തോടെ കാപ്പിത്തോട് ചന്തിരൂർ തോട് ശുചീകരണം

ജനകീയ സഹകരണത്തോടെ കാപ്പിത്തോട്,ചന്തിരൂർ എന്നീ തോടുകൾ മാലിന്യ മുക്തമാക്കുന്നതിന് ജില്ലാതല പരിശീലനം ധനകാര്യ മന്ത്രി ഡോക്ടർ തോമസ് ഐസക്ക് ഉദ്ഘാടനം ചെയ്തു.പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് എം.ജി.എൻ.ആർ.ജി.എസിൽ ഉൾപ്പെടുത്തി പതിനൊന്നാം വാർഡിലെ "കാപ്പിത്തോട് ആഴം കൂടി മോടി പിടിപ്പിക്കൽ" എന്ന പ്രവൃത്തി നടപ്പിലാക്കി. വർഷങ്ങളോളം മാലിന്യ കൂമ്പരമായി കിടന്നിരുന്ന കാപ്പിത്തോട് പുനരുദ്ധരിക്കുകയും ആഴം കൂട്ടി മോടി പിടിപ്പിക്കുകയും നീരൊഴുക്ക് വർദ്ധിപ്പിക്കുകയും ചെയ്തു.നീർച്ചാലിലേക്ക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് മൂലം ഉണ്ടാകുന്ന ഭവിഷ്യത്തുകളെ കുറിച്ച് പരിസരവാസികൾക്ക് ബോധവൽക്കരണം നടത്തി. ഏകദേശം 2100 മീറ്ററോളം നീളം വരുന്ന കാപ്പിത്തോടിന്റെ 450 മീറ്റർ ആഴം കൂട്ടി മോടി പിടിപ്പിച്ചു.985 തൊഴിൽ ദിനങ്ങൾ ഈ പ്രവർത്തിയിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

### വരട്ടാർ പുനരുജ്ജീവനം

ആലപ്പുഴ ജില്ലയിലെ ഇടനാടിനെ വലം വെച്ചൊഴുകുന്ന നാല് കിലോമീറ്റർ നീളമുള്ള ആദി പമ്പയുടെ പോഷക നദിയാണ് പുതുകുളങ്ങരയിൽ നിന്നും ഒഴുകുന്ന വരട്ടാർ. ഒരുകാലത്ത് സുഗമമായ ജലപാതയായിരുന്നു വരട്ടാർ സ്വാഭാവികമായ കാരണങ്ങളാലും മനുഷ്യന്റെ കടന്നുകയറ്റത്തിന് ഭാഗമായും ക്രമേണ ഇല്ലാതാവുകയായിരുന്നു. ജലസ്രോതസ്സുകളുടെ സംഭരണശേഷി കുറഞ്ഞത് മൂലം 500 ഹെക്ടറോളം കൃഷി നശിക്കുകയും ആയിരക്കണക്കിന് ആളുകളുടെ ശുദ്ധജലസ്രോതസ്സ് നഷ്ടമാവുകയും ചെയ്തു.

വരട്ടാറിനെ പുനരുജീവിപ്പിക്കുന്നതിനുള്ള ആദ്യ ശ്രമം തുടങ്ങിയത് 2002ൽ രൂപീകരിച്ച നിയമസഭ കമ്മിറ്റിയാണ്. 2017 -18ലാണ് ഹരിതകേരളം മിഷൻ ഇടപെടലിന്റെ ഭാഗമായി ധനകാര്യ മന്ത്രി ഡോ. തോമസ് ഐസക്ക്, മിഷൻ ഉപാധ്യക്ഷ ഡോ.ടി.എൻ സീമ,ആറന്മുള എം.എൽ.എ വീണ ജോർജ്, മിഷൻ സാങ്കേതിക ഉപദേഷ്ടാവായ അജയകുമാർ വർമ്മ തുടങ്ങിയവരും പഞ്ചായത്ത് ഭാരവാഹികളും വരട്ടാർ സന്ദർശിക്കുകയും തുടർന്ന് ഉന്നതതലയോഗം ചേർന്ന് നദി പുനരുജീവനത്തിന് തീരുമാനിക്കുകയും ചെയ്തു.




“വരട്ടെ ആർ” എന്ന കൗതുക ഉണർത്തുന്ന പേരു നൽകി ഡോ. തോമസ് ഐസക്ക് ഇതിനു പുത്തൻ ഉണർവേകി. സമൂഹ മാധ്യമങ്ങളിലൂടെ പരിപാടിക്ക് വലിയ ജനകീയ പിന്തുണ ലഭിച്ചു. തദ്ദേശസ്ഥാപനതലത്തിൽ പുനരുജ്ജീവന കൺവെൻഷനുകൾ, പുനരുജ്ജീവന വിളംബര ജാഥ, പുഴ നടത്തം,നാട്ടുകൂട്ടങ്ങൾ, കുട്ടികളുടെ പുഴ വീണ്ടെടുക്കൽ പഠനം തുടങ്ങി നിരവധി ക്യാമ്പയിനുകൾ ഇതോടൊപ്പം നടത്തി.

നദികളുടെ ആരംഭത്തിൽ തന്നെ സ്വാഭാവിക ഒഴുക്കിന് തടസ്സം സൃഷ്ടിച്ച നിർമ്മിച്ച ചപ്പാത്തുകൾ നീക്കം ചെയ്തു വരട്ടാറിന് തീരം മനോഹരം ആകുന്ന പ്രവർത്തനങ്ങളും നടത്തി. റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ ഭൂമി അളന്ന് കല്ലിടുകയും 14 കിലോമീറ്റർ നീളത്തിൽ വർഷങ്ങളായി പലരും കൈവശം വെച്ചിരുന്ന ഭൂമി തിരികെ പിടിക്കുകയും ചെയ്തു.

വരട്ടാറിന്റെയും ആദി പമ്പയുടെയും നീരൊഴുക്ക് സുസ്ഥിരമാകണമെങ്കിൽ പുഴയിലേക്ക് എത്തിച്ചേരുന്ന തോടുകൾ, കുളങ്ങൾ,കിണറുകൾ തുടങ്ങി സകല ജലസ്രോതസ്സുകളും പുനരുജ്ജീവിപ്പിക്കണം. ഹരിതകേരളം മിഷന്റെയും, ഭൂജല വകുപ്പിന്റെയും നേതൃത്വത്തിൽ നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കി. മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ, ജലസംരക്ഷണ പ്രവർത്തനങ്ങൾ, മരം നട്ടുപിടിപ്പിക്കൽ തുടങ്ങിയവ പ്രാവർത്തികമാക്കുന്നതിന് വിവിധ തരത്തിലുള്ള ക്യാമ്പയിൻ പ്ലാൻ ആണ് തയ്യാറാക്കിയത്. ഈ പ്രവർത്തനങ്ങളുടെ ഫലമായി 2017 ജൂണിൽ പമ്പയിൽ നിന്നും വരട്ടാറിലേക്ക് വെള്ളം ഇരച്ചു കയറി.2018ലെ പ്രളയകാലത്ത് പാണ്ടനാട് പ്രദേശത്ത് 45 സെൻറീമീറ്റർ മുതൽ 50 സെൻറീമീറ്റർ വരെ അധികമായി ജലനിരപ്പ് ഉയരാൻ കാരണമായിരുന്ന പ്രളയജലത്തെ വരട്ടാർ വഴി തിരിച്ചുവിട്ടു.

ജാതിമത രാഷ്ട്ര രാഷ്ട്രീയ ഭേദമന്യേ ജനങ്ങൾ കൈകോർത്തപ്പോൾ തിരികെ ലഭിച്ചത് മരണപ്പെട്ടുപോയ രണ്ട് നദികളാണ് കേരളത്തിന്റെ ഒരു കോണിൽ നടന്ന ഈ പ്രവർത്തനം ലോകത്തിന് തന്നെ മാതൃകയാണ്.

## കൃഷി - മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ

ജൈവകൃഷിക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള കൃഷി വികസനത്തിലൂടെ സുരക്ഷിത ഭക്ഷണം സ്വയം പര്യാപ്തമായ രീതിയിൽ ഉത്പാദിപ്പിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾക്കായാണ് ഹരിതകേരളം മിഷന്റെ കൃഷി ഉപമിഷൻരൂപീകരിച്ചിട്ടുള്ളത്.നെൽകൃഷി വ്യാപ്തി വ്യാപിപ്പിക്കൽ, തരിശ് രഹിത ഗ്രാമങ്ങൾ സൃഷ്ടിക്കൽ, എല്ലാ വീടുകളിലും ഒരിനം പച്ചക്കറി എങ്കിലും കൃഷി ചെയ്യിപ്പിച്ച് ഹരിതസമൃദ്ധി വാർഡുകൾ സൃഷ്ടിക്കൽ,സഹകരണ മേഖലയുമായി സംയോജിപ്പിച്ചുള്ള കൃഷി വ്യാപനം വ്യാവസായിക സ്ഥാപനങ്ങൾ ആരാധനാലയങ്ങൾ എന്നിവയുമായി സഹകരിച്ച് കൃഷി വ്യാപിപ്പിക്കൽ തുടങ്ങിയ ഒട്ടേറെ പ്രവർത്തനങ്ങളാണ് നിലവിൽ നടന്നു വരുന്നത്.കോവിഡ് കാലത്ത് ഭക്ഷ്യ സ്വയംപര്യാപ്തത ഉറപ്പാക്കാൻ കണ്ടല്ലൂർ പഞ്ചായത്തിൽ ആരംഭിച്ച പ്രധാന പദ്ധതിയായിരുന്നു കരനെൽ കൃഷി. കൃഷി ഭവൻ, കേരള ഗ്രാമീൺ ബാങ്ക് എന്നിവയുടെ സഹായത്തോടു കൂടി ഹരിതകേരളം മിഷൻ നടപ്പിലാക്കിയ മികച്ച പ്രവർത്തങ്ങളിൽ ഒന്നായിരുന്നു ഇത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കൃഷിവകുപ്പിന്റെ സഹായത്തോടെ ഈ മേഖലയിൽ മികച്ച മാറ്റങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഭരണിക്കാവ് ബ്ലോക്കിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിലെ 3,8,9 എന്നീ വാർഡുകൾ ഹരിത സമൃദ്ധി വാർഡുകളായി പ്രഖ്യാപിച്ചത് ഇതിനൊരു മികച്ച ഉദാഹരണമാണ്.

ഹരിതകേരളം മിഷൻ ഏറ്റെടുത്തിട്ടുള്ള മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി എന്നീ മൂന്നു മേഖലകളെയും പ്രതിനിധാനം ചെയ്യുന്ന തീർത്തും നവീനമായ ഒരു കാഴ്ചപ്പാടാണ് പച്ചത്തുരുത്തുകൾ. ആഗോളതാപന പ്രതിഭാസത്തിന്റെ സ്വാധീനത്തെ ചെറുക്കാൻ കഴിയുന്ന ഒരു പ്രായോഗിക ഇടപെടൽ ആയാണ് പച്ചത്തുരുത്തിനെ ഹരിതകേരളം മിഷൻ വീക്ഷിക്കുന്നത്. മരങ്ങൾ നടുക എന്നതിലുപരി നമ്മുടെ പ്രാദേശിക ജൈവവൈവിധ്യത്തെ അതിന്റെ പൂർണ്ണതയിൽ സ്ഥിരമായി നിലനിർത്താൻ പച്ചത്തുരുത്തുകൾക്ക് കഴിയും.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ പരമാവധി പ്രയോജനപ്പെടുത്തിയാണ് പച്ചത്തുരുത്തുകൾ സ്ഥാപിച്ചത്. വെള്ളക്കെട്ടുകളും വെള്ളപ്പൊക്കഭീഷണിയും പച്ചത്തുരുത്തുകളുടെ



പരിപാലനത്തെ പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ്. എന്നിരുന്നാലും ജില്ലയിൽ ഹരിതകേരളം മിഷൻ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സാമൂഹിക വനവത്കരണ വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ ആഭിമുഖ്യത്തിൽ 31.82 ഏക്കർ വിസ്തൃതിയിൽ 158 പച്ചത്തുരുത്തുകൾ ജില്ലയിൽ സ്ഥാപിച്ചിട്ടുണ്ട്. ക്ഷേത്രഭൂമികൾ കൃഷിയോഗ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷൻ തിരുവിതാംകൂർ ദേവസ്വം ബോർഡുമായി ചേർന്ന് വിഭാവനം ചെയ്ത പദ്ധതിയാണ് ദേവഹരിതം. ഭക്ഷ്യഭദ്രതയ്ക്കും സുരക്ഷിത ഭക്ഷണത്തിനും കോവിഡ് അതിജീവനത്തിനും ജില്ലയിൽ ഈ പദ്ധതി ഏറ്റവും വിജയകരമായി നടപ്പിലാക്കിയത് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള മേജർ പത്തിയൂർ ശ്രീ മഹാ ദുർഗ്ഗാ ക്ഷേത്രത്തിലാണ്.ജില്ലയിൽ 12 ദേവാലയങ്ങളിൽ ദേവഹരിതം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

നെറ്റ് സീറോ കാർബൺ കേരളം എന്ന ലക്ഷ്യത്തിലേക്കുള്ള ചെറു തുടക്കമായി ഹരിതകേരളം മിഷന്റെ ഈ ഉദ്യമത്തെ കാണാവുന്നതാണ്. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ വഴി ബിഷപ്പ് മൂർ കോളേജ് മാവേലിക്കര കാർബൺ നെഗറ്റീവ് സ്റ്റാറ്റസ് കൈവരിച്ചത് ജില്ലയുടെ ഒരു പ്രധാന നേട്ടങ്ങളിൽ ഒന്നാണ്.

ഹരിത കലാലയമായി തെരഞ്ഞെടുത്ത ശ്രീബുദ്ധ എഞ്ചിനീയറിംഗ് കോളേജ് കാർബൺ നെഗറ്റീവ് സ്റ്റാറ്റസ് കൈവരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കി വരുന്നു.

നെൽകൃഷി വ്യാപ്തി വ്യാപിപ്പിക്കൽ, തരിശ് രഹിത ഗ്രാമങ്ങൾ സൃഷ്ടിക്കൽ, എല്ലാ വീടുകളിലും പച്ചക്കറി കൃഷി ചെയ്യിപ്പിച്ച് ഹരിതസമൃദ്ധി വാർഡുകൾ സൃഷ്ടിക്കൽ,സഹകരണ മേഖലയുമായി സംയോജിപ്പിച്ചുള്ള കൃഷി വ്യാപനം വ്യാവസായ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ എന്നിവയുമായി സഹകരിച്ച് കൃഷി വ്യാപിപ്പിക്കൽ തുടങ്ങിയ ഒട്ടേറെ പ്രവർത്തനങ്ങളാണ് നിലവിൽ നടന്നു വരുന്നത്. കോവിഡ് കാലത്ത് ഭക്ഷ്യ സ്വയംപര്യാപ്തത ഉറപ്പാക്കാൻ കണ്ടല്ലൂർ പഞ്ചായത്തിൽ ആരംഭിച്ച പ്രധാന പദ്ധതിയായിരുന്നു കരനെൽ കൃഷി. കൃഷി ഭവൻ, കേരള ഗ്രാമീൺ ബാങ്ക് എന്നിവയുടെ സഹായത്തോടു കൂടി ഹരിതകേരളം മിഷൻ നടപ്പിലാക്കിയ മികച്ച പ്രവർത്തങ്ങളിൽ ഒന്നായിരുന്നു ഇത്.

### വയൽ നികത്തൽ

വ്യാപകമായി കൃഷിനാശം സംഭവിച്ചതും ജലക്ഷാമം മൂലം കൃഷി ഉപേക്ഷിച്ചതും വയലുകൾ ഭൂമാഫിയ ഏറ്റെടുക്കുന്നതിന് കാരണമായി.വ്യാവസായത്തിനുംമറ്റും വില്ലകൾ അടക്കമുള്ള കെട്ടിടങ്ങൾ നിർമ്മിച്ചു വിൽക്കുന്നതിനുമായി വയലുകൾ തികത്തുന്നു.ഇതിന്റെ പരിണിതഫലമായി മഴ വെള്ളത്തിന്റെ സുഗമമായ ഒഴുക്ക് തടസ്സപ്പെടുകയും, ജലം ആഗിരണം ചെയ്യാനുള്ള ഭൂമിയുടെ കഴിവ് നഷ്ടപ്പെടുകയും പലയിടങ്ങളിലും വെള്ളം കെട്ടിനിൽക്കുന്ന അവസ്ഥ ഉണ്ടാവുകയും ചെയ്യുന്നു.ഇതിനെ മറികടക്കുന്നതിനായി കൃഷി നശിച്ച വയലുകളും തരിശുഭൂമിയും കണ്ടെത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും നേതൃത്വത്തിൽ കൃഷിയോഗ്യമാക്കി കൃഷി പുനസ്ഥാപിച്ചു.കണ്ടല്ലൂർ, പത്തിയൂർ, കുട്ടനാട് മേഖല എന്നിവ എടുത്തു പറയേണ്ടവയാണ്. കോവിഡ് കാലഘട്ടങ്ങളിൽ പോലും കൃഷി പുനഃസ്ഥാപിക്കുവാൻ കഴിഞ്ഞ പഞ്ചായത്തുകളാണിവ.

### തരിശു രഹിതമാക്കാൻ നടത്തിയ പ്രവർത്തനങ്ങൾ

തരിശു ഭൂമി കുറക്കുന്നതിലും കൃഷിയോഗ്യമാക്കുന്നതിനും ജില്ലയിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കൃഷി വകുപ്പിന്റെയും സഹകരണത്തോടെ വിപുലമായ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലെ തരിശായി കിടന്ന പാടശേഖരങ്ങളിലെ പോളകളും കളകളും നീക്കം ചെയ്ത് കൃഷിയോഗ്യമാക്കി. തൊഴിലുറപ്പു പദ്ധതിയുമായി ചേർന്ന് മിഷന്റെ നേതൃത്വത്തിൽ ജല സ്രോതസുകൾ ശുദ്ധീകരിക്കുന്നതു വഴി പാടങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കാനും കൃഷിയിറക്കുവാനും സാധിക്കുന്നുണ്ട്. പച്ചക്കറി,നെല്ല്, കിഴങ്ങുവർഗ്ഗങ്ങൾ, മില്ലറ്റ്, വാഴ തുടങ്ങിയവയുടെ കൃഷിയിലൂടെ തരിശുരഹിത പഞ്ചായത്തുകൾ സൃഷ്ടിക്കുവാൻ മിഷനിലൂടെ സാധിച്ചു. പച്ചത്തുരുത്ത്,ഇനി ഞാൻ ഒഴുകട്ടെ,തെങ്ങിനു തടം മണ്ണിനു

ജലം,ഒരു തൈ നടാം,ഹരിത വിദ്യാലയങ്ങളിലെ കൃഷി എന്നീ ക്യാമ്പയിനുകളിലൂടെ തരിശു ഭൂമിയുടെ അളവ് കുറക്കാൻ സാധിച്ചു.

കുമാരപുരം ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിൽ "മഞ്ഞൾപ്രസാദം" എന്ന പേരിൽ മഞ്ഞൾകൃഷി, 12-ാം വാർഡിൽ "കാന്താരിഗ്രാമം" എന്ന പേരിൽ കാന്താരി കൃഷി, 4-ാം വാർഡിൽ "കറിവേപ്പില ഗ്രാമം" എന്ന പേരിൽ കറിവേപ്പില കൃഷി,മൂന്നാം വാർഡിൽ ഇഞ്ചികൃഷി മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിൽ ഒരു ലക്ഷം വാഴകൃഷി പദ്ധതി, പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിൽ 50 സെന്റ് സ്ഥലത്ത് തീറ്റപ്പുൽ കൃഷി, നൂറനാട് പഞ്ചായത്തിലെ ലെപ്രസി സാനിറ്റോറിയത്തിൽ 10 സെന്റ് സ്ഥലത്തുള്ള മുരിങ്ങ കൃഷി എന്നീ പദ്ധതികൾഹരിതകേരളം മിഷന്റെ മേൽനോട്ടത്തിൽ നടന്നു വരുന്നു,

ഹരിതകേരളം മിഷൻ മുൻകയ്യെടുത്ത് വിവിധ വകുപ്പുകളുടെ സഹായത്തോടെ പത്തിയൂർ,കണ്ടല്ലൂർ എന്നി ഗ്രാമ പഞ്ചായത്തുകളും തരിശു രഹിതമാക്കി.

### നഗര താപനിലയിലെ വർദ്ധനവ്

ജില്ലയിലെ താപനിലയിലുള്ള വർദ്ധനവ് കുറക്കുന്നതിനുവേണ്ടി ഹരിതകേരളം മിഷൻ കഴിഞ്ഞ 10 വർഷക്കാലമായി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങളാണ് പച്ചത്തുരുത്ത്,കൃഷി പുനസ്ഥാപന പ്രവർത്തനങ്ങളിലൂടെയുള്ള ഹരിതവൽക്കരണം, ഹരിതകർമ്മസേനയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ ഉറവിട-വികേന്ദ്രികൃത മാലിന്യ സംസ്കരണം വഴിയും നെറ്റ് സീറോ കാർബൺ പഞ്ചായത്തുകളിൽ നടത്തുന്ന വിവിധ പ്രവർത്തനങ്ങളിലൂടെയും കാർബൺ ബഹിർഗമനത്തിന്റെ അളവ് കുറക്കാൻ കഴിഞ്ഞതിലൂടെ അന്തരീക്ഷ താപനിലയുടെ അളവിൽ തെല്ല് കുറവ് വരുത്താൻ കഴിഞ്ഞിട്ടുണ്ട്.വരുന്ന ദശകങ്ങൾക്കുള്ളിൽ കാർബൺ ബഹിർഗമനം വളരെ അധികം കുറക്കുവാനും നെറ്റ് സീറോ അവസ്ഥയിലേക്ക് എത്തുന്നതിനും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളിലൂടെ മുന്നോട്ട് പോവുകയാണ്. ഇതിനു മികച്ച ഒരു ഉദാഹരണമാണ് ജില്ലയിൽ നെറ് സീറോ പദവി കൈവരിച്ച ബിഷപ്പ് മൂർ കോളേജ്,മാവേലിക്കര.

ആലപ്പുഴ ജില്ലയിൽ നെറ്റ്സീറോ കാർബണിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ എനർജി മാനേജ്മന്റ് സെന്റർ കേരളയുടെ സഹകരണത്തോടെ അങ്കണവാടികൾക്ക് ദക്ഷത കൂടിയ വൈദ്യുത ഉപകരണങ്ങൾ നൽകുന്ന "അംഗൻജ്യോതി" പദ്ധതിയുടെ വിതരണം പൂർത്തിയാക്കി. പദ്ധതി പ്രകാരം ദേവികുളങ്ങര-19, പെരുമ്പളം-15, വയലാർ-26, നീലംപേരൂർ-16 എന്നിങ്ങനെ ജില്ലയിലെ 76 അങ്കവാടികൾക്ക് ആദ്യ ഘട്ടത്തിൽ ഇൻഡക്ഷൻ കുക്കർ വിതരണം ചെയ്തു. തുടർന്ന് ബി.എൽ.ഡി.സി ഫാൻ, എൽ.ഇ.ഡി ലൈറ്ററുകൾ, സോസ് പാൻ, സ്ററൗ,ഉരുളി,പ്രഷർ കുക്കർ, മിൽക്ക് കുക്കർ, റൈസ് പോട്ട് ഇഡലി കുക്കർ എന്നിവയും വിതരണം ചെയ്തു.

വൃക്ഷവൽക്കരണം ക്യാമ്പയിന്റെ ഭാഗമായി നട്ട തൈകളുടെ എണ്ണം ചുവടെ ചേർക്കുന്നു

**ഒരു തൈ നടാം - ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിൻ**

**ആലപ്പുഴ ജില്ല**

**ആകെ ടാർഗറ്റ് 59359**

| | | |
|---|---|---|
| തൈ ശേഖരണം | ജനകീയമായി ഏർപ്പാടാക്കിയ തൈകൾ | 359416 |
| | ജനകീയമായി ശേഖരിച്ച തൈകൾ | 366106 |
| | മറ്റ് സ്രോതസ്സുകൾ വഴി ശേഖരിച്ച തൈകൾ | 194794 |
| | ജില്ലയിൽ ശേഖരിച്ച ആകെ തൈകൾ | 553755 |

| | | |
|---|---|---|
| തൈകൾ കൈമാറ്റം | കൈമാറ്റം നടന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ | 469 |
| | കൈമാറിയ തൈകൾ | 75162 |
| | തൈകൾ കൈമാറ്റം നടത്തിയ മറ്റിടങ്ങൾ | 919 |
| | കൈമാറിയ തൈകൾ | 21529 |
| തൈകൾ നടൽ | തൈകൾ നട്ട സ്വകാര്യ ഭൂമിയുടെ എണ്ണം | 264672 |
| | നട്ട തൈകളുടെ എണ്ണം | 432531 |
| | തൈകൾ നട്ട പൊതു ഭൂമിയുടെ എണ്ണം | 1983 |
| | | |
| | നട്ട തൈകളുടെ എണ്ണം | 122148 |
| | ആകെ ടാർഗറ്റ് | 539359 |
| | ആകെ നട്ട തൈകൾ | **554679** |

| **തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്** | **"ദേവഹരിതം" പച്ചത്തുരുത്തിന്റെ പേര്** | **വിസ്തൃതി (സെന്റിൽ)** |
|---|---|---|
| പള്ളിപ്പാട് | കാട്ടുവള്ളിക്കവ് പച്ചത്തുരുത്ത് | 50 |
| ബുധനൂര് | നക്ഷത്രവനം പച്ചത്തുരുത്ത് | 5 |
| പുന്നപ്ര തെക്ക് | ഹരിതം പച്ചത്തുരുത്ത് | 3 |
| പുന്നപ്ര തെക്ക് | ഓർമ്മ പച്ചത്തുരുത്ത്-സെന്റ് ഗ്രിഗോറിയസ് പള്ളി അങ്കണം | 20 |
| അമ്പലപ്പുഴ വടക്ക് | പഴൂർ സർപ്പക്കാവ് പച്ചത്തുരുത്ത് | 5 |
| അമ്പലപ്പുഴ വടക്ക് | ദേവഹരിതം | 20 |
| ആലപ്പുഴ മുൻസിപ്പാലിറ്റി | മുന്നോടി 1 - നക്ഷത്ര വനം | 15 |
| ആലപ്പുഴ മുൻസിപ്പാലിറ്റി | മുന്നോടി 2 - മാവിൻ തുരുത്ത് | 35 |
| ആലപ്പുഴ മുൻസിപ്പാലിറ്റി | മുന്നോടി 3 - ആത്മ പച്ചത്തുരുത്ത് | 100 |
| തകഴി | അണക്കേഴം പച്ചത്തുരുത്ത് | 30 |
| ചമ്പക്കുളം പഞ്ചായത്ത് | ആരണ്യം പച്ചത്തുരുത്ത് | 0.5 |
| നീലമ്പേരൂര് | വില്ലിയാർവട്ടം പച്ചത്തുരുത്ത് | 5 |

# സൃഷ്ടിക്കപ്പെട്ട മാതൃകകൾ

കഴിഞ്ഞ പത്ത് വർഷമായി ആലപ്പുഴ ജില്ലയിൽ നടപ്പാക്കിയ ഹരിതകേരള മിഷൻ പ്രവർത്തനങ്ങൾ ഒറ്റപ്പെട്ട ഇടപെടലുകൾ ആയിരുന്നില്ല, മറിച്ച് തദ്ദേശസ്വയം ഭരണസ്ഥാപങ്ങളും തൊഴിലുറപ്പും കുടുംബശ്രീയും, വിദ്യാഭ്യാസ സ്ഥാപനങ്ങളും, ഹരിതകർമ്മ സേനയും, ജനകീയ പങ്കാളിത്തവുമുള്ള പരിസ്ഥിതി വീണ്ടെടുക്കൽ പ്രവർത്തനങ്ങളായിരുന്നു. അവയിൽ മാതൃകയാക്കാൻ കഴിയുന്ന ഏതാനം പദ്ധതികളും ക്യാമ്പയിനുകളും ചുവടെ ചേർക്കുന്നു.

### ചാത്തനാട് ഉന്നതിയിലെ ഡി വാട്ട്സ് പദ്ധതി

കിഴക്കുഭാഗത്ത് വേമ്പനാട്ടുകായൽ, പടിഞ്ഞാറുഭാഗത്ത് അറബിക്കടലും ഒരു ഭാഗത്ത് നഗരവും മറ്റ് ഉൾനാടൻ പ്രദേശങ്ങളും തമ്മിലുള്ള ചരക്ക് ഗതാഗതത്തിന്റെ പ്രധാന മാർഗ്ഗം ആയിരുന്നു കനാൽ സംവിധാനം. ആലപ്പുഴ നഗരത്തിലേക്കുള്ള പ്രധാന കവാടങ്ങൾ കൂടിയായി കനാലുകൾ വർത്തിയ്ക്കുന്നു. ആലപ്പുഴ കനാൽ സിസ്റ്റം എന്നാൽ വാടകക്കനാൽ, കൊമേഴ്സ്യൽ കനാൽ, വെസ്റ്റേൺ കനാൽ, ആലപ്പുഴ - അമ്പലപ്പുഴ കനാൽ ഈസ്റ്റ് ജംഗ്ഷൻ കനാൽ, മുറിഞ്ഞ പുഴക്കനാൽ, എ എസ് കനാൽ, ഉപ്പൂറ്റി കനാൽ, കൊട്ടാരം തോട്കനാൽ എന്നീ 9 പ്രധാന കനാലുകളും 104 അനുബന്ധ കനാലുകളും ഉൾപ്പെട്ടതാണ്. ഇതുകൂടാതെ കനാലുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നിരവധി ഇടത്തോടുകളും ഇവിടെയുണ്ട്.ആലപ്പുഴ തുറമുഖത്തിന്റെ തകർച്ചയും റോഡ് മാർഗ്ഗമുള്ള ഗതാഗതം പുരോഗമിച്ചതും കനാലുകൾ വഴിയുള്ള ചരക്ക് കടത്തിന്റെ അസ്തമയത്തിന് കാരണമായി. നഗരവാസികൾക്കിടയിൽ രൂപപ്പെട്ട പുതിയ സംസ്കാരത്തിന്റെ ഭാഗമായി കനാലുകൾഎല്ലാ അർത്ഥത്തിലും ദുരുപയോഗം ചെയ്യപ്പെടുകയും നിർജ്ജീവാവസ്ഥയിലാകുകയും ചെയ്തു. മുളച്ചുപൊന്തിയ ചേരികളിലെയും വീടുകളിലെയും മുനിസിപ്പാലിറ്റിയുടെ തന്നെ പൊതു ശൗചാലയങ്ങളിലെയും മാലിന്യങ്ങളും അറവു മാലിന്യങ്ങളും വരെ കനാലുകളിലേക്ക് ആണ് തള്ളിയിരുന്നത്.






15 കിലോമീറ്റർ അധികം നീളമുള്ള എ എസ് കനാലിന്റെ പ്രധാന ഭാഗമാണ് ഒന്നര കിലോമീറ്റർ നീളം വരുന്ന ചാത്തനാട് കനാൽ. ജില്ലയിലെ ഏറ്റവും മലിനീകരണമുള്ള രണ്ടാമത്തെ കനാലായി കണക്കാക്കപ്പെട്ടിരുന്നു. ആദ്യഘട്ട ബോധവൽക്കരണ പ്രക്രിയയിൽ സജീവ പങ്കാളിയായിരുന്നു ഹരിതകേരളം മിഷൻ. മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് പഠന സംഘങ്ങളെ എത്തിച്ച് ഈ പദ്ധതി പരിചയപ്പെടുത്തി പദ്ധതികൾ ഏറ്റെടുക്കാനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ഖരമാലിന്യങ്ങളും ശൗചാലയം മാലിന്യങ്ങളും ആണ് ചാത്തനാട് കനാലിനെ അതിമലിനമാക്കിയിരുന്നത്. എഴുപതാമത് റിപ്പബ്ലിക് ദിനത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ സന്നദ്ധ പ്രവർത്തകരുടെയും സംഘടനകളുടെയും നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. എ എസ് കനാലിൽ നിന്നും വാടക്കനാലിലേക്കുള്ള നീരൊഴുക്ക് സുഗമമാക്കുന്നതിനും പുതുതലമുറയിൽ പെട്ടവർക്ക് ജലപാതകളും ജലസ്രോതസ്സുകളും സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കി നൽകുന്നതിനുമായി തടസ്സങ്ങളും മാലിന്യങ്ങളും നീക്കി കനാൽ ശുചീകരിക്കേണ്ടത് അനിവാര്യമായിരുന്നു. ചാത്തനാട് കനാലിനെ മലിനമാക്കുന്നതിൽ പ്രധാന പങ്കു വഹിച്ചിരുന്നത് ചാത്തനാട് കോളനിയിൽ നിന്നുള്ള ശൗചാലയം മാലിന്യവും ദ്രവമാലിന്യങ്ങളുമായിരുന്നു.കോളനി നിവാസികളായ 52 കുടുംബാംഗങ്ങൾക്കായി ഒരു ശൗചാലയം മാത്രമാണ് ഉണ്ടായിരുന്നത്. ക്യാൻ ആലപ്പിയുടെ നേതൃത്വത്തിൽ കോളനിയിൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ മുംബൈ ഐഐടിയുടെ സാങ്കേതിക സഹായത്തോടെ വിശദമായ പദ്ധതി തയ്യാറാക്കി. കോളനി നിവാസികൾക്കായി 37 വ്യക്തിഗതശൗചാലയങ്ങൾ നിർമ്മിച്ചു നൽകി. പുനരുദ്ധരികേണ്ട ശൗചാലയങ്ങൾ പുനരുദ്ധരിച്ചു നൽകി. വീടുകളിൽ നിന്നുള്ള ജൈവമാലിന്യങ്ങൾ എയ്റോബിക് സംസ്കരണ യൂണിറ്റുകൾ വഴി സംസ്കരിക്കുന്നതിനും അജൈവമാലിന്യങ്ങൾ ഹരിത കർമ്മ സേനയ്ക്ക് കൈമാറുന്നതിനും സംവിധാനം ഒരുക്കി. ദ്രവമാലിന്യ സംസ്കരണത്തിനായി കെ എൽ ഡി സംസ്കരണശേഷിയുള്ള ട്രീറ്റ്മെന്റ് പ്ലാന്റ് നിർമിച്ചത്. ഉന്നതികളിലെ എല്ലാ വീടുകളിൽ നിന്നും സീവേജ്-സെപ്റ്റേജ് മാലിന്യങ്ങളും ഈ പ്ലാന്റിലൂടെ ഓക്സിജന്റെ അഭാവത്തിൽ നടക്കുന്ന ആദ്യഘട്ട ശുചീകരണവും തുടർന്ന് വായുവിന്റെ സാന്നിധ്യത്തിൽ നടക്കുന്ന രണ്ടാംഘട്ട ശുചീകരണവും

നടത്തിയതിന് ശേഷം സസ്യങ്ങളുടെ അടക്കം വേരുകളിലൂടെ (റൂട്ട് സോൺ) ട്രീറ്റ്മെന്റ് നടത്തി ശുചീകരിച്ചാണ് കനാലിലേക്ക് ഒഴുക്കുന്നത്. സംസ്കരണ പ്ലാന്റ് നിലവിൽ വന്നതിനെ തുടർന്ന് മേഖലയിലെ ശുചിത്വ നിലവാരം മെച്ചപ്പെടുകയും മുൻപ് ഒഴുക്കിയിരുന്ന മലിനജലത്തെ തടയുവാനും ഇതുമൂലം കനാലിന്റെ മലിനീകരണത്തിന്റെ തോത് ഗണ്യമായി കുറയ്ക്കുവാനും കഴിഞ്ഞു.

### പച്ചത്തുരുത്ത്

ഹരിതകേരളം മിഷൻ ഏറ്റെടുത്തിട്ടുള്ള മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി എന്നീ മൂന്നു മേഖലകളെയും പ്രതിനിധാനം ചെയ്യുന്ന തീർത്തും നവീനമായ ഒരു കാഴ്ചപ്പാടാണ് പച്ചത്തുരുത്തുകൾ. ആഗോളതാപന പ്രതിഭാസത്തിന്റെ സ്വാധീനത്തെ ചെറുക്കാൻ കഴിയുന്ന ഒരു പ്രായോഗിക ഇടപെടൽ ആയാണ് പച്ചത്തുരുത്തിനെ ഹരിതകേരളം മിഷൻ വീക്ഷിക്കുന്നത്. മരങ്ങൾ നടുക എന്നതിലുപരി നമ്മുടെ പ്രാദേശിക ജൈവവൈവിധ്യത്തെ അതിന്റെ പൂർണ്ണതയിൽ സ്ഥിരമായി നിലനിർത്താൻ പച്ചത്തുരുത്തുകൾക്ക് കഴിയും. ജില്ലയിലെ പ്രധാന മാതൃകാ പച്ചത്തുരുത്തുകളാണ് ചുവടെ നൽകിയിരിക്കുന്നത്.

### കണ്ടൽ പച്ചത്തുരുത്ത് -കണ്ടൽ ബ്രിഗേഡ്

നവകേരളം കർമ്മ പദ്ധതി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും സംയുക്തമായി നടപ്പിലാക്കിയ പദ്ധതിയാണ് 'കണ്ടൽബ്രിഗേഡ്'. അമ്പലപ്പുഴ ബ്ലോക്ക്പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 5 ഗ്രാമപഞ്ചായത്തുകളിലെയും കടൽ തീരങ്ങൾ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയും അതുമായി ബന്ധപ്പെട്ട് ഹരിത ടൂറിസത്തിന്റെ സാധ്യതകളും ഏറ്റെടുത്തു കൊണ്ടുള്ള ഒരു കർമ്മപദ്ധതിയാണ് ' കണ്ടൽ ബ്രിഗേഡ് '' കടലാക്രമണത്തിന് ഏറെ സാധ്യതയുള്ള തോട്ടപ്പള്ളി മുതൽ വാടകായൽ വരെയുള്ള ഏകദേശം 19 കിലോമീറ്റർ വരുന്ന കടൽത്തീരമാണ് ഇതിനായി തിരഞ്ഞെടുത്തിരിക്കുന്നത്. അമ്പലപ്പുഴ ബ്ലോക്കിലെ പുറക്കാട് ഗ്രാമ പഞ്ചായത്തിലെ 9 ആം വാർഡിലെ കടൽ തീരത്ത് പതിനേഴര സെന്റിലായി 2000 കണ്ടൽ തൈകൾ നിലവിൽ നട്ടിട്ടുണ്ട്. മതിയായ പരിചരണ കുറവും പ്രതികൂലമായ കാലാവസ്ഥയും 430 തൈകളോളം നശിച്ചു പോകുന്നതിനു കാരണമായി. റയിൽവേയിൽ പാതയിരട്ടിപ്പിക്കലിന്റെ ഭാഗമായി നഷ്ടപ്പെട്ട കണ്ടൽ ചെടികൾക്ക് പകരം പുതുതായി കണ്ടൽ തൈകൾ വച്ചുപിടിപ്പിക്കുന്നതിന്റെ ഭാഗമായി റയിൽവേയിൽ നിന്നും ലഭിച്ച 3,82,500 /- രൂപ ഉപയോഗിച്ച് കണ്ടൽ ചെടികൾ നട്ടുപിടിക്കുന്നതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്നു

### ജവഹർ നവോദയ വിദ്യാലയം പച്ചത്തുരുത്ത്

ആലപ്പുഴ ജില്ലയിലെ മാവേലിക്കര ബ്ലോക്കിലെ ചെന്നിത്തല തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിൽ ആണ് ജവഹർ നവോദയ വിദ്യാലയംപച്ചത്തുരുത്ത് സ്ഥിതി ചെയ്യുന്നത്.ജവഹർ നവോദയ വിദ്യാലയം (ജെ.എൻ.വി) ആലപ്പുഴ ജില്ലയിലെ ബോർഡിങ് സഹ-വിദ്യാഭ്യാസ സ്കൂളാണ്.1992 സ്ഥാപിതമായ ഈ സ്കൂൾ 13.2 ഏക്കർ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. അച്ചൻകോവിലാറിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന ചെന്നിത്തല ഭൂമിശാസ്ത്രപരമായി താഴ്ന്ന പ്രദേശമാണ്.അച്ചൻകോവിൽ നദി ആലപ്പുഴ ജില്ലയുടെ സവിശേഷതയായ ഡെൽറ്റയുടെയും വിതരണ വ്യവസ്ഥയുടെയും ഭാഗമാണ്. ചെന്നിത്തല തൃപ്പെരുംന്തുറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി വിജയമ്മ ഫിലേന്ദ്രൻ ആണ് നവോദയ സ്കൂളിൽ പച്ചത്തുരുത്തു സ്ഥാപിക്കാമെന്നുള്ള ആശയം മുന്നോട്ടുവെച്ചത്.ഹരിതകേരളം മിഷൻ ആർ.പി ഈ വിഷയം നവോദയസ്കൂൾ പ്രിൻസിപ്പൽ ശ്രീ സി.എച്ച് ദിനേശനുമായി സംസാരിച്ചപ്പോൾ അദ്ദേഹം വളരെയധികം താല്പര്യത്തോടെ പദ്ധതി ഏറ്റെടുക്കുകയും 10 സെന്റ് സ്ഥലം അനുവദിക്കുകയും ചെയ്തു. 2023 ജൂൺ 5ന് ആണ് നവോദയ സ്കൂളിൽ പച്ചത്തുരുത്ത് സ്ഥാപിച്ചത്. 10 സെന്റ് സ്ഥലത്ത് തുടങ്ങിയ പച്ചത്തുരുത്ത് ഇന്ന് 40 സെന്റോളം വ്യാപിപ്പിച്ചിട്ടുണ്ട്. ചെന്നിത്തല തൃപ്പെരുന്തുറ ഗ്രാമ പഞ്ചായത്ത് തൊഴിലുറപ്പിന്റെ സഹായത്തോടെ പ്രവർത്തനം ഏറ്റെടുക്കുകയായിരുന്നു.



പച്ചതുരുത്തിനായി അനുവദിച്ച സ്ഥലം കാടു പിടിച്ച നിലയിലായിരുന്നു. എക്കൽ മണ്ണായതിനാൽ സ്ഥലമൊരുക്കുന്നതിനു നല്ല ബുദ്ധിമുട്ട് നേരിടേണ്ടി വന്നു. അതുപോലെ വേനൽക്കാലത്തു വെള്ളത്തിന്റെ ബുദ്ധിമുട്ടുമുണ്ടായിരുന്നു. ആദ്യം നട്ട തൈകൾ വേനൽക്കാലത്തു നശിച്ചു പോയി. പിന്നീട് വനം വകുപ്പിന്റെ സഹായത്തോടെ കൂടുതൽ തൈകൾ ലഭ്യമാക്കി പച്ചത്തുരുത്തു റീപ്ലാന്റേഷൻ ചെയ്യുകയായിരുന്നു. സ്കൂളിൽ പച്ചക്കറി കൃഷി ആരംഭിച്ചതോടെ വാട്ടർ പമ്പ് സ്ഥാപിച്ചു. ഇതോടെ വെള്ളത്തിന്റെ പ്രശ്നത്തിന് പരിഹാരമായി.പച്ചത്തുരുത് സംരക്ഷണത്തിനായി 2023 മെയ് 20 ന് സംഘാടക സമിതി രൂപീകരിച്ചു. സ്കൂൾ അധ്യാപകനായ ശ്രീ. പ്രദീപ് കുമാർ. വി യെ പദ്ധതി കോർഡിനേറ്റർ ആയി തിരഞ്ഞെടുത്തു. അധ്യാപകർ, വിദ്യാർഥികൾ, രക്ഷിതാക്കൾ, ഹരിതകേരളം മിഷൻ ആർ.പി എന്നിവർ സംഘാടക സമിതിയിൽ അംഗങ്ങൾ ആണ്. വിദ്യാർഥികൾ, വനം വകുപ്പ് എന്നിവരുടെ സഹായത്തോടെ ഹൈബ്രിഡ് തൈകൾ ശേഖരിച്ചു. 2023 ജൂൺ 5 ന് ചെന്നിത്തല തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്തിൽ പച്ചത്തുരുത്തു ഉദ്ഘാടനം നിർവ്വഹിച്ചു. റെസിഡൻഷ്യൽ സ്കൂൾ ആയതിനാൽ കുട്ടികൾ നല്ലരീതിയിൽ പരിപാലനം നടത്തുന്നുണ്ട്. ആദ്യ ഘട്ടത്തിൽ പേര, മാവ്, ചാമ്പ,പതിമുഖം, പ്ലാവ്, നെല്ലി തുടങ്ങിയ ഫലവൃക്ഷങ്ങൾ ആണ് നട്ടത്. ഇപ്പോൾ അശോകം,ദന്തപ് പാല,റംബൂട്ടാൻ,പനിനീർ ചാമ്പ,സപ്പോട്ട,ഔഷധ സസ്യങ്ങൾ തുടങ്ങിയവയും നട്ടിട്ടുണ്ട്. 30 തൈകൾ ആയിരുന്നു ആദ്യഘട്ടത്തിൽ ഉണ്ടായിരുന്നത്. നവോദയ സ്കൂളിലെ അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് 120 തൈകൾ കൂടി നട്ടു വളർത്തി. നിലവിൽ 150 തൈകളും വളർന്നു വൃക്ഷങ്ങളായി ഫലങ്ങൾ നിറഞ്ഞു നിൽക്കുന്നു. സ്കൂളിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പ്രകൃതി സ്നേഹികൾക്കും ഒരുപോലെ ആകർഷണീയമായ ഒരിടമാണ് പച്ചത്തുരുത്ത്. സ്കൂളിന്റെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഈ പച്ചപ്പ് നിറഞ്ഞ തുരുത്ത് ജൈവവൈവിധ്യത്തിന്റെ ഒരു കലവറയാണ്. വിവിധയിനം മരങ്ങളും ചെടികളും പൂക്കളും നിറഞ്ഞ ഈ തുരുത്ത് പക്ഷികൾക്കും ചിത്രശലഭങ്ങൾക്കും മറ്റു ജീവികൾക്കും ഒരു ആവാസകേന്ദ്രം കൂടിയാണ്.പച്ചപ്പ് നിറഞ്ഞ അന്തരീക്ഷം വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും മാനസികാരോഗ്യത്തിന് ഉത്തമമാണ്.

സ്കൂളിലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഒരു മാതൃകയാണ് പച്ചത്തുരുത്ത്. ഇതിനായി അധ്യാപകനും പദ്ധതി കോർഡിനേറ്ററുമായ ശ്രീ പ്രദീപ് കുമാർ നടത്തിയ പരിശ്രമം അഭിനന്ദനാർഹമാണ്. കേന്ദ്ര ഗവണ്മന്റ് സ്ഥാപനമായതിനാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നുണ്ട്. അവരുടെ ഇടപെടലുകൾ പ്രത്യേകിച്ച് ഉത്തർപ്രദേശ് സ്വദേശികളായ കുട്ടികളുടെ കൃഷിയിലുള്ള അറിവ് കൃഷിക്കും പച്ചത്തുരുത്തിനും ഏറെ സഹായകമാണ്. ജൈവവളങ്ങൾ ഉപയോഗിച്ചുള്ള കൃഷി രീതികൾ അവലംബിക്കുന്നു.പച്ചത്തുരുത്തിനു ചുറ്റും ജൈവ

വേലി കിട്ടിയിട്ടുണ്ട്. ഹരിതകേരളം മിഷൻ, തൊഴിലുറപ്പ് എന്നിവയുടെ ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്. ഓരോ സസ്യങ്ങളുടെയും പേര്, ശാസ്ത്രീയ നാമം, വർഷം തുടങ്ങിയ വിവരങ്ങൾ അടങ്ങുന്ന ക്യു ആർ കോഡ് ചെയ്തു വരുന്നു. പച്ചത്തുരുത്തിൽ കൂടുതൽ സസ്യങ്ങൾ നടാനും ജൈവവൈവിധ്യം വർദ്ധിപ്പിക്കാനും പദ്ധതിയുണ്ട്. വിദ്യാർത്ഥികൾക്ക് പ്രകൃതി പഠന ക്ലാസുകൾ സംഘടിപ്പിക്കാനും ആലോചനയുണ്ട്.

ജവഹർ നവോദയ വിദ്യാലയത്തിലെ പച്ചത്തുരുത്ത് സ്കൂളിന് മാത്രമല്ല, സമൂഹത്തിനും ഒരു മുതൽക്കൂട്ടാണ്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തുടങ്ങിയ ഈ സംരംഭം ചെന്നിത്തല പഞ്ചായത്ത്, തൊഴിലുറപ്പ്, സ്കൂൾ അധികൃതർ, വിദ്യാർത്ഥികൾ എന്നിവരുടെ പൂർണ്ണ പിന്തുണയോടെ വരും തലമുറകൾക്ക് പ്രചോദനമാകും.

## കലവൂർ KSDP-യിലെ പച്ചത്തുരുത്ത്

പരിസ്ഥിതി സംരക്ഷണത്തിന്റെയും ജൈവവൈവിധ്യത്തിന്റെയും പ്രാധാന്യം വിളിച്ചോതുന്ന ഒരു മാതൃകയാണ് കലവൂർ KSDP കോമ്പൗണ്ടിലുള്ള 50 സെന്റ് വിസ്തൃതിയുള്ള പച്ചത്തുരുത്ത്. ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ MGNREGS (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി) സ്കീമിൽ ഉൾപ്പെടുത്തി 2021-ലാണ് ഇത് സ്ഥാപിക്കപ്പെട്ടത്.ഇപ്പോൾ വർഷങ്ങളായി ഈ പച്ചത്തുരുത്ത് KSDP ജീവനക്കാരുടെ സംഘടനയായ SPATO യുടെയും നേതൃത്വത്തിലാണ് പരിപാലിച്ചുപോരുന്നത്.

പച്ചത്തുരുത്തിന്റെ പച്ചപ്പും സമ്പന്നതയുംകാലവർഷത്തിലും വേനലിലും ഒരുപോലെ പച്ചപ്പ് നിലനിർത്തുന്ന ഈ തുരുത്ത്, ഫലവൃക്ഷങ്ങൾ, വിവിധയിനം വൻ വൃക്ഷത്തൈകൾ, ഔഷധസസ്യങ്ങൾ എന്നിവയാൽ സമ്പന്നമാണ്. തലയെടുപ്പോടെ നിൽക്കുന്ന വൻമരങ്ങൾക്ക് താഴെ, ഈ കടുത്ത വേനലിലും മരതകപ്പട്ട് വിരിച്ചതുപോലെ ഔഷധസസ്യങ്ങൾ തഴച്ചു വളരുന്നു.



KSDP-യിലെ അന്തരീക്ഷത്തിലാകെ സുഗന്ധം പരത്തി, കുറ്റിമുല്ല തൈകളും കുടമുല്ല പൂക്കളും ഗന്ധരാജനും ചെമ്പകവും ഈ പച്ചത്തുരുത്തിനെ വേറിട്ടതാക്കുന്നു. കൂടാതെ, സുഗന്ധമില്ലെങ്കിലും വാടാ മല്ലിയും വിങ്കാ റോസയും ഈ ഹരിതമേഖലയ്ക്ക് നയനമനോഹരമായ കാഴ്ച നൽകുന്നു. 2021-ൽ നട്ടതും 2023-ൽ റിപ്ലാന്റ് ചെയ്തതുമായ വൃക്ഷത്തൈകൾ ഇവിടെയുണ്ട്.2024ൽ രണ്ടാം ഘട്ട പച്ചത്തുരുത്തും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഇവിടെ ആരംഭിച്ചു. ആദ്യ പച്ചത്തുരുത്തിന് സംസ്ഥാനതലത്തിൽ സ്ഥാപനതല പച്ചത്തുരുത്തുകൾക്കുള്ള മുഖ്യമന്ത്രിയുടെ പുരസ്കാരവും (രണ്ടാം സ്ഥാനം)ലഭ്യമായി.

## തൊഴിലുറപ്പ് തൊഴിലാളികളുടെ മാതൃകാപരമായ സമർപ്പണം

ജില്ലയിലെ മുപ്പതോളം പച്ചത്തുരുത്തുകൾ മതിയായ പരിചരണം ലഭിക്കാതെ കരിഞ്ഞുണങ്ങിയ സാഹചര്യത്തിൽ, ഈ പച്ചത്തുരുത്തിന്റെ വിജയത്തിനു പിന്നിൽ പ്രവർത്തിച്ച തൊഴിലുറപ്പ് തൊഴിലാളികളുടെ അർപ്പണബോധം എടുത്തുപറയേണ്ടതാണ്.

പരിപാലന കാലാവധി കഴിഞ്ഞെങ്കിലും, തൊഴിലാളികൾ സ്വന്തം വീട്ട് കാര്യം പോലെയാണ് പച്ചത്തുരുത്ത് പരിപാലിക്കുന്നത്. ഇവർ സ്വന്തം ചെലവിൽ കോഴിവളവും ഉണക്ക ചാണകവും ഉപയോഗിച്ച് ജൈവവളങ്ങൾ നൽകുന്നു. പച്ചത്തുരുത്തിലെ കുറ്റിമുല്ല തൈകൾ പോലും ഇവർ വിലയ്ക്ക് വാങ്ങി നട്ടതാണ്.

മുല്ലപ്പൂക്കൾ വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗിച്ച് വരുമാനം നേടാൻ ഇവർക്ക് സാധിക്കുമെങ്കിലും, നിലവിൽ ക്ഷേത്രങ്ങളിൽ കൊടുക്കുക മാത്രമാണ് ചെയ്തു വരുന്നത്. ഇവരുടെ ഈ നിസ്വാർത്ഥമായ പ്രവൃത്തി മറ്റു പച്ചത്തുരുത്തുകൾക്ക് ഒരു മാതൃകയാണ്.

ഈ മാതൃകാപരമായ പച്ചത്തുരുത്തിനെ നിലനിർത്താനും മെച്ചപ്പെടുത്താനും എല്ലാവിധ പിന്തുണയും സഹായവും നൽകി ഉയർത്തിക്കൊണ്ടു വരേണ്ടത് അത്യാവശ്യമാണ്.

## പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിലെ മാർ ഗ്രിഗോറിയസ് ദേവാലയ അങ്കണത്തിലെ ഹരിതം പച്ചത്തുരുത്ത്.

ഹരിതകേരളം മിഷന്റെയും പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെയും സഹായത്തോടെ 2020 സെപ്റ്റംബർ മാസം ഒമ്പതാം തീയതിയാണ് ഹരിതം പച്ചത്തുരുത്ത് ആരംഭിക്കുന്നത്. മാർഗ്രിഗോറിയസ് ദേവാലയത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം പച്ചത്തുരുത്തിനായി പഞ്ചായത്തിന് നൽകുകയായിരുന്നു. പള്ളി കെട്ടിടത്തിന് ചുറ്റുമുള്ള സ്ഥലം വൃത്തിയാക്കി വെള്ളം നിൽക്കുന്ന സ്ഥലങ്ങളൊക്കെയും മണ്ണിട്ട് ഉയർത്തിയാണ് പച്ചത്തുരുത്ത് ആരംഭിക്കുന്നത്. 260 വൃക്ഷത്തൈകൾ ആണ് ആദ്യഘട്ടമായി പച്ചതുരുത്തിൽ നട്ടത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയാണ് നിർവഹണ സഹായം നൽകിയത്. പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് എംജിഎൻആർജിഎസ് വഴി പച്ചത്തുരുത്തിന്റെ നിർമ്മാണത്തിനും പരിപാലനത്തിനുമായി 683365/ രൂപ ചിലവഴിച്ചിട്ടുണ്ട്. 907 തൊഴിൽ ദിനങ്ങൾ ആണ് ആദ്യവർഷം നിർമ്മാണത്തിനും പരിപാലനത്തിനുമായി ഉപയോഗിച്ചിട്ടുള്ളത്. രണ്ടാംഘട്ട പരിപാലനത്തിനായി 1387 തൊഴിൽ ദിനങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. 24 സെന്റ് സ്ഥലത്താണ് പച്ചത്തുരുത്ത് നിർമ്മിച്ചിട്ടുള്ളത്. വ്യത്യസ്ത ഇനം മരങ്ങൾ, കുറ്റിച്ചെടികൾ, വള്ളിപ്പടർപ്പുകൾ, ചേന ചേമ്പ് ചീനി പോലെയുള്ളവ, പച്ചക്കറികൾ തുടങ്ങിയവ വ്യാപിച്ച് കിടക്കുന്നു. ഫലവൃക്ഷങ്ങളായ ആത്ത, നാരകം,കുടംപുളി, ചതുരപ്പുളി, പ്ലാവ്, മാവ്,ഞാവൽ,നെല്ലി പേര, പനിനീർ ചാമ്പ, ബട്ടർ ഫ്രൂട്ട്,മുള്ളാത്ത,പീനട്ട് ബട്ടർ, അമ്പഴം,,വംശനാശ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന ചന്ദനം, ഈട്ടി, തമ്പകം,പോലെയുള്ള വൃക്ഷങ്ങൾ ഔഷധസസ്യങ്ങളായ തുളസി, രാമച്ചം, ശംഖുപുഷ്പം, കമ്പകം, നീർമരുത്,കസ്തൂരി മഞ്ഞൾ തുടങ്ങി നിരവധിയായ സസ്യങ്ങളാണ് പച്ചത്തുരുത്തിൽ ഉള്ളത്. പച്ചത്തുരുത്ത് ജൈവവേലി കെട്ടി സംരക്ഷിച്ചിട്ടുണ്ട്. ദിവസേന ധാരാളം ഫലവർഗങ്ങളും പച്ചക്കറികളും ഇവിടെ നിന്നും ലഭിക്കുന്നു. നിത്യേന ധാരാളം സന്ദർശകരാണ് പച്ചത്തുരത്തിൽ എത്താറുള്ളത്. ദേവാലയത്തിൽ എത്തുന്ന ഭക്തരും, ദേവാലയത്തോടെ ചേർന്നുള്ള ഓഡിറ്റോറിയത്തിൽ വിവിധ ചടങ്ങുകൾക്കായി



എത്തുന്നവരും പച്ചത്തുരുത്ത് സന്ദർശിക്കുകയും ധാരാളം സമയം അവിടെ ചിലവഴിക്കുകയും ചെയ്യാറുണ്ട്. പഞ്ചായത്തിലും മറ്റു പ്രദേശങ്ങളിൽ നിന്നുമുള്ള സ്കൂൾ വിദ്യാർത്ഥികൾ പഠനയാത്രയുടെ ഭാഗമായി പച്ചത്തുരുത്തിൽ എത്താറുണ്ട്.

ഫാദർ ചെറിയാൻ കരികൊമ്പിലിന്റെ നേതൃത്വത്തിൽ പ്രത്യേകം പരിശീലനം ലഭിച്ച ആളുകളെ ഉപയോഗിച്ചുകൊണ്ട് കൃത്യമായ പരിചരണം സസ്യങ്ങൾക്ക് ഉറപ്പുവരുത്തുന്നു. പള്ളിയുടെ ഭാഗമായിട്ടുള്ള പുവർ ഹോമിലെ അന്തേവാസികൾ വിശ്രമവേളകളിൽ ധാരാളം സമയം പച്ചത്തുരുത്തിൽ ചിലവഴിക്കാറുണ്ട്. പച്ചത്തുരുത്ത് കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി പള്ളിയുടെ തന്നെ ഭാഗമായ കോളേജിന്റെ ഗ്രൗണ്ടിൽ പുതിയ പച്ചത്തുരുത്ത് സ്ഥാപിച്ചിട്ടുണ്ട്.ആദ്യ പച്ചത്തുരുത്ത് സ്ഥാപിക്കുന്നതിന് നേതൃത്വം നൽകിയ മാർ ഗ്രിഗോറിയോസ് പള്ളി വികാരി ഫാദർ ബിജോയ് അറയ്ക്കൽ,രണ്ടാം ഘട്ട പച്ചത്തുരുത്തിന് സ്ഥലം അനുവദിച്ച ഫാദർ അനിൽ കരിപ്പിങ്ങാപ്പുറം,ഇപ്പോഴത്തെ വികാരി ഫാദർ ചെറിയാൻ കരിങ്കൊമ്പിൽ എന്നിവരുടെ പിന്തുണ മാതൃകപരമാണ്.

## മാവേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്ത് പച്ചത്തുരുത്ത് (ലെപ്രസി സാനിറ്റോറിയത്തിൽ പ്രദർശനതോട്ടം)

മാവേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്തിലെ കൊട്ടക്കാട്ട്ശ്ശേരി ആറാം വാർഡിലെ ലെപ്രസി സാനിറ്റോറിയത്തിൽ 2019 -2020 വർഷക്കാലയളവിൽ 20 സെന്റിലാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചത്തുരുത് നിർമ്മിച്ചിരിക്കുന്നത്. സാനിറ്റോറിയത്തിന്റെ മധ്യഭാഗത്തായി കായംകുളം പുനലൂർ സംസ്ഥാന പാതക്ക് സമീപം ആണ് ഈ പച്ചത്തുരുത്ത് സ്ഥിതി ചെയ്യുന്നത്.മധ്യ തിരുവിതാംകൂറിലെ പ്രധാനപ്പെട്ട കാർഷിക മേഖലയായ ഓണാട്ടുകരയുടെ ഭാഗമാണ് ഈ പ്രദേശം. ചെറുക്കുന്നുകളും വയലുകളും കൃഷിയിടങ്ങളുമായി ഫലഭൂയിഷ്ഠമായ ഭൂമിയാണ് ഈ പ്രദേശത്തിനുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, നവ കേരളം കർമ്മ പദ്ധതി, ഹരിതകേരളം മിഷൻ തുടങ്ങിയവയുടെ സംയുക്ത സഹകരണത്തോടെ സ്ഥാപിച്ച ഈ പച്ചത്തുരുത്തിന്റെ തുടക്കത്തിൽ നിരവധി പ്രതിസന്ധികൾ ഉണ്ടായിരുന്നു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, ഭരണ സമിതി അംഗങ്ങൾ, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടെ പരിശ്രമത്തിലും സഹകരണത്തിലും അതിനെ തരണം ചെയ്യുകയായിരുന്നു. കാട് പിടിച്ച് ശോചനീയാവസ്ഥയിൽ ആയിരുന്ന പ്രദേശത്തെ വൃത്തിയാക്കി



പച്ചത്തുരുത് നിർമിക്കുക എന്നത് വളരെ ഏറെ വെല്ലുവിളികൾ നിറഞ്ഞ പ്രവർത്തനം ആയിരുന്നു. അതിനു ശേഷം നൂറിൽ പരം ഫലവൃക്ഷ തൈകൾ വെച്ച് പിടിപ്പിച്ച് മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട ലെപ്രസി സാനിറ്റോറിയത്തിലെ അന്തേവാസികളുടെ മേൽനോട്ടത്തിൽ പരിപാലിച്ച് പോരുന്നു. പച്ചത്തുരുത്തിനു സംരക്ഷണ കവചമായി വാഴയും മറ്റ് ഫലവൃക്ഷ ചെടികളും ഉപയോഗിച്ച് ജൈവവേലിയും സ്ഥാപിച്ചിട്ടുണ്ട്.

പേര, ചാമ്പ, കൊക്കോ, വാഴ,റമ്പൂട്ടാൻ, ആത്ത, നാരകം ചീമ പുളി, കുടംപുളി,നെല്ലി തുടങ്ങിയ ഫലവൃക്ഷങ്ങളാണ് ഇവിടെയുള്ളത്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പ്രവൃത്തി നടത്താൻ 140836/ രൂപ ചിലവായി. ഇതിന് വേണ്ടി തൊഴിലാളികൾക്ക് 514 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു. ജൈവ വൈവിധ്യം നിറഞ്ഞ ഈ പച്ചത്തുരുത് ആ പ്രദേശത്തിനും അവിടെ താമസിക്കുന്നവർക്കും വളരെ പ്രയോജനകരമാണ്. പൂമ്പാറ്റകളും ചിത്രശലഭങ്ങളും ധാരാളം പക്ഷികളുടെയും നിറ സാനിധ്യമാണ് ഈ പ്രദേശം.

ഫലവൃക്ഷങ്ങൾ അതാത് സീസണിൽ പൂത്തും കായ്ച്ചും നിൽക്കുന്ന മനോഹരമായ കാഴച്ച നിലവിൽ ഇവിടെ വന്നാൽ കാണാൻ സാധിക്കും.മാവേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്തിന്റെ അഭിമാനപദ്ധതികളിൽ ഒന്നായി ലെപ്രസി സാനിറ്റോറിയത്തിൽ സ്ഥാപിച്ചിട്ടുള്ള ഈ പച്ചത്തുരുത്ത് മാറിക്കഴിഞ്ഞു.

## ദേവഹരിതം

### മേജർ പത്തിയൂർ ശ്രീ മഹാ ദുർഗ്ഗാ ക്ഷേത്രം

ക്ഷേത്രങ്ങളും ക്ഷേത്രഭൂമികളും കൃഷിയോഗ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷൻ തിരുവ താംകൂർ ദേവസ്വം ബോർഡുമായി ചേർന്ന് വിഭാവനം ചെയ്ത പദ്ധതിയാണ് ദേവഹരിതം. ആലപ്പുഴ ജില്ലയിൽ ഭക്ഷ്യഭദ്രതയ്ക്കും സുരക്ഷിത ഭക്ഷണത്തിനും കോവിഡ് അതിജീവനത്തിനും സഹായമാംവിധത്തിൽ ഈ പദ്ധതി ഏറ്റവും വിജയകരമായി നടപ്പിലാക്കിയത് തിരുവിതാംകൂർ



ദേവസ്വം ബോർഡിന്റെ കീഴിലുള്ള മേജർ പത്തിയൂർ ശ്രീ മഹാ ദുർഗ്ഗാ ക്ഷേത്രത്തിലാണ്.ക്ഷേത്ര വളപ്പിലും ഹരിതകേരളം മിഷൻ, പത്തിയൂർ കൃഷിഭവൻ എന്നിവയുടെ സഹകരണത്തിൽ ക്ഷേത്ര ഉപദേശക സമിതിയും ക്ഷേത്ര ജീവനക്കാരും കര കമ്മിറ്റി അംഗങ്ങളുമാണ് ദേവഹരിതം പദ്ധതി നടപ്പാക്കിയത്. പദ്ധതി 2020 ജൂലൈ 04ന് നടപ്പിലാക്കി.കേരള കാർഷിക സർവ്വകലാശാലയുടെ കായംകുളം ഓണാട്ടുകര മേഖലാ കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഉൽപാദിപ്പിച്ച അത്യുല്പാദന ശേഷിയുള്ള "ഭാഗ്യ" നെൽവിത്ത് ആണ് ഇവിടെ വിതച്ചത്. ഇതിനായി നിലമൊരുക്കൽ മുതൽ കൊയ്യുന്നത് വരെയുള്ള എല്ലാ പ്രവർത്തികളും ഹരിതകേരളം മിഷന്റെ ഇടപെടലിലൂടെ തൊഴിലുറപ്പുപദ്ധതി പ്രയോജനപ്പെടുത്തിയാണ് നടപ്പിലാക്കിയത്.

നെൽകൃഷിയോടൊപ്പം മഞ്ഞൾ കൃഷിയും ചെയ്തിരുന്നു. ക്ഷേത്ര വിശുദ്ധി സംരക്ഷിച്ചുകൊണ്ട് വേപ്പിൻ പിണ്ണാക്ക് പോലുള്ള ജൈവവളങ്ങളും ശാസ്ത്രീയമായ പോഷകമൂലകങ്ങൾ ലഭ്യമാക്കുന്ന രീതിയിൽ കൃത്യമായ അളവിൽ രാസവളങ്ങൾ ഉൾപ്പെത്തി സംയോജിത വളപ്രയോഗമാണ് നടത്തിയത്. കൃഷിയെ ശത്രുകീടങ്ങളിൽ നിന്ന് സംരക്ഷിക്കുന്ന മിത്ര കീടങ്ങളെ സംരക്ഷിച്ചും മാരക വിഷമുള്ള കുമിൾനാശിനികളും കീടനാശിനികളും പൂർണ്ണമായി ഒഴിവാക്കിയും സംയോജിത കീട-രോഗ നിയന്ത്രണ മാർഗ്ഗങ്ങളാണ് സ്വീകരിച്ചത്.തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ചരിത്രത്തിലാദ്യമായാണ് ഇത്തരത്തിലൊരു ഉദ്യമത്തിന് തുടക്കും കുറിച്ചതും പൂർത്തിയാക്കിയതും.പത്തിയൂർ ക്ഷേത്രത്തിലെ കരനെൽ കൃഷിയുടെ കൊയ്ത്തുത്സവം 2020 ഒക്ടോബർ 16 ലോക ഭക്ഷ്യ ദിനത്തിൽ നടപ്പിലാക്കി.

## ഹരിത ടൂറിസം

ടൂറിസം കേന്ദ്രങ്ങളുടെ പാരിസ്ഥിതിക - സാമൂഹിക- സാംസ്കാരിക പ്രത്യേകതകൾ നിലനിർത്തിക്കൊണ്ടുതന്നെ പാരിസ്ഥിതിക ആഘാതം പരമാവധി കുറച്ച് പരിസ്ഥിതി സംരക്ഷണവും സുസ്ഥിരമായ അടിസ്ഥാന സൗകര്യ വികസനവും, പ്രദേശത്തെ ജനങ്ങളുടെ സാമൂഹിക - സാമ്പത്തിക ഉന്നമനവും ലക്ഷ്യം വച്ചാണ് ഹരിത കേരളം മിഷൻ ഹരിത ടൂറിസം മാർഗ്ഗരേഖ തയ്യാറാക്കിയത്. ആയതിന്റെ അടിസ്ഥാനത്തിൽ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും വിവിധ വകുപ്പുകളെയും ഏകോപിപ്പിച്ച് കൂടുതൽ ജനങ്ങളെ ആകർഷിച്ച് ബന്ധപ്പെട്ട വകുപ്പ്/ ഏജൻസിയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് കഴിയുന്നു.

ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണം, ശുദ്ധജല ലഭ്യത, ശുചിമുറി എന്നീ സൗകര്യങ്ങൾ ഒരുക്കി കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നു. ആവാസ വ്യവസ്ഥയ്ക്ക് സംരക്ഷണം നൽകുന്ന, പാരിസ്ഥിതിക ആഘാതം കുറച്ച് കൊണ്ടുവരുന്ന നിർമ്മിതികളും സഞ്ചാരികളുടെ പ്രവർത്തനങ്ങൾ ജൈവ സമ്പത്തിനെ ബാധിക്കാത്തതും അവയെ സംരക്ഷിക്കുന്നതിന് മുന്തിയ പരിഗണന നൽകുന്നതും ആയിരിക്കും. കേരളത്തിന്റെ പ്രകൃതി സൗന്ദര്യം കണ്ടെത്തുന്നു. പരിസ്ഥിതി സൗഹൃദ ടൂറിസത്തിന് ഒരു മാതൃകയായി വയങ്കരച്ചിറ ഹരിത ടൂറിസം കേന്ദ്രം.

### ഗ്രീൻ ഡെസ്റ്റിനേഷനായി വയ്യാങ്കര ചിറ

വയ്യാങ്കര ചിറ ടൂറിസം കേന്ദ്രം ഹരിത ടൂറിസം കേന്ദ്രമാക്കുന്നതിനുള്ള ശ്രമം 2024 നവംബർ 1ന് ഹരിതകേരള മിഷൻ പ്രഖ്യാപിച്ചു. താമരക്കുളം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഈ പ്രദേശം പ്രകൃതി ഭംഗിയും പാരിസ്ഥിതിക സംരക്ഷണത്തിനുള്ള നിർണ്ണായകതയും കൊണ്ട് പ്രശസ്തമാണ്. ഹരിതകേരളം മിഷൻ, പഞ്ചായത്ത് ഭരണസമിതി, പൊതുജനങ്ങളുടെയും പരിസ്ഥിതി പ്രവർത്തകരുടെയും സഹകരണത്തോടെയായിരുന്നു പദ്ധതി നടപ്പാക്കിയത്. ഈ പദ്ധതിയുടെ പ്രാരംഭ ഘട്ടം 2024ൽ ആരംഭിച്ച്, പ്രദേശത്തെ ജലശുദ്ധീകരണ പ്രവർത്തനങ്ങൾ, വൃക്ഷത്തൈ നട്ടുപിടിപ്പിക്കൽ, ജൈവവൈവിധ്യം സംരക്ഷിക്കൽ തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരുന്നു.

പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ മൊത്തം തുക അഞ്ച് കോടി രൂപയായിരുന്നു. ഇതിനായി കേന്ദ്ര-സംസ്ഥാന ടൂറിസം വകുപ്പ്, ഹരിത കേരള മിഷൻ, പഞ്ചായത്തിന്റെ ഫണ്ട്, ജനപങ്കാളിത്ത ഫണ്ട് എന്നിവ ഉപയോഗിച്ചു. ഫണ്ട് സമാഹരണം ഗ്രാമസഭകളിലൂടെയും പൊതുജനസംഭാവനകളിലൂടെയും



നടപ്പാക്കിയിരുന്നു.

പദ്ധതിയുടെ സ്ഥിരത ഉറപ്പാക്കുന്നതിന് പൊതുജന ബോധവത്കരണ ക്യാമ്പുകൾ, സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കുള്ള പാരിസ്ഥിതിക ക്ലാസുകൾ, തദ്ദേശവാസികൾക്കുള്ള സംരക്ഷണ പദ്ധതികൾ തുടങ്ങിയവ നടപ്പാക്കി. ജലസ്രോതസ്സുകളുടെ അവസ്ഥ നിരീക്ഷിക്കാനും അപ്രത്യക്ഷമായ പ്രശ്നങ്ങളെ നേരിടാനായി പ്രത്യേക മോണിറ്ററിങ് ടീം രൂപീകരിച്ചു.

### തണ്ണീർവനം - ദേവികുളങ്ങര:

ശ്രീ.എം ആർ അനിൽകുമാർ എന്ന പ്രകൃതിസ്നേഹിയാണ് ഈ തണ്ണീർ വനം നിർമിച്ചു പരിപാലിക്കുന്നത് . പുഴയും കായലുകളും കടലും ചേരുന്ന ഭാഗങ്ങളിൽ ഉപ്പുവെള്ളം കലരുമെന്നതിനാൽ നെൽകൃഷി നശിച്ചു പോകുകയും തുടർച്ചയായുള്ള നാശനഷ്ടം കൃഷി തുടർന്നു പോകുവാൻ സാധിക്കാതെ വരികയും കർഷകർ കൃഷിഭൂമി തരിശിടുവാൻ നിർബന്ധിതരാവുകയും ചെയ്യുന്ന സാഹചര്യത്തിൽ ഉപയോഗശൂന്യമെന്ന് കരുതി ഉപേക്ഷിക്കുന്ന തണ്ണീർത്തടങ്ങൾ വൃത്തിയാക്കി കണ്ടൽചെടികൾ നട്ട് ഉൽപാദനക്ഷമമായ ജൈവവൈവിധ്യ സംരക്ഷണകേന്ദ്രമാക്കി മാറ്റി എന്നത് ശ്രദ്ധേയമാണ്.കേരള വനം വകുപ്പ് സോഷ്യൽ ഫോറസ്റ്ററി വിഭാഗത്തിന്റെ സഹായത്താൽ ലഭ്യമായ കണ്ടൽ ചെടികൾ, അഞ്ച് കുളങ്ങൾക്ക് ചുറ്റുമായി വച്ചുപിടിപ്പിച്ചു പരിപാലിപ്പിച്ച് നിലവിൽ പതിനായിരത്തിലേറെ ചെടികളായി വർദ്ധിച്ചു നിൽക്കുന്നത് മറ്റെങ്ങും കാണാൻ കഴിയാത്തതാണ്. 1000 ൽ ഏറെ കണ്ടൽചെടികൾ ആണ് നിലവിലുള്ളത്.അനുയോജ്യമായ 14 ഇനം കണ്ടൽച്ചെടികൾ കൂടി വച്ചുപിടിപ്പിക്കുന്ന ശ്രമത്തിലാണ്.തണ്ണീർത്തടങ്ങളുടെ സംരക്ഷണം കണ്ടൽ കാടുകൾ വച്ചു പിടിപ്പിച്ച് എങ്ങനെ സാധ്യമാക്കാം എന്നതിന് ഉത്തമ ഉദാഹരണമാണ് തണ്ണീർവനം. അഞ്ചു കുളങ്ങളിൽ ആയി നടപ്പിലാക്കി വരുന്ന സംയോജിതമത്സ്യകൃഷിയിലൂടെ ലക്ഷക്കണക്കിന് മത്സ്യ കുഞ്ഞുങ്ങളുടെ പ്രജനനം സുരക്ഷിതമാക്കുന്നതിലൂടെ 1.58 ടൺ മത്സ്യം വില്പനയ്ക്കായി ഓരോ വർഷവും ലഭിക്കുന്നു. കൂടാതെ ദേശാടനപ്പക്ഷികൾ ഉൾപ്പെടെ കൂടുകൂട്ടുന്നതിനും ഈ ഇടം തിരഞ്ഞെടുക്കുന്നു. ജൈവ സംരക്ഷണത്തിനും കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനും ശുദ്ധവായു നിലനിർത്തുന്നതിനും കാർബൺ സന്തുലനം സാധ്യമാക്കുന്നതിനും തണ്ണീതടം വലിയ പങ്കു വഹിക്കുന്നു.



കണ്ടൽ വളരുന്ന മണ്ണിൽ സഹസ്രാബ്ദങ്ങളോളം കാർബൺ ശേഖരിക്കപ്പെടുന്നു. ഉഷ്ണമേഖല മഴക്കാടുകളിൽ ശേഖരിക്കപ്പെടുന്ന കാർബണിന്റെ അളവിനെക്കാൾ 5 ഇരട്ടി കണ്ടൽകാടുകളിൽ ശേഖരിച്ച് നിലനിർത്തുന്നു. നിർഭാഗ്യവശാൽ ഇവയുടെ പ്രാധാന്യം അവഗണിക്കുന്നതിലൂടെ കണ്ടൽക്കാടുകൾ നാശത്തിന്റെ വക്കിലാണ്. മത്സ്യത്തിന്റെ പ്രജനനം വ്യാപിപ്പിക്കുക,തീരശോഷണം കുറക്കുക,മരുവത്കരണം തടയുക ഇവയെല്ലാം കണ്ടൽ വച്ചു പിടിപ്പിക്കുന്നതിലൂടെ സാധ്യമാവുന്നവയാണ്.കണ്ടൽ ചെടിയുടെ നാശത്തിലൂടെ ശേഖരിക്കപ്പെടുന്ന കാർബൺ അന്തരീക്ഷത്തിലേക്ക് പുറന്തള്ളുകയും

അന്തരീക്ഷ താപ നില ഉയരുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇത്തരം ഒറ്റയാൾ പ്രവർത്തനം ലോക ശ്രദ്ധ നേടേണ്ടതും അംഗീകരിക്കപ്പെടേണ്ടതുമാണ്. നെറ്റ് സീറോ കാർബൺ കേരളം-ജനങ്ങളിലൂടെ പദ്ധതി നടപ്പിലാക്കുന്ന ഒരു പഞ്ചായത്ത് എന്ന നിലയിൽ കണ്ടൽക്കാടുകളുടെ വ്യാപനത്തിനും നെൽകൃഷി ഉൾപ്പെടുത്തി പരമാവധി തരിശ് രഹിതമാക്കുന്നതിനും ചെറു ധാന്യ കൃഷി ഏറ്റെടുക്കുന്നതിനും പൂവ്,നിലക്കടല,കൃഷികളെ പ്രോത്സാഹിപ്പിക്കുന്നതിലും ദേവികുളങ്ങര ഗ്രാമപഞ്ചായത് ശ്രദ്ധ ചെലുത്തി വരുന്നു.തണ്ണീർ വനത്തിലെ കരഭാഗം തെങ്ങ്,പറങ്കിമാവ് എന്നിവ കൃഷി ചെയ്യുന്നതിന് ഉപയോഗിക്കുന്നു.ഔഷധ സസ്യങ്ങളും പൂച്ചെടികളും അപൂർവ്വ വൃക്ഷങ്ങളും വിവിധ കിഴങ്ങ്,പയർ വർഗ്ഗങ്ങളും നട്ടുവളർത്തുന്നു. ലവണാംശം കൂടുതലുള്ള മണ്ണ് ആയതിനാൽ അനുയോജ്യമായ പച്ചക്കറിയും കൃഷി ചെയ്തുവരുന്നു. ജൈവവേലി കെട്ടി തണ്ണീർവനം പൂർണമായും സംരക്ഷിചു വരുന്നു.ആടുമാടു വളർത്തലും ഇവിടെ നന്നായി നടന്നു വരുന്നു.തണ്ണീർവനം ഒരു വിജ്ഞാന താൽപര്യ കേന്ദ്രമായി പ്രവർത്തിച്ചുവരുന്നതിനാൽ കണ്ടൽ ചെടികളുടെ വർഗ്ഗ വർദ്ധനവ് സംബന്ധിച്ചു വിവരശേഖരണത്തിന് വിദ്യാർത്ഥികളും ഗവേഷകരും എത്തുന്നതോടൊപ്പം വിനോദസഞ്ചാരികളുടെയും പ്രകൃതി സ്നേഹികളുടെയും ആശ്രയകേന്ദ്രമായി തണ്ണീർവനം മാറുകയാണ്. ദേശീയ ശാസ്ത്ര കോൺഗ്രസ്, കേരള സ്റ്റേറ്റ് ജൈവവൈവിധ്യ ബോർഡ്,തുടങ്ങിയ ഏജൻസികൾ നടത്തുന്ന മത്സരങ്ങൾക്കായി വിവരശേഖരണത്തിനു എത്തുന്നവരുടെ എണ്ണം അനുദിനം വർധിച്ചുവരുന്നു.

### പാതിരാമണൽ ദ്വീപ് - പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രം

മുഹമ്മ ഗ്രാമപഞ്ചായത്തിലെ പാതിരാമണൽ ദ്വീപ് പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി ഔദ്യോഗിക പ്രഖ്യാപനം ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോഃ ടി.എൻ.സീമ ടീച്ചർ നിർവഹിച്ചിരുന്നു. നൂറുകണക്കിന് ദേശാടനപ്പക്ഷികളുടെ വാസസ്ഥലവും പക്ഷിനിരീക്ഷകർക്ക് പ്രിയപ്പെട്ട സ്ഥലവുമായ ഈ ദ്വീപ് മുഹമ്മ ഗ്രാമപഞ്ചായത്തും കേരള



ജൈവവൈവിധ്യ ബോർഡും ചേർന്ന് സംരക്ഷിക്കുന്നു. ഇത് ഒരു പ്രധാന വിനോദസഞ്ചാര കേന്ദ്രം കൂടിയാണ്.

### ഹരിത ആതുരാലയം -ആലപ്പുഴ ജനറൽ ആശുപത്രി

ചിട്ടയായ മാലിന്യ പരിപാലന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലൂടെയും പൂർണ്ണമായും ഹരിത പെരുമാറ്റച്ചട്ടം പാലിക്കുന്നതിലൂടെയുമാണ് ആശുപത്രി ഈ നേട്ടം കൈവരിച്ചത്. ജൈവ അജൈവ മാലിന്യങ്ങൾ തരംതിരിച്ച് നിക്ഷേപിക്കുന്നതിനായി ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. ജൈവമാലിന്യങ്ങളുടെ കൃത്യമായ സംസ്കരണം ഉറപ്പുവരുത്തുന്നതിന് എയ്റോബിക് കമ്പോസ്റ്റ്



യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ഹരിത കർമ്മ സേനയ്ക്ക് നൽകുകയും മറ്റ് മെഡിക്കൽ മാലിന്യങ്ങൾ ഏജൻസികൾ മുഖാന്തരം നീക്കം ചെയ്യുകയും ചെയ്യുന്നു. ജനറൽ ഹോസ്പിറ്റലിലെയും അനുബന്ധ സ്ഥാപനങ്ങളിലേയും മലിനജലം ശുദ്ധീകരിക്കുന്നതിനായി ജനറൽ ഹോസ്പിറ്റലിൽ 240 KLD ശേഷിയുള്ള STP അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ നഗരസഭ സ്ഥാപിച്ചിട്ടുണ്ട്. ഇലക്ട്രോ കൊയാഗുലേഷൻ എന്ന സാങ്കേതിക വിദ്യയിലാണ് പ്ലാന്റ് പ്രവർത്തിക്കുന്നത്. ജനറൽ ഹോസ്പിറ്റൽ കോമ്പൗണ്ടിൽ പച്ചക്കറിത്തോട്ടവും, ഓരോ ജീവനക്കാർ തന്നെ അവരവരുടെ ഓഫീസ്മുറികളിൽ അലങ്കാര സസ്യങ്ങളും ഇൻഡോർ പ്ലാന്റുകൾ കൊണ്ട് അകത്തളം മനോഹരമാക്കിയത് കാണേണ്ട കാഴ്ച തന്നെയാണ്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നിരവധിയായ ക്ലാസുകളും അവലോകന യോഗങ്ങളും നടത്തി മതിയായ നിർദ്ദേശങ്ങളും നൽകിയാണ് ആശുപത്രിയെ ഈ തരത്തിൽ മാറ്റിയെടുത്തത്.

### ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ: തഴക്കരയുടെ ഹരിത ചുവടുവയ്പ്പ്

മാവേലിക്കര ബ്ലോക്കിലെ തഴക്കര ഗ്രാമപഞ്ചായത്തിലെ മാലിന്യ പരിപാലന രംഗത്ത് സുപ്രധാനമായ അടുത്ത ചുവടുവെപ്പായി ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു. തഴക്കര ഗ്രാമപഞ്ചായത്ത് ഹരിത കർമസേനയുടെ നേതൃത്വത്തിലുള്ള ഈ സംരംഭം ഹരിതകർമസേനയുടെ മാലിന്യ പരിപാലന രംഗത്തെ മികവിന്റെ കേന്ദ്രമായി മാറും.ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററിന്റെ ഔദ്യോഗിക ഉദ്ഘാടനം മാവേലിക്കര എം.എൽ.എ ശ്രീ എം.എസ്. അരുൺകുമാർ ആണ് നിർവഹിച്ചത്.

ഹരിതകർമസേനയുടെ സംരംഭമെന്ന നിലയിൽ ശാസ്ത്രീയമായ ജൈവ മാലിന്യസംസ്കരണ ഉപാധികൾ




എല്ലാം കൂട്ടിയോജിപ്പിച്ചു കൊണ്ടാണ് സെന്റർ പ്രവർത്തനം ആരംഭിച്ചത്.മാലിന്യ സംസ്കരണത്തിനുള്ള ഉപകരണങ്ങളായ ബയോബിൻ, ബയോഗ്യാസ് പ്ലാന്റ്, ഇനോക്കൂലം, കൂടാതെ പ്ലാസ്റ്റിക് ബദൽ ഉത്പന്നങ്ങൾ എന്നിവ ഇവിടെ നിന്നും ആവശ്യക്കാർക്ക് ലഭ്യമാക്കും.വീടുകൾ, സ്കൂളുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതും സെന്റർ വഴി നടപ്പാക്കുന്നുണ്ട്. മാലിന്യ സംസ്കരണ ഉപാധികളുടെ വിതരണത്തിലൂടെയും, മാലിന്യ ശേഖരണത്തിലൂടെയുമുള്ള ഈ സംരംഭം ഹരിതകർമ്മസേനയ്ക്ക് ഒരു അധിക വരുമാന മാർഗ്ഗം കൂടി സൃഷ്ടിക്കുന്നു.

ഈ സുപ്രധാന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നത് ഹരിതസഹായസ്ഥാപനമായ ഐ.ആർ.റ്റി.സി യാണ്. ഐ.ആർ.റ്റി.സി-യുടെ സാങ്കേതിക സഹായം പദ്ധതിയുടെ ശാസ്ത്രീയമായ അടിത്തറ ഉറപ്പാക്കുന്നു.തഴക്കര പഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കും, ഹരിതകർമസേനയുടെ ശാക്തീകരണത്തിനും പുതിയ ദിശാബോധം നൽകുന്ന ഒരു സുപ്രധാന കേന്ദ്രമായി ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ മാറുന്നു.

### ബിഷപ്പ് മൂർ കോളേജ്: നെറ്റ്സീറോ കാർബൺ കാമ്പസ് പദവിയുമായി തഴക്കരയുടെ ഹരിത മാതൃക

മാവേലിക്കരയിലെ തഴക്കര ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ബിഷപ്പ് മൂർ കോളേജ്, അക്കാദമിക മികവിനൊപ്പം സുസ്ഥിര വികസന പ്രവർത്തനങ്ങളിലും ശ്രദ്ധേയമായ സ്ഥാനം നേടിക്കഴിഞ്ഞു. 'നെറ്റ് സീറോ കാർബൺ ജനങ്ങളിലൂടെ' എന്ന ക്യാമ്പയിനിലൂടെ കോളേജ് നെറ്റ്സീറോ കാർബൺ കാമ്പസ് എന്ന പദവി നേടി. മാലിന്യ സംസ്കരണം, ഊർജ്ജ ഉപയോഗം, കൃഷി, ജൈവവൈവിധ്യ സംരക്ഷണം എന്നീ മേഖലകളിൽ ഈ കാമ്പസ് രാജ്യത്തിന് തന്നെ മാതൃകയാവുകയാണ്.

കോളേജ് കാമ്പസിന്റെ ഏറ്റവും വലിയ പ്രത്യേകത അതിന്റെ ജൈവവൈവിധ്യമാണ്.കാമ്പസിൽ 50 വർഷത്തിൽ അധികം പഴക്കമുള്ളതും, മറ്റ് അപൂർവവുമായ 300-ൽ പരം വൃക്ഷയിനങ്ങൾ (varieties) സംരക്ഷിക്കപ്പെടുന്നു. ഇത് കോളേജിന്റെ പൈതൃകപരമായ പ്രാധാന്യം വിളിച്ചോതുന്നു.വിവിധതരം സസ്യജാലങ്ങളെ സംരക്ഷിക്കുന്ന വിശാലമായ ബൊട്ടാണിക്കൽ ഗാർഡൻ ഇവിടെയുണ്ട്. കൂടാതെ, വിപുലമായ ഔഷധ സസ്യ തോട്ടവും വിദ്യാർത്ഥികളുടെ പഠനത്തിനും ഗവേഷണത്തിനും പ്രകൃതി



സൗഹൃദ ചികിത്സാ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും സഹായകമാകുന്നു.

തേനീച്ച പാർക്ക് കാമ്പസിലെ കൃഷിക്ക് ആവശ്യമായ പരാഗണം ഉറപ്പാക്കുകയും, 'പച്ചത്തുരുത്ത്' പദ്ധതിയിലൂടെ കാമ്പസിനുള്ളിൽ തന്നെ ഒരു ചെറിയ വനപ്രദേശം ഒരുക്കുകയും ചെയ്തിരിക്കുന്നു.

മാലിന്യ സംസ്കരണം: ബയോഗ്യാസ് പ്ലാന്റും കമ്പോസ്റ്റിംഗ് യൂണിറ്റുകളും ഉപയോഗിച്ച് കാമ്പസിലെ മാലിന്യം പൂർണ്ണമായും ഉള്ളിൽത്തന്നെ സംസ്കരിക്കുന്നു.

കാർബൺ ന്യൂട്രാലിറ്റി: സോളാർ ഊർജ്ജം പോലുള്ള പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ ഉപയോഗിക്കുന്നതിലൂടെ കാർബൺ പുറന്തള്ളൽ കുറയ്ക്കുകയും, 300-ൽ പരം വൃക്ഷയിനങ്ങൾ അടങ്ങിയ വനവൽക്കരണത്തിലൂടെ കാർബൺ ആഗിരണം വർദ്ധിപ്പിച്ച് നെറ്റ്സീറോ കാർബൺ പദവി നിലനിർത്തുകയും ചെയ്യുന്നു.

കൃഷിയിൽ മാതൃക: കാമ്പസിൽ മാതൃകപരമായ ജൈവകൃഷി രീതികൾ പിന്തുടരുന്നു.

ഈ പ്രവർത്തനങ്ങളിലൂടെ ബിഷപ്പ് മൂർ കോളേജ്, വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം നൽകുന്നതോടൊപ്പം, പരിസ്ഥിതി സംരക്ഷണത്തിനും സുസ്ഥിര ജീവിതത്തിനും പുതിയ പാഠങ്ങൾ നൽകുന്ന ഹരിത മാതൃകയായി മുന്നോട്ട് പോകുന്നു.

## ഭക്ഷണശാലയിലെ മലിന ജലത്തിന് പരിഹാരമാകുന്നു -സ്ക്വാസ് സൊല്യൂഷൻ

കേരളത്തെ സമ്പൂർണ്ണ ശുചിത്വ പ്രദേശം ആക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ദ്രവമാലിന്യ പരിപാലന നയങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി സംരംഭകത്വ അടിസ്ഥാനത്തിൽ ഹോട്ടൽ ദ്രവമാലിന്യ സംസ്കരണത്തിനായി ജപ്പാൻ സാങ്കേതികവിദ്യയുടെ പരീക്ഷണം വിജയകരമാകുന്നു. ഒരു ലിറ്റർ മലിനജനം ടാങ്കറിൽ കൊണ്ടുവന്ന് ശുദ്ധീകരിക്കുന്നതിന് 60 പൈസയും പ്ലാന്റിൽ നേരിട്ട് എത്തിച്ചാൽ ശുദ്ധീകരിക്കുന്നതിന് 30 പൈസയും മാത്രമേ ചെലവ് വരുന്നുള്ളു.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ മികച്ച സ്റ്റാർട്ടപ്പുകളിൽ സ്ഥാനം പിടിച്ച സ്ക്വാസ് സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡാണ് ഹോട്ടൽ മലിനജലം ശുദ്ധീകരിക്കുന്ന പ്ലാന്റ് നിർമ്മിച്ചത്.ആലപ്പുഴ നഗരസഭയിൽ വഴിച്ചേരിയിലാണ് പരീക്ഷണ അടിസ്ഥാനത്തിൽ പ്ലാന്റ് പ്രവർത്തിക്കുന്നത്. പ്ലാന്റിന്റെ പരീക്ഷണ




പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ജില്ലാ കളക്ടർ അലക്സ് വർഗീസ് ഐ എ എസ് നിർവഹിച്ചു. സ്ക്വാസ് സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡിന് സ്ഥലം കണ്ടെത്തി നൽകിയ നഗരസഭയും ഹരിതകേരളം മിഷൻ,മലിനീകരണ നിയന്ത്രണ ബോർഡ്, ശുചിത്വമിഷൻ,കെ എച്ച് ആർ എ എന്നിവയുടെ കൂട്ടായ്മയും ജില്ലാ കളക്ടറുടെ പ്രോത്സാഹനവുമാണ് പ്ലാന്റ് പ്രാവർത്തികമായതിന് പിന്നിൽ. പദ്ധതി വിലയിരുത്തിയ ശേഷം കൂടുതൽ വികേന്ദ്രീകൃത പ്ലാന്റുകൾ ജില്ലയിൽ സ്ഥാപിക്കുന്നതാണ്.

# മിഷൻ നേട്ടങ്ങളുടെ പ്രവർത്തന വഴികൾ

മുൻ അദ്ധ്യായങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ ഹരിതകേരളം മിഷന്റെ ഉപമിഷൻ പ്രവർത്തനങ്ങളും മാതൃകാ പദ്ധതികളുമാണ് പ്രതിപാദിച്ചത്. കഴിഞ്ഞ ഒരു പതിറ്റാണ്ടു കാലത്ത് (2016 ഡിസംബർ 8- 2025 ഡിസംബർ 31) സംസ്ഥാന തലത്തിൽ ആവിഷ്കരിച്ച ക്യാമ്പയിനുകൾക്ക് പുറമെ ജില്ലയിലും തദ്ദേശ സ്ഥാപന തലത്തിലും ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിയ പാരിസ്ഥിതിക പുനഃസ്ഥാപന ഇടപെടലുകളുടെ നാൾവഴികളാണ് ചുവടെ ചേർക്കുന്നത്

## ശുചിത്വ-മാലിന്യ സംസ്കരണത്തിൽ മിഷന്റെ ഇടപെടലിലൂടെ നടപ്പിലാക്കിയ പദ്ധതികൾ:

ശുചിത്വ-മാലിന്യ സംസ്കരണത്തിൽ മിഷന്റെ ഇടപെടലിലൂടെ ജില്ലയിൽ 10 സ്വാപ്പ് ഷോപ്പുകളുടെ പ്രവർത്തനം തുടർന്നുവരുന്നു. ജില്ലയിലെ 494 ഇടങ്ങളിലെ മാലിന്യക്കൂമ്പാരങ്ങൾ നീക്കം ചെയ്യാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഏകോപനത്തോടെ മിഷന് സാധിച്ചു. ശുചിത്വ-മാലിന്യ സംസ്കരണത്തിന്റെ പ്രധാന്യം വിളിച്ചറിയിക്കുന്നതിനായി 30000 ലഘുലേഖകൾ തയ്യാറാക്കി തദ്ദേശഭരണസ്ഥാപനങ്ങൾ, റെസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയവയിലൂടെ വിതരണം ചെയ്യുകയും പൊതുജനങ്ങളിൽ ഇതിന്റ പ്രാധാന്യം മനസ്സിലാക്കി കുറയ്ക്കാൻ സാധിക്കുകയും ചെയ്തു.

അമ്പലപ്പുഴ, ആര്യാട്, ബ്ലോക്കുപഞ്ചായത്ത്, കായംകുളം നഗരസഭ, ആലപ്പുഴ നഗരസഭ, മുതുകുളം, ചെറിയനാട് ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിൽ പ്ലാസ്റ്റിക് കളക്ഷൻ ഡ്രൈവ് പദ്ധതി നടത്തുകയും വലിയൊരു ബൃഹത്ത് ക്യാമ്പയിനായി പൊതുജന പങ്കാളിത്തത്തോടു കൂടി ശേഖരിച്ചു നിർമാർജ്ജനം ചെയ്തു. ചേർത്തല, ആലപ്പുഴ നഗരസഭകളിൽ സ്വാപ്ഷോപ്പ് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി. ആലപ്പുഴയിൽ സ്വാപ്ഷോപ്പുകൾ സ്ഥിരവിപണന കേന്ദ്രങ്ങളാക്കുന്നതിനുള്ള പദ്ധതികൾ ജില്ലാ ഭരണകൂടവുമായി കൂടിയാലോചിച്ച് നടത്തുന്നുണ്ട്. ആലപ്പുഴ നഗരസഭയിൽ 5 ലക്ഷം രൂപ ചെലവിൽ ജൈവവള നിർമ്മാണ

കേന്ദ്രം ആരംഭിച്ചു. ആലപ്പുഴ നഗരസഭയിലെ വൃത്തിയാക്കിയ പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച്, എം.സി.. എഫു കളിലേക്ക് ശേഖരിക്കുകയും ഹരിത സഹായസ്ഥാപങ്ങൾ, സി.കെ.സി.എൽ എന്നിവയിലേക്ക് കൈമാറി പുനഃചംക്രമണ മേഖലയിലേക്ക് കൈമാറുകയും ചെയ്യുന്നു. പുന്നപ്രവടക്ക് പഞ്ചായത്ത് ശേഖരിച്ച 50 ലോഡിൽ അധികം പ്ലാസ്റ്റിക് വേസ്റ്റുകൾ റീസൈക്ലിംഗിനായി കൈമാറിയിട്ടുണ്ട്. വിവിധ ബ്ലോക്കുകളിയായി റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി ജില്ലയിലെ 12 ബ്ലോക്കുപഞ്ചായത്തുകളും 6 നഗരസഭകളും പ്രോജക്ട് തയ്യാറാക്കി നിർമ്മാണം നടത്തിവരുന്നു. ആലപ്പുഴ നഗരസഭയിൽ 10 മിനി എം.സി.എഫ്. സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു. ജില്ലാതലത്തിൽ ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ ആരംഭിക്കുകയും വിവിധ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലായി ഹരിത സ്ഥാപനങ്ങൾ,ഹരിത വിദ്യാലയങ്ങൾ എന്നിങ്ങനെ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തി. ആദ്യ ഘട്ടത്തിൽ സർക്കാർ സ്ഥാപനങ്ങളെയാണ് തെരഞ്ഞെടുത്തതും,ഹരിത സ്ഥാപനങ്ങളായി മാറ്റുകയും ചെയ്തത്. ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കിയതിലൂടെ ഹരിത നിയമാവലി പാലിച്ചുകൊണ്ട് വിവാഹങ്ങൾ, വിവിധ മതസ്ഥരുടെ ആഘോഷങ്ങൾ, ഹരിതോത്സവം എന്നിവ നടത്തുന്നതിന് ഹരിതകേരളം മിഷൻ നേതൃത്വം നൽകി. മഴക്കാല പൂർവ്വ ശുചീകരണ യജ്ഞത്തിന്റെ ഭാഗമായി ഓട വൃത്തിയാക്കൽ, പരിസര ശുചീകരണം, മാലിന്യക്കൂനകൾ നീക്കം ചെയ്യൽ, മാലിന്യ ഉറവിട നശീകരണം, അണുനാശിനി പ്രയോഗം, ബോധവത്കരണ സന്ദേശ പ്രചരണം, ബോധവത്കരണ ക്ലാസ്സുകൾ എന്നിവ നടത്തി. ശുചിത്വ ഗ്രീഷ്മോത്സവം എന്ന പേരിൽ എല്ലാ ബ്ലോക്കുകളിലുമായി 51 കേന്ദ്രങ്ങളിൽ കുട്ടികളിൽ ബോധവൽക്കരണം നടത്തുന്നതിനായി ചക്ക-മാങ്ങ-തേങ്ങ ക്യാമ്പുകൾ നടത്തി.

### മണ്ണ് - ജല സംരക്ഷണത്തിൽ മിഷന്റെ ഇടപെടലിലൂടെ നടപ്പിലാക്കിയ പദ്ധതികൾ:

ആലപ്പുഴ ജില്ലയിൽ മണ്ണ് - ജല സംരക്ഷണത്തിൽ മിഷന്റെ ഇടപെടലിലൂടെ നിരവധി പാരിസ്ഥിതിക പദ്ധതികളും പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. ജില്ലയിലുടനീളം 258 കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. 4455 കിണറുകൾ പുനരുജ്ജീവിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. 407 കിണറുകൾ നിർമ്മിക്കാനും 2207 കുളങ്ങൾ പുനരുജ്ജീവിപ്പിക്കാനും സാധിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജനകീയ പങ്കാളിത്തത്തോടുകൂടി 72 ചിറകളും 382 തോടുകളും ശുചീകരിച്ചു. 51 തോടുകൾ പുനരുജ്ജീവിപ്പിക്കുകയും 6.5 കി.മീ നീളത്തിൽ പുതിയ തോടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഏകോപനത്തിൽ തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തി നിർമ്മിച്ചു. ശുചിത്വ വാരാചരണത്തിനോടനുബന്ധിച്ച് കൃഷി,ജലസേചനം എന്നിവ കാര്യക്ഷമമാക്കുന്നതിന് 79.8 കി.മീ നീളത്തിൽ ജലസേചന കനാൽ വൃത്തിയാക്കി. ജലസംരക്ഷണവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പ് സ്കൂളുകളിൽ മഴക്കുഴികൾ നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകി. കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ ഡിവിഷന്റെ കീഴിലുള്ള പ്രദേശങ്ങളിൽ മഴക്കുഴികൾ നിർമ്മിച്ചു. ഭൂജല വകുപ്പിന്റെ നേതൃത്വത്തിൽ, കുട്ടനാടൻ മേഖലയുടെ ഭൗമശാസ്ത്രപരമായ പ്രത്യേകത കണക്കിലെടുത്ത് ഓരോ പഞ്ചായത്തിലും അനുയോജ്യമായ ജലസുരക്ഷാ പദ്ധതി തയ്യാറാക്കി വരുന്നു. ജലസേചന വകുപ്പ് മുഖേന 552 ഓരുമുട്ടുകളിലൂടെ 11 മില്യൺ മീറ്റർ ക്യൂബ് ജലം ഉപ്പ് വെള്ള കയറാതെ സംരക്ഷിക്കുന്നതിന് സാധിച്ചിട്ടുണ്ട്. നീർത്തടാധിഷ്ഠിത വികസന മാസ്റ്റർ പ്ലാൻ തയ്യാറക്കുന്നതിന്റെ ഭാഗമായി 36 പഞ്ചായത്തുകളിൽ നീർത്തട നടത്തം പൂർത്തിയാക്കിയിട്ടുണ്ട്. ഇത് എല്ലാ പഞ്ചായത്തുകളിലും മാർച്ച് മാസത്തിൽ പൂർത്തിയാക്കി, ബ്ലോക്കുതലത്തിലുള്ള നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കി ജലസേചനം, കൃഷി, മണ്ണ് സംരക്ഷണം, തദ്ദേശ സ്വയംഭരണം തുടങ്ങിയ വകുപ്പുകൾ മുഖേന ഏപ്രിൽ മാസത്തിൽ നിർവ്വഹണം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. വരട്ടാർ, പള്ളിക്കലാർ എന്നിവയുടെ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് രണ്ടാം ഘട്ട പ്രവർത്തന ശുപാർശകൾ തയ്യാറാക്കി കഴിഞ്ഞു. സാമൂഹ്യ വനവൽകരണ വിഭാഗം വഴി 7.32 ലക്ഷം തൈകളും 1.8 ലക്ഷം തേക്കിൻ സ്റ്റമ്പുകളും വിതരണം ചെയ്തു. കൃഷി വകുപ്പ് മുഖേന 24,561 വൃക്ഷതൈകൾ വിതരണം ചെയ്തു. പഞ്ചായത്ത് വകുപ്പ് മുഖേന 2,14,120 വൃക്ഷതൈകൾ വിതരണം

ചെയ്തു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ റോഡ് സൈഡ് ട്രീ-പ്ലാന്റേഷൻ/ബ്ലോക്ക് പ്ലാന്റേഷൻ എന്നിവയ്ക്കായി 2,59,405 തൈകൾ വിതരണം ചെയ്തു.

### സ്വപ് -ഷോപ്പുകൾ-2017, 2024

ജില്ലാപഞ്ചായത്തിന്റെ ആഭിമുഖ്യത്തിലും ആലപ്പുഴ ജില്ലയിലെ വിവിധ ബ്ലോക്കുകളിലും 2017, 2024 എന്നീ വർഷങ്ങളിൽ ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ എന്നിവയുടെ സഹകരണത്തിൽ സ്വാപ് ഷോപ്പുകൾ സംഘടിപ്പിക്കുകയുണ്ടായി. "സ്വപ് ഷോപ്പ്" എന്നത് പൊതുജനങ്ങൾക്ക്




പുനരുപയോഗിക്കാൻ കഴിയുന്ന വസ്തുക്കൾ കൈമാറ്റം ചെയ്യാനോ സൗജന്യമായി നൽകാനോ ഉള്ള ഒരു തുറന്ന വേദിയാണ്. ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, ജീവനക്കാർ കളക്ടറേറ്റിലെ വിവിധ ഡിപ്പാർട്ട്മെന്റുകളിലെ ജീവനക്കാർ തുടങ്ങിയവർ തങ്ങളുടെ വീടുകളിൽ ഉപയോഗിക്കാതെ ഇരിക്കുന്നതും എന്നാൽ ഉപയോഗ യോഗ്യമായതുമായ തുണിത്തരങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ, വീട്ടുപകരണങ്ങൾ, കളിക്കോപ്പുകൾ തുടങ്ങിയ സാധനങ്ങൾ സ്വാപ് ഷോപ്പിൽ എത്തിക്കുകയും ആവശ്യക്കാർ അവിടെ നിന്ന്കൈപ്പറ്റുകയും ചെയ്തു. ഇതോടെ ഉപയോഗം കഴിഞ്ഞ വസ്തുക്കൾ വലിച്ചെറിയുന്നതിൽ നിന്നും ആവിശ്യമുള്ളവർക്ക് അത് ഉപയോഗിക്കാം എന്ന സാഹചര്യം സംജാതമായി.

### ഗ്രീൻ പ്രോട്ടോകോൾ ക്യാമ്പയിൻ - 2017, 2018

ഒറ്റത്തവണ ഉപയോഗത്തിന് ശേഷം വലിച്ചെറിയുന്ന ശീലം ഒഴിവാക്കി പുനരുപയോഗ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക, എല്ലാത്തരം മാലിന്യങ്ങളുടെയും അളവ് കുറയ്ക്കുക, കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ ശീലമാക്കുക. ഉണ്ടാകുന്ന ജൈവമാലിന്യം അതാത് സ്ഥലങ്ങളിൽ തന്നെ കമ്പോസ്റ്റിങ്ങിലൂടെ വളമാക്കി മാറ്റുകയോ ബയോഗ്യാസാക്കി മാറ്റുകയോ ചെയ്യുക, അജൈവ പാഴ്‌വസ്തുക്കൾ ശാസ്ത്രീയമായി സംസ്കരിക്കുക എന്നതാണ് ഗ്രീൻ പ്രോട്ടോക്കോൾ കൊണ്ട് ഉദ്ദേശിക്കുന്നത്.

ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, ഘടകസ്ഥാപനങ്ങൾ എന്നിവയിൽ ഗ്രീൻ പ്രോട്ടോക്കോൾ പ്രഖ്യാപനം നടത്തുകയും മാർഗ്ഗരേഖ പ്രദർശിപ്പിക്കുകയും ചെയ്തു. മാലിന്യം വലിച്ചെറിയുകയോ,



കത്തിക്കുകയോ ചെയ്യുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കാനും പിഴ ഈടാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ ഓഫീസുകളിലും ഈ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനുവേണ്ടി അതാത് വകുപ്പുകളിലെ മുതിർന്ന ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർ ആയി നിയമിച്ചിട്ടുണ്ട്. ഓഫീസുകളിൽ നടക്കുന്ന പൊതുപരിപാടികൾക്കും ഇതര ചടങ്ങുകൾക്കും സന്ദർശകർക്കും ഉള്ള ആഹാരം, ചായ, വെള്ളം, ലഘുഭക്ഷണം എന്നിവ വിതരണം ചെയ്യുന്നതിനായി ആവശ്യാനുസരണം കഴുകി ഉപയോഗിക്കാവുന്ന സ്റ്റീൽ/ചില്ല്/സെറാമിക്സ് പാത്രങ്ങൾ വാങ്ങി ഉപയോഗിക്കണമെന്ന നിർദ്ദേശം ജില്ലയിലെ എല്ലാ സ്ഥാപനങ്ങളും പാലിക്കുന്നുണ്ട്. പൊതുപരിപാടികൾക്ക് പ്ലാസ്റ്റിക്ക് നിർമ്മിത ബാനറുകൾക്കു പകരം തുണിയിലോ, പേപ്പറിലോ, വാഴയിലയിലോ, പ്രകൃതിക്കിണങ്ങുന്ന രീതിയിലുള്ള ബാനറുകൾ ഉപയോഗിക്കാനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 684 സർക്കാർ/ അർദ്ധസർക്കാർ/ ബോർഡ് / പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലെ നോഡൽ ഓഫീസർമാർക്ക് ഗ്രീൻ പ്രോട്ടോക്കോൾ സംബന്ധിച്ച് രണ്ടു ദിവസത്തെ വിശദമായ പരിശീലനം നൽകുവാൻ കഴിഞ്ഞു. ഇങ്ങനെ ആലപ്പുഴ ജില്ലയിൽ നടത്തിയ മികച്ച മാതൃകകളിലൊന്നാണ് തഴപ്പായിൽ തീർത്ത ബാനർ.

## ഗ്രീൻപ്രോട്ടോക്കോൾ : ചില ആലപ്പുഴ മാതൃകകൾ

### സംസ്ഥാന സ്കൂൾ യുവജനോത്സവം

ആലപ്പുഴയിൽ വെച്ച് നടന്ന സ്കൂൾ-യുവസംസ്ഥാനജനോത്സവം എല്ലാ വേദികളിലും പൂർണ്ണമായും ഗ്രീൻപ്രോട്ടോകോൾ പാലിക്കുന്നതിനും ഗ്രീൻ വൊളന്റിയർമാരെ ഉപയോഗിച്ച് പ്ലാസ്റ്റിക്ക് ഡിസ്പോസിബിൾ ഉൽപന്നങ്ങൾ ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി. ജൈവമാലിന്യം ഓൺസൈറ്റ് കമ്പോസ്റ്റിങ്ങിലൂടെ സംസ്കരിച്ചു. അജൈവമാലിന്യങ്ങൾ ഹരിതകർമ്മസേന, ഗ്രീൻ വൊളന്റിയർമാർ എന്നിവരെ ഉപയോഗിച്ച് ശേഖരിച്ച് അത് ആർ. ആർ. എഫിലേയ്ക്ക് മാറ്റി.

### ആലപ്പുഴ നഗരസഭ ടൗൺഹാൾ ഡിസ്പോസിബിൾ ഫ്രീ ആക്കുന്ന പ്രവർത്തനം

ആലപ്പുഴ നഗരസഭ ടൗൺഹാൾ ഡിസ്പോസിബിൾ ഫ്രീ ആക്കുന്നതിന്റെ ഭാഗമായി 5000 സ്റ്റീൽ പ്ലേറ്റ്, ഗ്ലാസ്സ്, 2000 ഐസ്ക്രീം കപ്പ് എന്നിവ വാങ്ങി ചടങ്ങുകളെല്ലാം പ്രകൃതി സൗഹൃദമാക്കി നടത്തി. കൂടാതെ ഓരോ വാർഡിലേയും എ.ഡി.എസ് യൂണിറ്റുകൾക്ക് 500 സ്റ്റീൽപ്ലേറ്റ്, സ്റ്റീൽഗ്ലാസ്സ്, സ്റ്റീൽ ഐസ്ക്രീം കപ്പുകൾ, ജഗ്ഗുകൾ എന്നിവ വാങ്ങി നൽകി, പരിപാടികൾക്ക് വാടകയ്ക്ക് നൽകുകയും

ചെയ്തു. ഇങ്ങനെ നഗരങ്ങളിലെ പൊതു പരിപാടികളിലും ആഘോഷങ്ങൾക്കും ഡിസ്പോസിബിൾ വസ്തുക്കളുടെ ഉപയോഗം കുറച്ചു.

**നെഹ്റു ട്രോഫി ജലോത്സവം ഹരിത ചട്ടം പാലിച്ചു**

ആലപ്പുഴ നെഹ്റുട്രോഫി ജലോത്സവത്തിന് കായലിലേയ്ക്ക് മാലിന്യം വലിച്ചെറിയാതിരിക്കുന്നതിന് പൊതുജനങ്ങളിൽ നിന്ന് 10 രൂപ ഈടാക്കി ബോട്ടിലുകളിൽ സ്റ്റിക്കർ പതിപ്പിച്ചു. സ്റ്റിക്കറുള്ള ബോട്ടിലുകൾ തിരികെ നഗരസഭയുടെ ഗ്രീൻപ്രോട്ടോകോൾ ഓഫീസിലെത്തിക്കുമ്പോൾ ഈ 10




രൂപ മടക്കി നൽകി. അഞ്ഞൂറോളം താൽക്കാലിക ബിന്നുകൾ പവലിയനിൽ നിരത്തി കായലിലേയ്ക്ക് മാലിന്യം വലിച്ചെറിയുന്നത് തടഞ്ഞു. ജലോത്സവം അവസാനിച്ച് ഒരു മണിക്കൂറിനുള്ളിൽ പവലിയനുകളും റോഡുകളും വൃത്തിയാക്കി. നെഹ്റുട്രോഫി ജലോത്സവത്തിന്റെ ചരിത്രത്തിലാദ്യമായാണ് ശുചീകരണപ്രവർകത്തനങ്ങൾക്ക് ഇത്രയും വിപുലമായ പദ്ധതികൾ നടപ്പിലാക്കുന്നത്. 2018 മുതൽ നടപ്പിലാക്കി വരുന്ന ഗ്രീൻ പ്രോട്ടോകോൾ പാലിച്ചുള്ള നെഹ്റു ട്രോഫി ജലോത്സവം നാളിതുവരെയും പൂർണ്ണമായും ശുചികരണ പ്രവർത്തനങ്ങൾക്കു പ്രാധാന്യം നൽകി നടപ്പിലാക്കി വരുന്നു.

**മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഓഫീസ് മാതൃക ഹരിത ഓഫീസ് ആക്കി മാറ്റി**

മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഓഫീസിൽ ഗ്രീൻപ്രോട്ടോക്കോൾ നടപ്പാക്കുന്നതിനായി ഒരു കമ്മറ്റി രൂപികരിക്കുകയും ജീവനക്കാരെ രണ്ടു ഗ്രൂപ്പുകളായി തിരിച്ച് ഓഫീസും പരിസരവും വൃത്തിയാക്കുന്നതിനുള്ള മത്സരം സംഘടിപ്പിച്ചു. ഇതിന്റെ പുരോഗതി ഓരോ ആഴ്ചയും വിലയിരുത്തി. ഏറ്റവും നന്നായി പ്രവർത്തിച്ച ആളുകളെ ആദരിക്കുകയും ചെയ്തു. പ്ലാസ്റ്റിക്ക് കുപ്പികളും പാഴ് വസ്തുക്കളും ഉപയോഗിച്ച് വെർട്ടിക്കൽ ഗാർഡൻ ഉണ്ടാക്കി. ഗ്രോബാഗുകളിലും ഉപയോഗ ശൂന്യമായ കിണറ്റിലും മത്സ്യങ്ങളെ വളർത്താനും തുടങ്ങി. ആദ്യഘട്ടത്തിൽ ജില്ലയിലെ 932 സർക്കാർ ഓഫീസുകളെ A,B,C എന്നിങ്ങനെ ഗ്രേഡ് തിരിച്ച് വിലയിരുത്തിയപ്പോൾ ഏറ്റവും മുന്നിലെത്തിയത് മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ ഓഫീസ് ആണ്. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ സീമ ഹരിത ഓഫീസായി പ്രഖ്യാപിച്ചു.







**2019-ലെ ലോകസഭാ തെരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങൾ പ്രകൃതി സൗഹൃദമാക്കി**

2019 ലെ ലോകസഭാ തെരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങൾക്ക് പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കണം എന്ന കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശവും ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവും പ്രാവർത്തിമാക്കുന്നതിന്റെ ഭാഗമായി ഹരിത ചട്ടം പാലിച്ച് പ്ലാസ്റ്റിക് മുക്ത ഹരിത തെരഞ്ഞെടുപ്പ് എന്ന സന്ദേശം വിളംബരം ചെയ്യുന്ന പ്ലക്കാർഡുകളുമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകളെ പങ്കെടുപ്പിച്ച് ഒരു സൈക്കിൾ റാലി നടത്തി. ആലപ്പുഴ മുല്ലയ്ക്കൽ എ. വി. ജെ. ജംഗ്ഷനിൽ നിന്ന് ആരംഭിച്ച റാലിക്ക് ജില്ലാ പോലീസ് മേധാവി കെ. എം. ടോമി. ഐ. പി. എസ്. പ്രതിജ്ഞ ചൊല്ലുകയും ഫ്ളാഗ് ഓഫ് ചെയ്യുകയും ചെയ്തു. ലോകസഭാ തെരഞ്ഞെടുപ്പിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിന്റെ ഭാഗമായി ഹരിതകേരളം മിഷൻ ജില്ലാ കോ ഓർഡിനേറ്റർ ജില്ലാ തല നോഡൽ ഓഫീസർ ആയി പ്രവർത്തിച്ചു. ഇതിന്റെ ഭാഗമായി ശുചിത്വ മിഷനുമായി ചേർന്ന് കളക്ടറേറ്റ് അങ്കണത്തിൽ മാതൃക ഹരിത പോളിംഗ് ബൂത്ത് സ്ഥാപിക്കുകയും ഹരിത പെരുമാറ്റച്ചട്ട സന്ദേശങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തു. മാതൃകാ ബൂത്തിന്റെ ഉദ്ഘാടനം നാരി ശക്തി പുരസ്കാര ജേതാവും സ്വന്തം സ്ഥലത്ത് 50 സെന്റ് വനം വച്ച് പിടിപ്പിച്ച് മാതൃകയാവുകയും ചെയ്ത ശ്രീമതി.






ദേവകിയമ്മ നിർവഹിച്ചു. കൂടാതെ ശ്രീമതി. ദേവകിയമ്മയെ തെരഞ്ഞെടുപ്പ് ഗ്രീൻപ്രോട്ടോക്കോൾ പ്രവർത്തനങ്ങളുടെ അംബാസിഡർ ആയി തെരഞ്ഞെടുക്കുകയും ചെയ്തു.

2019 മാർച്ച് 23 ന് ആലപ്പുഴ വഴിച്ചേരി മാർക്കറ്റിൽ വച്ച് ആലപ്പുഴ ജില്ലാ കളക്ടർ എസ്. സുഹാസ് ഐ.എ.എസ്സിന്റെ നേതൃത്വത്തിൽ ഹരിത സന്ദേശങ്ങൾ വിളംബരം ചെയ്യുകയും പ്ലാസ്റ്റിക് സഞ്ചികൾക്ക് പകരം ഉപയോഗിക്കാവുന്ന തുണി സഞ്ചികൾ, പേപ്പർ കവറുകൾ, പേപ്പർ പേനകൾ തുടങ്ങിയവ പൊതു ജനങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തു.

## ഹരിതോത്സവം -2018

ഹരിതകേരളം മിഷനും മാതൃഭൂമി സീഡുമായി ചേർന്ന് വിദ്യാർത്ഥികളെയും പ്രകൃതിയെയും വേർതിരിക്കുവാൻ ആവാത്ത വിധം ബന്ധിപ്പിച്ചുകൊണ്ട് ഹരിത സൗഹൃദമായ ഒരു വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹരിതോത്സവം എന്ന കൈപുസ്തകം രൂപപ്പെടുത്തിയത്. പുതുതലമുറയ്ക്ക് പ്രകൃതി സംരക്ഷണബോധം ഉണ്ടാക്കുന്നതിന് 10 ഹരിതോത്സവങ്ങൾ ഒരു അധ്യയന വർഷത്തിൽ പരിസ്ഥിതി സൗഹാർദമായി സംഘടിപ്പിക്കുന്നതിലൂടെ കഴിഞ്ഞു എന്ന് നിസ്സംശയം പറയാം. ഈ ഉത്സവങ്ങൾ ജനകീയമായും 100% പരിസ്ഥിതി സൗഹാർദ്ദമായും സംഘടിപ്പിച്ച് കേരളത്തിന് മാതൃകയായത് മുഹമ്മ ഗ്രാമപഞ്ചായത്തിലെ സി.എം.എസ് എൽ. പി സ്കൂളാണ്.

## ഹരിത വിദ്യാലയം

ക്ലാസ്സ് മുറികൾ മറ്റ് അനുബന്ധ കെട്ടിടങ്ങൾ, ചുറ്റുപാടുകൾ എന്നിവ പ്രകൃതി സൗഹൃദമായ വിദ്യാലയമാണ് ഹരിത വിദ്യാലയം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ആവശ്യത്തിന് ശുദ്ധവായുവും, വെളിച്ചവും ഉള്ള, മാലിന്യമുക്തമായ, പഠന സൗഹൃദമായ ഒരു അന്തരീക്ഷം ഹരിത ക്ലാസ് മുറികൾക്ക് അത്യന്താപേക്ഷിതമാണ്. ഉപയോഗിച്ച് വലിച്ച് എറിയുന്ന പ്ലാസ്റ്റിക് പേനകൾക്ക്

പകരം മഷിപേനയോ കടലാസ് നിർമ്മിത പേനയോ ഉപയോഗിക്കുകയും സ്കൂൾ ബാഗ് അടക്കമുള്ള മറ്റ് ആവശ്യ വസ്തുക്കളുടെ കാര്യത്തിലും പുനരുപയോഗ സാധ്യത പരമാവധി പ്രയോജനപ്പെടുത്തി കൊണ്ടുള്ള ശീലവത്കരണവുമാണ് ഹരിതോത്സവത്തിലൂടെ നടപ്പിലാക്കപ്പെട്ടത്.

ക്ലാസ് മുറിയിൽ കുമിഞ്ഞു കൂടുന്ന പ്ലാസ്റ്റിക്ക് പ്ലാസ്റ്റിക്കിതര മാലിന്യങ്ങൾ ഇനം തിരിച്ച് ക്ലാസ് മുറികളിൽ തന്നെ ശേഖരിക്കുകയും അതിൽ പുനരുപയോഗിക്കാൻ പറ്റുന്നവ അങ്ങനെ ശേഖരിക്കുകയും സംസ്കരിക്കേണ്ടവ വേർതിരിച്ച് ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറുകയും ചെയ്തു.

സ്കൂൾ വളപ്പിൽ കഴിയാവുന്നിടത്തോളം മരങ്ങളും ഔഷധ സസ്യങ്ങളും പച്ചക്കറികളും നട്ടു വളർത്തി പരിപാലിക്കുന്നതിലൂടെ പുതിയോരു പഠന സംസ്കാരത്തിന് തുടക്കം കുറിക്കുന്നു.

വിവധ ആവശ്യങ്ങൾക്ക് അനുയോജ്യമായ അളവിൽ വിവിധ സ്രോതസ്സുകളിൽ നിന്ന് ജലം ശേഖരിക്കുന്നതിനും ശേഖരിച്ച ജലം ഒട്ടും പാഴാക്കാതെ ഉപയോഗിക്കുന്നതിനും വേണ്ട ജാഗ്രത കുട്ടികളിൽ ഉളവാക്കുവാനായി. ഈ പ്രവർത്തനങ്ങളുടെയൊക്കെ മേൽ നോട്ടക്കാർ കുട്ടികൾ തന്നെയായിരുന്നു. അങ്ങനെ ഹരിതകേരളം മിഷൻ വിഭാവനം ചെയ്ത ഈ ആശയങ്ങൾ കുഞ്ഞു മനസ്സുകളിൽ വേരൂന്നുന്നതിന് കാരണമായി.

ജൂൺ 5-ന് പരിസ്ഥിതി ദിനത്തിൽ തുടങ്ങി നവംമ്പർ 17 ലോക വിദ്യാർത്ഥി ദിനത്തൽ സമാപിക്കുന്ന 10 ഉത്സവങ്ങളാണ് ഹരിതോത്സവത്തിന്റെ ഭാഗമായി സ്കൂളുകളിൽ സംഘടിപ്പിക്കപ്പെട്ടത്.ഓരോ ദിനാഘോഷങ്ങളിയൂടെ അതിന്റെ സന്ദേശം കുട്ടികളിലേയ്ക്കും, രക്ഷിതാക്കളിലേയ്ക്കും പകർന്ന് നൽകുവാൻ കഴിഞ്ഞു.

- ഒന്നാം ഉത്സവം- ലോക പരിസ്ഥിതി ദിനം- ജൂൺ 5
- രണ്ടാം ഉത്സവം- മരുവത്കരണ വിരുദ്ധ ദിനം- ജൂൺ 17
- മൂന്നാം ഉത്സവം- ഡോക്ടർ ദിനം - ജൂലൈ 1
- നാലാം ഉത്സവം- ലോക പ്രകൃതി സംരക്ഷണ ദിനം- ജൂലൈ-28
- അഞ്ചാം ഉത്സവം- പുനരുപയോഗ ദിനം- ആഗസ്റ്റ് 7
- ആറാം ഉത്സവം- ദേശീയ കായിക ദിനം- ആഗസ്റ്റ് 29
- ഏഴാം ഉത്സവം- ഓസോൺ ദിനം - സെപ്റ്റംബർ 16
- ഏട്ടാം ഉത്സവം- ഗാന്ധി ജയന്തി- ഒക്ടോബർ 2
- ഒൻപതാം ഉത്സവം- ലോക ഭക്ഷ്യ ദിനം- ഒക്ടോബർ 16
- പത്താം ഉത്സവം- സാർവ്വദേശീയ വിദ്യാർത്ഥി ദിനം- നവംബർ 17

ഹരിതോത്സവത്തിലെ 10 ഉത്സവങ്ങളും അതിന്റെ എല്ലാ അർത്ഥവശങ്ങളും ഉൾക്കൊള്ളുന്ന രീതിയിൽ നടത്തിയ മുഹമ്മ സി.എം.എസ് എൽ.പി.എസ് -നെ ജില്ലയിലെ ഹരിത സ്കൂളായി പ്രഖ്യാപിച്ചിട്ടുണ്ട്. അദ്ധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ, ജനപ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണിത്.

ഹരിതോത്സവം പോലെയുള്ള പരിപാടികൾ കുട്ടികളുടെ കാഴ്ച്ചപാടിൽ വരുത്തിയ മാറ്റം എത്രത്തോളമാണെന്ന് തെളിയിക്കുന്ന ഒരു ഉദാഹരണം, നീലംപേരൂർ ഗവ. എൽ.പി.എസ് -ലെ കുട്ടികൾ നടത്തിയ ഒരു ഇടപെടൽ ഇവിടെ വിവരിക്കട്ടെ.

സ്കൂളിന് സമീപമുള്ള സ്വകാര്യ വ്യക്തിയുടെ പുരയിടത്തിൽ നിന്ന പ്രായം ചെന്ന പുളിമരം മുറിച്ച് മാറ്റുന്നത് കണ്ട ഈ സ്കൂളിലെ മൂന്നാം ക്ലാസുകാരായ ഒരു കൂട്ടം കുട്ടികൾ അവിടേയ്ക്ക് ചെല്ലുകയും എന്തിനാണ് മരം മുറിച്ച് കളയുന്നത് എന്ന് ചോദിക്കുകയും മരങ്ങൾ മുറിച്ച് മാറ്റുമ്പോൾ ഈ മരത്തിൽ സ്ഥിരമായി ചേക്കേറിയിരുന്ന പക്ഷികൾ എവിടേയ്ക്ക് പോകുമെന്നും, മരങ്ങൾ പരിപാലിച്ച് പോരേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് പറഞ്ഞ് ബോദ്ധ്യപ്പെടുത്താൻ ശ്രദ്ധിക്കുകയും ചെയ്തു.

ഒടുവിൽ മരം മുറിച്ചവ്യക്തി, മരം മുറിച്ച് മാറ്റുവാൻ ഉണ്ടായ സാഹചര്യത്തെ കുറിച്ച് കുട്ടികളെ പറഞ്ഞു ബോദ്ധ്യപ്പെടുത്തുവാൻ ബുദ്ധിമുട്ടി. കൊച്ചു കുട്ടികളുടെ ഭാഗത്തു നിന്നുണ്ടായ ഈ ഇടപെടൽ പരിസ്ഥിതി സാക്ഷരതയിലേയ്ക്കുള്ള ചുവടു വെയ്പ്പായി ഇവിടെ രേഖപ്പെടുത്തുകയാണ്.

## 2019- പ്ലാസ്റ്റിക് നിരോധനം നടപ്പിലാക്കാൻ ബദൽ ഉൽപന്ന ക്യാമ്പയിൻ

### ശുചിത്വ മാലിന്യസംസ്കരണം ബദൽ ഉല്പന്നങ്ങളും സാധ്യതകളും

ഭരണഘടന നമ്മെ ഏല്പ്പിച്ച ഉത്തരവാദിത്തവും സമൂഹത്തിന്റെ അവകാശവുമായി ശുചിത്വബോധത്തെ നാം കാണേണ്ടതുണ്ട്. ആഗോളീകൃത സാഹചര്യത്തിൽ നാം സ്വീകരിച്ച ഉപഭോഗതൃഷ്ണ മലയാളികളുടെ പാരിസ്ഥിതിക ജീവിതത്തിൽ അനാരോഗ്യകരവും അനഭിലഷണീയവുമായ നിരവധി മാറ്റങ്ങൾക്കു കാരണമായി മാറിയിട്ടുണ്ട്. മാലിന്യം ഉല്പാദിപ്പിച്ചിട്ട് അത് സംസ്കരിക്കുവാൻ ശ്രമിക്കുന്നതിന് പകരം



ചില ശീലങ്ങളിലൂടെ മാലിന്യത്തിന്റെ ഉല്പാദന തോത് പരമാവധി കുറയ്ക്കുവാൻ ശ്രമിക്കുന്നതാണു നല്ലത്.

നമ്മുടെ സംസ്ഥാനത്തെ മാലിന്യപ്രശ്നത്തിന് അടിയന്തിരവും ശാശ്വതവുമായ പരിഹാരം കാണുന്നതിനായാണ് ഹരിതകേരളം മിഷന്റെ ഭാഗമായി ശുചിത്വ - മാലിന്യ സംസ്കരണ ഉപമിഷൻ രൂപീകരിച്ചത്.

ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങളിലൂടെ മാലിന്യത്തിന്റെ അളവു കുറയ്ക്കണമെങ്കിൽ നാം പിന്തുടർന്നു വരുന്ന ശീലങ്ങളിലും രീതികളിലും വലിയ മാറ്റങ്ങൾ കൊണ്ടുവരേണ്ടിയിരിക്കുന്നു. ഈ മാറ്റങ്ങൾ ജനങ്ങളുടെ ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നവയാണെന്ന് ഉറപ്പു വന്നാൽ മാത്രമേ സമൂഹം അത് ഏറ്റെടുക്കുകയുള്ളൂ. ഗാർഹിക തലം വരെ എത്തേണ്ട ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിലൊന്നാണ് സർക്കാർ ഓഫീസുകളിൽ പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കണമെന്ന നിർദ്ദേശം. പൊതുജനങ്ങൾക്ക് കണ്ടുപഠിക്കാനും മാതൃകയാക്കാനും കഴിയുന്ന വിധത്തിൽ സർക്കാർ ഓഫീസുകളിലെ ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനം മാറേണ്ടിയിരിക്കുന്നു. ഇതിനകം ജില്ലയിൽ നിരവധി സമ്മേളനങ്ങളും ഉത്സവങ്ങളും കായിക മത്സരങ്ങളും ഗ്രീൻപ്രോട്ടോക്കോൾ പാലിച്ച് നടത്തുവാൻ കഴിഞ്ഞു. ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ ഒരു വലിയ ബഹുജന വിദ്യാഭ്യാസ പരിപാടിയായി മാറ്റുവാനാണ് ഹരിതകേരളം മിഷൻ ശ്രമിക്കുന്നത്. എല്ലാത്തരം ഡിസ്പോസബിൾ വസ്തുക്കളുടേയും ഉപയോഗം പൂർണ്ണമായും ഒഴിവാക്കി പകരം പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കുന്ന ശീലത്തിലേക്ക് ഗ്രീൻ പ്രോട്ടോക്കോൾ നമ്മെ നയിക്കും. ഇത് തിരിച്ചറിഞ്ഞാണ് ആലപ്പുഴ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് (ADRF)

പോലെയൊരു സ്വതന്ത്ര ഏജൻസി (ആലപ്പുഴ ജില്ലാ കളക്ടർ മുഖ്യ രക്ഷാധികാരിയായിട്ടുള്ള) ഹരിതകേരളം മിഷന്റെ ഭാഗമാകുന്നത്.

## ഹരിതകേരളം മിഷൻ എ.ഡി.ആർ.എഫുമായി ചേർന്ന് നടത്തിയ പ്രവർത്തങ്ങൾ

2019 ഒക്ടോബർ 2ന് ആലപ്പുഴയിലെ കൈനകരി ഗ്രാമപഞ്ചായത്തിൽ നിന്നാണ് ഒന്നിച്ചുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ തുടങ്ങിയത്. ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന ഡിസ്പോസബിൾ വസ്തുക്കളുടേയും പ്ലാസ്റ്റിക്ക് ക്യാരി ബാഗുകളുടെയും ഉപയോഗം കുറച്ചുകൊണ്ടു വരുന്നതിന് എ.ഡി.ആർ.എഫ് മായി ചേർന്ന് ഉപയോഗിക്കാത്തതും നമുക്ക് പാകമാകാത്തതുമായ കോട്ടൺ




തുണികൾ ശേഖരിക്കുകയും വനിതകളെ കൂട്ടി യോജിപ്പിച്ച് യൂണിറ്റുകൾ രൂപീകരിച്ച് തുണിസഞ്ചി തയ്യ്ക്കുന്നതും പേപ്പർ ക്യരിബാഗ് നിർമ്മിക്കുന്നതും പഠിപ്പിച്ചു. ഇതവർക്ക് ചെറിയൊരു വരുമാനം കണ്ടെത്തുന്നതിനും പുതിയ ശീലങ്ങളിലേക്ക് ജനങ്ങളെ നയിക്കുന്നതിനും സഹായകമായി. ഇതേ പ്രവർത്തനം ഭിന്നശേഷി സമൂഹത്തിനായി ഒരു കൈത്താങ്ങ് എന്ന രീതിയിൽ വീൽചെയറിൽ ജീവിതം തള്ളി നീക്കുന്നവരെ സംഘടിപ്പിച്ച് യൂണിറ്റ് രൂപീകരിച്ച് പുന്നപ്രയിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത് ഏറെ സന്തോഷം തന്ന അനുഭവമായി മാറി.



തുണിസഞ്ചി ഉപയോഗിക്കുന്ന പഴയ സംസ്കാരം തിരികെക്കൊണ്ടുവരുന്നതിനായി SPC കേഡറ്റ്സ്, NSS, NCC എന്നിവയിലൂടെയും ഒരു ഡസനിലധികം സ്കൂളുകളിലും സഹകരണ എഞ്ചിനീയറിംഗ് കോളേജ്, എസ്.ഡി കോളേജ്, ഇന്നർവീൽ ക്ലബ്ബ്, YMCA, റേഡിയോ ഗ്ലോബൽ എന്നിങ്ങനെയുള്ള സംഘടനകളെ/ സംവിധാനങ്ങളെ ഉപയോഗിച്ചും കളക്ഷൻ ബോക്സുകൾ സ്ഥാപിച്ച് തുണി ശേഖരിച്ച് സഞ്ചിയും ഗ്രോബാഗുകളും നിർമ്മിച്ച് പൊതുസമൂഹത്തിലേക്ക് എത്തിക്കുന്ന പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ആയിരക്കണക്കിന് വരുന്ന വിദ്യാർഥികൾ, ജനപ്രതിനിധിൾ, ഉദ്യോഗസ്ഥരടക്കമുള്ള വിവിധ തൊഴിലാളികളിലേക്കും കുടുംബശ്രീ സംവിധാനങ്ങളിലേക്കും പൊതുസമൂഹത്തിനും മാതൃകാപരമായ സന്ദേശങ്ങൾ എത്തിക്കുവാനും, ഭിന്നശേഷി സമൂഹത്തിനടക്കം ചെറിയ വരുമാനം കണ്ടെത്തി നൽകുന്നതിനും കഴിഞ്ഞു എന്നതാണ് ഏറ്റവും സന്തോഷം നൽകുന്ന കാര്യം. ഹരിതസ്പർശം എന്ന പേരോടുകൂടി തുണിസഞ്ചി (ഒരു കുട്ടിയ്ക്ക് ഒരു കിറ്റ്) നൽകി പുതിയ ശീലവത്ക്കരണത്തിലേക്ക് കുടുംബങ്ങളേയും കുട്ടികളേയും നയിച്ചുകൊണ്ടുപോകാൻ സാധിച്ചു. നമുക്ക് പാകമാകാതെ വരുന്ന തുണിത്തരങ്ങൾ നാടിനും നാട്ടാർക്കും ആവശ്യമുള്ളതും ഉപയോഗിക്കാൻ കഴിയുന്ന വസ്തുക്കളാക്കിയും മാറ്റപ്പെടുമ്പോൾ പ്രകൃതിയ്ക്ക് സംരക്ഷണ കവചം കൂടി തീർക്കുകയാണ് ഇവിടെ ഹരിതകേരളം മിഷനും എ.ഡി.ആർ.എഫും.

## പ്രവർത്തനങ്ങൾ ജില്ലയ്ക്ക് പുറത്തേയ്ക്ക്

ആലപ്പുഴ ജില്ലാ കളക്ടറായിരുന്ന ഡോ. അദീല അബ്ദുള്ള 'ഹരിതസ്പർശം' എന്ന് നാമകരണം ചെയ്ത ഈ പ്രവർത്തനങ്ങൾ ജില്ലയ്ക്ക് പുറത്തേക്കും വ്യാപിക്കുകയുണ്ടായി. പാലക്കാട് ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റി ഈ പ്രവർത്തനങ്ങളിൽ ആകൃഷ്ടരായി ഹരിതകേരളം മിഷനേയും ADRF കോ-ഓർഡിനേറ്റർമാരേയും വിളിച്ച് പ്രത്യേക യോഗങ്ങൾ സംഘടിപ്പിക്കുകയും തുണിസഞ്ചി, പേപ്പർ ക്യാരീബാഗ് എന്നിവ നിർമ്മിക്കുന്നത് പഠിപ്പിക്കുകയും SSSVIP മാതൃകാ ഗ്രാമത്തിൽ (സായിഗ്രാമം) യൂണിറ്റ് തുടങ്ങുകയും ചെയ്തിട്ടുണ്ട്.

ജില്ലാഭരണകൂടത്തിന്റെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ കളക്ട്രേറ്റ് കോമ്പൗണ്ടിലെ ഓഫീസുകൾ കേന്ദ്രീകരിച്ച് ഉപയോഗിക്കാത്തതും പാകമാകാത്തതുമായ കോട്ടൺ തുണിത്തരങ്ങൾ ശേഖരിക്കുന്നതിനായി കളക്ഷൻ ബാഗുകൾ/ബോക്സുകൾ സ്ഥാപിച്ച് ഇവ കളക്ട് ചെയ്യുന്നതിനൊപ്പം ഗ്രീൻ പ്രോട്ടോക്കോൾ ശീലങ്ങളിലേക്ക് മാറുന്നതിന് ജീവനക്കാരെ നയിക്കുന്നതിനു വേണ്ടിയിട്ടുള്ള പ്രവർത്തനങ്ങൾ നടത്തിയിരുന്നു.

കളക്ട്രേറ്റ് കോമ്പൗണ്ടിലെ വിവിധ ഓഫീസുകളിൽ തുണി ശേഖരിക്കുന്നതിന് ബിന്നുകൾ വയ്ക്കുന്നതിനും ഗ്രീൻ പ്രോട്ടോക്കോൾ പൂർണ്ണമായി പാലിക്കുന്നതിനുമായി ജില്ലാ ഭരണകൂടവും ഹരിതകോരളം മിഷനും എ.ഡി ആർ.എഫും ചേർന്ന് ആലപ്പുഴ സിവിൽസ്റ്റേഷനിലെ ഓഫീസ് മേധാവികളുടെയും ഗ്രീൻപ്രോട്ടോക്കോൾ നോഡൽ ഓഫീസർമാരുടേയും യോഗം വിളിച്ചുചേർത്തു. ഡിസ്ട്രിക്റ്റ് ഇൻഫോർമാറ്റിക്സ് ഓഫീസർ പാർവതിദേവിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം അന്നത്തെ ഡപ്യൂട്ടി കളക്ടർ എസ്. സന്തോഷ് കുമാർ ഉദ്ഘാടനം ചെയ്തു. ഹരിതകേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ, എ.ഡി.ആർ.എഫ് ചീഫ് കോ-ഓർഡിനേറ്റർ എന്നിവർ നേതൃത്വം നൽകി.

ചടങ്ങിൽ പങ്കെടുത്ത എല്ലാ വകുപ്പു മേധാവികൾക്കും തുണികൊണ്ട് ഉണ്ടാക്കിയ ഗ്രോബാഗിൽ നട്ടുവളർത്തിയ വൃക്ഷ തൈകൾ കൈമാറുകയും.

തുണിസഞ്ചിയും പേപ്പർപേനയും വിതരണം ചെയ്തുകൊണ്ട് നാളിതുവരെ പിന്തുടർന്ന തെറ്റായ വഴി മാറി നടക്കാൻ പഠിപ്പിക്കാനുള്ള ശ്രമമാണ് നടത്തിയത്. ആലപ്പുഴ ജില്ലാ പോലീസ് മേധാവി കെ.എം ടോമി ഐ.പി.എസ് ന്റെ നേതൃത്വത്തിൽ ജില്ലാ പോലീസ് ഓഫീസിലും ടി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ജില്ലയിലെ ചെറുതും വലുതുമായ എല്ലാ സർക്കാർ ഓഫീസുകളിലേക്കും ഘട്ടം ഘട്ടമായി ഈ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു.

ജനപങ്കാളിത്തത്തോടു കൂടി നടത്തുന്ന ക്രിയാത്മകവും പ്രോത്സാഹനജനകവുമായ ഇത്തരം പ്രവർത്തനങ്ങൾ വരും നാളുകളെ നല്ല ഹരിതശീലത്തിലേക്ക് നയിക്കും എന്ന പ്രത്യാശയാണ് മിഷന് ഉള്ളത്.ഓരോ വ്യക്തിയും മാറ്റത്തിന്റെ സന്ദേശവാഹകരും പരിസ്ഥിതി സംരക്ഷകരും ആയി മാറേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

## പ്രളയാനന്തര ശുചീകരണ യജ്ഞം -2019

### പ്രളയവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ

2018 ആഗസ്റ്റ് 19 മുതൽ 28 വരെ ദുരിതാശ്വാസ ക്യാമ്പുകളുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ സഹായങ്ങളും, ശുചീകരണ അവബോധനവും നൽകി. ക്യാമ്പുകളിൽ ഭക്ഷ്യ അവശിഷ്ടങ്ങൾ, പ്ലാസ്റ്റിക് മാലിന്യങ്ങൾ, മറ്റു മാലിന്യങ്ങൾ എന്നിവ വേർതിരിച്ച് നൽകുന്നതിനും സംസ്കരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിൽ സഹായിക്കുകയും, ഫ്ലഡ് സാൻ-ഇനിഷ്യേറ്റീവ് -ൽ അണിചേരുകയും ചെയ്തു.

ക്യാമ്പുകളിൽ ഉണ്ടാകുന്ന ബയോമെഡിക്കൽ മാലിന്യ ശേഖരണം/ സംസ്കരണം ഏറ്റെടുത്തു. ജില്ലയിലെ ആശുപത്രികളിൽ നിന്നും ഐഎംഎ-ൽ നിന്നും ലഭ്യമാക്കിയ 2400-ൽ അധികം കളർ കോഡ് കവറുകൾ ജില്ലയിലെ എല്ലാ ക്യാമ്പുകളിലും എത്തിച്ച് മാലിന്യം വേർതിരിച്ച് ശേഖരിച്ച്



സമീപത്തുള്ള സർക്കാർ ആശുപത്രികളിൽ എത്തിച്ചു. അവിടെ നിന്നും ഐ.എം.എ അവരുടെ ബയോ മെഡിക്കൽ മാലിന്യസംഭരണ വാഹനങ്ങളിൽ ഇത് പാലക്കാട് കഞ്ചിക്കോടുള്ള സംസ്കരണ ശാലയിൽ എത്തിച്ചു ശാസ്ത്രീയമായി സംസ്കരിച്ചു.

പ്രളയാനന്തര ശുചീകരണ യജ്ഞത്തിൽ മലിനീകരണ നിയന്ത്രണ ബോർഡുമായി കൈകോർത്ത് ജില്ലാ ഭരണകൂടത്തിന്റെ നിർദ്ദേശപ്രകാരം പ്രളയബാധിത പ്രദേശങ്ങളിലെ സെപ്ടേജ് മാലിന്യ നിർമ്മാർജ്ജനത്തിന് നൂതന മാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പിലാക്കി. ചേർത്തല വാരനാട്ടെ യുണൈറ്റഡ് ബ്രിവറീസ്, എൻ.ടി.പി.സി കായംകുളം, മെഡിക്കൽ കോളേജ്, വണ്ടാനം, എന്നിവിടങ്ങളിലെ മലിനജല സംസ്കരണ പ്ലാന്റുകൾ ഇതിലേയ്ക്കായി ഉപയോഗപ്പെടുത്തി. നൂറോളം ടാങ്കർ സെപ്ടേജ് മാലിന്യം ശാസ്ത്രീയമായി സംസ്കരിച്ച് ജില്ലയിൽ ഉണ്ടാകാമായിരുന്ന ഒരുവലിയ മലിനീകരണ/ആരോഗ്യ അപകടാവസ്ഥ ഒഴിവാക്കി.

25.08.2018 ൽ പ്രളയത്തെ തുടർന്ന് ഡിൻഡിഗലിലെ വാഷ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നാല് മൊബൈൽ സെപ്ടേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ആലപ്പുഴ ജില്ലയിൽ ലഭ്യമായി അവയുടെ സേവനം നാല് താലൂക്കുകളിലെ ക്യാമ്പുകൾ പ്രവർത്തിച്ചിരുന്ന സ്ഥലങ്ങളിലും, ഹോസ്പിറ്റലുകൾ, സ്കൂളുകൾ, സർക്കാർ ഓഫീസുകൾ ഉൾപ്പെടെ 02.09.2018 വരെ ജില്ലയിലൊട്ടാകെയുള്ള 35 സ്ഥാപനങ്ങലിലെ സെപ്റ്റിക് ടാങ്ക് മാലിന്യം സംസ്കരിച്ചു.

പുനരധിവാസത്തിന്റെ ഭാഗമായി ഹരിതകേരളം മിഷൻ മലിനീകരണ നിയന്ത്രണ ബോർഡും ജില്ലയിലെ വ്യസായ സ്ഥാപനങ്ങളിലെ സ്കിൽഡ് ജീവനക്കാരെ അണിചേർത്ത് പ്രളയബാധിത പ്രദേശങ്ങളിൽ (കുട്ടനാട് ) ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ആയതിന്റെ ഫലമായി 02.09.2018 തീയതി വരെ 71 വീടുകൾ, 7 സ്കൂളുകൾ, 3 ഹോസ്പിറ്റലുകൾ എന്നിവ ഉൾപ്പെടെ 89 സ്ഥാപനങ്ങൾ ശുചീകരിച്ച് മാലിന്യമുക്തമാക്കുവാൻ സാധിച്ചു. പൊതുമരാമത്ത് മന്ത്രി ശ്രീ.ജി.സുധാകരൻ കുട്ടനാട്ടിലേക്കുള്ള പ്രളയാനന്തര ശുചീകരണ സാമഗ്രഹികളും തൊഴിലാളികളുമായി സജ്ജമാക്കിയ വാഹനങ്ങൾ ഫ്ലാഗ് ഓഫ് ചെയ്യുകയും ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തു.

ഹരിതകേരളം മിഷനിൽ നിന്നും ലഭ്യമാക്കിയ പ്രഷർ പമ്പുകൾ കുമ്മായം, ബ്ലീച്ചിംഗ് പൗഡർ, ലോഷനുകൾ, മറ്റ് ശുചീകരണ സാമഗ്രികൾ തുടങ്ങിയവ ജില്ലാ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 4 കടമുറികൾ ലഭ്യമാക്കി സുരക്ഷിതമായി സൂക്ഷിക്കുകയും പഞ്ചായത്തുകൾക്കും, നഗരസഭകൾക്കും ആവശ്യാനുസരണം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

പ്രളയത്തെ തുടർന്ന് ക്യാമ്പുകളിലേയും മറ്റ് ഇടങ്ങളിലേയും ശുചീകരണ പ്രവർത്തനങ്ങൾക്കായി ബഹു. ധനകാര്യ മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക്കിന്റെ പ്രത്യേക നിർദേശാനുസരണം ഫ്ലഡ് സാൻ എന്ന പേരിൽ പ്രത്യേക സമിതികൾ ജില്ലാ തലത്തിലും തുടർന്ന് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിലും രൂപീകരിക്കുകയും ഇതിന്റെ നേതൃത്വത്തിൽ കോളേജ് വിദ്യാർത്ഥികൾ, എൻ.എസ്.എസ് വോളന്റിയർമാർ, എൻ.സി.സി കേഡറ്റുകൾ, സന്നദ്ധ പ്രവർത്തകർ, വിവിധ രാഷ്ട്രീയ-യുവജന സംഘടനകൾ, ക്ലബ്ബുകൾ, വിവിധ വ്യവസായ- വാണജ്യ സ്ഥാപനങ്ങൾ തുടങ്ങിയവരുടെ സഹകരണത്തോടെ വോളന്റിയേഴ്സിനെ ലഭ്യമാക്കിയാണ് എല്ലാ ശുചീകരണ പ്രവർത്തനങ്ങളും നടപ്പിലാക്കിയത്.

പ്രളയം രൂക്ഷമായ ഓഗസ്റ്റ് 15 മുതൽ 18 വരെയുള്ള ദിവസങ്ങളിൽ പ്രധാനമായും രക്ഷാ പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകിയത് പ്രളയബാധിത പ്രദേശങ്ങളിൽ നിന്ന് ജനങ്ങളെ



സുരക്ഷിതരായി ഒഴിപ്പിക്കുന്നതിനായി വാഹനങ്ങൾ/ രക്ഷാപ്രവർത്തന ബോട്ടുകൾ തുടങ്ങിയവ എത്തിക്കൽ, ദുരിത ബാധിതർക്ക് ഭക്ഷണപൊതി വിതരണം ചെയ്യൽ, കണ്ട്രോൾ റൂമിൽ വരുന്ന SOS കോളുകൾ സ്വീകരിച്ച്, അത് പഞ്ചായത്തടിസ്ഥാനത്തിൽ തരംതിരിക്കൽ നടത്തിതിരിച്ച് രക്ഷാപ്രവർത്തകരിൽ എത്തിക്കൽ തുടങ്ങിയ പ്രവർത്തികളാണ് ഈ ഘട്ടത്തിൽ നടത്തിയത്

ജില്ലയിലെ വിവിധ ഐ.റ്റി ഐ കളിലെ വിദ്യാർത്ഥികൾ, അദ്ധ്യാപകർ തുടങ്ങിയവർ ഉൾപ്പെടുന്ന നൈപുണ്യ കർമ്മ സേനയുടെ നേതൃത്വത്തിൽ പ്രളയം ബാധിച്ച വീടുകളുടേയും പൊതു സ്ഥാപനങ്ങളുടേയും വൈദ്യുത - പ്ലബിംഗ് തകരാറുകൾ കണ്ടെത്തി പരിഹരിക്കുന്ന പ്രവർത്തനം വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്.




മലിനീകരണ നിന്ത്രണ ബോർഡ്, നാഷണൽ സർവ്വീസ് സ്കീം എന്നവയുടെ സഹായത്തോടെ ജില്ലയിലെ തലവടി ഗ്രാമ പഞ്ചായത്ത്, ചെങ്ങന്നൂർ നഗരസഭ എന്നിവടങ്ങളിലെ 2000-ലധികം കിണറുകളിലെ ജല സാമ്പിളുകൾ ശേഖരിച്ച് ജല ഗുണതാ പരിശോധന നടത്തുകയും ഫലം ആരോഗ്യവകുപ്പിനേയും ഉടമസ്ഥരേയും അറിയിക്കുകയും ചെയ്തിട്ടുണ്ട്. 10 ശതമാനത്തിൽ താഴെ എണ്ണം കിണറുകളിലെ ജലം മാത്രമാണ് ഉപയോഗ യോഗ്യമായി കണ്ടെത്തിയിട്ടുള്ളത് ഈ സാഹചര്യത്തിൽ അപാകത കണ്ടെത്തിയ കിണറുകൾ ക്ലോറിനേറ്റ് ചെയ്യുന്നതിന് ക്ലോറിൻ ടാബ്ലറ്റുകൾ, ബ്ലീച്ചിംഗ് പൗഡർ തുടങ്ങിയ വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ തുടർ പ്രവർത്തനമായിപ്രളയ ബാധിത പ്രദേശങ്ങളിലെ കിണറുകളുടെ ജല ഗുണനിലവാര പരിശോധന നടത്തി.

കുട്ടനാട്ടിലെ പ്രളയത്തെത്തുടർന്ന് ജലോപരിതലത്തിൽ ഒഴുകി നടക്കുന്ന ലക്ഷക്കണക്കിന് പ്ലാസ്റ്റിക് ബോട്ടിലുകൾ വലിയ പരിസ്ഥിതി, ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട് ആയത് ഒഴിവാക്കുന്നതിനായി ടി മേഖലയിലെ ബ്ലോക്കുകളിലേക്ക് പ്രഥമികമായി തെരഞ്ഞെടുത്തിട്ടുള്ള ഹരിത സഹായ സ്ഥാപനവുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ ക്യാമ്പുകളിൽ ശേഖരിച്ച് വച്ചിട്ടുള്ള പ്ലാസ്റ്റിക് ചാക്കുകൾ, കവറുകൾ, ബോട്ടിലുകൾ തുടങ്ങിയവ സുരക്ഷിതമായി നീക്കം ചെയ്യുന്നതിന് നിർദേശം നൽകുകയും ആയത് ഹരിത സഹായ സ്ഥാപനം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിവരം ഹരിത സഹായ സ്ഥാപനത്തിന്റെ ഫോൺ നമ്പർ സഹിതം മേഖലയിലെ പഞ്ചായത്തുകളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. വെള്ളം ഇറങ്ങുന്ന മുറയ്ക്ക് ജലോപരിതലത്തിലും, പാടശേഖരങ്ങളിലും

അടിഞ്ഞ് കൂടിയിട്ടുള്ള പ്ലാസ്റ്റിക് കുപ്പികൾ ഹരിത കർമ്മസേന, ആരോഗ്യ സേന, കുടുംബശ്രീ പ്രവർത്തകർ, യുവജന സംഘടകൾ തുടങ്ങിയവരുടെ സഹായത്തോടെ ശേഖരിച്ച് ഹരിത സഹായ സ്ഥാപനത്തെ ഏൽപ്പിക്കുന്നതിന് പഞ്ചായത്തുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ശേഖരിച്ച പ്ലാസ്റ്റിക്കുകൾ ഹരിത സഹായ സ്ഥാപനം കൊണ്ടുപോകാൻ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ആവശ്യമായ വള്ളം ബോട്ട് എന്നിവ പൊല്യൂഷൻ കൺട്രോൾ ബോർഡ് മുഖേന ഹൗസ് ബോട്ട് ഓണേഴ്സ് ഫെഡറേഷൻ ഏർപ്പാടാക്കി.

## നിയമ ബോധവൽക്കരണ ക്യാമ്പയിൻ-2019

### ഹരിതനിയമ ബോധവൽക്കരണം

ഹരിതകേരളം മിഷന്റെ ഭാഗമായ ജലസംരക്ഷണം, ശുചിത്വ മാലിന്യസംസ്കരണം, കൃഷി വ്യാപനം എന്നീ മൂന്ന് ഉപമിഷൻ പ്രവർത്തനങ്ങളും സുസ്ഥിരമാകണമെങ്കിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും കർശനമായി നടപ്പിലാക്കുക കൂടി വേണം. അവ പ്രായോഗികമായി നടപ്പാക്കുന്നതിൽ നമ്മൾ ഇനിയും മുന്നോട്ടു പോകേണ്ടതുണ്ട്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ശക്തമായ നിയമങ്ങളും ചട്ടങ്ങളും നമ്മുടെ രാജ്യത്ത് നിലവിലുണ്ട്. ഉദ്യോഗസ്ഥരോ ജനപ്രതിനിധികളോ മാത്രം വിചാരിച്ചാൽ നടപ്പിലാക്കുവാൻ കഴിയുന്നതല്ല മാലിന്യവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾക്കെതിരെയുള്ള നടപടികൾ. ചുറ്റിലും നിരന്തരമായി നടക്കുന്ന ഇത്തരം നിയമ ലംഘനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ വിപുലമായ ഒരു ബഹുജന ക്യാമ്പയിന് ഹരിതകേരളം മിഷൻ തുടക്കം കുറിച്ചു. ജല മലിനീകരണ നിയമം, വായു മലിനീകരണ നിയമം, പരിസ്ഥിതി സംരക്ഷണ നിയമം, കേരള പഞ്ചാത്ത് രാജ് നിയമം, കേരള മുനിസിപ്പാലിറ്റി നിയമം, കേരള ജലസേചന നിയമം, ദേശീയ ഹരിത ട്രിബ്യൂണൽ ആക്ട്, ഇന്ത്യൻ പീനൽ കോഡ്,കേരള പോലീസ് ആക്ട് എന്നീ നിയമങ്ങളും അനുബന്ധ ചട്ടങ്ങളും കർശനമായി പാലിച്ചാൽ മാത്രമേ ഹരിതകേരളം മിഷന്റെ പ്രവർത്തങ്ങൾ പൂർണ്ണതയിൽ എത്തുകയുള്ളൂ. ഇതിനായി 'ഹരിത നിയമാവലി' (നിയമങ്ങളും ചട്ടങ്ങളും വ്യക്തമാക്കിക്കൊണ്ടുള്ള) കൈപുസ്തകം പ്രസിദ്ധീകരിച്ചു. കേരളാ പോലീസ് വകുപ്പ്, സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ്, സംസ്ഥാന ആരോഗ്യവകുപ്പ്, പഞ്ചായത്ത്-നഗരകാര്യ- നഗരാസൂത്രണ വകുപ്പുകൾ, ഭക്ഷ്യ-സുരക്ഷാ വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് കൈപുസ്തകം തയ്യാറാക്കിയത്. ഹരിത നിയമങ്ങളുടെ പരിശീലനം ജില്ലയിലെ 34 പോലീസ് സ്റ്റേഷനുകളിലെ SHO മാർക്ക് നൽകിക്കൊണ്ടാണ് തുടക്കംകുറിച്ചത്. ജില്ലാ സബ് ജഡ്ജ് വി.ഉദയകുമാറും പോലീസ് ചീഫ് എസ്.സുരേന്ദ്രനും രണ്ടു ബാച്ചുകളിൽ പരിശീലനം ഉദ്ഘാടനം ചെയ്തു. ഹരിതനിയമാവലി ക്യാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിൽ ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന ജി.വേണുഗോപാൽ നിർവ്വഹിച്ചു. തുടർന്ന് ജില്ലയിലെ ഗ്രാമ പഞ്ചായത്ത്- നഗരസഭാ തലത്തിലുള്ള സെക്രട്ടറിമാർ, ചെയർമാൻമാർ, അസ്സി. സെക്രട്ടറിമാർ, പ്രസിഡന്റുമാർ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ തുടങ്ങിയവർക്കായി പരിശീലനങ്ങൾ നടന്നു.

### ഹരിത നിയമ ബോധവത്കരണം -സ്കൗട്ട് & ഗൈഡ്സ്

ഹരിതകേരളം മിഷൻ, കില, ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഹരിത നിയമ ബോധവത്ക്കരണം സംബന്ധിച്ച സെമിനാറുകൾ ആലപ്പുഴയിലെ നാല് വിദ്യാഭ്യാസ ജില്ലകളിലായി നടന്നു. യു.പി. വിഭാഗം കുട്ടികൾക്കു വേണ്ടിയാണ് സെമിനാറുകൾ സംഘടിപ്പിക്കപ്പെട്ടത്. മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനെക്കുറിച്ചും ശുചിത്വ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങളെക്കുറിച്ചും ടി നിയമങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള വിവിധ ഏജൻസികളെക്കുറിച്ചും വിശദമായ അറിവ് പകർന്ന് നൽകുന്നതിന് സെമിനാർ ഉപകാരപ്രദമായി. കൃഷി, ജലം, മാലിന്യ സംസ്കരണം എന്നീ മൂന്ന് മേഖലകളിലായി ജില്ലയിൽ നാളിതുവരെ നടത്തപ്പെട്ട പ്രവർത്തനങ്ങളെക്കുറിച്ചും ക്ലാസ്സുകൾ നടന്നു. പരിസ്ഥിതിക്കും പൊതുജനാരോഗ്യത്തിനും ജീവജാലങ്ങളുടെ നിലനിൽപിനും

ഭീഷണിയാവുന്ന പ്രവർത്തികൾ തടയപ്പെടേണ്ടത് എങ്ങനെയെന്നും ആർക്കൊക്കെപരാതിപ്പെടാം എങ്ങനെ ഇടപെടലുകൾ നടത്താം തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി ചർച്ചകളും നടന്നു.

### ഹരിതനിയമ നടപടിക്രമ പ്രഖ്യാപനം

ഗാന്ധി ജയന്തിയോടനുബന്ധിച്ച് അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക്ക് വിമുക്ത പഞ്ചായത്ത് എന്ന ആശയത്തെ മുൻനിർത്തി ശുചീകരണ പ്രവർത്തനങ്ങളും അനുബന്ധപരിപാടികളും സംഘടിപ്പിച്ചു. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഹരിതനിയമാവലി പരിശീലനം പൂർത്തിയാക്കിയതിന്റെ ഭാഗമായി ഹരിത നിയമ നടപടിക്രമ പ്രഖ്യാപനവും നടന്നു. ഗ്രാമ പഞ്ചായത്ത പ്രസിഡന്റ് അഫ്സത്ത് അധ്യക്ഷയായ യോഗത്തിൽ ഹരിതകേരളം മിഷൻ ജില്ലാ കോ- ഓർഡിനേറ്റർ കെ. എസ് രാജേഷ് ഹരിത നിയമ നടപടിക്രമ പ്രഖ്യാപനം നടത്തി.

### പെൻസിൽ ക്യാമ്പ്-2019

2018ലെ മധ്യ വേനൽ അവധിക്കാലത്ത് സംഘടിപ്പിക്കപ്പെട്ട ജാഗ്രതോത്സവത്തിന്റെ തുടർച്ചയായി 2019-ലെ അവധിക്കാലത്ത് കുട്ടികൾക്കായി നടപ്പാക്കിയതാണ് പെൻസിൽ ക്യാമ്പുകൾ. ഹരിതകേരളം മിഷൻ കുടുബശ്രീ മിഷൻ, ആരോഗ്യവകുപ്പ്, കില, ശുചിത്വമിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ ആണ് ദ്വിദിന ക്യാമ്പുകൾ സംഘടിപ്പിക്കപ്പെട്ടത്.

"ആരോഗ്യസുരക്ഷക്ക് മാലിന്യമുക്ത കേരളം"എന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കില, കുടുംബശ്രീ, ആരോഗ്യവകുപ്പ് എന്നിവരുടെ നേതൃത്വത്തിൽ ആരോഗ്യ പാരിസ്ഥിതിക അവബോധമുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കുന്നതിനായി കുട്ടികൾക്ക് വേണ്ടി വാർഡ്തലത്തിൽ രൂപംകൊണ്ട അവധിക്കാല ക്യാമ്പയിൻ ആണ് പെൻസിൽ.

പ്രകൃതി സൗഹൃദ വസ്തുക്കൾ കൊണ്ട് നിർമ്മിക്കപ്പെട്ടതാണ് എന്നതും പൂർണമായും ഉപയോഗിച്ചു തീർക്കാം എന്നതുമാണ് പെൻസിന്റെ സവിശേഷത. അളവ് കുറയ്ക്കുകയും പരിസ്ഥിതി സൗഹൃദ വസ്തുക്കൾ കൂടുതലായി ഉപയോഗിക്കുകയും ചെയ്യുന്ന ശീലം വളർത്തുക എന്ന ലക്ഷ്യം വെച്ചുകൊണ്ടാണ് ഈ ക്യാമ്പയിനു പെൻസിൽ എന്ന പേര് നൽകിയത്. മാലിന്യങ്ങൾ തരംതിരിക്കേണ്ടതിന്റെ ആവശ്യകതയും പ്രാധാന്യവും കുട്ടികളുടെ അനുഭവമാക്കി മാറ്റി. മാലിന്യത്തിന്റെ അളവ് കുറക്കൽ,പുനഃരുപയോഗ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തൽ എന്നീ ആശയങ്ങൾ കുട്ടികളിൽ എത്തിക്കുവാനും മാലിന്യവുമായി ബന്ധപ്പെട്ട് വിവിധ നിയമലംഘനങ്ങളും അവയ്ക്ക് ലഭിക്കാവുന്ന ശിക്ഷകളെയും സംബന്ധിച്ചു കുട്ടികളിൽ ധാരണ വളർത്തുവാനും നിയമ ലംഘനങ്ങൾക്കെതിരെ പ്രതികരിക്കാനുള്ള ശേഷി വളർത്തുവാനും അശ്രദ്ധയോടെയും അശാസ്ത്രീയവുമായ മാലിന്യ പരിപാലനം സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങളെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുവാനും ഈ ക്യാമ്പയിന് കഴിഞ്ഞു.

### പെൻസിൽ ക്യാമ്പ് ലക്ഷ്യങ്ങൾ

കുട്ടികൾക്ക് മാലിന്യങ്ങൾ തരം തിരിക്കുന്നതിന്റെ പ്രാധാന്യവും ആവശ്യകതയും സംബന്ധിച്ച് അവബോധം സൃഷ്ടിക്കുക, കൂടാതെ മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനൊപ്പം പുനരുപയോഗ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ അവരെ പ്രാപ്തരാക്കുക,ഏത് ആഘോഷങ്ങളും ഗ്രീൻ പ്രോട്ടോകോൾ പാലിച്ചു നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി നൽകുക, മാലിന്യവുമായി ബന്ധപ്പെട്ട വിവിധ നിയമങ്ങളിൽ ധാരണയുള്ളവരാക്കി മാറ്റുക,പരിസിഥിതി സൗഹൃദ വസ്തുക്കളുടെ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുക എന്നിവ ഈ ക്യാമ്പിലൂടെ ലക്ഷ്യമിടുന്നു.

പ്രസംഗങ്ങളും വിവരണാത്മകവുമായ ക്ലാസ്സുകളും ഒഴിവാക്കി പ്രവർത്തനാധിഷ്ഠിതമായാണ് ക്ലാസ്സുകൾ സംഘടിപ്പിച്ചത്. സംസ്ഥാനതലം മുതൽ ബ്ലോക്ക്തലംവരെ നടത്തിയ പരിശീലന പരിപാടികളിലൂടെയും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നടത്തുന്ന മെന്റേഴ്സ് ക്യാമ്പിലൂടെയും റിസോഴ്സ് പേഴ്സൺമാർക്കും മെന്റേഴ്സിനും പരിശീലനം നൽകി. ഇങ്ങനെ പരിശീലനം ലഭിച്ചവരാണ്

തദ്ദേശ സ്വയംഭരണസ്ഥാപനത്തിലെ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ വാർഡുതല ക്യാമ്പുകൾ ആസൂത്രണം ചെയ്യത്

**സൈക്കിൾ റാലി**

ഹരിതകേരളം മിഷന്റെയും ശുചിത്വ മിഷന്റെയും നേതൃത്വത്തിൽ NSS, NCC, SPC എന്നിവയുമായി ചേർന്നുകൊണ്ട് ആലപ്പുഴ ടൗണിൽ ഹരിത സന്ദേശങ്ങൾ പ്രചരിപ്പിച്ചുകൊണ്ടുള്ള സൈക്കിൾ റാലി സംഘടിപ്പിച്ചു. പരിസ്ഥിതി പാഠങ്ങൾ ഉൾക്കൊണ്ട് ഉണർവുള്ള വിദ്യാർത്ഥി സമൂഹത്തിനെ വാർത്തെടുക്കുവാൻ ഇതിലൂടെ കഴിഞ്ഞു.

പരിസ്ഥിതി സംരക്ഷണത്തിന് വനവൽക്കരണം എന്ന സന്ദേശവുമായി ജെ.സി.ഐ ആലപ്പി, ഹരിതകേരളം മിഷൻ, ജില്ലാ മലിനീകരണ നിയന്ത്രണ ബോർഡ്, വനംവകുപ്പ്, മുഹമ്മ ഗ്രാമപഞ്ചായത്ത് എന്നിവ സംയുക്തമായി നടത്തിയ വനമഹോത്സവ സൈക്കിൾ റാലിയും എടുത്ത് പറയേണ്ട മറ്റൊരു പ്രവർത്തനം തന്നെയാണ്.



## ഹരിതായനം - 2019 ജനുവരി 17-19

ആലപ്പുഴ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ മൂന്നു ദിവസങ്ങളിലായി സംഘടിപ്പിച്ച ഒരു ശുചിത്വ സന്ദേശ പ്രചരണ പരിപാടിയായിരുന്നു ഹരിതായനം. വാഹനത്തിൽ വീഡിയോ വോൾ വെച്ച് പൊതുസ്ഥലങ്ങൾ, ഓഫീസ് സമുച്ചയങ്ങൾ, വ്യാപാര കേന്ദ്രങ്ങൾ, കോളേജുകൾ എന്നിവിടങ്ങളിൽ പര്യടനം നടത്തി. ഒപ്പം ശുചിത്വവുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസുകൾ നൽകുകയും. പൊതുജനങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്യും. ഇത്തരത്തിൽ എല്ലാ ബ്ലോക്കുകളിലെയും പ്രധാന കേന്ദ്രങ്ങളിൽ പരിപാടികൾ ശ്രദ്ധേയമായി സംഘടിപ്പിക്കുവാൻ കഴിഞ്ഞു.

## ജാഗ്രതോത്സവം-2020

ഹരിതകേരളം മിഷൻ മുന്നോട്ടുവയ്ക്കുന്ന വൃത്തി,വെള്ളം, വിളവ് എന്നീ മൂന്ന് ആശയങ്ങളും ആരോഗ്യവുമായി ബന്ധപ്പെട്ടതാണ്. ശാസ്ത്രീയമായ മാലിന്യ സംസ്കരണം നടക്കാത്തതും ശുദ്ധമായ കുടിവെള്ളം ലഭ്യമാകാത്തതും സുരക്ഷിത ഭക്ഷ്യവസ്തുക്കൾ ഉറപ്പുവരുത്താൻ സാധിക്കാത്തതുമാണ് കേരളത്തിൽ വർദ്ധിച്ചു വരുന്ന പകർച്ചവ്യാധിയുടെയും ജീവിതശൈലി രോഗങ്ങളുടെയും




പ്രധാന കാരണങ്ങൾ. സമൂഹത്തിന്റെ ഒരുമിച്ചുള്ള ഇടപെടൽ ഉണ്ടായാൽ ഈ മൂന്ന് പ്രശ്നങ്ങളും പരിഹരിക്കാൻ ആവും അതിനുള്ള പ്രധാന പരിപാടിയാണ് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ച് നടപ്പിലാക്കി വരുന്നത്. മഴക്കാലത്ത് പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുകയും വിലപ്പെട്ട ഒട്ടേറെ ജീവനുകൾ നഷ്ടപ്പെടുകയും ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്.ഇതിനു പ്രതിരോധം ഒരുക്കാനാണ് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ആരോഗ്യജാഗ്രത പരിപാടി നടപ്പിലാക്കുന്നത്. ഇതിന്റെ സന്ദേശവും പ്രവർത്തനങ്ങളും സ്കൂൾ കുട്ടികളിലേക്ക് കൂടി എത്തിക്കാൻ ലക്ഷ്യമിട്ടാണ് ജാഗ്രതോത്സവങ്ങൾ നടത്തുന്നത്.

പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി സംസ്ഥാന ആരോഗ്യവകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി ആരോഗ്യ ജാഗ്രത എന്ന പേരിൽ വിപുലമായ ക്യാമ്പയിൻ ആരംഭിച്ചു. സമൂഹത്തിന് വിവിധ തുറകളിൽ ഉള്ളവരെ ഈ ക്യാമ്പയിനുമായി ബന്ധിപ്പിച്ച് ഇത് വിജയിപ്പിക്കുന്നതിന് ഭാഗമായി കുട്ടികളിലേക്ക് ഈ ആശയം പകർന്നു നൽകാൻ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജാഗ്രതോത്സവം എന്ന പേരിൽ നടത്തുകയാണ്. സാക്ഷരതാ മിഷൻ, ശുചിത്വ മിഷൻ, കുടുംബശ്രീ മിഷൻ, പഞ്ചായത്ത് വകുപ്പ്, നഗരകാര്യ വകുപ്പ്, ആരോഗ്യവകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് ജാഗ്രത ഉത്സവം നടപ്പിലാക്കുന്നത്.

## ജാഗ്രതോത്സവം

### കുട്ടികളുടെ അവധിക്കാല ക്യാമ്പ്

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്നതിന് കുട്ടികളിലൂടെ അതിന്റെ പ്രാധാന്യം മുതിർന്നവരിൽ എത്തിക്കുന്നതിനും വേണ്ടി നടത്തിയ അവധിക്കാല ക്യാമ്പാണ് 'ജാഗ്രതോത്സവം'. പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കുന്ന ശീലം കുട്ടികളിൽ വളർത്തുക, മാലിന്യങ്ങളുടെ അളവ് കുറയ്ക്കുക, പുനരുപയോഗ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക കൂടാതെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെയും ഭാഗാമായാണ് ജാഗ്രതോത്സവം നടത്തിയത്. കുടുംബശ്രീ മിഷന്റെ സഹകരണത്തോടെ 2018 മെയ് മാസം 27 ഗ്രാമപഞ്ചായത്തുകളിലും 4 നഗരസഭകളിലുമായി 305 വാർഡുകളിൽ നടത്തിയ ജാഗ്രതോത്സവത്തിൽ 5861 കുട്ടികളാണ് പങ്കെടുത്തത്.

'കൊതുകുകളുടെ ലോകം', 'എലിവാഴും കാലം' എന്നിങ്ങനെയുള്ള വിഷയങ്ങൾ ഉൾപ്പെടുത്തി പ്രകൃതി സൗഹൃദ വസ്തുക്കൾ കൊണ്ട് നിർമ്മിക്കപ്പെട്ട കളിപ്പാട്ടങ്ങൾ, അലങ്കാര വസ്തുക്കൾ എന്നിവ കുട്ടികൾ നിർമ്മിക്കുകയും അവയെ കുറിച്ച് വിശദീകരിക്കുവാൻ അവസരം നൽകുകയും ചെയ്തു.

പൂർണ്ണമായും പ്രവർത്തികൾക്ക് പ്രാധാന്യം നൽകിയാണ് ക്യാമ്പുകൾ സംഘടിപ്പിക്കപ്പെട്ടത്. അവധിക്കാലത്ത് പ്രാദേശികമായി ലഭിക്കുന്ന പ്രകൃതി വിഭവങ്ങളുടെ സമാഹരണത്തിലൂടെയാണ് ക്യാമ്പുകളുടെ പ്രവർത്തന ചിലവുകൾ കണ്ടെത്തിയത്.

അശാസ്ത്രീയ മാലിന്യ സംസ്കരണം സൃഷ്ടിക്കുന്ന പ്രശ്നങ്ങളെ കുറിച്ചും ആരോഗ്യ-പരിസ്ഥി പ്രശ്നങ്ങളെ കുറിച്ചും കുട്ടികളിൽ അവബോധം ഉളവാക്കുന്നതിന് ക്യാമ്പുകൾ ഉപകരിച്ചു. പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരമാണ് ക്യാമ്പുകൾ സംഘടിപ്പിക്കപ്പെട്ടത്. ക്യാമ്പുകളുടെ സുഗമമായ നടത്തിപ്പാനായി സംസ്ഥാനതലം, ജില്ലാതലം, ബ്ലോക്ക് തലം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നി മേഖലകളിൽ റിസോഴ്സ് പേഴ്സൺമാർക്ക് പരിശീലനം നൽകി. ഇങ്ങനെയുള്ള ക്യാമ്പുകളിൽ നിന്ന് പരിശിലീനം നേടിയവരാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ വാർഡ്തല ക്യാമ്പുകൾ സംഘടിപ്പിച്ചത്. പകർച്ച വ്യാധികളെ കുറിച്ചുള്ള ക്ലാസുകളും ഉൾപ്പെടുത്തിയിരുന്നു. ഇതിനായി അരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തി.

## സൈക്കിളോളം 2019 മാർച്ച് 4

കോഴിക്കോട് മുതൽ തിരുവനന്തപുരം വരെ സംസ്ഥാനമൊട്ടാകെ പ്രധാന ഇടങ്ങളിൽ നടത്തിയ സൈക്കിൾ റാലിയാണിത്. "യൂത്ത് മൊബിലൈസേഷൻ റൈഡ് " എന്ന സന്ദേശത്തോടെ ആലപ്പുഴ ബീച്ചിൽ എത്തിയ റാലിയെ ജനകീയ വരവേൽപ്പോടെയാണ് സ്വീകരിച്ചത്.ഫോട്ടോ /ഷോർട്ട് ഫിലിം മത്സരം എന്നിവയും റാലിയുടെ ഭാഗമായിരുന്നു.




## വൃത്തിയുള്ള കേരളം -വലിച്ചെറിയൽ മുക്ത ക്യാമ്പയിൻ-2023

മാലിന്യ മുക്ത കേരളത്തിലേയ്ക്ക് എന്ന ലക്ഷ്യവുമായി മാലിന്യം വലിച്ചെറിയാതിരിക്കാനുള്ള സന്ദേശം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ വലിച്ചെറിയൽ മുക്ത കേരളം ക്യാമ്പയിന് ജില്ലയിൽ 26.01.2023 ൽ തുടക്കം കുറിച്ചു.2017 ആഗസ്റ്റ് 15 ന് തുടക്കമിട്ട മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം പ്രചാരണത്തിന്റെ രണ്ടാം ഘട്ടമാണ് 2023 ലെ റിപ്പബ്ലിക്ക് ദിനത്തിൽ തുടക്കം കുറിച്ചത്.നവകേരളം കർമ്മ പദ്ധതി 2 ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, കുടുംബശ്രീ, ക്ലീൻകേരള കമ്പനി എന്നിവർ



ചേർന്നാണ് ക്യാമ്പയിൻ നടത്തിയത്. 2023 ജനുവരി 26 മുതൽ 30 വരെയുള്ള തീയതികളിൽ പ്രസ്തുത ക്യാമ്പയിന്റെ ഒന്നാംഘട്ട പ്രവർത്തനത്തിന്റ ഭാഗമായി മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും തെരഞ്ഞെടുത്ത പൊതുഇടങ്ങൾ ശുചീകരിച്ചുകൊണ്ട് ജില്ലയിൽ ക്യാമ്പയിന് തുടക്കം കുറിച്ചു. ഗാർബേജ് വൾണറബിൾ സ്പോട്ടുകൾ കണ്ടെത്തി ശുചീകരണം നടത്തി. ശുചീകരണം നടന്ന പല സ്ഥലങ്ങളേയും സൗന്ദര്യവൽകരണത്തിനായി ചെടികൾ, പച്ചക്കറികൾ എന്നിവ വച്ചുപിടിപ്പിക്കുകയും കൂടാതെ ചില സ്ഥലങ്ങളിൽ ബോട്ടിൽ ബൂത്ത്, മിനി എം.സി.എഫ് എന്നിവ സ്ഥാപിക്കുകയും ചെയ്തു. പഞ്ചായത്തുകളിൽ ശുചിത്വ സന്ദേശ ജാഥ, കുട്ടികൾക്കുവേണ്ടിയുള്ള ശുചിത്വോത്സവം, പഞ്ചായത്തുതല ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിച്ചു. അജൈവ മാലിന്യ ശേഖരണത്തിൽ പ്ലാസ്റ്റിക്ക് ഒഴികെയുള്ള മറ്റുതരം മാലിന്യങ്ങൾ (ഇ-വേസ്റ്റ്, ചില്ലു മാലിന്യം, തുണി, ലെതർ) എന്നിവ ഹരിത കർമ്മ സേന വഴി ശേഖരിച്ചു ക്ലീൻ കേരള കമ്പനി മുഖേന നീക്കം ചെയ്തു.

പഞ്ചായത്തുകളിൽ ജില്ലാ തല എൻഫോഴ്സ്മെന്റ് സ്ക്വാഡ് നേരിട്ടെത്തി പരിശോധന നടത്തി അശാസ്ത്രീയമായി മാലിന്യം കൈകാര്യം ചെയ്യുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് മുൻകൈയെടുത്തു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ ജലാശയ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ശുചീകരണം പൂർത്തിയാക്കിയ വാർഡുകളെ വലിച്ചെറിയൽ മുക്ത വാർഡുകളായും പഞ്ചായത്തുകളെ വലിച്ചെറിയൽ മുക്ത പഞ്ചായത്തുകളായി പ്രഖ്യാപിക്കുകയും ചെയ്തു.

ജില്ലയിൽ 1135 വാർഡുകളിൽ ശുചീകരണം നടത്തുകയും 1019 വാർഡുകൾ വലിച്ചെറിയൽ മുക്ത വാർഡുകളായും 58 പഞ്ചായത്തുകൾ വലിച്ചെറിയൽ മുക്ത പഞ്ചായത്തുകളായും പ്രഖ്യാപിച്ചു.വലിച്ചെറിയൽ മുക്ത ക്യാമ്പയിൻ - മഴക്കാല പൂർവ്വ ശുചീകരണം, എന്നിവയുടെ ഭാഗമായി ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുഇടങ്ങൾ, പാതയോരങ്ങൾ, ജലാശയങ്ങൾ, സ്ഥാപനങ്ങളിലെ എന്നിവിടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു. വാർഡ് അടിസ്ഥാനത്തിലും തദ്ദേശ സ്ഥാപന തലത്തിലുമാണ് ശുചീകരണ പ്രവർത്തനങ്ങൾ നടന്നത്. മാലിന്യ കൂനകൾ കണ്ടെത്തുകയും അവ മാപ്പ് ചെയ്യുകയും, നീക്കം ചെയ്യുകയും ചെയ്തുവരുന്നു. തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിത കർമ്മ

സേനാംഗങ്ങൾ, സന്നദ്ധ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, വിവിധ രാഷ്ട്രീയ പാർട്ടി പ്രവർത്തകർ, സാമൂഹിക - സാമുദായിക സംഘടനാ പ്രവർത്തകർ എന്നിവർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി. ജില്ലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി വിവിധ വകുപ്പുകളിലേയും മിഷനുകളിലേയും ഉദ്യോഗസ്ഥരടങ്ങുന്ന ഏകോപന സമിതിയോഗം 2023 ജനുവരി മുതൽ 2024,മാർച്ച് വരെ ഏതാണ്ട് എല്ലാ ആഴ്ചകളിലും ഓൺലൈനായും ഓഫ്ലൈനായും വിളിച്ചു ചേർക്കുകയുായി. ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ,ഹരിതമിത്രം,നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ,ജലബജറ്റ്,നിലവിലെ അടിയന്തിര സാഹചര്യം, ഉഷ്ണതരംഗം, തീപിടുത്തം എന്നിവ കണക്കിലെടുത്ത് വാർ റൂം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വലിച്ചെറിയൽ മുക്ത ക്യാമ്പയിൻ തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായിട്ടാണ് ഏകോപന സമിതിയോഗങ്ങൾ ചേർന്നത്.

വലിച്ചെറിയൽ മുക്ത ക്യാമ്പയിന് ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടർ പദ്ധതികൾ ഏറ്റെടുത്തു നടത്തി. ചേർത്തല നഗരസഭ അത്തരത്തിൽ ഏറ്റെടുത്ത് വിജയിച്ച പദ്ധതിയാണ് ചേലൊത്ത ചേർത്തല.കൊച്ചിയുടെ ഉപഗ്രഹം എന്ന് വിശേഷിപ്പിക്കപ്പെടുന്ന ചേർത്തല നഗരത്തിന്റെ മുഖം വികൃതമാക്കുന്ന തരത്തിൽ മാലിന്യ കൂമ്പാരമായിരുന്നു. ജനവാസ കേന്ദ്രങ്ങളിലും പാതയോരങ്ങളിലും ഉൾപ്പെടെ ജൈവ-അജൈവമാലിന്യങ്ങൾ കുന്നു കൂടി അസഹ്യ ദുർഗന്ധപൂരിതമായിരുന്നു ഈ നഗരം. ഈ അവസ്ഥയ്ക്ക് അവസാനം കുറിക്കുമെന്ന് ദൃഢനിശ്ചയത്തോടെ നഗരസഭ മുന്നോട്ടു ഇറങ്ങി ചേർത്തല ജനകീയ പദ്ധതി നടപ്പിലാക്കി. ഇതോടെ നഗരത്തിന്റെ മുഖച്ഛായ മാറിമറിഞ്ഞു. വൃത്തിയുള്ള നഗരമായി ചേർത്തലയെ മാറ്റി.

2023 ഒക്ടോബർ രണ്ടിന് മന്ത്രി എം. ബി രാജേഷ് ചേർത്തലയെ സമ്പൂർണ്ണ ഖര മാലിന്യ മുക്ത നഗരമായി പ്രഖ്യാപിച്ചു. മാലിന്യവാഹിനി ആയിരുന്ന എ.എസ് കനാൽ വീണ്ടെടുക്കാൻ പദ്ധതിയും സേവ് എ.എസ് കനാൽ പ്രാരംഭഘട്ടം വിജയകരമായി പൂർത്തിയാക്കി. കേന്ദ്രസർക്കാരിന്റെ ഓഡിയോ ഉൾപ്പെടെ നിരവധി അവാർഡ് നഗരസഭ സ്വന്തമാക്കി. മികച്ച ഹരിത കർമ്മ സേനയ്ക്കുള്ള പുരസ്കാരവും നേടി. സമ്പൂർണ്ണ ഖരമാലിന്യ സംസ്കരണം എന്ന ലക്ഷ്യത്തോട് കൂടി ചേർത്തല നഗരസഭ ജനകീയ ഇടപെടലോടെ ഏറ്റെടുത്ത പദ്ധതിയാണിത്. പലഘട്ടങ്ങളിലായിട്ടാണ് നഗരസഭ ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. സംസ്കരിക്കാതെ പോകുന്ന മാലിന്യം പൊതുസ്ഥലങ്ങളിൽ തള്ളപ്പെടുകയാണ് ചെയ്തിരുന്നത്. അലക്ഷ്യമായി വലിച്ചെറിയുന്ന മാലിന്യം ഉൾപ്പെടെ നഗരത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന എല്ലാ മാലിന്യവും ശാസ്ത്രീയമായി സംസ്കരിച്ച് ഇതു മൂലം ഉണ്ടാകുന്ന പാരിസ്ഥിതികവും അനാരോഗ്യകരവുമായ എല്ലാ പ്രശ്നങ്ങൾക്കും ശാശ്വത പരിഹാരം കാണുക എന്നുള്ളതാണ് ഈ ക്യാമ്പയിൻ കൊണ്ട് ഉദ്ദേശിച്ചത്.

നിലവിലുള്ള സംവിധാനത്തെ പൂർണ്ണ തോതിൽ ഉപയോഗിച്ച് എല്ലാ വീടുകളിലും ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തണം. ഇത് സാധ്യമല്ലാത്ത സ്ഥലങ്ങളിൽ മറ്റു സംവിധാനത്തിലൂടെ ജൈവ മാലിന്യ പരിപാലനം ഉറപ്പാക്കണം.അജൈവമാലിന്യം പൂർണ്ണമായും ഹരിത കർമ്മ സേനയെ ഉപയോഗിച്ച് ശേഖരിക്കണം.ഈ പ്രവർത്തനങ്ങളാണ് സമ്പൂർണ്ണ ഖര മാലിന്യ സംസ്കരണ പരിപാടിയുടെ ആദ്യഘട്ടത്തിൽ ആസൂത്രണം ചെയ്തത്. 50 ലക്ഷം രൂപ നഗരസഭ ഇതിനായി ചെലവിട്ടു.

## മാലിന്യമുക്ത നവകേരളം-2023

ബ്രഹ്മപുരം തീപ്പിടിത്തത്തെ തുടർന്ന് ബഹു : കേരള ഹൈകോടതി സ്വമേധയാ എടുത്ത [ WP (c ) No.7844 /2023 (S) റിട്ട ഹർജിയുടെ ഭാഗമായ നിർദ്ദേശങ്ങളും കേരള സർക്കാർ സമയാസമയങ്ങളിൽ നൽകിയിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും പൂർണ്ണമായി പാലിച്ചുകൊണ്ട് മാലിന്യമുക്ത നവകേരളത്തിനായുള്ള അടിയന്തിര ഹ്രസ്വ -ദീർഘ കല പ്രവർത്തനങ്ങളിലൂടെ ഹരിതാഭമായ ഒരു കേരളം സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങളാണ് നടത്തിയിട്ടുള്ളത്. ആലപ്പുഴ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇതര വകുപ്പുകളിലും ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും മതിയായ പരിശീലനവും ബോധവത്കരണവും ഏർപ്പെടുത്തി പദ്ധതികളുടെ നിർവഹണം സമയബന്ധിതമാക്കുന്നതിനും

പരമാവധി ശ്രമിച്ചിട്ടുണ്ട്. 2016 ലെ ഖര മാലിന്യ സംസ്കരണ പരിപാലന ചട്ടങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും കേരള പഞ്ചായത്തി രാജ് ആക്ടിലെ ഭേദഗതികളും ജനങ്ങളിലേക്ക് എത്തിക്കുവാനും ജനങ്ങളുടെ തെറ്റായ ശീല വത്കരണം മാറ്റികൊണ്ടുവരുവാനുമാണ് ശ്രമിച്ചിട്ടുള്ളത്. നവകേരളം കർമപദ്ധതിയുടെ ഭാഗമായി നിലവിൽ ജില്ലയിൽ ലഭ്യമായ പിന്തുണ സംവിധാനത്തെ പൂർണമായും മനസിലാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ വർധിപ്പിച്ചും ഏകോപന സമിതി മുഖേനയും ക്യാമ്പയിന്റെ ഭാഗമായും പ്രകൃതിയോടുള്ള കടമകൾ നിറവേറ്റാൻ ഇന്നത്തെ തലമുറയെ സജ്ജമാക്കുവാനുള്ള വെല്ലുവിളി ഏറ്റെടുത്തു നിർവഹിച്ചു പോരുകയാണ്. കേരള ഹൈക്കോടതിയും സർക്കാരും നിശ്ചയിച്ചു നൽകിയ സമയബന്ധിത പ്രവർത്തങ്ങൾ (ഹ്രസ്വകാല -ദീർഘകാല) ബന്ധപ്പെട്ട സമയപരിധിക്കുള്ളിൽ തന്നെ പൂർത്തിയാക്കുന്നതിന് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ മികച്ച പിന്തുണയാണ് നൽകിയത്.

## മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിൻ-2024

നവകേരളം കർമ്മ പദ്ധതിയുടെ അഭിമാനകരമായ പ്രവർത്തനം ആയിരുന്നു മുഴുവൻ പഞ്ചായത്തുകളെയും മാലിന്യമുക്തമാക്കി പ്രഖ്യാപിക്കുക എന്നത്. അതിനായി ഓരോ പഞ്ചായത്തിലെയും ഹരിത കേരള മിഷൻ നേതൃത്വത്തിൽ ഓഡിറ്റ് ടീം രൂപീകരിച്ചുകൊണ്ട് സ്ഥാപനങ്ങൾ, സ്കൂളുകൾ, അയൽക്കൂട്ടങ്ങൾ, അംഗനവാടികൾ, വായനശാലകൾ, ആരാധനാലയങ്ങൾ തുടങ്ങിയവ വിവിധ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തുകയും തുടർന്ന് കണ്ടെത്തിയ പോരായ്മകൾ പരിഹരിച്ച് ഓഡിറ്റ് നടത്തുകയും ചെയ്തു.പൂർണ്ണമായും ഹരിത പെരുമാറ്റ ചട്ടം പാലിക്കുന്ന ഇടങ്ങളാക്കി മാറ്റി ബോർഡുകളും സ്ഥാപിച്ചു. പ്രധാന കേന്ദ്രങ്ങൾ വീഥികൾ തുടങ്ങിയവ ശുചീകരിച്ച് സൗന്ദര്യവൽക്കരണം നടത്തി. ബിന്നുകളും, ബോട്ടിൽ ബൂത്തുകളും സ്ഥാപിച്ചു. പ്രധാന കേന്ദ്രങ്ങളിൽ CCTV ക്യാമറകളും സ്ഥാപിച്ചു. മുഴുവൻ വീടുകളും കടകളും സ്ഥാപനങ്ങളും ഹരിതമിത്രം മൊബൈൽ ആപ്പിന്റെ സഹായത്തോടെ ജൈവ മാലിന്യശേഖരണം നടത്തി. മാലിന്യ കൂമ്പാരങ്ങൾ കണ്ടെത്തി വൃത്തിയാക്കി സൗന്ദര്യവൽക്കരിച്ചു. അങ്ങനെ ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളെയും മാലിന്യമുക്ത പ്രഖ്യാപനം നടത്തി. ഇതിലൂടെ ജില്ലയിലെ സ്ഥാപനങ്ങളും. വിദ്യാലയങ്ങളും. അയൽക്കൂട്ടങ്ങളും. മാർക്കറ്റുകളും. ടൗണുകളും. വീഥികളും, പൊതുസ്ഥലങ്ങളും ഹരിത കേന്ദ്രങ്ങളായി മാറി.



കേരളത്തിലെ തന്നെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഉൾപ്പെടുന്ന ജില്ലയാണ് ആലപ്പുഴ. നിരവധി വിനോദസഞ്ചാരികൾ നിത്യേന ആലപ്പുഴയിൽ എത്തുന്നുണ്ട്. ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ എല്ലാം ത്രിതല പഞ്ചായത്ത് സംവിധാനങ്ങളുടെ സഹായത്തോടെ പൂർണ്ണമായും ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് പ്രവർത്തിക്കുവാൻ ആരംഭിച്ചു. ടൂറിസം കേന്ദ്രങ്ങളുടെ അനുബന്ധമായി പ്രവർത്തിക്കുന്ന കടകളിൽ നിന്നും പൂർണ്ണമായും ഡിസ്പോസിബിൾ ഗ്ലാസ് പ്ലേറ്റുകൾ തുടങ്ങിയവ ഒഴിവാക്കി. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബിന്നുകൾ,ബോട്ടിൽ ബൂത്തുകൾ,നിരീക്ഷണ ക്യാമറകൾ തുടങ്ങിയവ സ്ഥാപിച്ചു. വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിന് നിർദ്ദേശക ബോർഡുകൾ സ്ഥാപിച്ചു. അങ്ങനെ പൂർണമായും ഹരിത പെരുമാറ്റ ചട്ടം പാലിക്കുന്ന ടൂറിസം കേന്ദ്രങ്ങൾ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നു.

ഹരിതകേരളം മിഷൻ രൂപീകൃതമായ ശേഷം അജൈവമാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണം നടപ്പിലാക്കുന്നതിന് ഹരിത കർമ്മ സേന ജില്ലയിലെ 72 പഞ്ചായത്തുകളിലും 6 നഗരസഭകളിലും രൂപീകരിച്ചു. വീടുകളെയും, കടകളെയും, സ്ഥാപനങ്ങളെയും, ക്ലസ്റ്ററുകളായി തിരിച്ച് ജൈവമാലിന്യ ശേഖരണം നടത്തുവാൻ ആരംഭിച്ചു. ആദ്യഘട്ടം പ്ലാസ്റ്റിക് കവറുകളും കുപ്പികളും ശേഖരിച്ചു തുടർന്ന് ചില്ല്,ലെതർ,ചെരുപ്പ്, ഈ മാലിന്യം, തുണിത്തരങ്ങൾ തുടങ്ങിയവയും ശേഖരിച്ചു തുടങ്ങി. ശേഖരണ പ്രവർത്തനങ്ങൾക്കും മറ്റു സംസ്കരണത്തിനും ആയി പൊതുജനങ്ങളിൽ നിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനം തീരുമാനിക്കുന്ന നിരക്കിൽ നിശ്ചിത ഫീസ് ഈടാക്കുന്നുണ്ട്. ഇതിലൂടെ സ്ത്രീകൾക്ക് തൊഴിൽ നൽകുന്നതിനും വരുമാനം കണ്ടെത്തുന്നതിനും സാധ്യമായി. തുടർന്ന് മറ്റ് അജൈവ മാലിന്യങ്ങളായ ലെതർ, ചില്ല്, തുണിത്തരങ്ങൾ, ഈ വേസ്റ്റ് തുടങ്ങിയവയും മാലിന്യ ശേഖരണ കലണ്ടർ പ്രകാരം ശേഖരിക്കുവാൻ തുടങ്ങി. ഹരിത കർമ്മ സേന വാർഡുകളിൽ നിന്നും ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ സംഭരിക്കുന്നതിന് ആവശ്യമായ സുരക്ഷിത സംവിധാനമാണ് MCF.ബെയിലിംഗ് മെഷീൻ,കൺവെയർ ബെൽറ്റ്,ഡസ്റ്റ് റിമൂവർ എന്നീ ആധുനിക സൗകര്യങ്ങളോടെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ എം.സി.എഫുകൾ സ്ഥാപിക്കുവാൻ കഴിഞ്ഞു. RRF ബ്ലോക്ക് തലത്തിൽ സ്വീകരിക്കുന്ന മാലിന്യങ്ങൾ ഷ്രെഡിംഗ്, ബയിലിങ്ങിനും ആയി കൈമാറുന്ന ബ്ലോക്ക് കേന്ദ്രങ്ങളിൽ RRF സ്ഥാപിച്ചു.

## ഹരിത ഓഡിറ്റ്

ആലപ്പുഴ ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാലിന്യ രഹിതവും ഊർജ്ജ ബോധമുള്ളതുമായ മോഡലുകൾ ഉൾക്കൊള്ളാൻ കാരണമായ ശക്തമായ ക്യാമ്പയിനുകൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലയിൽ നടന്നു വരുന്നു. ഹരിത സ്ഥാപങ്ങളിലെ ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തങ്ങൾ വിലയിരുത്തുന്നതിനായി അഞ്ച് അംഗങ്ങൾ അടങ്ങിയ പരിശോധക സമിതിയെ രൂപീകരിച്ചു. ശുചിത്വ മാലിന്യ സംസ്കരണവും ഗ്രീൻ പ്രോട്ടോകോൾ പാലനവും ഉൾപ്പെടുത്തിയ വിലയിരുത്തൽ ഫോറത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലെ എല്ലാ സ്ഥാപനങ്ങളിലും ഹരിത ഓഡിറ്റ് നടത്തി.ഇതിന്റെ അടിസ്ഥാനത്തിൽ A ഗ്രേഡ് ലഭിച്ച വിദ്യാലയങ്ങളെ ഹരിത വിദ്യാലയങ്ങളായും സ്ഥാപനങ്ങളെ ഹരിത സ്ഥാപങ്ങളായും ഹരിത കലാലയങ്ങളായും ഹരിത അങ്കണവാടി കളായും ഹരിത അയൽക്കൂട്ടങ്ങളായും ഹരിത വായനശാലകളായും പ്രഖ്യാപിച്ച് ഹരിത സർട്ടിഫിക്കറ്റുകൾ നൽകി.ഗ്രേഡ് ലഭിക്കാത്ത സ്ഥാപനങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപങ്ങൾക്കു നൽകുകയും ആവശ്യമായ മാലിന്യ സംസ്കരണ ഉപാധികൾ പ്രോജെക്ട് വെച്ചു നല്കുകയും ചെയ്തു.2339ഹരിത സ്ഥാപങ്ങളും, 98 ഹരിത ടൗണുകളും,157ഹരിത വീഥികളും,14 ഹരിത ടൂറിസംകേന്ദ്രങ്ങളും, 62 ഹരിത കലാലയങ്ങളും,765 ഹരിത വിദ്യാലയങ്ങളും, 22277ഹരിത അയൽക്കൂട്ടങ്ങളും ഹരിത മികവുകളായി.

## ഹരിത സഭ: 2024

ഭരണകാര്യങ്ങളിൽ ഗ്രാമസഭകൾ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതുപോലെ മാലിന്യനിർമാർജ്ജന സംവിധാനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയാണ് ഹരിത സഭയുടെ ലക്ഷ്യം. പുതുതലമുറകളിൽ മാലിന്യനിർമാർജനത്തെ കുറിച്ച് അവബോധം കൊണ്ടുവരാനും മാലിന്യമുക്തം നവ കേരളത്തിന് പുതിയ ആശയങ്ങൾ സംഭാവന ചെയ്യാനും വിദ്യാർത്ഥികൾക്ക് അവസരം സൃഷ്ടിക്കുന്ന വേദി. ജില്ലയിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഹരിത സഭ വിജയകരമായി തന്നെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി എല്ലാവർഷവും കൂടിയിട്ടുണ്ട്. ഇത് വിദ്യാർത്ഥികളിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ അവബോധം വർദ്ധിക്കാനും, മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകാനും സഹായിച്ചു. പൂർണ്ണമായും ഹരിത ചട്ടം പാലിച്ചാണ് ഹരിത സഭ കൂടുന്നത്. ഓരോ ഗ്രാമപഞ്ചായത്തിലും നൂറിലധികം വിദ്യാർഥികൾ ഹരിത സഭയിൽ പങ്കെടുത്തു. ഹരിത സഭയിൽ പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും സ്കൂളിനും സർട്ടിഫിക്കറ്റും നൽകുന്നുണ്ട്.






## മെഗാ ക്ലീനിങ് ആറാട്ടുപുഴ : 2025

മാതാ അമൃതാനന്ദമയിയുടെ എഴുപത്തിരണ്ടാം ജന്മദിനാഘോഷങ്ങളുടെ ഭാഗമായി ലോക ശുചീകരണ ദിനത്തിൽ മെഗാ ശുചികരണ യജ്ഞം സംഘടിപ്പിച്ചു. ഹരിത കേരളം മിഷൻ, അമൃതാനന്ദമയി മഠം, മറ്റ് വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടെ ആണ് മെഗാ ക്ലീനിംഗ് സംഘടിപ്പിച്ചത്. ഇതോടൊപ്പം വൃത്തിയാക്കിയ ഇടങ്ങളിൽ മരങ്ങളും വെച്ചുപിടിപ്പിച്ചു.

## ശുചിത്വ ആലപ്പുഴക്കായി മനുഷ്യചങ്ങല 2025

ഗാന്ധിജയന്തിയോട് അനുബന്ധിച്ച് ശുചിത്വ ബോധവൽക്കരണ മനുഷ്യ ചങ്ങല സംഘടിപ്പിച്ചു. ബഹുമാനപ്പെട്ട എം.എൽ.എ പി.പി. ചിത്തരഞ്ജൻ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ നെഹ്റു യുവ കേന്ദ്രം, സെൻറ് ജോസഫ് കോളേജ്, എൻഎസ്എസ് കോളേജ് ചേർത്തല, മറ്റു സന്നദ്ധ പ്രവർത്തകരും ഗാന്ധിജയന്തിയോട് അനുബന്ധിച്ച് പാതിരാമണൽ, മാരാരിക്കുളം ബീച്ച് എന്നിവിടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു.

## ലോക പേപ്പർ ബാഗ് ദിനാചരണം പരിപാടി 2023

നവകേരള പദ്ധതിയിൽ ലോക പേപ്പർ ദിനാഘോഷം ഹരിതകേരളം മിഷൻ ആലപ്പുഴ, ADRF, SPC എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ സമുചിതമായി കൊണ്ടാടുകയുണ്ടായുണ്ടായി. ആലപ്പുഴ ലജനത്തുൽ മുഹമ്മദീയ ഹയർസെക്കൻഡറി സ്കൂളിൽ വച്ച് ഔപചാരിക ഉദ്ഘാടനം ഹരിതകേരളം മിഷൻ ജില്ലാ കോഡിനേറ്റർ ശ്രീ.കെ എസ് രാജേഷ് നിർവഹിച്ചു. ADRF വീൽചെയർ അസോസിയേഷൻ എക്സിക്യൂട്ടീവ് അംഗം ശ്രീ. ജോസഫ് പ്രകൃതി സൗഹൃദ പേപ്പർബാഗ് നിർമ്മാണത്തിൽ പരിശീലനം



നൽകി. സംരക്ഷണത്തിന്റെയും പ്ലാസ്റ്റിക്കിന്റെ ഉപയോഗം കൊണ്ട് പ്രകൃതിയ്ക്കും സമൂഹത്തിനും ഉണ്ടാവുന്ന ദോഷഫലങ്ങൾ പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യം SPC യിലൂടെ സാക്ഷാൽ കരിക്കുന്നതിനും പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുമാണ് പദ്ധതി.

## എന്റെ പാത്രം നിന്റെ കണ്ണാടി ക്യാമ്പയിൻ 2024



മാലിന്യ മുക്തം നവ കേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി കുട്ടികളിൽ മാലിന്യ സംസ്കരണം ശീലമാകുന്നതിനും, ഭക്ഷണം പാഴാക്കാതെ ഇരിക്കുന്നതിനും, കഴിച്ചു ബാക്കി വരുന്ന ഭക്ഷണ ആവശിഷ്ടങ്ങൾ ശാസ്ത്രീയമായി സാംസ്കരിക്കുന്നതിനും, ജൈവ മാലിന്യ ഉപാധിയെ പരിചയ പെടുത്തുന്നതിനും വേണ്ടി നടത്തിയ ക്യാമ്പയിൻ ആണ് "എന്റെ പാത്രം നിന്റെ കണ്ണാടി". സ്കൂൾ പ്രിൻസിപ്പൽ ശ്രീമതി അനില ടീച്ചർ, പഞ്ചായത്തിലെ എച്ച്.ഐ, ഹരിതകേരളം മിഷൻ ആർ.പി എന്നിവർ ഈ വിഷയത്തിൽ കുട്ടികൾക്ക് ക്ലാസ്സ് നൽകുകയും ചെയ്തു. മാലിന്യ മുക്തം നവ കേരളം ക്യാമ്പയിൻ ഭാഗമായി സ്കൂളിൽ പോസ്റ്റർ മേക്കിങ് കോമ്പറ്റിഷൻ, ക്വിസ്, റാലി, ഹരിത കർമ്മസേനയെ ആദരിക്കൽ, കുട്ടികളുടെ നേതൃത്വത്തിൽ പരിപാടി നടക്കുന്ന സ്ഥലങ്ങൾ, കവലകൾ, തൊഴിലുറപ്പു സൈറ്റ് എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണം വിഷയത്തിൽ സ്ട്രീറ്റ് പ്ലേ പോലെ ഉള്ള പ്രവർത്തങ്ങൾ നടത്തി ഡോക്യുമെന്റ് ചെയ്തു പഞ്ചായത്തിൽ വീഡിയോ പ്രദർശനവും നടത്തിയിരുന്നു.

## നീലക്കുറിഞ്ഞി
## ജൈവവൈവിധ്യ പഠനോത്സവ ക്യാമ്പ്-2024

2024 മുതൽ തുടങ്ങിയ നീലക്കുറിഞ്ഞി ജൈവവൈവിധ്യ പഠനോത്സവ ക്യാമ്പ് ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, വിദ്യാകിരണം മിഷൻ എന്നിവയുടെ സഹകരണത്തോടെയാണ് സംഘടിപ്പിച്ചത്. ലോക ജൈവ വൈവിധ്യ ദിനത്തോട് അനുബന്ധിച്ചാണ് പഠനോത്സവ ക്യാമ്പ് നടത്തുന്നത്. 7,8,9 ക്ലാസുകളിലെ വിദ്യാർത്ഥികളെ ആണ് പഠനോത്സവ ക്യാമ്പിൽ പങ്കെടുപ്പിക്കുന്നത്. നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രത്തിന്റെ കമ്മ്യൂണിറ്റി തല പരിപാടികളുടെ ഭാഗമായി കുട്ടികളിൽ ജൈവവൈവിധ്യത്തെക്കുറിച്ചും അതിന്റെ സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനായും എല്ലാ വേനൽ അവധികളിലും പരിസ്ഥിതി ക്യാമ്പ് നടത്തുന്നത്. ബി ആർ സി യുടെ എല്ലാവിധ സഹകരണവും ക്വിസ് മത്സരത്തിൽ ലഭിച്ചു. ജില്ലാതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കും ബ്ലോക്ക് തലത്തിൽ വിജയിച്ച വിദ്യാർത്ഥികൾക്കും പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റും നൽകി.



## കൃഷി പരിസ്ഥിതി പുനഃസ്ഥാപനം

### പച്ചത്തുരുത്ത്-2019

ആഗോളതാപന പ്രതിഭാസത്തിന്റെ സ്വാധീനത്തെ ചെറുക്കാൻ കഴിയുന്ന ഒരു പ്രായോഗിക ഇടപെടലായാണ് പച്ചത്തുരുത്തിനെ ഹരിതകേരളം മിഷൻ വിഭാവനം ചെയ്യുന്നത്. പ്രകൃതി സന്തുലനത്തെ വീണ്ടെടുക്കുന്നതിനും പ്രാദേശിക ജൈവവൈവിധ്യത്തെ നിലനിർത്തുന്നതിനുമായാണ് പച്ചത്തുരുത്തുകൾ എന്ന ചെറുവനങ്ങൾ സൃഷ്ടിക്കുന്നത്. നട്ട ചെടികളുടെ സംരക്ഷണവും പരിപാലനവും (നടുന്ന വൃക്ഷങ്ങളുടെ സ്വഭാവമനുസരിച്ച് 3 മുതൽ 5 വർഷം വരെയുള്ള പരിചരണം) തൊഴിലുറപ്പു പദ്ധതിയിലുൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. ആലപ്പുഴ ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 14 ഏക്കർ വിസ്തൃതിയിൽ 57 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലുമായി 17 പച്ചത്തുരുത്തുകൾ സ്ഥാപിച്ചുകൊണ്ട് വയലാർ സമ്പൂർണ്ണ പച്ചത്തുരുത്ത് ഗ്രാമമായി മാറി. ബ്ലോക്കിന്റെ പരിധിയിൽ വരുന്ന മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലും

പച്ചത്തുരുത്ത് സ്ഥാപിച്ചുകൊണ്ട് ഭരണിക്കാവ് സമ്പൂർണ്ണ പച്ചത്തുരുത്ത് ബ്ലോക്കായി. സംസ്ഥാന ഐ.റ്റി. മിഷന്റെ സഹായത്തോടെ 'കെ.എസ്.ഡി.ഐ കളക്ട്' എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചുകൊണ്ട് എല്ലാ പച്ചത്തുരുത്തുകളും മാപ്പ് ചെയ്ത് വിവരങ്ങൾ സൂക്ഷിക്കുകയുംചെയ്തു.

**ദേവഹരിതം-2019**

ഭക്ഷ്യഭദ്രതയ്ക്കും സുരക്ഷിത ഭക്ഷണത്തിനും കോവിഡ് അതിജീവനത്തിനും തരിശു നിലങ്ങളും ക്ഷേത്രഭൂമികളും കൃഷിയോഗ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷൻ തിരുവിതാംകൂർ ദേവസ്വം ബോർഡുമായി ചേർന്ന് വിഭാവനം ചെയ്ത പദ്ധതിയാണ് ദേവഹരിതം. സംസ്ഥാനത്ത് ആദ്യമായി ആലപ്പുഴ വലിയ കലവൂർ ശ്രീ കൃഷ്ണ സ്വാമി ക്ഷേത്രത്തിലാണ് ഈ പദ്ധതിയുടെ ഉദ്ഘാടനം നടന്നത്. ദേവസ്വം ബോർഡ് അംഗം കെ.എസ്. രവി പദ്ധതി ഉദ്ഘാടനം ചെയ്തു. ക്ഷേത്രത്തിനോട് ചേർന്നുള്ള രണ്ട് ഏക്കറിൽ നെല്ല്, പൂവ്, പച്ചക്കറി, കിഴങ്ങുവർഗ്ഗം, തെങ്ങ്, വാഴ, ഔഷധസസ്യം തുടങ്ങിയവയാണ് കൃഷി ചെയ്യുന്നത്. ജില്ലയിൽ 63 ക്ഷേത്രങ്ങളിൽ കരനെൽ ഉൾപ്പടെ വിവിധ കാർഷിക വിളകൾ കൃഷി ചെയ്തു വരുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള മേജർ പത്തിയൂർ ശ്രീമഹാദുർഗ്ഗാ ദേവി ക്ഷേത്രവളപ്പിലെ ഉത്സവപ്പറമ്പിലും ക്ഷേത്ര മതിലകത്തുമായി ചെയ്ത രണ്ടര ഏക്കർ കരനെൽ കൃഷി വൻവിജയമായിരുന്നു. വിളവെടുപ്പ് കഴിഞ്ഞയിടങ്ങളിൽ എള്ള്, വാഴ, പച്ചക്കറി എന്നിവ കൃഷിചെയ്തു.



**തരിശുരഹിത ഗ്രാമം -2020**

തരിശു കിടന്നിരുന്ന നിലങ്ങളിൽ കൃഷിയോഗ്യമാക്കാൻ പറ്റുന്നിടത്തൊക്കെയും പത്തിയൂരും (74 ഏക്കർ) കണ്ടല്ലൂരും (301.75 ഏക്കർ) കൃഷി ചെയ്ത് നൂറുമേനി വിളയിച്ചുകൊണ്ടാണ് ജില്ലയിലെ തരിശു രഹിത ഗ്രാമ പഞ്ചായത്തുകളായി മാറിയത്.

സംയോജിത കൃഷിക്ക് പ്രാമുഖ്യം നൽകി കാർഷിക വികസനം, മൃഗസംരക്ഷണം, മത്സ്യ കൃഷി എന്നിവയാണ് ഇവിടങ്ങളിൽ നടപ്പിലാക്കിയത്. ഹരിതകേരളം മിഷൻ, കൃഷി വകുപ്പ്, കൃഷ്ണപുരത്തെ കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, കേരള കാർഷിക സർവ്വകലാശാലയുടെ ഓണാട്ടുകര മേഖലാ കാർഷിക

ഗവേഷണ കേന്ദ്രം, കുടുംബശ്രീ മിഷൻ, മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, ഓണാട്ടുകര വികസന ഏജൻസി, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ്, മൃഗസംരക്ഷണ വകുപ്പ്, മത്സ്യവികസന വകുപ്പ്, കണ്ടല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് എന്നിവയുടെ സഹകരണത്തിലാണ് കാർഷിക വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്.

2020 സെപ്റ്റംബർ 25 ന് പത്തിയൂരിനെയും 2020 ഒക്ടോബർ 02 ന് കണ്ടല്ലൂരിനെയും ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സൺ ഡോ. റ്റി.എൻ.സീമ തരിശുരഹിത ഗ്രാമ പഞ്ചായത്തുകളായി പ്രഖ്യാപിച്ചു.

**നവകേരളം പച്ചത്തുരുത്ത് - 2020:**

ജലവും മണ്ണും ഉൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുകയും ശാസ്ത്രീയമായി വിനിയോഗിക്കുകയും സുസ്ഥിരമായി പരിപാലിക്കുകയും ലക്ഷ്യമിട്ട് ഹരിതകേരളം മിഷൻ മുന്നോട്ട് വച്ച പദ്ധതിയാണ് പച്ചത്തുരുത്തുകൾ. ആഗോളതാപന പ്രതിഭാസത്തിന്റെ സ്വാധീനത്തെ ചെറുക്കാൻ കഴിയുന്ന ഒരു പ്രായോഗിക ഇടപെടൽ ആയാണ് പച്ചത്തുരുത്തിനെ ഹരിതകേരളം മിഷൻ വീക്ഷിക്കുന്നത്. മരങ്ങൾ നടുക എന്നതിലുപരി നമ്മുടെ പ്രാദേശിക ജൈവവൈവിധ്യത്തെ അതിന്റെ പൂർണ്ണതയിൽ സ്ഥിരമായി നിലനിർത്താൻ പച്ചത്തുരുത്തുകൾക്ക് കഴിയും.

പരിസ്ഥിതിയുടെ അതിജീവനത്തിനായി ചെറു വനങ്ങൾ സൃഷ്ടിച്ച് പരിപാലിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ആശയം. സമുദ്രനിരപ്പിന് താഴെ സ്ഥിതി ചെയ്യുന്ന കുട്ടനാട് ഏകദേശം സമുദ്രനിരപ്പിന് സമമായി സ്ഥിതി ചെയ്യുന്ന ചേർത്തല അമ്പലപ്പുഴ കാർത്തികപ്പള്ളി താലൂക്കുകളും ആലപ്പുഴ ജില്ലയിൽ വൃക്ഷത്തൈകൾ നട്ട് പച്ചത്തുരുത്തുകൾ സ്ഥാപിക്കുന്നതിന് കനത്ത വെല്ലുവിളിയാണ് ഉയർത്തിയത്. സംസ്ഥാനത്തെ ഏറ്റവും ചെറിയ ജില്ലയായ ആലപ്പുഴയിൽ പൊതുസ്ഥലത്തിന്റെ അഭാവം പദ്ധതികൾ നടപ്പിലാക്കുന്നതിന് വലിയ തടസ്സം സൃഷ്ടിച്ചു. പരമാവധി പൊതുസ്ഥലങ്ങൾ കണ്ടെത്തിയ പൊതുമേഖല സ്ഥാപനങ്ങളുടെ സ്ഥലം ലഭ്യമാക്കി ആണ് ജില്ലയിൽ പച്ചത്തുരുത്തുകൾ സ്ഥാപിച്ചുവരുന്നത്. വെള്ളക്കെട്ട് രൂപപ്പെടുന്ന സ്ഥലങ്ങളിൽ വലിയ വൃക്ഷത്തൈകൾ ലഭ്യമാക്കിയാണ് അതിജീവിക്കുന്നവയുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാക്കിയത്. പ്രദേശത്തിന്റെ പ്രത്യേകത അനുസരിച്ച് തീരപ്രദേശത്തെ ചൊരിമണൽ, ജില്ലയുടെ തെക്ക് കിഴക്കൻ പ്രദേശത്തെ ലാറ്ററേറ്റ്, ചെളി കൂടുതലുള്ള കുട്ടനാട്, എക്കൽ പ്രദേശമായ ഓണാട്ടുകര എന്നിവിടങ്ങളിലെ മണ്ണ് ശ്രേണിക്ക് അനുയോജ്യമായ വൃക്ഷത്തൈകൾ ആണ് (അധിനിവേശ വൃക്ഷങ്ങൾ ഒഴിവാക്കി) പച്ചത്തുരുത്തുകൾ നിർമ്മിക്കുന്നതിന് കണ്ടെത്തിയത്.

ജില്ലയിൽ നിന്നും ആവശ്യത്തിന് തൈകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ പത്തനംതിട്ട പോലെയുള്ള അയൽ ജില്ലകളിലെ സാമൂഹിക വനവത്കരണ വകുപ്പിൽ നിന്നും തൈകൾ എത്തിച്ച് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ പരമാവധി പ്രയോജനപ്പെടുത്തിയാണ് പച്ചത്തുരുത്തുകൾ സ്ഥാപിച്ചത്. വെള്ളക്കെട്ടുകളും വെള്ളപ്പൊക്കഭീഷണിയും പച്ചത്തുരുത്തുകളുടെ പരിപാലനത്തെ പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ്. എന്നിരുന്നാലും ജില്ലയിൽ ഹരിതകേരളം മിഷൻ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സാമൂഹിക വനവത്കരണ വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ ആഭിമുഖ്യത്തിൽ 2020.90 സെന്റ് വിസ്തൃതിയിൽ 114 പച്ചത്തുരുത്തുകൾ സ്ഥാപിക്കാൻ കഴിഞ്ഞു. നെറ്റ് സീറോ കാർബൺ കേരളം എന്ന ലക്ഷ്യത്തിലേക്കുള്ള ചെറു തുടക്കമായി ഹരിതകേരളം മിഷന്റെ ഈ ഉദ്യമത്തെ കാണാവുന്നതാണ്.

## വ്യവസായ വകുപ്പുമായി ചേർന്ന് പൊതു മേഖല സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ കാർഷിക പ്രവർത്തനങ്ങൾ.

കരീലക്കുളങ്ങരയിലെ സഹകരണ സ്പിന്നിംഗ് മിൽ വളപ്പിലെ 5 ഏക്കർ സ്ഥലത്ത് സംയോജിത കൃഷി സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കൃഷി ആരംഭിച്ചു. ഹരിതകേരളം മിഷനോടൊപ്പം

വ്യവസായ വകുപ്പ്, കാർഷിക വികസന ക്ഷേമവകുപ്പ്, പത്തിയൂർ ഗ്രാമ പഞ്ചായത്ത് എന്നിവയുടെ സഹകരണത്താലാണ് പദ്ധതി നടപ്പിലാക്കിയത്. ജൈവ പച്ചക്കറി, വാഴ, കിഴങ്ങ് വർഗ്ഗ വിളകൾ, ഫലവർഗങ്ങൾ എന്നിയുടെ കൃഷിയോടൊപ്പം പച്ചക്കറിതൈ ഉൽപാദനവും നടക്കുന്നുണ്ട്. പുതുതായി കുളം കുഴിച്ച് മത്സ്യകൃഷിയും രണ്ടാം ഘട്ട പച്ചക്കറി കൃഷിയും ആരംഭിച്ചു.

ചെങ്ങന്നൂർ പ്രഭുറാം മിൽസ് വളപ്പിൽ 2 ഏക്കർ സ്ഥലത്ത് പച്ചക്കറി- ഭക്ഷ്യവിള കൃഷി ആരംഭിച്ചു. കാർഷിക വികസന കർഷകക്ഷേമ ക്ഷേമവകുപ്പ്, ഹരിതകേരളം മിഷൻ, മുളക്കുഴ ഗ്രാമപഞ്ചായത്ത് എന്നിവയുടെ സഹകരണത്തോടെ "വെൻസെക്" (വെണ്മണി സ്പോർട്സ് ആന്റ് എൺവയോൺമെന്റ് ഓഫ് ചാരിറ്റി) എന്നിവയുടെ നേതൃത്വത്തിലാണ് കൃഷി നടപ്പിലാക്കുന്നത്. ആലപ്പുഴ കോമളപുരം സ്പിന്നിംഗ് മില്ലിലും 2.5 ഏക്കർ പച്ചക്കറി, കപ്പ എന്നിവ കൃഷി ചെയ്തു വരുന്നു.





## നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ-2022

2022 അവസാനത്തോടെ ആലപ്പുഴ ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിനിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ ദേവികുളങ്ങര, പെരുമ്പളം, വയലാർ, നീലംപേരൂർ എന്നീ നാല് പഞ്ചായത്തുകളും രണ്ടാം ഘട്ടത്തിൽ കരുവാറ്റ, തകഴി എന്നിവയുമാണ് തിരഞ്ഞെടുത്തത്. എനർജി മാനേജ്മെന്റ് സെന്റർ കേരളയുടെ സഹകരണത്തോടെ അങ്കണവാടികൾക്ക് ദക്ഷത കൂടിയ വൈദ്യുത ഉപകരണങ്ങൾ നൽകുന്ന "അംഗൻജ്യോതി" പദ്ധതിയുടെ വിതരണം പൂർത്തിയാക്കി. പദ്ധതി പ്രകാരം ജില്ലയിലെ 76 അങ്കണവാടികൾക്ക് ആദ്യ ഘട്ടത്തിൽ ഇൻഡക്ഷൻ കുക്കർ വിതരണം ചെയ്തു. തുടർന്ന് ബി.എൽ.ഡി.സി ഫാൻ, എൽ.ഇ.ഡി ലൈറ്ററുകൾ, സോസ് പാൻ, സ്ററൗ, ഉരുളി, പ്രഷർ കുക്കർ, മിൽക്ക് കുക്കർ, റൈസ് പോട്ട് ഇഡലി കുക്കർ എന്നിവയും വിതരണം ചെയ്തു. തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി പെരുംമ്പളം പഞ്ചായത്തിൽ എൽ.ഇ.ഡി ബൾബ് നിർമ്മാണ റിപ്പയറിംഗ് യൂണിറ്റ് ആരംഭിച്ചു. പൊതു സ്ഥാപനങ്ങളിലെ സൗരോർജ്ജ സാധ്യത പഠനം സംബന്ധിച്ച ഊർജ്ജ സംരക്ഷണ സർവ്വേയ്ക്ക് 27.05.2024 ന് തുടക്കം കുറിച്ചു. ഇത് പ്രകാരം ജില്ലയിൽ ആദ്യ ഘട്ടത്തിൽ പാറ്റൂർ ശ്രീ ബുദ്ധ കോളേജ്, ബിഷപ്പ് മൂർ കോളേജ് എന്നിവിടങ്ങളിൽ സർവ്വേ ആരംഭിച്ചു.

വൃക്ഷങ്ങളുടെ നീളം,വീതി,പ്രായം, മാലിന്യ സംസ്കരണം, ഊർജ്ജ സംരക്ഷണം, സോളാർ പാനൽ കാര്യക്ഷമത, ഇലക്ട്രിക് ഉപകരണങ്ങളുടെ വിവരങ്ങൾ,,വാഹനങ്ങളുടെ എണ്ണം, ഔഷധ സസ്യങ്ങൾ, മറ്റ് അടിസ്ഥാന വിവരങ്ങൾ എന്നിവ നെറ്റ് സീറോ കാർബൺ സ്റ്റാറ്റസ് കണ്ടെത്താനുള്ള മാർഗ്ഗങ്ങളാണ്. ഹരിതകേരളം മിഷൻ ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയുമായി ചേർന്ന് രൂപം നൽകിയ നെറ്റ് സീറോ കാർബൺ കേരളം എന്ന ആപ്ലിക്കേഷനിലേക്ക് ഈ വിവരങ്ങൾ നൽകി കാർബൺ നെഗറ്റീവ് സ്റ്റാറ്റസ് കൈവരിച്ച ബിഷപ്പ് മൂർ കോളേജ് മാവേലിക്കരയെ പരിസ്ഥിതി സംഗമത്തിൽ വെച്ച് ആദരിച്ചു. പാറ്റൂർ ശ്രീബുദ്ധ കോളേജിലും കാർബൺ നെഗറ്റീവ് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.



## തെങ്ങിന് തടം മണ്ണിന് ജലം ക്യാമ്പയിൻ :

ഹരിതകേരളം മിഷൻ 2016 മുതൽ വിജയിപ്പിച്ച മാതൃകാപരമായ ക്യാമ്പയിനുകളാണ് മുകളിൽ പറഞ്ഞിട്ടുള്ളത്. പ്രതീക്ഷിച്ച തോതിൽ നടപ്പാക്കാൻ കഴിയാത്ത പദ്ധതി ആയിരുന്നു തെങ്ങിന് തടം മണ്ണിന് ജലം. ഈ ആശയം ഒരു പ്രാദേശിക ജല-മണ്ണ് സംരക്ഷണ മോഡൽ ആയിരുന്നു. ആലപ്പുഴ ജില്ലയിലെ ഓരോ ബ്ലോക്കിലെയും ഒരു ഗ്രാമപഞ്ചായത്ത് വീതം ആയിരുന്നു പദ്ധതിക്കായി തെരഞ്ഞെടുത്തത്. അതിൽ ചെങ്ങന്നൂർ, മാവേലിക്കര ബ്ലോക്കുകളിൽ മാത്രമാണ് ചെറിയതോതിൽ നടത്താൻ കഴിഞ്ഞത്. ഈ ബ്ലോക്കുകളിൽ ആകെ 266 തടങ്ങൾ എടുത്തു. ഈ പ്രദേശങ്ങളിൽ വലിയതോതിൽ തെങ്ങുകൃഷി ഉള്ളതിനാലാണ് തെങ്ങിന് തടം മണ്ണിനു ജലം ക്യാമ്പയിൻ ഏറ്റെടുത്തത്. തടമെടുക്കുന്ന രീതി, പുതയിടൽ, കമ്പോസ്റ്റിംഗ്, തെങ്ങിന് ജലം നൽകുന്ന രീതി,തുള്ളി നന,മഴവെള്ള സംഭരണ കുഴികൾ എന്നിവ മുഖേന മണ്ണ് ജലം സംരക്ഷണം, നനവ് നിലനിർത്തൽ, കൃഷി ഉല്പാദനക്ഷമത, ഗ്രൗണ്ട് വാട്ടർ റീചാർജ് എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി വിജയിക്കാത്തതിന് നിരവധി പ്രശ്ങ്ങൾ നേരിട്ടു. സ്വകാര്യ വ്യക്തികൾക്കു അവരുടെ ഭൂമിയിൽ പദ്ധതി നടപ്പിലാക്കാൻ താല്പര്യമില്ലായ്മ, കാലാവസ്ഥ വ്യതിയാനത്തിനനുസരിച്ച് തൊഴിലിന്റെ അഭാവം, ഓരോ പ്രദേശത്തെയും ഭൂപ്രകൃതിക്ക് അനുസരിച്ച് ( തടത്തിന്റെ വ്യാസം, ആഴം സമയം വളം ചേർക്കൽ മഴവെള്ള സംഭരണം ) എന്നിവയിലുള്ള പരിജ്ഞാനക്കുറവ്, കയർ ഭൂവസ്ത്രം, തടമെടുക്കുന്നതിനുള്ള ഉപകരണത്തിന്റെ അപര്യാപ്തത, വാർഡുതല നിരീക്ഷണ സമിതി സ്ഥിരം ആയി പ്രവർത്തിക്കാൻ കഴിയാത്തത്, ദീർഘകാല പരിപാലനം നിർദ്ദിഷ്ടരീതിയിൽ നടക്കാത്തത് ഇവയൊക്കെ പരാജയപ്പെട്ടതിന്റെ കാരണങ്ങളാണ്. ചെങ്ങന്നൂർ ബ്ലോക്കിലെ ചെറിയനാട് പഞ്ചായത്തിലും മാവേലിക്കര ബ്ലോക്കിലെ തഴക്കര പഞ്ചായത്തിലും ഓരോ വാർഡിൽ വീതം ആണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതിയുടെ ഭാഗമായി കർഷകരെയും, തൊഴിലാളികളെയും ആദരിക്കുകയുമുണ്ടായി. പദ്ധതിയെ കുറച്ചുകൂടി വലിയ തോതിൽ വ്യാപിപ്പിക്കമായിരുന്നെങ്കിലും ഏറ്റെടുത്തു നടത്തേണ്ട പ്രധാന വകുപ്പുകൾ കൂടുതൽ താത്പര്യം പ്രകടിപ്പിക്കാത്തതിനാൽ പദ്ധതിക്ക് വേണ്ടത്ര അംഗീകാരം കിട്ടിയില്ല.

## ഒരു തൈ നടാം ജനകീയ ക്യാമ്പയിൻ-2025

പരിസ്ഥിതി സംരക്ഷണത്തിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനവ്യാപകമായി നടപ്പിലാക്കിയ 'ഒരു തൈ നടാം' ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിൻ ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് തുടക്കം കുറിച്ചു.ഈ ബൃഹത്തായ പദ്ധതിയിലൂടെ സംസ്ഥാനത്ത് ഒരു കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാനാണ് ലക്ഷ്യമിട്ടത്. വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിക്കുന്ന തൈകൾക്കു പുറമേ ഗ്രാമപഞ്ചായത്തുകൾ വഴി പൊതു ജനങ്ങളിൽ നിന്നും ജനകീയമായും തൈകൾ ശേഖരിച്ചു. കൂടാതെ വിദ്യാർത്ഥികൾ 'ചങ്ങാതിക്കൊരു തൈ' എന്ന ക്യാമ്പയിനിലൂടെയും,കുടുംബശ്രീ,ഹരിതകർമസേന യൂണിറ്റുകളിലൂടെയും ആവിശ്യമായ തൈകൾ ശേഖരിച്ചു.ശേഖരിച്ച തൈകൾ,സ്വകാര്യഭൂമിയിലും പൊതു ഭൂമിയിലുമായി നട്ടു. നടുന്ന തൈകളുടെ പരിപാലനം ഉറപ്പുവരുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷരുടെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ, ജൈവവൈവിധ്യ പരിപാലന സമിതി അംഗങ്ങൾ (BMC), പരിസ്ഥിതി പ്രവർത്തകർ, കൃഷി ഓഫീസർ, കർഷകർ എന്നിവരുടെ നേതൃത്വത്തിൽ പരിപാലന സമിതി രൂപീകരിച്ചു. സ്കൂളുകൾക്ക് പുറമെ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.കൾ, അങ്കണവാടികൾ തുടങ്ങി തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിക്കുള്ളിൽ വരുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 2025 ജൂൺ 24 മുതൽ തൈകളുടെ കൈമാറ്റവും, വൃക്ഷത്തൈ നടീൽ പ്രവർത്തനങ്ങളും സംഘടിപ്പിച്ചു.



## ലോക സൗഹൃദ ദിനത്തിൽ കേര വൃക്ഷത്തൈ കൈമാറ്റം

സൗഹൃദം മഹാവൃക്ഷമായി വളരട്ടെ എന്ന ആശയവുമായി ചങ്ങാതിക്കൊരു തൈ ക്യാമ്പയിന്റെ ഭാഗമായി ഹരിതകേരളം മിഷൻ സൗഹൃദ ദിനത്തിനോടനുബന്ധിച്ച് പുന്നപ്ര നോർത്ത് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കേര വൃക്ഷത്തൈ കൈമാറ്റം സംഘടിപ്പിച്ചത്. അമ്പലപ്പുഴ ബ്ലോക്കിലെ 5 പഞ്ചായത്തുകളിലും തൊഴിലുറപ്പുപദ്ധതിയെ ഏറ്റവും ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് തൊഴിലുറപ്പു നേഴ്സറികളിൽ ആയിരത്തോളം തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിച്ചു.ബ്ലോക്ക് പരിധിയിൽ വരുന്ന വീടുകളിലും സ്ഥാപനങ്ങളിലും ഒരു തൈനടാം ക്യാമ്പയിന്റെ ഭാഗമായി ഈ കേര തൈകൾ നടുവാൻ സാധിച്ചു. പഞ്ചായത്തിലെ ഹരിത കർമ്മ സേന അംഗങ്ങൾ പരസ്പരം തെങ്ങിൻ തൈകൾ കൈമാറി. പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത് പരിധിയിൽ വരുന്ന ചിന്മയ സ്കൂളിലും വിപുലമായ പരിപാടികളോടെ ക്യാമ്പയിൻ നടത്തി. ചങ്ങാതിയുടെ പേരിൽ ഒരുതൈ നട്ട് പരിപാലിക്കുന്നതിലൂടെ മണ്ണും മനുഷ്യനും തമ്മിലുള്ള ജൈവബന്ധവും സുഹൃത്തുക്കൾ തമ്മിലുള്ള ആത്മബന്ധവും മഹാവൃക്ഷം പോലെ വളരട്ടെയെന്ന സന്ദേശംകൂടി കുട്ടികളിലെത്തി. സ്കൂളിലെ 755 കുട്ടികൾ പരസ്പരം വൃക്ഷതൈകൾ കൈമാറി. തെങ്ങിൻ തൈകൾ, മാവ്, പ്ലാവ്, റംബൂട്ടാൻ, പേര തുടങ്ങിയ ഫല വൃക്ഷ തൈകളായിരുന്നു കൈമാറിയത്.

## ഓർമ്മത്തുരുത്ത്

പരിസ്ഥിതി സംരക്ഷണത്തെ വൈകാരികവും സാമൂഹികവുമായ തലങ്ങളുമായി ബന്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഉള്ള ഹരിതകേരളം മിഷന്റെ ക്യാമ്പയിനാണിത്. ജില്ലയിൽ നിലവിൽ 19 ഓർമ്മത്തുരുത്താണുള്ളത്.ഭരണിക്കാവ് ബ്ലോക്കിലെ വള്ളിക്കുന്നം പഞ്ചായത്ത്,ചുനക്കര പഞ്ചായത്ത്,നൂറനാട് പഞ്ചായത്ത്-ഇടക്കുന്നം യു.പി.എസ്,പാലമേൽ പഞ്ചായത്ത് -കുടശ്ശനാട് എൽ.പി.എസ്, അമ്പലപ്പുഴ



ബ്ലോക്കിൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്,തീരദേശം എൽ.പി.എസ്, സി.വൈ.എം.എ സ്കൂൾ,മാവേലിക്കര ബ്ലോക്ക് ഓഫീസ്, തെക്കേക്കര പഞ്ചായത്ത്,വെൺമണി പഞ്ചായത്ത്,മുളക്കുഴ പഞ്ചായത്ത്, രാമങ്കരി പഞ്ചായത്ത്,ഹരിപ്പാട് ബ്ലോക്കു പഞ്ചായത്ത്, ഹരിപ്പാട് നഗരസഭ,കാർത്തികപ്പള്ളി, പള്ളിപ്പാട്, ചെറുതന, കുമാരപുരം, തൃക്കുന്നപ്പുഴ പഞ്ചായത്ത് എന്നിവിടങ്ങളിലായാണ് ഓർമ്മത്തുരുത്തുകൾ സ്ഥാപിച്ചത്.

## ജലസംരക്ഷണ ഉപമിഷൻ പ്രവർത്തനങ്ങൾ

പ്രളയ ബാധിത പ്രദേശങ്ങളിലെ കിണറുകളുടെ/ കുടിവെള്ള ഗുണനിലവാര പരിശോധന നടത്തി. പ്രളയശേഷം കുട്ടനാട്ടിലും ചെങ്ങന്നൂരിലും കിണറുകളിലെ വെള്ളത്തിൽ ഇ-കോളി കണ്ടെത്തിയതിനെ തുടർന്ന് ഹരിതകേരളം മിഷനും മലിനീകരണ നിയന്ത്രണ ബോർഡ് ആലപ്പുഴഓഫീസും ചേർന്ന് എൻ.എസ്.എസ് വൊളന്റിയർമാരുടെ സഹകരണത്തോടെ ചെങ്ങന്നൂരിലും തലവടിയിലും കിണർവെള്ള സാമ്പിളുകൾ ശേഖരിച്ച് അവ ഓഫീസ് ലാബിൽ തന്നെ പരിശോധിച്ച് പൊതുജനങ്ങളെ ഫലം അറിയിച്ചു. ഇ-കോളി കണ്ടെത്തിയ സാമ്പിളുകൾക്ക് അവരെടുക്കേണ്ട കരുതൽ നടപടികൾ വ്യക്തമാക്കി. കൂടാതെ ആ കിണറുകൾ ശുചിയാക്കാനാവശ്യമായ ബ്ലീച്ചിംങ് പൗഡർ, ക്ലോറിൻ ടാബലെറ്റ് എന്നിവ ലഭ്യമാക്കി.

കോളേജ് തലങ്ങളിൽ വെള്ളം പരിശോധിച്ചു നൽകുന്നതിനുള്ള പരിശീലനം : കോളേജ് തലങ്ങളിൽ വെള്ളം പരിശോധിച്ചു പൊതുജനങ്ങളെ സഹായിക്കുന്നതിനായി 26/09/208, 27/09/2018 തീയതികളിൽ പരിശീലനം നടത്തി. ഈ പരിശീലനത്തിൽ കെമിസ്ട്രി ഡിപ്പാർട്ട്മെന്റിലുള്ള അധ്യപകരേയും NSS വൊളന്റിയർമാരേയും ഉൾപ്പെടുത്തി. മലിനീകരണ നിയന്ത്രണ ബോർഡ് ഓഫീസിൽ വെച്ച് പ്രസ്തുത പരിശീലനം സംഘടിപ്പിച്ചു.

## തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിൽ വാർഡ് തലത്തിൽ നടത്തിയ കുടിവെള്ളത്തിന്റെ ഗുണമേന്മ പരിശോധന

പ്രളയം വരുത്തിവെച്ച ദുരിതങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ശുദ്ധജല ദൗർലഭ്യം. തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിൽ വാർഡ് തലത്തിൽ നടത്തിയ കുടിവെള്ളത്തിന്റെ ഗുണമേന്മ പരിശോധനയിൽ ഇരുമ്പിന്റെയും ഫ്ളൂറൈഡിന്റെയും അളവ് കൂടുതലാണെന്ന് കണ്ടെത്തി. സമ്പൂർണ്ണ സുരക്ഷിത കുടിവെള്ള സംഭരണത്തിന്റെ ഭാഗമായി 5000 ലിറ്റർ ഫെറോസിമന്റ് 4 മഴവെള്ള സംഭരണികൾ പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചു നൽകി.

കുട്ടനാട്ടിലെ അതി രൂക്ഷമായ വെള്ളപ്പൊക്കത്തിന്റെ പശ്ചാത്തലത്തിൽ ആരോഗ്യപ്രവർത്തകർ, ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ആരോഗ്യ വിഭാഗം, പ്രേരക്മാർ, ആരോഗ്യ വകുപ്പ് ജീവനക്കാർ എന്നിവരെ പങ്കെടുപ്പിച്ച് യോഗം ചേർന്ന് ആവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങൾ ശുചീകരണം എന്നിവ നടത്തുന്നതിന് ആക്ഷൻ പ്ലാൻ തയ്യാറാക്കി പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കൂടാതെ വെള്ളപ്പൊക്കം ഉണ്ടായ പ്രദേശങ്ങളിൽ ബയോ ടോയ്ലറ്റുകൾ സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള ചുമതല റലീഫ് എന്ന കമ്പനിക്കാണ് നൽകിയിട്ടുള്ളത് ആയതിന്റെ മേൽനോട്ടച്ചുമതല ജില്ലാ ശുചിത്വ മിഷനെയാണ് ഏൽപ്പിച്ചിട്ടുള്ളത് നാളിതുവരെ 95 ബയോ ടോയ്ലറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

## നീർത്തട മാസ്റ്റർ പ്ലാനുകൾ -(ആദ്യ ഘട്ടം 2018 -20)

**നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, ജല സംരക്ഷണ പ്രവർത്തനങ്ങൾ**

ആലപ്പുഴ ജില്ലയിലെ ജലവിഭവ വിനിയോഗം, നഗരാസൂത്രണം, വെള്ളപ്പൊക്ക പ്രതിരോധം എന്നിവ മുൻനിർത്തി 2018 -20 കാലയളവിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും എല്ലാ മുനിസിപ്പാലിറ്റികളിലും നീർത്തട നടത്തം പൂർത്തിയാക്കി. എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നീർത്തട പ്ലാൻ തയ്യാറാക്കി അംഗീകരിച്ചു. ഈ നീർത്തട പ്ലാനുകൾ സംയോജിപ്പിച്ച് ബ്ലോക്കടിസ്ഥാനത്തിൽ .തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകൾ ചർച്ച ചെയ്ത് അംഗീകരിച്ച് ബ്ലോക്ക് തലത്തിലേക്ക് കൈമാറി. ബ്ലോക്ക്തല മാസ്റ്റർ പ്ലാൻ തയാറാക്കി അവ സംയോജിപ്പിച്ച് ജില്ലാതല ഡ്രൈനേജ് പ്ലാൻ തയ്യാറാക്കുകയും ചെയ്തു. ഇവയ്ക്ക് ഡി.പി.സി യുടെ അംഗീകാരം ലഭ്യമാക്കി.മുൻഗണന ക്രമത്തിൽ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തി വരുന്നു.

**പ്രകൃതിവിഭവ സംരക്ഷണം:** മണ്ണ്, വെള്ളം, ജൈവ പിണ്ഡം (Biomass) എന്നിവയുടെ ശാസ്ത്രീയമായ പരിപാലനത്തിലൂടെ പാരിസ്ഥിതിക പുനരുദ്ധാരണവും സുസ്ഥിര വികസനവും ഉറപ്പാക്കൽ

**പ്രളയ നിയന്ത്രണം:** പ്രളയ സാധ്യത കുറയ്ക്കാനായി ജലസംഭരണവും സ്വാഭാവിക ജലനിർഗ്ഗമന മാർഗ്ഗങ്ങളുടെ പുനരുദ്ധാരണവും

**കാർഷികാഭിവൃദ്ധി:** നീർത്തടാടിസ്ഥാനത്തിലുള്ള ആസൂത്രണം വഴി കൃഷിയും അനുബന്ധ മേഖലകളും മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്നു. ആലപ്പുഴ നഗരത്തിന്റെ സമഗ്ര വികസനത്തിനായി 'ആലപ്പുഴ മാസ്റ്റർ പ്ലാൻ 2041' തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ നഗരത്തിലെ ജലക്കെട്ട് ഒഴിവാക്കുന്നതിനും പ്രളയ പ്രതിരോധത്തിനുമുള്ള നിർദ്ദേശങ്ങൾ അടങ്ങിയിരിക്കുന്നു. തണ്ണീർത്തടങ്ങളുടെ മുൻഗണനാ ക്രമീകരണം (Prioritization) സോയിൽ സർവ്വേ ഡിപ്പാർട്ട്മെന്റ് തയ്യാറാക്കിയ നീർത്തട അറ്റ്ലസ് അനുസരിച്ചാണ് നടപ്പിലാക്കുന്നത്.

**ആലപ്പുഴ മുനിസിപ്പൽ മാസ്റ്റർ പ്ലാൻ (AMRUT):** ആലപ്പുഴ നഗരസഭയുടെ വികസനത്തിനായി തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന് (AMRUT പദ്ധതിയുടെ ഭാഗം) 2018 ഡിസംബർ 3ന് സർക്കാർ അന്തിമ അനുമതി നൽകി. ഇത് നഗരത്തിലെ ഗതാഗതം, പാർപ്പിടം, അടിസ്ഥാന സൗകര്യ വികസനം എന്നിവ

ലക്ഷ്യമിട്ടുള്ളതായിരുന്നു.

**കുട്ടനാട് സ്പെഷ്യൽ പാക്കേജ്- (2018-20):** 2018ലെ മഹാപ്രളയത്തിന് ശേഷം കുട്ടനാട്ടിലെ ആവാസവ്യവസ്ഥയെയും കൃഷിയെയും സംരക്ഷിക്കുന്നതിനായി സംസ്ഥാന പ്ലാനിംഗ് ബോർഡ് ഒരു പ്രത്യേക പാക്കേജ് തയ്യാറാക്കി. ഇതിന്റെ ഭാഗമായി തോടുകളുടെ ആഴം കൂട്ടൽ, ബണ്ടുകളുടെ ബലപ്പെടുത്തൽ, വെള്ളപ്പൊക്ക പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചു.

**ശുദ്ധജല വിതരണ പ്ലാൻ (KWA):** കേരള വാട്ടർ അതോറിറ്റി 2018-19, 2019-20 കാലയളവിൽ ആലപ്പുഴ മുനിസിപ്പാലിറ്റിയിലും സമീപ പഞ്ചായത്തുകളിലും കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി അമൃത് (AMRUT) പദ്ധതിയുടെ കീഴിൽ പുതിയ വിതരണ ശൃംഖലകളും ടാങ്കുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു.

**തീരദേശ പരിപാലന പ്ലാൻ (CZMP 2019):** തീരദേശത്തെ പരിസ്ഥിതി സംരക്ഷണവും വികസനവും ക്രമീകരിക്കുന്നതിനായുള്ള കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ (CZMP) 2019ൽ പരിഷ്കരിച്ചു. ആലപ്പുഴയുടെ തീരദേശ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിൽ ഇത് നിർണ്ണായകമാണ്.

**ജില്ലാ നഗരവൽക്കരണ റിപ്പോർട്ട് :** ആലപ്പുഴ ജില്ലയുടെ മൊത്തത്തിലുള്ള വികസനത്തിനായി ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് വിഭാഗം തയ്യാറാക്കിയ ഒരു പ്രധാന രേഖയാണിത്. ഭാവിയിലെ സമഗ്ര വികസന പ്ലാനുകൾക്ക് ഇത് ഒരു അടിസ്ഥാനരേഖയായി പ്രവർത്തിക്കുന്നു.

**ചമ്പക്കുളം ബ്ലോക്ക് (IWMP-1):** ചമ്പക്കുളം ബ്ലോക്കിലെ കുട്ടമംഗലം, കൈനകരി, മാർത്താണ്ഡം, ചിറ്റാരിമംഗലം, ആർ ബ്ലോക്ക് എന്നീ അഞ്ച് മൈക്രോ നീർത്തടങ്ങളെ ഉൾപ്പെടുത്തി 5889 ഹെക്ടർ പ്രദേശത്താണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**കഞ്ഞിക്കുഴി ബ്ലോക്ക് (IWMP-V):** മാരാരിക്കുളം വലിയതോട്, ഇളഞ്ചിപ്പുഴ വാരണം, ചാലുങ്കൽ, തണ്ണീർമുക്കം ബണ്ട്, പാതിരാമണൽ തുടങ്ങി 6 മൈക്രോ നീർത്തടങ്ങളെ ഉൾപ്പെടുത്തി 6626.12 ഹെക്ടർ പ്രദേശത്താണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

## ജലസംഗമം (2019 മെയ്)

ജലസംഗമത്തിന്റെ ഭാഗമായി 2019 ൽ പ്രാദേശിക ജലസ്രോതസ്സുകളുടെ സംരക്ഷണം,പുഴ പുനരുജ്ജീവനം, നഗരനീർചാലുകളുടെ ശുദ്ധീകരണം എന്നിങ്ങനെ മൂന്ന് മേഖലകളിൽ മികവാർന്ന പ്രവർത്തനം നടത്തിയവയിൽ ആലപ്പുഴ ജില്ലയിലെ ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ വാടക്കനാൽ, കോമേഴ്ഷ്യൽ കനാൽ എന്നിവയും, ജനകീയമായ രീതിയിൽ നെടുമുടി ഗ്രാമപഞ്ചായത്ത് പ്രദേശത്തെ തോട്ടുവത്തല തോട് തൊഴിലുറപ്പ് വിഭാഗത്തിന്റെ സാധ്യത പരമാവധി ഉപയോഗിച്ച് കൊണ്ട് സന്ദർശന പരിപാടി സംഘടിപ്പിച്ചിരുന്നു. വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുമുള്ള വിദഗ്ധർ തദ്ദേശ സ്വയം ഭരണ സ്ഥാപന നേതാക്കൾ തുടങ്ങിയവർ മൂന്നു സംഘങ്ങളിലായി തിരിഞ്ഞ് ഈ സന്ദർശന പരിപാടിയിൽ പങ്കെടുത്തിരുന്നു.ജലസംഗമത്തിന്റെ സംസ്ഥാനതല ഉദ്ഘാടനത്തിൽ നദി പുനരുജ്ജീവനവും സുസ്ഥിരതാ വെല്ലുവിളികളും എന്ന സെക്ഷനിൽ ആലപ്പുഴ ജില്ലയുടെ കരിപ്പയിൽ തോട് പുനരുജ്ജീവനം,കുട്ടനാട് നെൽകൃഷി പുനരുജ്ജീവനം എന്നിവയുടെ മികച്ച അവതരണങ്ങൾ ഉണ്ടായിരുന്നു.നഗരനീർചാലുകളുടെ ശൃംഖലയും മലിനജല പരിപാലനവും എന്ന സെക്ഷനിൽ ആലപ്പുഴയുടെ കനാൽ പുനരുജ്ജീവനം- കാഴ്ചപ്പാടും പശ്ചാത്തലവും, കനാൽ നവീകരണവുമായി ബന്ധപ്പെട്ട കാര്യക്ഷമത പരിപോഷണം, ജനകീയ പങ്കാളിത്തവും സ്ഥാപനവൽക്കരണവും എന്നിവക്കും മികച്ച പ്രതികരണങ്ങൾ ലഭിച്ച അവതാരങ്ങളാണ്.

## ഇനി ഞാനൊഴുകട്ടെ (ഒന്നാം ഘട്ടം-2019)

കേരളത്തെ ഹരിതാഭവും മനോഹരവുമാക്കിത്തീർക്കുന്നതിൽ നമ്മുടെ പുഴകൾക്കുള്ള പങ്ക്

വളരെ വലുതാണ്. എന്നാൽ അനുദിനം നഗരവൽക്കരിച്ചുകൊണ്ടിരിക്കുന്ന നമ്മുടെപ്രദേശങ്ങളും അതിന്റെ ഭാഗമായി ഉണ്ടാകുന്ന നിർമ്മിതികളുടെ ബാഹുല്യവും ഈ പുഴകളെ മലിനമാക്കുന്നതിനും മരണാസന്നമാക്കുന്നതിനും കാരണമായി. നമ്മുടെ പുഴകൾ മലിനമാകുന്നതിന് പ്രധാന കാരണം അവയുടെ കൈവഴികളായ തോടുകളും അവയിലേക്കെത്തുന്ന നീർച്ചാലുകളും മലിനമാകുന്നതാണ്. അതിനാൽ പുഴ മാലിന്യമുക്തമാക്കുന്നതിന് കൈവഴികൾ ശുചിയാക്കേണ്ടതുണ്ട്.

അത്തരത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഒരു പ്രധാനപ്പെട്ട തോടോ, നീർച്ചാലോ തെരഞ്ഞെടുത്ത് ജനകീയമായി ശുചീയാക്കുന്നതിനായി ഹരിതകേരളം മിഷൻ മൂന്നാം വാർഷികത്തിന്റെ ഭാഗമായി 'ഇനി ഞാനൊഴുകട്ടെ' നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ് എന്ന പേരിൽ ഒരു ജനകീയ ക്യാമ്പയിന് രൂപം നൽകി. എല്ലാ സ്ഥലത്തും പ്രതിജ്ഞചൊല്ലി ഫ്ളാഗ് ഓഫ് നടത്തി ശുചീകരണ



യജ്ഞം ആരംഭിച്ചു. പങ്കെടുത്തവർക്ക് ആവശ്യമായ സുരക്ഷാ സംവിധാനങ്ങളും പണി ഉപകരണങ്ങളും ഭക്ഷണവും മുൻ കൂട്ടി ഉറപ്പാക്കി. ഈ പ്രവർത്തനങ്ങൾ നടത്തുന്നതിനായി പുഴ സംരക്ഷണ സമിതി മുതൽ പ്രാദേശിക സംഘാടകസമിതികൾ വരെ യോഗം ചേർന്നു. “ഇനി ഞാനൊഴുകട്ടെ” പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം അന്നത്തെ ബഹു. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പു മന്ത്രി പി. തിലോത്തമൻ തണ്ണീർമുക്കം പ്രതീക്ഷാ ഭവൻ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ച് നിർവഹിച്ചു.

ഈ അവസരത്തിലാണ് ഹരിതകേരളം മിഷൻ മുന്നോട്ടുവെച്ച ലക്ഷ്യങ്ങളിൽ ആകൃഷ്ടരായി ജില്ലയുടെ വിവിധഭാഗങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയമായും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത ഉപയോഗിച്ചുകൊണ്ടും നിരവധി പുഴകളുടെയും നീർച്ചാലുകളുടെയും പുനരുജ്ജീവനം സാധ്യമായത്. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി ആലപ്പുഴ ജില്ലയിൽ എല്ലാ വാർഡുകളിലും തോടുകൾ ശുചിയാക്കിയ ഗ്രാമപഞ്ചായത്തുകൾ ഉണ്ട്. ഡിസംബർ 14 മുതൽ 22 വരെയുള്ള കാലയളവിൽ ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കണമെന്ന ഉത്തരവ് പ്രകാരം 36 ഗ്രാമ പഞ്ചായത്തുകളും 3 നഗരസഭകളും ആയത് ഭംഗിയായി പൂർത്തീകരിച്ചു.

## ഇനി ഞാനൊഴുകട്ടെ
## (രണ്ടാം ഘട്ടം 2020-21)

പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിൽ 36 ഗ്രാമ പഞ്ചായത്തുകളിലും 1 നഗരസഭയിലുമായി 304.65 കി.മീ നീളത്തിൽ നീർച്ചാൽ ശുചീകരണം നടത്തി. പദ്ധതിയുടെ ഭാഗമായി നിർമ്മാണ പ്രവൃത്തികൾ ഒഴിവാക്കിക്കൊണ്ട് (അനിവാര്യമായ സ്ഥലങ്ങളിൽ മാത്രം പരിമിതപ്പെടുത്തി) കയർഭൂവസ്ത്രത്തിന്റേയും ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിന്റേയും സാധ്യത പരമാവധി പ്രയോജനപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധങ്ങളായ നീർച്ചാലുകളുടെ പുനരുജ്ജീവനം സാധ്യമാക്കിയിട്ടുണ്ട്. 'ഇനി ഞാനൊഴുകട്ടെ' ക്യാമ്പയിന്റെ തുടർച്ചയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട്, ഇതരവകുപ്പുകളുടെ ഫണ്ട് ഇവ ഉപയോഗിച്ച് അയ്യങ്കാളി



തൊഴിലുറപ്പ് പദ്ധതിയുടെയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും സാധ്യതകൾ പ്രയോജനപ്പെടുത്തി ജനപങ്കാളിത്തത്തോടുകൂടി നീർച്ചാലുകളുടെ ഒഴുക്ക് സുഗമമാക്കാൻ സാധിക്കത്തക്ക ശുചീകരണ / പുനരുജ്ജീവന പ്രവർത്തനങ്ങളാണ് നടത്തിയത്.

**ഇനി ഞാനൊഴുകട്ടെ ക്യാമ്പയിന്റെ ഭാഗമായി നടന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ:-**

തദ്ദേശ സ്വയംഭരണ വകുപ്പ്, ജലസേചന വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ്, ഭൂജല വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി എന്നിവയിലൂടെ ഹരിതകേരളം മിഷൻ നിലവിൽ വന്നതുനുതൽ (2016 ഡിസംബർ മുതൽ) 30-12-2025 വരെ 1905.948 കി.മീ നീളത്തിൽ തോട് ശുചീകരണം നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

ജില്ലയിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ 1910.898 കി.മീ നീളത്തിൽ തോടുകൾ, 1877 കുളങ്ങൾ എന്നിവ പുനരുജ്ജീവിപ്പിച്ചു. പുതിയതായി 330 കുളങ്ങളും 130 താൽക്കാലിക തടയണകളും



നിർമ്മിച്ചു. 2858 കിണറുകൾ റീചാർജ് ചെയ്തു. ജില്ലയിൽ 336 കനാലുകളാണ് ജലസേചനത്തിനായി നവീകരിക്കാൻ കഴിഞ്ഞത്.

## ജല ഗുണനിലവാര പരിശോധനാ ലാബ് (2020-25)

ആലപ്പുഴ ജില്ലയിൽ ഹരിതകേരളം മിഷന്റെയും ജില്ലാപഞ്ചായത്തിന്റെയും സംയുക്തമായ ഇടപെടലിലൂടെ ആദ്യഘട്ടത്തിൽ ജില്ലയിലെ 6 ഹയർസെക്കൻഡറി സ്കൂളുകളിലും, രണ്ടാം ഘട്ടത്തിൽ 22 സ്കൂളുകളിലും വാട്ടർ ടെസ്റ്റ് ലാബ് സ്ഥാപിച്ചു. ഗ്രാമീണ മേഖലയിലെ കുടിവെള്ളത്തിന്റെ നിലവാരം ഉറപ്പുവരുത്തുക ജലജന്യരോഗങ്ങൾ തടയുക എന്നതാണ് ഇതുകൊണ്ടുള്ള ലക്ഷ്യം. സ്കൂളുകളിലെ കെമിസ്ട്രി അധ്യാപകർക്കും പ്ലസ് വണ്ണിലെ 5 കുട്ടികൾക്കും വീതം ആണ് ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള പ്രാഥമിക പരിശീലനം നൽകിയത്.ജലത്തിന്റെ നിറം, മണം, പിഎച്ച് മൂല്യം, ഇലക്ട്രിക്കൽ കണ്ടക്ടിവിറ്റി, നൈട്രേറ്റ്, അമോണിയ, ഇകോളി ബാക്ടീരിയ എന്നിവയുടെ സാന്നിധ്യം ആണ് പരിശോധിക്കുന്നത്.ഹരിതകേരളം മിഷന്റെ ഭാഗമായി തെരഞ്ഞെടുത്ത 28 ഹയർ സെക്കന്ററി സ്കൂളുകളിലെ കെമിസ്ട്രി ലാബുകളിൽ ജലഗുണനിലവാര ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. പരിശോധനയ്ക്ക് ആവശ്യമായ കെമിക്കലുകളും ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുമുണ്ട്.

## ജല ബജറ്റ്-2023

ചെറു പ്രദേശങ്ങളിൽ ഹ്രസ്വകാല അളവിൽ പെയ്യുന്ന മഴയിൽ നിന്നുള്ള ജലലഭ്യതയും ജനങ്ങളുടെ വ്യത്യസ്തമായ ആവശ്യം നിറവേറ്റാൻ ആവശ്യമായതിന്റെ അളവും താരതമ്യം ചെയ്ത് ജലം മിച്ചം ആണോ കമ്മിയാണോ എന്ന് കണ്ടെത്തുന്ന പ്രവർത്തനമാണ് ജല ബജറ്റ് ഉള്ളടക്കം. വിവിധ സന്നദ്ധസംഘടനകളുടെ സഹായത്തോടെ ഈ ജലസംരക്ഷണ പ്രവർത്തനം ആസൂത്രണം ചെയ്തു നടപ്പാക്കാനുള്ള ശാസ്ത്രീയ രേഖ ആയി ജല ബജറ്റ് പ്രയോജനപ്പെടുത്തി.ഇങ്ങനെ ജലസുസ്ഥിര തയിലേക്ക് ആ തദ്ദേശസ്വയംഭരണ സ്ഥാപനത്തെ നിലനിർത്താൻ ജല ബജറ്റ് ആധികാരിക രീതി ആയി ഉപയോഗിക്കുന്നു. ജില്ലയിൽ ആദ്യമായി ജല ബജറ്റ് തയ്യാറാക്കിയത് മാവേലിക്കര ബ്ലോക്കിലായിരുന്നു. തഴക്കര പഞ്ചായത്ത് തെക്കേക്കര പഞ്ചായത്തിന്റെ ചില പ്രദേശങ്ങൾ എന്നിവയായിരുന്നു കൂടുതൽ വരൾച്ച ബാധിച്ച സ്ഥലങ്ങളായി ജലബജറ്റ് പ്രകാരം കണ്ടെത്തിയത്. ഇതിന് പരിഹാരമായി "ജല ബജറ്റിൽ നിന്നും ജല സുരക്ഷയിലേക്ക് " എന്ന തുടർ പ്രവർത്തനമാണ് നടന്നുവരുന്നത്. ഭരണിക്കാവ് തൈക്കാട്ടുശ്ശേരി ബ്ലോക്കുകളിലെ എല്ലാ പഞ്ചായത്തുകളും ഒട്ടാകെ 16 ജല ബജറ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.




ജലസംരക്ഷണ പ്രവർത്തനങ്ങൾ പ്രധാനമായും എംജി എൻ ആർ ഇ ജി എസ് വഴി നടത്തി വരുന്നു. ഇതിനെ ഉൾക്കൊണ്ടുകൊണ്ട് മൂന്നാം ഘട്ടമായി ആലപ്പുഴ ജില്ലയിലെ മറ്റ് പഞ്ചായത്തുകളിലേക്കും ജല ബജറ്റ് എന്ന ആശയം നടപ്പിലാക്കി വരുന്നുണ്ട്.

### ജലമാണ് ജീവൻ - അമിബിക് മസ്തിഷ്കജ്വരം-2025

ജലജന്യ രോഗപ്രതിരോധം ലക്ഷ്യമിട്ട് ഹരിതകേരളം മിഷന്റെ ജനകീയ തീവ്ര കർമപരിപാടിയാണിത്. സുരക്ഷിത ജല ലഭ്യതയും ജലജന്യ രോഗപ്രതിരോധവും ലക്ഷ്യമിട്ട് ഹരിതകേരളം മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ സംസ്ഥാന വ്യാപകമായി ജലമാണ് ജീവൻ എന്ന പേരിൽ ജനകീയ തീവ്ര കർമപരിപാടി സംഘടിപ്പിച്ചു. ഘട്ടം ഘട്ടമായി സംഘടിപ്പിക്കുന്ന പരിപാടിയിൽ ആദ്യമായി ആഗസ്റ്റ് 30, 31 തീയതികളിൽ സംസ്ഥാനത്തെ എല്ലാ കിണറുകളിലും ക്ലോറിനേഷൻ നടത്തി. സെപ്റ്റംബർ എട്ട് മുതൽ 30 വരെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂളുകൾ വഴിയുള്ള ബോധവല്ക്കരണവും ഹയർ



സെക്കണ്ടറി സ്കൂളുകളിലെ രസതന്ത്ര ലാബിനോട് ചേർന്ന് ഹരിതകേരളം മിഷൻ സജ്ജമാക്കിയ ജലഗുണനിലവാര പരിശോധനാ സംവിധാനം കേന്ദ്രീകരിച്ച് വിപുലമായ ജല പരിശോധനയും അതിന്റെ ഫലത്തെ അടിസ്ഥാനമാക്കിയുള്ള പരിഹാര പ്രവർത്തനങ്ങളും സംഘടിപ്പിച്ചു. തുടർന്ന് ഒക്ടോബർ 20 മുതല് നവംബർ ഒന്ന് വരെ ജനങ്ങൾ ഉപയോഗിക്കുന്ന മുഴുവൻ കുളങ്ങളിലും ജലസ്രോതസ്സുകളിലും ശുചീകരണവും അവയിൽ മാലിന്യം എത്തുന്ന വഴികൾ അടയ്ക്കലും നടത്തി. ആശാ പ്രവർത്തകർ, അങ്കണവാടി ജീവനക്കാർ, കുടുംബശ്രീ പ്രവർത്തകർ, ഹരിതകർമ്മസേന, തൊഴിലുറപ്പ് തൊഴിലാളികൾ, സന്നദ്ധ പ്രവർത്തകർ, സന്നദ്ധ സംഘടനകൾ തുടങ്ങിയവ എല്ലാം ഉൾപ്പെടുത്തി ജനകീയ കർമ്മപരിപാടിയായാണ് ജലമാണ് ജീവന് ക്യാമ്പയിൻ നടപ്പിലാക്കിയത്. ബ്ലീച്ചിംഗ് പൗഡർ/ക്ലോറിൻ ഗുളികകൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കി.

# ഹരിതകേരളം മിഷനിലൂടെ സാധ്യമായ തദ്ദേശ സ്വയംഭരണ സ്ഥാപനശാക്തീകരണം

ഹരിതകേരളം മിഷൻ രൂപീകരിച്ചതിനുശേഷം ഉപമിഷനുമായി ഉണ്ടായ പ്രാദേശിക പ്രശ്നങ്ങൾ കഴിവതും പ്രാദേശികമായി തന്നെ പരിഹരിക്കുന്നതിനായിട്ടാണ് ശ്രമം നടത്തിയിട്ടുള്ളത്. നിരവധിയായ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കഴിഞ്ഞ 9 വർഷക്കാലം ശാക്തീകരിക്കുന്നതിന് ഹരിതകേരളം മിഷൻ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ ശുചിത്വ - മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ആവശ്യമായ സംഘടനാ സംവിധാനമായ ഹരിതകർമ്മ സേനയെ രൂപീകരിക്കുന്നതിന് കുടുംബശ്രീ സംവിധാനത്തിന് പ്രാമുഖ്യം കൊടുത്തു. ആ സംഘടന സംവിധാനത്തിന് പിന്തുണ സംവിധാനമായി ഹരിത സഹായ സ്ഥാപനങ്ങളെയും നിശ്ചയിച്ച് നൽകി. തുടർന്ന് ഭൗതിക പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന്, പ്രത്യേകിച്ച് ശേഖരിക്കുന്ന മാലിന്യങ്ങൾ താത്കാലികമായി സൂക്ഷിക്കുന്നതിനും തരം തിരിക്കുന്നതിനും ആവശ്യമായിട്ടുള്ള എം.സി.എഫുകൾ ആലപ്പുഴ ജില്ലയിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും സ്ഥാപിക്കുന്നതിനാവശ്യമായിട്ടുള്ള പ്രവർത്തനങ്ങളും പദ്ധതികളും ഏറ്റെടുപ്പിച്ചു.

തുടർന്ന് ഏറ്റെടുത്ത വിവിധങ്ങളായ ക്യാമ്പയിനുകളിലൂടെ (വലിച്ചെറിയൽ മുക്ത കേരളം,മാലിന്യ മുക്ത നവകേരളം,...)എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തമാണെന്ന് വലിയൊരു വിഭാഗം ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ കഴിഞ്ഞു.ബദൽ ഉല്പന്നങ്ങൾ ജനങ്ങൾ ഉപയോഗിക്കാൻ തുടങ്ങുകയും ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കാനും തുടങ്ങി.

ജലസംരക്ഷണ ഉപമിഷന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഹരിതകേരളം മിഷൻ തയ്യാറാക്കിയ മാർഗരേഖയുമായി ബന്ധപ്പെട്ട് വളരെ വിശദമായ പരിശീലനം ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിലും നൽകിക്കൊണ്ട് ഓരോ തലത്തിലുമുള്ള സാങ്കേതിക സമിതി അംഗങ്ങളെ

ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആദ്യഘട്ടത്തിൽ നടത്തി. തുടർന്ന് ഈ സാങ്കേതിക സമിതികൾ ചേർന്നുകൊണ്ട് നീർത്തട നടത്തം നടത്തി പരിചയമുള്ള അംഗങ്ങളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് പരമാവധി ജനപിന്തുണയോടു കൂടി ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിലും ഏറ്റവും കൂടുതൽ അടിയന്തര ഇടപെടൽ വേണ്ടുന്ന ജലസ്രോതസ്സുകൾക്ക് സമീപത്തു കൂടി ഓരോ നീർച്ചാലിന്റെയും തീരത്ത് കൂടി ജലനടത്തം നടത്തി ഓരോ ജലസ്രോതസ്സുകളിലും ഉള്ള പ്രശ്നങ്ങൾ കണ്ടെത്തി ഓരോ വകുപ്പുകളും അല്ലെങ്കിൽ വിവിധ വകുപ്പുകൾ ചേർന്നു നടത്തേണ്ട പദ്ധതികൾക്ക് രൂപം നൽകി. നിലവിൽ ഇത്തരത്തിൽ ലഭ്യമായ ഡാറ്റകൾ ചേർത്തുകൊണ്ട് നീർത്തട പ്ലാനുകൾ തയ്യാറാക്കുകയും അത് ബ്ലോക്ക് തലത്തിൽ സംയോജിപ്പിച്ച് നീർത്തട മാസ്റ്റർ പ്ലാൻ ആക്കി മാറ്റുകയും ചെയ്തു. ഈ നീർത്തട പ്ലാനുകളിൽ നിന്ന് മുൻഗണന ക്രമത്തിൽ ചെറു പദ്ധതികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായും വലിയ പദ്ധതികൾ ബന്ധപ്പെട്ട




വകുപ്പുകളുടെ ഭാഗമായും ഏറ്റെടുത്തു. ചില മാതൃകാ പദ്ധതികൾ ജനപങ്കാളിത്തം ഉറപ്പാക്കിയും സംയുക്തമായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടു കൂടിയും പ്രാവർത്തികമാക്കി. ആദ്യ രണ്ട് ഘട്ടങ്ങളിൽ ഇനി ഞാനൊഴുകട്ടെയുടെ ഭാഗമായി ജില്ലയിൽ ഹരിതകേരളം മിഷൻ മാതൃകാപരമായ ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്.

ഭൂഗർഭ ജല ഗുണനിലവാരം ഏറ്റവും മോശമായ ജില്ലയാണ് ആലപ്പുഴ. സമുദ്ര നിരപ്പിന് തുല്യവും സമുദ്ര നിരപ്പിന് താഴെയുമുള്ള പ്രദേശങ്ങൾ ജില്ലയിലുണ്ട്, ജലസംരക്ഷണ പ്രവർത്തനങ്ങൾ, ജലത്തിന്റെ ഗുണനിലവാരം വർധിപ്പിക്കേണ്ട പ്രവർത്തനങ്ങൾ തുടങ്ങിയവ ഏറ്റെടുത്തു നടത്തേണ്ടത് ഏറ്റവും പ്രധാന്യമുള്ളതാണ്. മഴവെള്ള സംഭരണവും ജല സംഭരണികൾ നിർമ്മിക്കുന്നതും കിണർ റീചാർജ് ചെയ്യുന്നതും ജലസ്രോതസ്സുകൾ ഒഴുക്ക് തടസപ്പെടുത്താതെ തടസങ്ങൾ മാറ്റി നീരൊഴുക്ക് സുഗമമാക്കുന്നതും മാലിന്യം നീക്കം ചെയ്യുന്നതും മാലിന്യം ജലസ്രോതസ്സുകളിലേക്ക് എത്താതെ

നോക്കേണ്ടതും ആലപ്പുഴ ജില്ലയെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ടതാണ്. അതിനാവശ്യമായ ജനകീയ പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം തന്നെ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ആവശ്യമായ മതിയായ സംവിധാനങ്ങൾ കൂടി ഏർപ്പെടുത്തേണ്ടതായി വന്നു. അങ്ങനെ ആലപ്പുഴ ജില്ലയിൽ ഹയർസെക്കൻഡറി സ്കൂളുകൾ കേന്ദ്രീകരിച്ചുകൊണ്ട് 28 പ്രാഥമിക ജല ഗുണനിലവാര പരിശോധന ലാബുകൾ ഹരിതകേരളം മിഷന്റെ ഭാഗമായി സ്ഥാപിക്കുവാൻ കഴിഞ്ഞു. ഈ ലാബുകളിൽ മതിയായ ടെസ്റ്റ് കിറ്റുകളും കെമിക്കലുകളും ഉപകരണങ്ങളും എത്തിച്ചുകൊണ്ട് സാധാരണ ജനങ്ങളുടെ കുടിവെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ ഹരിതകേരളം മിഷന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ ജില്ലയിൽ ജലത്തിന്റെ കുറവുകൊണ്ട് വ്യത്യസ്തമായ ആവശ്യങ്ങൾ പരിഹരിക്കുവാൻ കഴിയാത്ത നിരവധിയായ പ്രദേശങ്ങൾ ഉണ്ട്. അത്തരത്തിലുള്ള പ്രദേശങ്ങളിൽ ഏറ്റവും ആദ്യം പരിഗണിക്കപ്പെടേണ്ട മാവേലിക്കര ബ്ലോക്ക്, അതിലെ 5 പഞ്ചായത്തുകളിലും ജല ബജറ്റ് രൂപീകരിച്ചു. ഓരോ മാസത്തിലും ഓരോ മേഖലയിലും ലഭ്യമാകുന്ന ജലത്തിന്റെ അളവും ആവശ്യമായ ജലത്തിന്റെ അളവും തമ്മിൽ താരതമ്യപ്പെടുത്തികൊണ്ട് സി ഡബ്ല്യൂ ആർ ഡി എം ന്റെ നേതൃത്വത്തിൽ ജലബജറ്റുകൾ രൂപീകരിച്ചു. ആ ജലബജറ്റുകളിൽ നിന്ന് ജലസുരക്ഷ പ്ലാനുകൾ തയ്യാറാക്കി. ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലൂടെയും ഘട്ടം ഘട്ടമായി നടപ്പാക്കി കൊണ്ട് ഒരളവുവരെ ഓരോ മേഖലയിലും കാർഷിക മേഖലയിലും കുടിവെള്ള മേഖലയിലും വ്യാവസായിക മേഖലയിലും എല്ലാം ഉണ്ടാവുന്ന ജലത്തിന്റെ കുറവ് ഓരോ വ്യത്യസ്ത മാസങ്ങളിൽ പരിഹരിക്കുവാൻ ഹരിതകേരളം മിഷന്റെ ഇടപെടലിലൂടെ കഴിഞ്ഞിട്ടുണ്ട്.

കാർഷിക മേഖലയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ഉപയോഗിച്ച് വിവിധങ്ങളായിട്ടുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ സംയോജിപ്പിച്ചുകൊണ്ട് പാടശേഖര സമിതിയെയും കർഷകരെയും സഹകരണ സ്ഥാപനങ്ങളെയും ഉപയോഗിച്ചുകൊണ്ട് നിരവധി തരിശുനിലങ്ങൾ തരിശുരഹിതമാക്കുവാനുള്ള പ്രവർത്തനങ്ങൾ ഹരിതകേരളം മിഷൻ ഏറ്റെടുത്തിട്ടുണ്ട്. ഇത്തരത്തിൽ കോവിഡ് കാലഘട്ടത്തിനിടയിൽ പോലും ഏറ്റവും ഭംഗിയായി ഇടപെട്ടുകൊണ്ട് വിവിധ വകുപ്പുകളുടെ കൂടി സഹായത്തോടെ ആലപ്പുഴ ജില്ലയിലെ പത്തിയൂർ ഗ്രാമപഞ്ചായത്തും കണ്ടല്ലൂർ ഗ്രാമപഞ്ചായത്തും തരിശു രഹിതമാക്കുവാൻ കഴിഞ്ഞത് ഈ കഴിഞ്ഞ പതിറ്റാണ്ടിലെ ശ്രദ്ധേയമായ ഒരു പാരിസ്ഥിതിക ഇടപെടലായി ചൂണ്ടികാണിക്കുവാൻ കഴിയും. ഹരിത സമൃദ്ധി വാർഡുകളുടെ പ്രഖ്യാപനം എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും നടത്തിയില്ലെങ്കിൽ പോലും വളരെ കൃത്യമായി നിരവധി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വാർഡുകളിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി ചെയ്യുന്നതിനാവശ്യമായിട്ടുള്ള പച്ചക്കറി തൈകളും വിത്തുകളും നൽകുന്ന പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആ പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കൃത്യമായ ഇടപെടൽ നടത്തികൊണ്ട് ബ്ലോക്ക് കോർഡിനേറ്റർമാർ നിർവ്വഹിച്ചിട്ടുണ്ട്.

പ്രാദേശിക ജൈവവൈവിധ്യത്തെ വീണ്ടെടുക്കുന്നതിനും സ്ഥായിയായി നിലനിർത്തുന്നതിനും ആവശ്യമായ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനമാണ് ഹരിതകേരളം മിഷൻ രൂപം നൽകിയ പച്ചത്തുരുത്ത് പദ്ധതി. ഓരോ പ്രദേശത്തിന്റെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, കാലാവസ്ഥ എന്നിവയ്ക്കനുസരിച്ച് ആ പ്രദേശങ്ങളിൽ വളരേണ്ടുന്ന സ്വാഭാവിക വൃക്ഷങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ട് വൃക്ഷത്തലപ്പ് ഉയരം കൂടിയ വൃക്ഷങ്ങൾ, ഉയരം കുറഞ്ഞ വൃക്ഷങ്ങൾ, ഇടത്തരം വൃക്ഷങ്ങൾ, വള്ളിച്ചെടികൾ, കുറ്റിച്ചെടികൾ, ആവരണ ചെടികൾ, ഔഷധ സസ്യങ്ങൾ എന്നിവയടങ്ങുന്ന സ്വാഭാവിക വനം എന്ന തോന്നിക്കുന്ന രീതിയിലുള്ള പച്ചത്തുരുത്തുകളാണ് ഹരിതകേരളം മിഷൻ ജില്ലയിൽ സ്ഥാപിച്ചെടുത്തിട്ടുള്ളത്. ഇത്തരത്തിൽ ആദ്യകാലത്ത് സ്ഥാപിക്കപ്പെട്ടിട്ടുള്ള പച്ചത്തുരുത്തുകൾ മതിയായ പരിപാലനം ലഭിക്കാതെ നശിച്ചുപോയത് ബോധ്യപ്പെട്ടതിനെ തുടർന്ന് പച്ചത്തുരുത്ത് സംരക്ഷണ സമിതികൾ ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും രൂപീകരിക്കുകയും മഹാത്മാഗാന്ധി ഗ്രാമീണ

തൊഴിലുറപ്പ് പദ്ധതിയെ അടക്കം ഏറ്റവും ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് 3 വർഷക്കാലം കുറഞ്ഞത് പച്ചത്തുരുത്തുകളുടെ പരിപാലനത്തിന് ആവശ്യമായ എസ്റ്റിമേറ്റ് എടുത്ത് മസ്റ്റർ റോൾ കൊടുക്കുന്ന പ്രവർത്തനങ്ങളടക്കം ഹരിതകേരളം മിഷന്റെ 2019 മുതലുള്ള പച്ചത്തുരുത്തുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട് എന്ന് നിസംശയം പറയാൻ കഴിയും.

ഹരിതകേരളം മിഷന്റെ ഹെഡിൽ വാർഷിക ബജറ്റിൽ ജലസേചന വകുപ്പിന് അടക്കം ലഭ്യമാകുന്ന ഫണ്ട്,ക്ലാസ് 1, ക്ലാസ് 2 കാറ്റഗറിയിലുള്ള ജലസ്രോതസ്സുകൾ നവീകരിക്കുന്നതിന് ആവശ്യമായ പദ്ധതികളേറ്റെടുത്ത് ഫലപ്രദമായി കുളങ്ങളും ചെറുതോടുകളും ജലസ്രോതസ്സുകളും വീണ്ടെടുക്കാനും ഭംഗിയായി നിലനിർത്തുന്നതിനും ആവശ്യമായിട്ടുള്ള ഇടപെടലുകൾ കഴിഞ്ഞ വർഷങ്ങളിൽ നടത്തിയിട്ടുണ്ട്. കൂടാതെ വാർഷിക ബജറ്റിന്റെ തന്നെ ഭാഗമായി ഉൾപ്പെടുത്തിയ സാനിറ്ററി നാപ്കിൻ ഇൻസിനറേറ്റർ, കൂടുതൽ പെൺകുട്ടികൾ പഠിക്കുന്ന ഹയർ സെക്കൻഡറി സ്കൂളുകളിൽ സ്ഥാപിച്ച് സംസ്കരിക്കുന്നതിന് തുടക്കം കുറിച്ചു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും മലിനീകരന നിയന്ത്രണ ബോർഡിന്റെയും അംഗീകാരമുള്ള ഇൻസിനറേറ്ററുകളാണ് സ്ഥാപിക്കുന്നത്.ഇത് പരിസ്ഥിതിക്ക് ദോഷം വരുത്തുന്നത് ഒഴിവാക്കുന്നു, ഇതിനു പുറമെ ഹയർസെക്കൻഡറി സ്കൂളുകളിലും കോളേജുകളിലും ഇതര സ്ഥാപനങ്ങളിലും മെൻസ്ട്രുവൽ കപ്പുകൾ വിതരണം ചെയ്യുന്ന പദ്ധതിയും ഹരിതകേരളം ആലപ്പുഴ ജില്ലാ മിഷന്റെ ഇടപെടലിലൂടെ നടപ്പിലാക്കുവാൻ കഴിഞ്ഞു. മാലിന്യ പരിപാലനം ഏറ്റവും ശ്രദ്ധാപൂർവ്വം ചെയ്യേണ്ട ഒന്നാണെന്നും അങ്ങനെ നടത്തുന്ന പ്രവർത്തനങ്ങൾ നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ് എന്ന് പുതുതലമുറയെ പഠിപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള ഇടപെടലുകൾ നടത്താൻ കഴിയുന്ന ഏറ്റവും പ്രധാന മേഖല വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് എന്ന തിരിച്ചറിവിൽ നിന്നാണ് വിവിധങ്ങളായിട്ടുള്ള സ്കൂളുകൾ തിരഞ്ഞെടുത്ത് ഹരിതകേരളം മിഷൻ നിരവധി ആയിട്ടുള്ള ക്ലാസ്സുകളും, ശില്പശാലകളും, സെമിനാറുകളും നടത്തിയത്. അതോടൊപ്പം തന്നെ കുട്ടികളിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ പാഠങ്ങൾ എത്തിച്ചു കൊടുക്കുന്നതിന് ആവശ്യമായിട്ടുള്ള വെക്കേഷൻ ക്യാമ്പുകൾ തുടർച്ചയായി നടത്തുവാനും കഴിഞ്ഞു എന്നുള്ളത് ഏറ്റവും ഗുണപരമായിമാറ്റമാണ്.

ആലപ്പുഴ ജില്ലയിൽ കുടുംബശ്രീ സംവിധാനത്തിന്റെ ഭാഗമായും ഹരിത കർമ്മ സേന യൂണിറ്റുകൾ ചേർത്തും പ്രത്യേകമായി സൂക്ഷ്മ സംരംഭങ്ങൾ രൂപീകരിച്ചിട്ടുണ്ട്. സൂക്ഷ്മ സംരംഭങ്ങൾ എല്ലാം ജഡത്വം ബാധിച്ച അവസ്ഥയിലാണെന്ന് തിരിച്ചറിഞ്ഞതിനെ തുടർന്ന് ഇത്തരം സൂക്ഷ്മ സംരംഭങ്ങൾക്ക് മതിയായ പരിശീലനം നൽകുകയും പ്രവർത്തിക്കാൻ ആവശ്യമായ റിവോൾവിംഗ്, ടെക്നോളജി, ഇന്നവേഷൻ ഫണ്ടുകളും സംഘടിപ്പിച്ച് നൽകുന്നതിന് ആവശ്യമായിട്ടുള്ള പരിശീലനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കി. ഇത്തരം പരിശീലനങ്ങളിലൂടെ ലഭ്യമായ അറിവുകൾ സ്കൂളുകളിലും കോളേജുകളിലും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ സൂക്ഷ്മ സംരംഭങ്ങൾക്ക് ലോൺ വാങ്ങിയെടുത്തുകൊണ്ട് ബദൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ സജീവമാക്കുവാനും ഭേദപ്പെട്ട വരുമാനം നേടികൊടുക്കുവാനും ഹരിതകേരളം മിഷന് കഴിഞ്ഞിട്ടുണ്ട്.

ജില്ലയിൽ പൊതുസ്ഥലത്തിന്റെ അഭാവം തിരിച്ചറിഞ്ഞുകൊണ്ടും സ്ഥാപനങ്ങളിൽ തരിശു കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തിക്കൊണ്ടും ആ സ്ഥലങ്ങൾ തരിശുരഹിതമായി മാറ്റിയെടുക്കുന്നതിന് ആവശ്യമായിട്ടുള്ള നിരവധി ഇടപെടലുകൾ നടത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ പുരസ്കാരം ലഭിച്ച അനുഭവവും ആലപ്പുഴയ്ക്ക് ഉണ്ട്. കെ.എസ്. ഡി.` പി യിലെ പച്ചത്തുരുത്തും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളോട് ചേർന്ന് കാണപ്പെടുന്ന നിരവധിയായ സ്ഥലങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് ദേവഹരിതം എന്ന പേരിൽ നടത്തിയിട്ടുള്ള കരനെൽ കൃഷിയും പച്ചക്കറി കൃഷിയും പൂക്കൃഷിയും എല്ലാം സംസ്ഥാനത്ത് തന്നെ മറ്റു ജില്ലകൾക്ക് മാതൃകയായി മാറി. പത്തിയൂർ മഹാദേവ ക്ഷേത്രത്തിലും ചെറിയ കലവൂർ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലുമാണ് ഇത്തരത്തിൽ സംസ്ഥാനത്ത് തന്നെ ആദ്യമായി ദേവഹരിതം കൃഷി നടത്തിയത്.

ആലപ്പുഴ ജില്ലയിൽ പത്തിയൂർ പഞ്ചായത്തിലെ കരിയിലക്കുളങ്ങര സഹകരണ സ്പിന്നിങ് മില്ലിൽ അഞ്ചേക്കർ സ്ഥലത്ത് ഈ മില്ലിലെ തൊഴിലാളികളുടെ ഒരു ഗ്രൂപ്പ് രൂപീകരിച്ചുകൊണ്ട് നൂറുമേനി വിളവ് കൊയ്യുന്ന വിധത്തിലേക്ക് എത്തിക്കുന്നതിന് ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ജൈവവളം കൃത്യമായി നിർമ്മിച്ചുകൊണ്ട് നടത്തിയ പ്രവർത്തനങ്ങളാണ് ഇതിന് സഹായകരമായത്. ഹരിതകേരളം മിഷന്റെ റിസോഴ്സ് പേഴ്സൺമാരടക്കമുള്ളവരുടെ നേതൃത്വത്തിൽ ജൈവവളം മില്ലിൽ തന്നെ ഉല്പാദിപ്പിച്ച് കൃത്യമായ ഇടവേളകളിൽ വളപ്രയോഗം നടത്തി, കൃത്യമായ പരിപാലനത്തിലൂടെ നൂറുമേനി പച്ചക്കറി കൃഷി വിജയിപ്പിക്കുന്നതിനോടൊപ്പം ഗ്രാമപഞ്ചായത്ത്, തൊഴിലുറപ്പ്, കൃഷിവകുപ്പുകളുടെ സംയോജനം ഉറപ്പാക്കുവാനും കഴിഞ്ഞു. 10 സെന്റ് സ്ഥലത്ത് പുതിയതായി ഒരു കുളം കുഴിച്ച് മത്സ്യ കൃഷി ആരംഭിച്ചു. ഇതര സഹകരണ സ്ഥാപനങ്ങൾക്കും പൊതുമേഖല സ്ഥാപനങ്ങൾക്കും ഈ മാതൃക ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്.

2016 ൽ മിഷൻ നിലവിൽ വരുന്നതിനു മുൻപ് മാലിന്യ സംസ്കരണം, മണ്ണ് - ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി വിവിധ വകുപ്പുകളെ കോർത്തിണക്കിക്കൊണ്ടുള്ള നടത്തിപ്പ് സംവിധാനം ഉണ്ടായിരുന്നില്ല. അജൈവ മാലിന്യം ശേഖരിക്കുന്നതിനും മാലിന്യ സംസ്കരണം കൈകാര്യം ചെയ്യുന്നതിനുമായി മികച്ച മാലിന്യ സംസ്കരണ സംവിധാനം ഉണ്ടായിരുന്നില്ല. കൃഷി കുറഞ്ഞതോടു കൂടി തരിശ് ഭൂമിയുടെ അളവ് വർദ്ധിച്ചു. ഈ ഭൂമികൾ കൃഷിയോഗ്യമാക്കുന്നതിൽ വ്യക്തമായ കാഴ്ചപ്പാട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കില്ലായിരുന്നു. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ വേണ്ട രീതിയിൽ കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നില്ല. തൊഴിലുറപ്പ് പദ്ധതിയിലൂടെ കൃഷി, ജലസംരക്ഷണം, മറ്റ് പാരിസ്ഥിതിക പ്രവർത്തനങ്ങൾ എന്നിവ ചെയ്യുന്നതിന് ഒരു ദിശാബോധം തദ്ദേശ സ്ഥാപനങ്ങൾക്ക് ഇല്ലായിരുന്നു. ഹരിതകേരളം മിഷൻ പ്രവർത്തനം തുടങ്ങിയതോടെ ജനങ്ങളിൽ ഉത്തരവാദിത്ത മാലിന്യസംസ്കരണം എന്ന അവബോധം ഉണർത്തിയെടുത്തുകൊണ്ട് ഉറവിടത്തിൽ തന്നെ ജൈവമാലിന്യ സംസ്കരിക്കുന്നതിനും അജൈവമാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് പുനഃചംക്രമണത്തിനായി കൈമാറുന്നതിനുമുള്ള സംവിധാനമായി ഹരിതകർമ്മസേനയ്ക്ക് രൂപം നൽകി.. തൊഴിലുറപ്പ് പദ്ധതി, കൃഷിഭവൻ, കുടുംബശ്രീ എന്നിവ സംയോജിച്ച് ജില്ലയിൽ തദ്ദേശ സ്ഥാപന പരിധിയിലുള്ള തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്നതിൽ മിഷൻ വളരെ വലിയ പങ്കാണ് വഹിച്ചത്. തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗ്യപ്പെടുത്തി മണ്ണ്-ജല- കൃഷി പുനഃസ്ഥാപന പ്രവർത്തനങ്ങൾ പരമാവധി നടത്തി. ദ്രവ മാലിന്യ സംസ്കരണ പദ്ധതിയും തൊഴിലുറപ്പ് വഴി നടപ്പാക്കിയിട്ടുണ്ട്.

## മാലിന്യ സംസ്കരണം

2016 നു മുമ്പ് ഉറവിടത്തിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിന് സംവിധാനങ്ങൾ ഒന്നും തന്നെ ഇല്ലായിരുന്നു. ഹരിതകേരളം മിഷൻ സ്ഥാപിച്ചതോടു കൂടി ഹരിത കർമ്മ സേന രൂപീകൃതമാവുകയും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ, റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ എന്നിവ സ്ഥാപിക്കുകയും ചെയ്തു. “എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം” എന്ന അവബോധം പൊതു ജനങ്ങൾക്കിടയിൽ വളർത്തുവാൻ സാധിച്ചു. കാലങ്ങളായി ജനങ്ങൾ തുടർന്നു വന്ന പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കൽ, വലിച്ചെറിയൽ തുടങ്ങിയ ശീലങ്ങൾക്ക് മാറ്റം വരുത്തുവാൻ മിഷന്റെ വരവോടുകൂടി കഴിഞ്ഞു. വിവിധ ക്യാമ്പയിനുകളിലൂടെയും ബോധവത്കരണ പ്രവർത്തനങ്ങളിലൂടെയുമാണ് ജനങ്ങളുടെ കാഴ്ചപ്പാടിൽ മാറ്റം വരുത്തുവാൻ കഴിഞ്ഞത്. ഉണ്ടാകുന്ന ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ മുൻപ് ഇല്ലായിരുന്നു. ഹരിതകേരളം മിഷന്റെ വരവോടുകൂടി വീടുകളിൽ സ്വന്തം ഉത്തരവാദിത്തത്തിൽ മാലിന്യം സംസ്കരിക്കുന്നതിനു ഉപാധികൾ നൽകി. മാലിന്യ സംസ്കരണത്തിൽ കുറ്റകരമായ വീഴ്ച വരുത്തുന്നത് തടയുവാനും അവർക്കെതിരെ മാതൃകാപരമായ നടപടികൾ സ്വീകരിക്കുന്നത്തിനും ആവശ്യമായ നിയമത്തിന്റെ അഭാവം മൂലം തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിരുന്നില്ല. ഇതിനു പരിഹാരമായി കേരള പഞ്ചായത്തി രാജ്,നാഗരപാലിക നിയമങ്ങളിൽ 2024 മാർച്ചിൽ വന്ന ഭേദഗതി വഴി നിയമങ്ങളും നടപടി ക്രമങ്ങളും കൂടുതൽ കർശനമാക്കി.ഇതിന്റെ

ഭാഗമായി നിയമലംഘകരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാതലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് രൂപം നൽകി. 2016 നു മുൻപ് വരെ മാലിന്യം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുമായി സംസ്ഥാന വ്യാപകമായി യാതൊരു വിധ സംവിധാനവും നിലവിലില്ലായിരുന്നു. മിഷൻ സ്ഥാപിതമായതോടുകൂടി ജനകീയ പങ്കാളിത്തത്തോടുകൂടിയുള്ള മാലിന്യ സംസ്കരണത്തിന് തുടക്കമാവുകയും തദ്ദേശ സ്ഥാപനങ്ങൾ തോറും വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിനായി ഹരിത കർമ്മ സേനയ്ക്ക് രൂപം നൽകുകയും ചെയ്തു. ഇതോട് കൂടി ജൈവമാലിന്യം സ്വന്തം ഉത്തരവാദിത്തത്തിൽ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും അജൈവ മാലിന്യം യൂസർഫീ നൽകി ഹരിതകർമ്മ സേനയ്ക്ക് കൈമാറുന്നതിനുമുള്ള പുത്തൻ സംസ്കാരത്തിന് തുടക്കമായി. ഹരിതകർമ്മ സേന സ്വയം പര്യാപ്തമാകുന്നത് വരെ കൂടെ നിന്നു സഹായിക്കുന്നതിനും സാങ്കേതിക കാര്യങ്ങൾ, രജിസ്റ്ററുകൾ എന്നിവ കൈകാര്യം ചെയ്യുന്നതിൽ പരിശീലനം നൽകുന്നതിനുമായി ഹരിത സഹായ സ്ഥാപനങ്ങളെ തദ്ദേശ സ്ഥാപനങ്ങളിലേക്ക് ഹരിതകേരളം മിഷൻ ഇടപെടലോടെ എം പാനൽ ചെയ്തു നൽകി. മാലിന്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്ന് ശേഖരിക്കുന്നതിനായി സംവിധാനങ്ങൾ ഒന്നും തന്നെ ഇല്ലായിരുന്നു. സംസ്ഥാനത്ത് തന്നെ ആദ്യമായി ഒരു ജില്ലയിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ ളും സി.കെ. സി.എല്ലുമായി എഗ്രിമെന്റ് വച്ചത് ആലപ്പുഴയിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആയിരുന്നു. അജൈവ മാലിന്യങ്ങൾ വിവിധ കാറ്റഗറിയായി തരംതിരിച്ച് പുനഃ ചംക്രമണ ഏജൻസികൾക്ക് കൈമാറുകയും, പുന ചംക്രമണത്തിന് വിധേയമാക്കാൻ കഴിയാത്തവ ശാസ്ത്രീയ സംസ്കരണ കേന്ദ്രങ്ങളിലേക്ക് എത്തിക്കുവാനും സി കെ സി എൽ / മറ്റ് എംപാനൽഡ് ഏജൻസികൾ മുഖേന സാധിച്ചു. ഗാർഹിക മാലിന്യ സംസ്കരണ ഉപാധികളായ ബയോബിൻ, ബൊക്കാഷി ബക്കറ്റ്, ബയോ ഗ്യാസ് പ്ലാന്റ് എന്നിവ പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ വഴി വിതരണം ചെയ്തു. പൊതുസ്ഥലങ്ങളിലെയും സ്ഥാപനങ്ങളിലെയും മാലിന്യം സംസ്കരിക്കുന്നതിനായി തുമ്പൂർമുഴി സംവിധാനവും അജൈവ മാലിന്യ ശേഖരണത്തിനായി ബോട്ടിൽ ബൂത്തുകളും സ്ഥാപിക്കുന്നതിന് തുടക്കംകുറിക്കാനും മിഷൻ പ്രവർത്തനങ്ങൾ കൊണ്ട് കഴിഞ്ഞു.



## മാലിന്യ സംസ്കരണം - ഭൗതിക പശ്ചാത്തല ഇടപെടലുകളും സൗകര്യങ്ങളും

ഒരു പതിറ്റാണ്ട് മുൻപ് വരെ ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളിൽ ബഹുഭൂരിപക്ഷത്തിനും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങളെയും ചട്ടങ്ങളെയും കുറിച്ചുണ്ടായിരുന്ന അറിവില്ലായ്മ മാലിന്യ പരിപാലനത്തെ ബാധിച്ചു. എങ്ങനെയും മാലിന്യം കയ്യൊഴിഞ്ഞാൽ മതിയെന്ന ധാരണയാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഉദോഗസ്ഥർക്കും ജനപ്രതിനിധികൾക്കും ഉണ്ടായിരുന്നത്. മിഷൻ രൂപീകരിച്ച ആദ്യ ഘട്ടത്തിൽ തന്നെ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അതിലുപരിയായി ഭരണഘടനയും ഓരോ പൗരന്റെയും ഉത്തരവാദിത്തങ്ങളും ഭരണസമിതി അംഗങ്ങളെ ബോധ്യപ്പെടുത്തുന്നതിനും ഉദ്യോഗസ്ഥന്മാർക്ക് പ്രത്യേകം പരിശീലനം നൽകിക്കൊണ്ട് ശക്തികരിക്കുന്നത് തുടർന്ന് ഈ നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ആയത് കൃത്യമായി നടപ്പാക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടിക്രമങ്ങളും അതിന് ആവശ്യമായ പിന്തുണ സംവിധാനവും നൽകുക എന്നുള്ള നിലയിലാണ് ഹരിതകേരളം മിഷൻ പ്രവർത്തിച്ചത്. ഇതിനു ഭാഗമായി തന്നെ ദീർഘ വീക്ഷണത്തോടുകൂടി പ്രായോഗികവും ശാസ്ത്രീയവും ചെലവുകുറഞ്ഞതുമായിട്ടുള്ള നിരവധിയായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പ്രത്യേക പ്രോജക്ട് ക്ലിനിക്കുകൾ അടക്കം വച്ചുകൊണ്ട് ഇതിന്റെ ഭാഗമായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യത്തിന് അനുസരിച്ചിട്ടുള്ള പദ്ധതികൾ രൂപീകരിക്കുന്ന പ്രവർത്തനം നടത്തുകയും ആയത് സമയബന്ധിതമായി മികച്ച സാങ്കേതിക പിന്തുണയോട് കൂടി നടപ്പാക്കുന്നതിനാവശ്യമായ നടപടിക്രമങ്ങളാണ് ആദ്യ വർഷങ്ങളിൽ സ്വീകരിച്ചുപോന്നത്. അതോടൊപ്പം തന്നെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ഹരിതകർമ്മ സേന പോലെയുള്ള സംവിധാനം ശേഖരിച്ചു കൊണ്ടുവരുന്ന മാലിന്യങ്ങൾ താൽക്കാലികമായി സംഭരിക്കുന്നതിനും തരം തിരിക്കുന്നതിനും ആവശ്യമായിട്ടുള്ള എം.സി.എഫുകൾ രൂപീകരിക്കുന്നത്തിനും അതോടൊപ്പം ഒരു ബ്ലോക്കിൽ ഒന്നെങ്കിലും വീതമുള്ള ആർ. ആർ.എഫ് സംവിധാനം രൂപപ്പെടുത്തിയെടുക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ചു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തങ്ങളുടെ തനത് വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി യൂസർഫീ കളക്ട് ചെയ്യുന്നത് നിർബന്ധിച്ച് അടിച്ചേൽപ്പിക്കുന്നു എന്ന രീതിയിലാണ് വലിയ വിഭാഗം ജനങ്ങൾ ധരിച്ചിരുന്നത്. യൂസർഫീ 2016 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങളുടെ ഭാഗമായി രൂപപ്പെടുത്തിയതാണെന്നും നമ്മുടെ ഓരോ വീട്ടിലും ഓരോ സ്ഥാപനത്തിലും ഉണ്ടാകുന്ന മാലിന്യം അവരവരുടെ കൂടി ഉത്തരവാദിത്വത്തിൽ സംസ്കരിക്കപ്പെടണമെന്നുമുള്ള ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ് യൂസർഫീ നിശ്ചയിച്ചതെന്നും അത് നൽകേണ്ടത് ഓരോ പൗരന്റെയും ഉത്തരവാദിത്തമാണെന്നും ഉറപ്പിക്കാൻ കഴിയുന്ന വിധത്തിലേക്ക് വിവിധങ്ങളായിട്ടുള്ള വിവര വിജ്ഞാന പ്രവർത്തനങ്ങളും മിഷന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. കൂടാതെ യൂസർഫീ കളക്ഷനുമായി ബന്ധപ്പെട്ട് ഹരിതമിത്രം എന്ന മൊബൈൽ ആപ്പ് രൂപപ്പെടുത്തുകയും അത് പ്രായോഗികമാക്കി എടുക്കുന്നതിന് ആവശ്യമായിട്ടുള്ള പരിശീലനങ്ങൾ ഹരിത കർമ്മസേനാംഗങ്ങൾക്കും ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പ്രത്യേകമായി നൽകുകയുണ്ടായി. ആദ്യഘട്ടത്തിൽ യൂണിഫോമും ഐ ഡി കാർഡും അടക്കമുള്ളവയാണ് ഹരിതകർമ്മസേനയ്ക്ക് നൽകിയിരുന്നതെങ്കിലും പിന്നീട് യൂസർഫീയുടെ കുറവ് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകുന്നതിലൂടെ പരിഹരിക്കുവാനും അതുപോലെ തന്നെ ശേഖരിക്കുന്ന യൂസർഫീയിൽ നിന്നും ഒരു തുക കോർപ്പസ് ഫണ്ടായി നീക്കിവയ്ക്കുന്നതിനു ആവശ്യമായിട്ടുള്ള ഉത്തരവുകൾ നേടിയെടുക്കുന്നതിനും വേണ്ടി പ്രവർത്തിച്ചു. ഹരിതകർമ്മസേനാംഗങ്ങൾക്ക് മതിയായ സുരക്ഷ ഉപകരണങ്ങൾ നൽകുന്നതും ധാരണയായി., പരിസ്ഥിതി സൗഹൃദമായി പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായിട്ടാണ് ഇലക്ട്രിക് വാഹനങ്ങൾ ഹരിത കർമ്മ സേനയ്ക്ക് വാങ്ങി നൽകുവാൻ ഉത്തരവ് പുറപ്പെടുവിച്ചത്. കൂടാതെ ട്രോളി അടക്കമുള്ള സംവിധാനങ്ങളും കൂടുതൽ മാലിന്യങ്ങൾ വേഗത്തിൽ തരംതിരിക്കുവാൻ കഴിയുന്ന കൺവെയർ ബെൽറ്റ് സംവിധാനങ്ങളും ഡസ്റ്റ് റിമൂവർ അടക്കമുള്ള സംവിധാനങ്ങളും വെയിങ് മെഷീനുകളും ഫയർ എക്സ്റ്റിംഗ്യൂഷനുകളും ആർ.ആർ. എഫുകളിലും എം.സി.എഫുകളിലും എം.സി.എഫുകൾക്ക് അനുബന്ധമായും സ്ഥാപിക്കുന്ന




പ്രവർത്തനങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ ഏറ്റെടുക്കുകയുണ്ടായി.

ഉറവിടങ്ങളിൽ നിന്ന് ശേഖരിക്കുന്ന അജൈവമാലിന്യം തരംതിരിച്ച് സംഭരിച്ചു വയ്ക്കുന്നതിനായി സംവിധാനങ്ങൾ നിലവിലില്ലായിരുന്ന അവസ്ഥയിൽ നിന്നും എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകൾ, ബ്ലോക്ക് / നഗരസഭാ തലത്തിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകൾ എന്നിവ സ്ഥാപിച്ച് ഭൗതിക പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് മിഷന്റെ ഇടപെടലോടുകൂടി കഴിഞ്ഞു.

### യൂസർഫീ - ജനങ്ങളുടെ മനോഭാവമാറ്റം

ഹരിതകേരളം മിഷൻ രൂപീകരിച്ചതിനു ശേഷം ആദ്യ രണ്ടു വർഷങ്ങളിൽ പ്രധാനമായും ഹരിത കർമ്മ സേനയുടെ രൂപീകരണം സംബന്ധിച്ചും ഹരിത കർമ്മ സേന പ്രവർത്തനങ്ങൾക്ക് പിന്തുണയേകുന്ന ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നത് സംബന്ധിച്ചും ഉള്ള പ്രവർത്തനങ്ങളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ മിഷൻ നടത്തിയത്. എന്നാൽ യൂസർഫീ അടയ്ക്കുന്നതിലെ വിമുഖതയും മാലിന്യം വലിച്ചെറിയുകയും കത്തിക്കുകയും ചെയ്യുന്ന സ്വഭാവവും മാറാത്ത സാഹചര്യത്തിലാണ് ഹരിതകേരളം മിഷൻ ഇതിനെതിരെ സ്വീകരിക്കേണ്ട നിയമങ്ങളുടെ സംഗ്രഹം ഒരു കൈപ്പുസ്തകം ആക്കി പ്രസിദ്ധീകരിക്കുന്നതിനും വിപുലമായ നിയമ ബോധവൽക്കരണ ക്യാമ്പയിനും തുടക്കം കുറിച്ചത്.

ആലപ്പുഴ ജില്ലയിൽ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് ജില്ലാതല സെമിനാറും കൺവെൻഷനും ചേർന്നുകൊണ്ട് ഹരിത നിയമ ബോധവൽക്കരണത്തിന് തുടക്കം കുറിച്ചു. ജില്ലാ ആസൂത്രണ സമിതി ഹാളിൽ ജില്ലയിലെ 34 പോലീസ് സ്റ്റേഷനുകളിലെ എസ് എച്ച്. ഒ മാർക്ക് പരിശീലനം നൽകിക്കൊണ്ടാണ് ജില്ലാതലം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലം വരെയുള്ള പരിശീലനങ്ങൾ ആരംഭിച്ചത്. ലീഗൽ സർവീസ് സൊസൈറ്റിയുടെ സെക്രട്ടറിയും സബ് ജഡ്ജുമായ ശ്രീ. വി. ഉദയകുമാർ, ജില്ലാ പോലീസ് മേധാവി സുരേന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി. വേണുഗോപാൽ എന്നിവർ പരിശീലനങ്ങൾ ഉദ്ഘാടനം ചെയ്തു. എല്ലാ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും പൊതുജനങ്ങളും ഹരിത നിയമ ബോധവൽക്കരണ ക്യാമ്പയിനെ ഗൗരവത്തോടെ വീക്ഷിച്ചു. പരിശീലനത്തെ തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിയമനടപടികൾ ശക്തമാക്കിയതും നിയമ ലംഘകർക്കുമേൽ കുറ്റസ്ഥാപനത്തിനു തയ്യാറായതും മതിയായ പിഴ ഈടാക്കാൻ തുടങ്ങിയതും ഈ ക്യാമ്പയിന്റെ ഗുണഫലമായി നിസംശയം വിലയിരുത്താവുന്നതാണ്. പരിശീലനത്തിൽ ഇതര വകുപ്പുകളുടെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും പൂർണ പിന്തുണ ലഭ്യമായി. ഇതിന്റെ ഫലമായി ജനങ്ങൾക്ക് യൂസർഫീ നല്കുന്നതിലുണ്ടായിരുന്ന വിമുഖത ക്രമേണ കുറഞ്ഞു വരികയും ജില്ലയിലെ പകുതിയിലധികം തദ്ദേശ സ്ഥാപനങ്ങളുംഒരുമാസം മുതൽ ഒരു വർഷക്കാലവും അതിലധികവും തുടർച്ചയായി 100 % യൂസർഫീ കളക്ഷൻ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് സഹായമാവുകയും ചെയ്തു.

## ജല ഉപമിഷൻ പ്രവർത്തനങ്ങൾ

ജനപങ്കാളിത്തത്തോടെ ജില്ലയിലെ ജലസ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കുവാനും ലഭ്യമാകുന്ന മഴ പരമാവധി സംഭരിച്ച് വേനൽകാല ആവശ്യം നിറവേറ്റുന്നതും ലക്ഷ്യമിട്ടാണ് ഹരിതകേരളം മിഷൻ ജല ഉപമിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചത്.

ജനകീയ കൂട്ടായ്മയിൽ നദിയുടെ പുനരുദ്ധാരണം ഏറ്റെടുത്ത വരട്ടാർ മാതൃകയാണ് ആദ്യഘട്ടത്തിൽ നമുക്ക് പ്രചോദനമായത്. വർദ്ധിച്ചുവരുന്ന ജല ആവശ്യം നമ്മുടെ സംസ്ഥാനം കൈവരിച്ച പുരോഗതിയുടെ കൂടി ഭാഗമായതിനാൽ ജലസംരക്ഷണ മേഖലയിൽ സുസ്ഥിരത കൈവരിക്കൽ അത്യന്താപേക്ഷിതമാണ് എന്ന തിരിച്ചറിവാണ് ശാസ്ത്രീയ അടിത്തറയുള്ള പദ്ധതികൾക്ക് മുൻഗണന നൽകി ജലസ്രോതസ്സുകളുടെ സുസ്ഥിര പരിപാലനത്തിന് വകുപ്പുകളെയും ജനങ്ങളെയും സജ്ജമാക്കുവാൻ തീരുമാനിച്ചത്. ഈ ലക്ഷ്യങ്ങൾ മുന്നിൽകണ്ടാണ് മാർഗരേഖ തയ്യാറാക്കിയത്. സംസ്ഥാനതലത്തിൽ രൂപീകരിച്ച കർമ്മസമിതിയും ജില്ലാതലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും രൂപീകരിച്ച സാങ്കേതിക സമിതികളും ജനസംരക്ഷണ പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടായി മാറുന്ന കാഴ്ചയാണ് ജില്ലയിൽ നമുക്ക് കാണാനായത്.

ജില്ലാതലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും സാങ്കേതിക സമിതികൾ ചേരുകയും വിശദമായ പരിശീലനങ്ങൾ സാങ്കേതിക സമിതി അംഗങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുകയും ജല ഉപമിഷന്റെ ലക്ഷ്യങ്ങളിലും പ്രവർത്തന രീതിയിലും സമീപനത്തിലും വിഭാവനം ചെയ്തിട്ടുള്ള കാര്യങ്ങൾ ജനങ്ങളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ബോധ്യപ്പെടുത്തുന്നതിൽ ഹരിതകേരളം മിഷൻ സുപ്രധാനമായ പങ്കാണ് നിർവഹിച്ചത്. വിവിധ വകുപ്പുകളുടെ, പ്രത്യേകിച്ച് ജലസേചനം, ഗ്രൗണ്ട് വാട്ടർ, മണ്ണ് സംരക്ഷണം, തദ്ദേശ സ്വയംഭരണം, കൃഷി, തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ ഫലപ്രദമായ സമന്വയം സാങ്കേതിക സമിതികളുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഉറപ്പാക്കുവാൻ കഴിഞ്ഞു. ഇത് നീർത്തട നടത്തം ജനകീയമായി നടത്തുന്നതിനും നീർത്തട പ്ലാനുകളും മാസ്റ്റർ പ്ലാനുകളും തദ്ദേശ തലത്തിലും ബ്ലോക്ക് തലത്തിലും രൂപപ്പെടുത്തുന്നതിനും നീർത്തട അടിസ്ഥാനത്തിൽ പദ്ധതികൾ രൂപപ്പെടുത്തുന്നതിനും ആയതിന് മുന്തിയ പരിഗണന നൽകി നടപ്പാക്കുന്നതിനും സഹായകരമായി. ഒന്നാംഘട്ടത്തിൽ പ്രാദേശിക ജലസ്രോതസ്സുകളുടെ പുനസ്ഥാപനത്തിനും നിർമ്മാണത്തിനും തുടർന്ന് പ്രാദേശിക നിർമ്മിതികളുടെ പരിപാലനത്തിനും മുൻഗണന നൽകി.

ഈ പ്രവർത്തനങ്ങൾ അക്ഷരാർത്ഥത്തിൽ ജനങ്ങൾ ഏറ്റെടുത്തും 2019 ഡിസംബർ 14ന് ഹരിതകേരളം മിഷൻ ആരംഭിച്ച "ഇനി ഞാൻ ഒഴുകട്ടെ " എന്ന നീർച്ചാലുകളുടെ ജനകീയ പുനരുജ്ജീവനം ക്യാമ്പയിനിലൂടെ ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഏറ്റവും കുറഞ്ഞത് ഒരു തോട് / നീർച്ചാൽ തെരഞ്ഞെടുത്ത് ജനകീയമായി ശുചീകരിച്ച് പുനരുജീവിപ്പിക്കുക എന്ന ലക്ഷ്യം നിറവേറ്റാനായി.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിയ "ഇനി ഞാൻ ഒഴുകട്ടെ "എന്ന നീർചാലുകളുടെ ജനകീയ പുനരുജ്ജീവനത്തിൽ നിന്ന് പ്രചോദനം ഉൾകൊണ്ട് വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നീർത്തട നടത്തം നടത്തി ജനകീയ കമ്മറ്റികളും രൂപീകരിച്ച് വിവിധങ്ങളായ നീർച്ചാലുകളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടന്നുവരുന്നത്. മിഷൻ പ്രവർത്തനങ്ങളിലുണ്ടായ ഗുണപരമമായ മാറ്റമാണ് ജനങ്ങളുടെ ഇടയിൽ ഇത്തരമൊരു അവബോധം സൃഷ്ടിക്കാൻ കാരണമായത്.

സർക്കാർ, സർക്കാർ ഇതര വകുപ്പുകൾ, ജലപ്രതിനിധികൾ, വിദ്യാർത്ഥികൾ, രാഷ്ട്രീയ യുവജന സാമൂഹിക പ്രസ്ഥാനങ്ങൾ, കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികൾ, എൻഎസ്എസ്, എൻ സി സി, എസ് പി സി, സന്നദ്ധ സംഘടനകൾ, വ്യാപാരി വ്യവസായി സംഘടനകൾ തുടങ്ങി സമൂഹത്തിലെ വിവിധ മേഖലകളിൽ നിന്നുള്ളവരെ അണിനിരത്തുവാൻ കഴിഞ്ഞത് നീർച്ചാലുകൾ വീണ്ടെടുക്കേണ്ടതിന്റെ അനിവാര്യതയും തുടർ പരിപാലനവും ഞങ്ങളുടേതു കൂടിയായ ഉത്തരവാദിത്തമാണ്

എന്ന് വലിയൊരു വിഭാഗം ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ കഴിഞ്ഞു. തോടുകളും നീർച്ചാലുകളും കടന്നുപോകുന്ന വാർഡുകളിൽ പ്രത്യേക സംഘാടക സമിതി രൂപീകരിച്ചാണ് നീർത്തട നടത്തം നടത്തി, നീർച്ചാലുകൾ ശുചിയാക്കി, ആയത് സ്ഥായിയായി നിലനിർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചത്.

മിഷന്റെ ആവിർഭാവത്തിനു മുൻപ് മലിനീകരണവും കയ്യേറ്റവും മൂലം ജില്ലയിലെ ഭൂരിഭാഗം ജലാശയങ്ങളും നിർജ്ജീവാവസ്ഥയിലായിരുന്നു. വലിച്ചെറിയപ്പെടുന്ന ഗാർഹിക മാലിന്യങ്ങൾ, പ്ലാസ്റ്റിക്-ഇലക്ട്രോണിക് വേസ്റ്റ് എന്നിവയാൽ നിറഞ്ഞ് നീരൊഴുക്ക് നിലച്ച ജലാശയങ്ങളുടെ വീണ്ടെടുപ്പ് ജനകീയ ഇടപെടലുകളിലൂടെ സാധ്യമായത് ഹരിതകേരളം മിഷന്റെ വരവോടുകൂടിയാണ്. കേരളത്തിൽ ആദ്യമായി ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂരിലാണ് വരട്ടാർ പുനരുജ്ജീവന പദ്ധതിനടപ്പിലാക്കിക്കൊണ്ട് നദികളുടെ വീണ്ടെടുപ്പിനു തുടക്കം കുറിച്ചത്. ചെങ്ങന്നൂർ നഗരസഭ, തിരുവന്വണ്ടൂർ, പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ, കോയിപ്രം, കുറ്റൂർ എന്നീ പഞ്ചായത്തുകളുടേയും പരിധിയിൽ വരുന്ന പ്രദേശങ്ങളുടെ പ്രധാന ജലസ്രോതസ്സായിരുന്നു വരട്ടാർ. നദിയിലെ നീരൊഴുക്ക് ഇല്ലാതായതോടെയാണ് ഈ പ്രദേശത്ത് ശുദ്ധജലക്ഷാമം രൂക്ഷമായതെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് വരട്ടാറിന്റെ വീണ്ടെടുപ്പിന് കളമൊരുങ്ങിയത്. 2003ല് നിയമസഭാ പരിസ്ഥിതി കമ്മിറ്റി ഇതിനെപ്പറ്റി പഠനം നടത്തി. ജോർജ് ജെ മാത്യു അധ്യക്ഷനായി ഉമ്മൻചാണ്ടി, ജോസഫ് എം. പുതുശ്ശേരി, തോമസ് ഐസക്, കെ.കെ നായർ, വി.ജെ പൗലോസ്, മോയൻകുട്ടി, രാജു എബ്രഹാം, എം.എ വാഹിദ് എന്നിവർ അംഗങ്ങളുമായുള്ള കമ്മിറ്റിയാണ് പഠനം നടത്തിയത്. കേരളത്തിൽ, ചരിത്രത്തിലാദ്യമായാണ് ഒരു നദി അന്തർധാനം ചെയ്യുന്നതെന്ന് ഈ കമ്മിറ്റി കണ്ടെത്തി. വരട്ടാറിനെ പുനരുജ്ജീവിപ്പിക്കാൻ പ്രാദേശിക ഭരണകൂടങ്ങൾ നടത്തിയ വിപുലമായ ശ്രമങ്ങൾ ഫലം കണ്ടില്ല. മേൽ സൂചിപ്പിച്ച കമ്മിറ്റിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ, വിദ്യാർഥികൾ, സാമൂഹ്യ-സന്നദ്ധ യുവജന സംഘടനകൾ, കുടുംബശ്രീ എന്നിവരെ കോർത്തിണക്കിക്കൊണ്ട് നടത്തിയ ജനകീയ പ്രവർത്തനത്തിന്റെ ഫലമായി 2018 ആയപ്പോഴേക്കും വരട്ടാറിന്റെ പുനർജന്മം ഫലപ്രാപ്തിയിലേക്ക് എത്തിയെങ്കിലും ആവര്ത്തിച്ചെത്തിയ പ്രളയങ്ങൾ വീണ്ടും വരട്ടാറിനെ തകർത്തെറിഞ്ഞു. പിന്നീട് പുനരുജ്ജീവനത്തിന്റെ രണ്ടാം ഘട്ടമായി നദിയിൽ അടിഞ്ഞ് കൂടിയ മണ്ണ് നീക്കുന്ന ജോലികൾ നടത്തുകയും വിവിധ ഡിപ്പാർട്ടുമെന്റുകളുടെ നേതൃത്വത്തിൽ അനിവാര്യമായ ഇടങ്ങളിൽ തീരം കല്ലുകെട്ടി സംരക്ഷിച്ച്, പാലങ്ങൾ, കലുങ്കുകൾ എന്നിവ വീതികൂട്ടി പുനർ നിർമ്മിച്ച് നീരൊഴുക്ക് സുഗമമാക്കുകയും ചെയ്തു.

തോടുകൾ, കനാലുകൾ, നീർച്ചാലുകൾ എന്നിവ മാലിന്യ നിക്ഷേപ അവസ്ഥയിലുള്ളതായിരുന്നു. ഹരിതകേരള മിഷൻ പ്രവർത്തനത്തിലൂടെ ഇവയുടെ ശുചീകരണം സാധ്യമാക്കിയിട്ടുണ്ട്. ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇത് മാതൃകാപരമായി ചെയ്തിട്ടുണ്ട്. വിവിധ ക്യാമ്പയ്നുകൾ,നീർത്തട മാസ്റ്റർ പ്ലാൻ എന്നിവയിലൂടെ മാതൃകാ പ്രവർത്തനങ്ങൾ അസൂത്രണം ചെയ്ത് നീർച്ചാലുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിലുറപ്പ് പദ്ധതി എന്നിവയിലൂടെ പുനരുജ്ജീവിപ്പിച്ചു. വേണ്ടത്ര ആഴവും വീതിയും ഇല്ലാത്തതിനാൽ കനാലുകളിൽ നീരൊഴുക്കും ഗതാഗതവും സാധ്യമായിരുന്നില്ല. ഹരിതകേരളം മിഷന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും മേജർ-മൈനർ ജലസേചന വകുപ്പുകളുടെയും നേതൃത്വത്തിൽ ആഴവും വീതിയും കൂട്ടി കനാലുകളെ സജീവമാകുന്ന പ്രവർത്തികൾ തുടരുന്നു.

ഖര രൂപത്തിലും ദ്രവ രൂപത്തിലും നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങൾക്ക് പുറമേ കനാലുകൾ നേരിടുന്ന അതിരൂക്ഷമായ പ്രശ്നമാണ് തഴച്ചു വളരുന്ന പോളകൾ. ഇവയുടെ വളരെ പെട്ടെന്നുള്ള വളർച്ചയും വ്യാപനവും നീരൊഴുക്ക് തടസ്സപ്പെടുത്തുകയും സൂര്യ പ്രകാശം കടക്കാതെ ജലത്തിന്റെ സ്വാഭാവിക ജീവൻ നഷ്ടപ്പെടുന്നതിന് കാരണമാകുകയും ജലത്തിലെ ഓക്സിജന്റെ അളവ് കുറയ്ക്കുകയും ചെയ്യുന്നു. ജലയാനങ്ങൾ പോളയിൽ കുടുങ്ങി ഗതാഗതത്തിനും, മത്സ്യ തൊഴിലാളികളുടെ തൊഴിൽ തടസ്സത്തിനും, സ്വാഭാവിക ആവാസവ്യവസ്ഥയുടെ തകർച്ചയ്ക്കും മത്സ്യ സമ്പത്ത് നശിക്കുന്നതിനും വഴിവെച്ചു.

ഈ സാഹചര്യത്തിലാണ് ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ, കേരളത്തിൽ ആദ്യമായി ആലപ്പുഴയിലെ കുട്ടനാട്ടിൽ പോള നിർമ്മാർജ്ജനം ജനങ്ങളുടെ ഉപജീവനത്തിന് ഉപകരിക്കുന്ന തരത്തിലുള്ള പദ്ധതിക്ക് രൂപം നൽകിയത്. ചെന്നൈ ആസ്ഥാനമായുള്ള റോപ്പ് എന്റർപ്രൈസസുമായി സഹകരിച്ചു കൊണ്ടാണ് പദ്ധതി പ്രായോഗികമായി നടപ്പിലാക്കിയത്. പ്രധാനമായും നീലംപേരൂർ പഞ്ചായത്തിൽ നിന്നും തൊഴിലാളികൾ ശേഖരിക്കുന്ന പോള കിലോയ്ക്ക് 10 രൂപാ നിരക്കിൽ കമ്പനി ശേഖരിക്കുകയും ഈ പോള സംസ്കരിച്ച് പൂക്കൂടകൾ, തൊപ്പികൾ, ടേബിൾ മാറ്റുകൾ, ചവിട്ടികൾ എന്നീ പ്രകൃതി സംസ്കൃത ഉൽപ്പന്നങ്ങളാക്കി മാറ്റി വിദേശ മാർക്കറ്റുകളിലേയ്ക്ക് കയറ്റി അയയ്ക്കുകയുമാണ് ചെയ്തത്. ഒന്നര ലക്ഷത്തോളം കിലോ പോളയാണ് ഇത്തരത്തിൽ കയറ്റിയയച്ചത്. ഇത് ജലത്തിന്റെ ജീവൻ നിലനിർത്തുന്നതിനും സ്വാഭാവിക ആവാസ വ്യവസ്ഥ തിരികെ കൊണ്ടുവരുന്നതിനും സഹായിച്ചു. നിരവധി തൊഴിലാളികൾക്ക് മാസങ്ങളോളം ഉപജീവന മാർഗ്ഗം നൽകുന്നതിന് കൂടി പോള നിർമ്മാർജ്ജന പദ്ധതി സഹായിച്ചു.

## ജല ബജറ്റ്

ഓരോ പ്രദേശത്തെയും ജലലഭ്യതയും ജല വിനിയോഗവും അടിസ്ഥാനമാക്കി തയ്യാറാക്കിയ ജല ബജറ്റ് ജലസ്രോതസ്സുകളുടെ പരിപാലനം ഉറപ്പാക്കുകയും പ്രദേശത്തിന്റെ ജലലഭ്യതയും ആവശ്യകതയും കണ്ടെത്തി ജലം കുറവുള്ള സ്ഥലങ്ങളിൽ ഭൂഗർഭജല സംഭരണം വർദ്ധിപ്പിക്കുന്നതിനും, ജലമിച്ചം ഉള്ള ഇടങ്ങളിൽ ജലം സംഭരിച്ച് സംരക്ഷിച്ച് പ്രയോജനപ്പെടുത്താനും ജലമലിനീകരണവും ദുരുപയോഗവും തടയാനും ജലഗുണനിലവാരം ഉറപ്പുവരുത്താനുമുള്ള കർമ്മ പദ്ധതി തയ്യാറാക്കുന്നതാണ് ഹരിതകേരളം മിഷൻ ജല ബജറ്റിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ജലസംരക്ഷണം ഉറപ്പാക്കിയാൽ മാത്രമേ കാർഷിക പുരോഗതിയുണ്ടാകുകയുള്ളു. ഇതിനു ജലസ്രോതസ്സുകൾ സ്ഥായിയായി നിലനിൽക്കേണ്ടതുണ്ട്. ഹരിതകേരളം മിഷന്റെ ഉപ ദൗത്യങ്ങളായ ജല സംരക്ഷണം, ശുചിത്വം, കൃഷി എന്നിവ പരസ്പര പൂരകങ്ങളാണ്. കേരളത്തിൽ വാർഷിക ജലലഭ്യതയിൽ വലിയ വ്യത്യാസം ഉണ്ടായിട്ടില്ലെങ്കിലും വിവിധ ആവശ്യങ്ങൾക്കുള്ള ജലക്ഷാമം വർധിച്ചു വരുന്ന സ്ഥിതിയാണുള്ളത്. കാലാവസ്ഥാവ്യതിയാനത്തിന്റെ ഭാഗമായി പെട്ടെന്ന് പെയ്യുന്ന മഴവെള്ളം അതിവേഗം ഒഴുകി കടലിലെത്തുന്നതാണിതിന് കാരണം. ഈ പ്രശ്നം പരിഹരിക്കുന്നതിന് ശാസ്ത്രീയമായ ജല ആസൂത്രണം ആവശ്യമാണ്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ജലബജറ്റ് പ്രവർത്തനങ്ങൾക്ക് സാങ്കേതിക പിന്തുണ നൽകുന്നത് CWRDM ആണ്. ഒരു പ്രദേശത്തെ ജലത്തിന്റെ ലഭ്യതയും ഉപയോഗവും ആണ് പ്രധാനമായും ജലബജറ്റ് കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രകൃതി ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കാനുള്ള ശാസ്ത്രീയമായ പരിഹാരമാർഗം കൂടിയാണ് ജലബജറ്റ്.പ്രദേശത്തെ കുളങ്ങൾ, കായലുകൾ, തടാകങ്ങൾ, ചതുപ്പുകൾ, വയലുകൾ,നീർച്ചാലുകൾ എന്നിവ വീണ്ടെടുക്കുന്നതിനും അവ മലിനമാകാതെ കാത്ത് സൂക്ഷിക്കുന്നതിനും മികച്ച ആസൂത്രണത്തിലൂടെ വിവിധ കാലഘട്ടങ്ങളിൽ ലഭ്യമായ ജലത്തെ പരമാവധി സംഭരിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുകയാണ് ജലബജറ്റ് കൊണ്ട് ഹരിതകേരളം മിഷൻ ലക്ഷ്യം വയ്ക്കുന്നത്.

ആലപ്പുഴയിൽ ജലബജറ്റ് ആദ്യം തയ്യാറാക്കിയ മാവേലിക്കര ബ്ലോക്കിന്റെ പരിധിയിലുള്ള 5 പഞ്ചായത്തുകളിലും നീർത്തട പ്ലാനുകളുടെ സഹായത്താൽ ജലസുരക്ഷാ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ പരമാവധി പ്രയോജനപ്പെടുത്തിയും ജല വിഭവ വകുപ്പിലൂടെയും നിരവധിയായ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പുതുതായി കുളങ്ങൾ കുഴിച്ചും കിണറുകൾ നിർമ്മിച്ചും റീചാർജ് ചെയ്തും മഴക്കുഴികൾ നിർമ്മിച്ചും തടയണകൾ ഒരുക്കിയും തോടുകൾ ശുചിയാക്കി ഒഴുക്ക് സുഗമമാക്കിയും ഭൂഗർഭ ജലത്തിന്റെ നിരപ്പ് ഉയർത്തുകയും ഗുണമേന്മ വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൈക്കാട്ടുശ്ശേരി, ഭരണിക്കാവ് ബ്ലോക്ക് പരിധിയിലെ പഞ്ചായത്തുകളിലും ഈ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## ജലഗുണനിലവാര പരിശോധനാലാബ്

ഹരിതകേരളം മിഷൻ ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ജലത്തിന്റെ ഗുണ നിലവാരം ഉറപ്പ് വരുത്തുന്നതിനും പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനുമായി ജലഗുണനിലവാര

പരിശോധന ലാബുകൾ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ ഒന്ന് എന്ന തോതിൽ ജില്ലയിൽ ഒട്ടാകെ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്.. ദൈനംദിന ആവശ്യങ്ങൾക്ക് ശുദ്ധവും സുരക്ഷിതവുമായ ജലം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സ്കൂൾ ലാബുകൾ പ്രയോജനപ്പെടുത്തി ജനകീയ ജലഗുണനിലവാര പരിശോധന സംവിധാനത്തിലൂടെ ഇത് സാധ്യമാക്കുന്നതിനാണ് ഹരിതകേരളം മിഷനും സംസ്ഥാന സർക്കാരും ലക്ഷ്യമിടുന്നത്. സ്കൂൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ കുടിവെള്ളസ്രോതസ്സുകളിൽ നിന്നുള്ള ജലം ലാബുകളിലെത്തിച്ച് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഈ സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്. 28 ജലഗുണനിലവാര പരിശോധന ലാബുകൾ ജില്ലയിൽ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങി

## ഹരിതസമൃദ്ധി വാർഡുകൾ

കൃഷി ഉപമിഷന്റെ ഭാഗമായി പച്ചക്കറിയിലും നെല്ലിലും പഴവർഗ്ഗങ്ങളിലും സ്വയംപര്യാപ്തത നേടുക, ജൈവ മാലിന്യത്തിൽ നിന്നുല്പാദിപ്പിക്കുന്ന വളം ഉപയോഗിച്ച് കൃഷി പ്രോത്സാഹിപ്പിക്കുക, മുഴുവൻ പ്രദേശങ്ങളിലും കൃഷി വ്യാപിപ്പിക്കുക വിപണി സംവിധാനം പരിഷ്കരിയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെ ജനഹൃദയങ്ങളിൽ കൃഷിയുടെ പ്രാധാന്യം വളർത്തിക്കൊണ്ട് ഓരോ വീടും അതുവഴി ഓരോ വാർഡും ഹരിത സമൃദ്ധമാക്കുകയാണ് ചെയ്യുത്. മിഷന്റെ വരവിനു മുൻപ് വിവിധ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് ഭക്ഷ്യ സുരക്ഷയ്ക്കും കാർഷിക സ്വയം പര്യാപ്തതയ്ക്കും വഴി തെളിക്കുന്ന ഇത്തരത്തിലുള്ള ഒരു ക്യാമ്പയിൻ ഉണ്ടായിരുന്നില്ല, ഈ ക്യാമ്പയിനിലൂടെ പൊതുജനങ്ങളെ പ്രത്യേകിച്ച് യുവജനങ്ങളെ കൃഷിയുടെ മഹത്വം മനസിലാക്കി കൃഷിഭൂമിയിലേക്കിറക്കുന്നതിനും കഴിഞ്ഞു.



## ഇനി ഞാൻ ഒഴുകട്ടെ ക്യാമ്പയിൻ:

ആലപ്പുഴ ജില്ലയിൽ ഹരിതകേരളം മിഷൻ നടപ്പിലാക്കിയ ഇനി ഞാൻ ഒഴുകട്ടെ ക്യാമ്പയിൻ ലക്ഷ്യമിട്ടത് നീർച്ചാലുകളുടെ പുനരുജ്ജീവനമാണ്. ഈ ക്യാമ്പയിന്റെ ഭാഗമായി ജില്ലയിൽ 517 നീർച്ചാലുകൾക്ക് പുതുജീവൻ ലഭിച്ചു. 1892.86 കിലോമീറ്റർ നീളത്തിൽ, നികന്നു പോയതോ ഒഴുക്ക് നിലച്ചു പോയതോ ആയ നീർച്ചാലുകൾ വീണ്ടെടുത്തു. നീർച്ചാലുകളുടെ സംരക്ഷണവും പുനരുജ്ജീവനവും, മാലിന്യമുക്തമായ നീർച്ചാലുകളുടെ സ്വാഭാവിക ഒഴുക്ക് പുനഃസ്ഥാപനം, ജലസംരക്ഷണം. എന്നിവയായിരുന്നു ക്യാമ്പയിന്റെ പ്രധാന നേട്ടങ്ങൾ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പൊതുജനങ്ങളെ ബോധവാന്മാരാക്കുകയും പങ്കാളികളാക്കുകയും ചെയ്തു.



### ഹരിതമിത്രം' - മൊബൈൽ ആപ്ലിക്കേഷൻ

ഒരു സ്ഥലത്ത് രൂപപ്പെടുന്ന മാലിന്യത്തിന്റെ അളവ്, തരം, അവ കൈകാര്യം ചെയ്യപ്പെടുന്ന രീതി എന്നിവ കൃത്യമായി അറിഞ്ഞാലെ സുതാര്യവും ശാസ്ത്രീയവുമായ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സാധ്യമാകൂ. അത്തരം ഒരു സംവിധാനം ഒരുക്കുന്നതിനു വേണ്ടി ഹരിതകേരളം മിഷനും ശുചിത്വ



മിഷനും കെൽട്രോണിന്റെ സഹായത്തോടെ വികസിപ്പിച്ചെടുത്ത മൊബൈൽ ആപ്ലിക്കേഷനാണ് 'ഹരിത മിത്രം'. മൊബൈൽ ആപ്ലിക്കേഷനും ഔദ്യോഗിക ഉപയോക്താക്കൾക്കുള്ള വെബ് പോർട്ടലുമാണ് ഈ ആപ്ലിക്കേഷന്റെ പ്രധാന ഘടകങ്ങൾ. ഓൺലൈനായും ഓഫ്ലൈനായും പ്രവർത്തിക്കുന്ന ഒന്നാണിത്.ഈ ആപ്ലിക്കേഷൻ വഴി മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിരീക്ഷിക്കാനാകും. ഉപഭോക്താക്കളുടെ വിവരശേഖരണം, നിലവിൽ ലഭ്യമായ മാലിന്യ സംസ്കരണ നടപടികൾ, സർവീസ് നടത്തുമ്പോൾ വിശദാംശങ്ങൾ രേഖപ്പെടുത്തൽ എന്നിവയും സാധ്യമാണ്.

ഉപഭോക്താവും ഈ സംവിധാനത്തിന്റെ അവിഭാജ്യ ഘടകമാണ്. ഉപഭോക്താവിന് പ്രത്യേക സേവനങ്ങൾക്കായി അഭ്യർത്ഥിക്കാം പരാതികൾ ഉന്നയിക്കാം മാലിന്യം തള്ളുന്നത് റിപ്പോർട്ട് ചെയ്യാം

എൻറോൾമെന്റ് ചെയ്യുമ്പോൾ മാലിന്യം ഉത്പാദിപ്പിക്കുന്ന സ്ഥലത്തിന്റെ ജിയോ ലൊക്കേഷനും ഫോട്ടോയും രേഖപ്പെടുത്താനും ഹരിത മിത്രം ആപ്പ് മുഖേന സഹായിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനതലം മുതൽ ജില്ലാ സംസ്ഥാന തലം വരെയുള്ള ഉപയോക്താക്കൾക്ക് പ്രവർത്തനങ്ങൾ നിരീക്ഷക്കുവാനും ഈ സംവിധാനം സഹായിക്കും.

## STP- FSTP

മലിനജലം ശുദ്ധീകരിക്കുന്നതിനായി ജനറൽ ഹോസ്പിറ്റലിൽ 240 KLD ശേഷിയുള്ള STP അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ നഗരസഭ സ്ഥാപിച്ചിട്ടുണ്ട്. ഇലക്ട്രോ കൊയാഗുലേഷൻ എന്ന സാങ്കേതിക വിദ്യയിലാണ് പ്ലാന്റ് പ്രവർത്തിക്കുന്നത്. ചേർത്തല നഗരസഭയുടെ കീഴിൽ ജില്ലയിൽ ആദ്യമായി സെപ്റ്റേജ് മാലിന്യ ശേഖരണത്തിനായി 250 KLD ശേഷിയുള്ള FSTP ഉത്ഘാടനം ചെയ്ത പ്രവർത്തനം നടന്നുവരുന്നു.



# സുസ്ഥിര പരിസ്ഥിതിക്കായുള്ള ഭാവി പ്രവർത്തനങ്ങൾ

ഈ പുസ്തകത്തിൽ അവതരിപ്പിച്ച പരിസ്ഥിതി സംബന്ധമായ കാര്യങ്ങൾ ഹരിതകേരളം മിഷന്റെ സമീപനം, വിവിധങ്ങളായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സവിശേഷമായ അനുഭവം എന്നിവയിലൂടെ ഉരുത്തിരിഞ്ഞു വന്നതാണ്. കഴിഞ്ഞ പത്ത് വർഷത്തെ പരിസ്ഥിതി പുനരുദ്ധാരണ പ്രവർത്തനങ്ങളിലൂടെ ആലപ്പുഴ ജില്ല നിരവധി നേട്ടങ്ങൾ കൈവരിച്ചു. എന്നിരുന്നാലും, ചില പരിസ്ഥിതിപ്രശ്നങ്ങൾ ഇപ്പോഴും പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല. കാലാവസ്ഥാ വ്യതിയാനം, ജനസാന്ദ്രത വ്യവസായ-വാണിജ്യ വ്യാപനം, ഉപഭോഗശൈലികളുടെ മാറ്റം, ഭരണപരമായ വെല്ലുവിളികൾ എന്നിവ കാരണം ചില മേഖലകളിൽ ഇനിയും കൂടുതൽ ശക്തമായ ഇടപെടലുകൾ ആവശ്യമാണ്.

ഹരിതകേരളം മിഷന്റെ രൂപീകരണത്തിന് ശേഷം നാളിതുവരെയുള്ള പ്രവർത്തനങ്ങൾ കൊണ്ട് ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ കമ്പോസ്റ്റ് ചെയ്യണമെന്നും അജൈവമാലിന്യങ്ങൾ ശുചിയാക്കി യൂസർഫീ നൽകി ഹരിത കർമ്മ സേനയ്ക്ക് കൈമാറണമെന്നുമുള്ള ബോധ്യം വലിയൊരു വിഭാഗം ജനങ്ങളിൽ ഉണ്ടായിട്ടുണ്ട്.കാർഷിക -മണ്ണ് - ജല സംരക്ഷണ പ്രവർത്തനങ്ങളിൽ കഴിഞ്ഞ ഒരു ദശകം കൊണ്ട് തിളക്കമാർന്ന നേട്ടങ്ങൾ കൈവരിക്കുവാൻ ആലപ്പുഴയ്ക്ക് സാധിച്ചു. പ്രാദേശിക സർക്കാരുകളുമായും കൃഷി വകുപ്പുമായും സഹകരിച്ചുകൊണ്ട് ജൈവ പച്ചക്കറി കൃഷി,പുഷ്പ കൃഷി,സുരക്ഷിത ഭക്ഷണം ലക്ഷ്യമിട്ടുകൊണ്ടുള്ള മത്സ്യ കൃഷി എന്നിങ്ങനെ കാർഷിക മേഖലയിലേയ്ക്ക് കൂടുതൽ പേരെ ആകർഷിയ്ക്കുന്ന വിധത്തിൽ കാർഷിക പദ്ധതികൾ വിജയകരമായി നടപ്പിലാക്കി.നെറ്റ് സീറോ പൈലറ്റ് ഗ്രാമ പഞ്ചായത്തായ ദേവികുളങ്ങരയിലെ മില്ലറ്റ് കൃഷി,കരപ്പുറം എന്നറിയപ്പെടുന്ന ചേർത്തല താലൂക്കിലെ കൊണ്ടൽ കൃഷി (വേനൽകാല പച്ചക്കറി കൃഷി),ഓണാട്ടുകരയിലെ (മാവേലിക്കര, കായംകുളം ഭാഗം) എള്ള് കൃഷി,ഭരണിക്കാവ് ബ്ലോക്കിലെ കിഴങ്ങ് വർഗ്ഗ കൃഷി എന്നിവ ഇതിന് ചില ഉദാഹരണങ്ങൾ മാത്രം.

## കുറ്റമറ്റ രീതിയിലുള്ള മാലിന്യ സംസ്കരണം

എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും മാലിന്യങ്ങൾ വലിച്ചെറിയപ്പെടാതെയും കത്തിയ്ക്കാതെയും മാതൃകാപരമായി മാലിന്യസംസ്കരണം നടത്തുക എന്ന ലക്ഷ്യത്തോടെ മുഴുവൻ വീടുകളേയും സ്ഥാപനങ്ങളേയും ഹരിതകർമ്മ സേനയുമായി കോർത്തിണക്കികൊണ്ട് ജനകീയ മാലിന്യ സംസ്കരണ രീതി അനുവർത്തിക്കേണ്ടതാണ്. ഇതുവഴി 100 % യൂസർഫീ എല്ലാ മാസവും നേടിക്കൊണ്ട് ജനകീയ പങ്കാളിത്തം ഉറപ്പ് വരുത്തുക.വെളിയനാട് ബ്ലോക്കിലെ മുട്ടാർ ഗ്രാമ പഞ്ചായത്ത് ഇതിനൊരു മികച്ച മാതൃകയാണ്.

സ്വീവേജ് - സെപ്റ്റേജ് മാലിന്യ സംസ്കരണം ജനസാന്ദ്രത കൂടിയ ആലപ്പുഴയിൽ ഇന്നും വലിയ പ്രതിസന്ധിയാണ്.ജലാശയങ്ങളിലും പാതയോരങ്ങളിലും ടോയ്ലറ്റ് മാലിന്യം തള്ളുന്നത് ഗുരുതരമായ സാമൂഹ്യ-ആരോഗ്യ പ്രശ്നമായി മാറിയിട്ടുണ്ട്. ചേർത്തല നഗരസഭയുടെ FSTP മാത്രമാണ് ഒരേയൊരു സെപ്റ്റേജ് മാലിന്യ സംസ്കരണ കേന്ദ്രം. സെപ്റ്റേജ്-ദ്രവ മാലിന്യ സംസ്കരണത്തിനായി സാധ്യമായ ഇടങ്ങളിൽ കൂടുതൽ ട്രീറ്റ്മെന്റ് പ്ലാന്റുകൾ ആരംഭിക്കേണ്ടതുണ്ട്.

സാനിറ്ററി പാഡ്-ഡയപ്പർ മാലിന്യം - വലിച്ചെറിയപ്പെടുന്ന ഇത്തരം മാലിന്യങ്ങൾ ഗുരുതരമായ പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നു.കത്തിക്കുന്നത് മൂലവും ജലാശയങ്ങളിൽ എത്തിപ്പെടുന്നത് മൂലവും രോഗവ്യാപന സാധ്യത വർധിക്കുന്നു. ഇവ സംസ്കരിക്കപ്പെടുന്നതിന് അടിയന്തിരമായി സൗകര്യങ്ങൾ ഒരുക്കുവാനുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാനുള്ള ശ്രമത്തിലാണ് ഹരിതകേരളം മിഷൻ. പൊതു സ്ഥാപനങ്ങളിലും വിദ്യാലയങ്ങളിലും ഇൻസിനറേറ്ററുകൾ സ്ഥാപിക്കുകയും ക്യാമ്പയിനുകളിലൂടെ സിന്തറ്റിക് പാഡുകളുടെ ഉപയോഗം കുറക്കുകയും പകരമായി മെൻസ്ട്രുവൽ കപ്പ്, കോട്ടൺ പാഡുകൾ എന്നിവയുടെ ഉപയോഗം പ്രോത്സാഹിപ്പിച്ച് വരുകയാണ്. വിദ്യാലയങ്ങളിൽ മെൻസ്ട്രുവൽ കപ്പ് വിതരണം നടത്തുകയും ഇൻസിനറേറ്റർ സ്ഥാപിക്കുകയും ചെയ്യുക എന്ന പദ്ധതി പരിസ്ഥിതി സംരക്ഷണത്തിനായുള്ള ഹരിതകേരളം മിഷന്റെ സുപ്രധാന ചുവടുവെപ്പാണ്.

അറവു മാലിന്യ സംസ്കരണം - ശാസ്ത്രീയ അറവുശാലകളും അറവുമാലിന്യ സംസ്കരണ കേന്ദ്രങ്ങളും ആലപ്പുഴയിൽ ഇല്ലാത്തത് ജലാശയങ്ങളിലും പൊതുഇടങ്ങളിലും അറവുമാലിന്യങ്ങൾ അഴുകി ദുർഗന്ധം പരത്തുന്നതിന് രോഗവ്യാപന സാധ്യത വർധിപ്പിക്കുന്നതിനും കാരണമാകുന്നു. ഈ വിഷയം പരിഹരിക്കുന്നതിനായി ശാസ്ത്രീയ അറവു ശാലകളും അറവു മാലിന്യ സംസ്കരണ കേന്ദ്രങ്ങളും ജില്ലയിൽ ആരംഭിക്കേണ്ടത് അനിവാര്യമാണ്.സർക്കാർ സ്വകാര്യ മേഖലകളെ ഒന്നിച്ചു ചേർത്ത് ആവശ്യമായ പ്ലാന്റ് നിർമ്മിക്കാനുള്ള ശ്രമങ്ങൾ നടന്നു വരുകയാണ്.

## ഡ്രൈനേജ് പ്ലാൻ കുറ്റമറ്റതാക്കൽ

പരസ്പര ബന്ധിതമായ ജലാശയങ്ങൾ നിറഞ്ഞ ആലപ്പുഴയിൽ തടസ്സമില്ലാത്ത നീരൊഴുക്ക് ഇല്ലാത്തതിനാൽ വെള്ളപ്പൊക്ക സാധ്യത നിലനിൽക്കുന്നു. കെട്ടികിടക്കുന്ന വെള്ളം ജലജന്യ രോഗങ്ങളുടെയും കൊതുക് ജന്യ രോഗങ്ങളുടെയും പ്രഭവകേന്ദ്രമാകുന്നു. എല്ലാ പകർച്ച വ്യാധികളും പലപ്പോഴും പൊട്ടിപുറപ്പെടുന്നത് ആലപ്പുഴയിലാണെന്നത് സമീപകാല ചരിത്രം പരിശോധിച്ചാൽ മനസിലാകുന്നതാണ്. ഇത് ഡ്രൈനേജ് മാസ്റ്റർ പ്ലാനിന്റെ അനിവാര്യതയ്ക്ക് അടിവരയിടുന്നു. ജില്ലാ തലത്തിൽ തയ്യാറാക്കിയിട്ടുള്ള ഡ്രൈനേജ് മാസ്റ്റർ പ്ലാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കൂടുതൽ സഹകരണത്തോടെ സമഗ്രവും കുറ്റമറ്റതുമാക്കി മേഖലകൾ തിരിച്ച് ഫലപ്രദമായി നടപ്പിലാക്കുവാനുള്ള ശ്രമത്തിലാണ് ഹരിതകേരളം മിഷൻ.

## ജലഗുണ നിലവാര പരിശോധനാലാബ്

താരതമ്യേന ഗാഢത കൂടിയതും ഇരുമ്പിന്റെ അംശം കൂടിയതുമായ ഭൂഗർഭ ജലമാണ് പൊതുവിൽ ആലപ്പുഴയിലേത്. ജനസാന്ദ്രതയേറിയതും നീർച്ചാലുകൾ നിറഞ്ഞതുമായ ആലപ്പുഴയിലെ

ജലസ്രോതസ്സുകളിൽ ഇ -കോളി, കോളിഫോം ബാക്ടീരിയകളുടെ സാന്നിധ്യം അനുവദനീയമായതിലും പല മടങ്ങ് കൂടുതലാണ്. ജലഗുണനിലവാരം പരിശോധിച്ച് ജല ഗുണത ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക എന്ന ലക്ഷ്യത്തോടെയാണ് ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഹയർ സെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര പരിശോധന ലാബുകൾ സ്ഥാപിച്ചത്. പരിശോധനകൾ വർധിപ്പിച്ചും ലാബുകൾ കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിച്ചും ഇവയുടെ പ്രവർത്തനം വിപുലീകരിക്കേണ്ടതുണ്ട്.

### ഹരിത വാഹനങ്ങളുടെ പ്രോത്സാഹനം

കേരളത്തിലെ ഏറ്റവും ചെറിയ ജില്ലയായ ആലപ്പുഴയിൽ ഉയർന്ന തോതിലുള്ള ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിച്ചുള്ള വാഹനങ്ങളുടെ പെരുപ്പം കടുത്ത അന്തരീക്ഷ മലിനീകരണത്തിനും താപനില വർദ്ധിക്കുന്നതിനും കാരണമാകുന്നു. ആഗോളതലത്തിൽ ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറച്ചുകൊണ്ടുവരുന്ന നയം ഇന്ത്യയും തുടരുന്നതിന്റെ ഭാഗമായി ജില്ലയിൽ പാരമ്പര്യേതര ഊർജ്ജ ഉപഭോഗം പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. ഇ-വാഹനങ്ങൾ, സി.എൻ.ജി.- ഹൈഡ്രജൻ വാഹനങ്ങൾ എന്നിവയ്ക്ക് സബ്സിഡി നൽകി പ്രോത്സാഹനം തുടരേണ്ടതാണ്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ നടത്തിവരുന്ന നെറ്റ് സീറോ കാർബൺ കേരളം പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങൾ വഴി പ്രോജക്ടുകൾ വച്ചുകൊണ്ട് ഹരിത വാഹനങ്ങളുടെ എണ്ണം വർധിപ്പിക്കണം

### ജില്ലയിൽ ഉടൻ നടപ്പിലാക്കേണ്ട അടുത്ത ഘട്ട പരിസ്ഥിതി പ്രവർത്തനങ്ങൾ :

- മാലിന്യ രഹിത ആലപ്പുഴ
- 100% ഗാർഹികതല മാലിന്യ തരംതിരിക്കൽ നടപ്പിലാക്കൽ
- എല്ലാ സ്ഥാപനങ്ങൾ/കടകളും പ്ലാസ്റ്റിക് രഹിത സർട്ടിഫിക്കേഷൻ
- എംസിഎഫ് ഓട്ടോമേഷനും ഡിജിറ്റൽ ട്രാക്കിംഗും
- ഉത്സവ മാലിന്യ പ്രവർത്തന പ്രോട്ടോക്കോൾ 2.0
- ഹരിത കർമ്മ സേന “സ്മാർട്ട് റൂട്ട്” – ജിപിഎസ് അധിഷ്ഠിത നിരീക്ഷണം
- ഓരോ വാർഡും “സീറോ വേസ്റ്റ് പോയിന്റ് സോൺ” പ്രഖ്യാപനം
- മൈക്രോ-സ്ട്രീം മാപ്പിംഗ് (എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും): മാലിന്യ ശേഖരണം മുതൽ സംസ്കരണം വരെയുള്ള ഓരോ ചെറിയ ഘട്ടത്തെയും സൂക്ഷ്മമായി വിശകലനം ചെയ്ത്, കാര്യക്ഷമതയില്ലായ്മയും ചെലവുകളും കുറച്ച്, മൊത്തത്തിലുള്ള മാലിന്യ സംസ്കരണ സംവിധാനത്തെ കൂടുതൽ ഫലപ്രദമാക്കാൻ സഹായിക്കുന്നു.
- കൾവർട്ട് പുനർരൂപകൽപ്പനയും ക്ലിയറൻസും
- ഓവർഫ്ലോ ബൈപാസ് ചാനലുകൾ - കനത്ത മഴ കാരണം സാധാരണ ഡ്രെയിനേജ് സംവിധാനത്തിന് ഉൾക്കൊള്ളാൻ കഴിയാത്തത്ര വെള്ളം വരുമ്പോൾ,മാലിന്യം കലർന്ന വെള്ളം ശുദ്ധീകരണ പ്ലാന്റിലൂടെ പൂർണ്ണമായി കടന്നുപോകാതെ, നേരിട്ട് നദികളിലേക്കോ മറ്റോ ഒഴുക്കിവിടുന്ന താൽക്കാലിക പാതയാണിത്
- കയർ ജിയോടെക്സ്റ്റൈൽസ് രാമച്ചം (വെറ്റിവർ)
- മണ്ണ് പുനരുജ്ജീവന ദൗത്യം -ഹരിത മണ്ണ് 2030
- വലിയ തോതിലുള്ള പുതയിടൽ പരിപാടി
- പഞ്ചായത്ത് തലത്തിലുള്ള മണ്ണ് ആരോഗ്യ കാർഡുകൾ
- ജൈവ ഉൽപ്പന്നങ്ങൾ: ജീവാമൃതം, പഞ്ചഗവ്യം തുടങ്ങിയവയ്ക്ക് പ്രോത്സാഹനം നൽകുക
- തരിശുഭൂമി പുനരുജ്ജീവന പാക്കേജുകൾ
- ഇടവിള കൃഷി & വിള ഭ്രമണ മാതൃകകൾ

- വിഷരഹിത കീട നിയന്ത്രണക്യാമ്പയിൻ
- ഭൂഗർഭജല റീചാർജ് റീ ഇൻഫോഴ്സ്മെന്റ് പട്ടികാ ഇടപെടലുകൾ
- ഗാർഹിക മഴവെള്ള സംഭരണം നിർബന്ധമാക്കൽ
- ചാനൽ റീചാർജ് കുഴികൾ
- തിരഞ്ഞെടുത്ത വാർഡുകളിൽ ഫാം കുളങ്ങൾ
- തണ്ണീർ തടങ്ങൾ വീണ്ടെടുക്കൽ പദ്ധതി
- വെള്ളപ്പൊക്ക ബഫർ സോണുകൾ
- കൊടുങ്കാറ്റ് ജല സ്മാർട്ട് ഡ്രെയിനുകൾക്ക് മുൻകൂർ മുന്നറിയിപ്പ് നൽകുന്ന കമ്മ്യൂണിറ്റി സംവിധാനം
- ഗ്രീൻ ട്രാൻസ്പോർട്ട് ലെയ്നുകൾ (സൈക്ലിംഗ് സൗഹൃദ റൂട്ടുകൾ)
- സ്ഥാപന മാലിന്യ നിയന്ത്രണ ദൗത്യം
- ത്രൈമാസ ഹരിത ഓഡിറ്റ് (എല്ലാ സ്ഥാപനങ്ങളും നിർബന്ധം)
- ഇ-മാലിന്യ ശേഖരണ ഷെഡ്യൂൾ
- സ്കൂളുകൾ "NET ZERO 2030 റോഡ് മാപ്പ്"

## ഹ്രസ്വകാല (2026-2028) ലക്ഷ്യങ്ങളും പ്രവർത്തന പരിപാടിയും

- 100% മാലിന്യങ്ങൾ തരംതിരിക്കൽ
- എംസിഎഫ് നവീകരണം
- പ്രധാന തോട് പുനരുജ്ജീവന പദ്ധതികൾ പൂർത്തീകരിക്കൽ
- ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജല ബജറ്റ് + വേനൽക്കാല ജല പദ്ധതി
- എല്ലാ സ്കൂളുകളും ഹരിത ഓഡിറ്റ് പുതുക്കൽ
- അധിനിവേശ സസ്യജാലങ്ങളുടെ നീക്കം 40%
- നദീ ജല സംയോജനം

## ദീർഘകാല (2028-2035) ലക്ഷ്യങ്ങളും പ്രവർത്തന പരിപാടിയും

### ദീർഘകാല ലക്ഷ്യങ്ങൾ

- മാലിന്യരഹിത ആലപ്പുഴ 2035
- സമ്പൂർണ്ണ ജലശൃംഖല പുനഃസ്ഥാപനം
- ഭൂഗർഭജല സ്വയംപര്യാപ്തത - എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും
- നെറ്റ് സീറോ വിദ്യാഭ്യാസ സ്ഥാപനങ്ങൾ 50% ഹരിതാഭമാക്കൽ
- വെള്ളപ്പൊക്കത്തിനും വരൾച്ചയ്ക്കും കാരണമാകുന്നു കാലാവസ്ഥാ പ്രതിരോധം.
- ബ്ലോക്കിലുടനീളം ജൈവവൈവിധ്യ ഇടനാഴികൾ
- പരിസ്ഥിതിലോല പ്രദേശങ്ങളുടെ നിരീക്ഷണവും,പരിപാലനവും

### ജില്ലാ കാലാവസ്ഥാ പ്രവർത്തന മാസ്റ്റർപ്ലാൻ

- ജലശാസ്ത്ര അറ്റ് ലസ്
- വലിയ തോതിലുള്ള കാർഷിക വനവൽക്കരണ പ്രോത്സാഹനം
- പരിസ്ഥിതിക്കായുള്ള സാങ്കേതിക സെൽ (ജില്ലാ തലം)
- തുടർച്ചയായ IEC പ്രോഗ്രാമുകൾ
- നദീതട സംയോജിത സാദ്ധ്യതകൾ
- പഞ്ചായത്തുകൾക്കായുള്ള വാർഷിക പരിസ്ഥിതി പ്രകടന സൂചിക

പരിസ്ഥിതി സംരക്ഷണത്തിന് നമ്മുടെ സമയവും സമ്പത്തും ഊർജ്ജവും ചെലവഴിയ്ക്കുന്നത് നമ്മുടെ ആരോഗ്യത്തിനും ഭൂമിയിലെ ജൈവവൈവിധ്യത്തെ നിലനിർത്തുന്നതിനും കൂടിയാണ്. വിവിധ വകുപ്പുകളിലൂടെയും ജനവിഭാഗങ്ങളിലൂടെയും പല മേഖലകളിലായി ഉപമിഷനുകളിലൂടെ നടപ്പിലാക്കിയ കാർഷിക - ജലസംരക്ഷണ പ്രവർത്തികളും മാലിന്യ പരിപാലന പദ്ധതികളും സുസ്ഥിരമാവണമെങ്കിൽ നമ്മുടെ ജീവിത രീതികളിലും ശീലങ്ങളിലും ആസൂത്രണത്തിലും ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവന്നേ മതിയാകൂ. നമ്മുടെ ജീവിതരീതികളിലും അതിനനുസരിച്ചുള്ള തെരഞ്ഞെടുപ്പുകളിലും ബദലുകൾ രൂപപ്പെടുത്തിക്കൊണ്ട് നമുക്ക് മാറ്റത്തിന്റെ സന്ദേശവാഹകരാകാം.... ചുമതലാബോധമുള്ള പൗരന്മാരാകാം....പരിസ്ഥിതിയുടെ കാവലാളുകളാവാം....